VII നിയമനിർമ്മാണകാര്യം

1. 2005-ലെ കേരള ചൂതാട്ട (ഭേദഗതി) ബിൽ

2. 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005-ലെ കേരള ചൂതാട്ട (ഭേദഗതി) ബില്ലും 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ഒരു ക്രമപ്രശ്നമുണ്ട്. ഓൺലൈൻ ലോട്ടറിയെ gaming-ന്റെ നിർവ്വചനത്തിൽപ്പെടുത്തുകയാണ് എന്നാൽ State or Central Government നടത്തുന്ന ലോട്ടറിക്ക് ഇത് ബാധകമല്ലെന്നാണ് ബില്ലിൽ പറയുന്നത്. അതേയവസരത്തിൽ കേന്ദ്ര ലോട്ടറി നിയമമനുസരിച്ച് സെക്ഷൻ 2 പറയുന്നത് "Lottery" means a scheme, in whatever form and by whatever name called, for distribution of prizes by lot or chance to those persons participating in the chances of a prize by purchasing tickets എന്നാണ്. അപ്പോൾ നമ്മളുണ്ടാക്കുന്ന ഈ നിയമം കേന്ദ്ര നിയമത്തിനെതിരാണ്. ഇതൊരു ക്രമപ്രശ്നമായി ഞാൻ ഉന്നയിക്കുകയാണ്. ഒരു പരിതസ്ഥിതിയിലും കേന്ദ്ര നിയമത്തിനെതിരായി ഒരു നിയമം സംസ്ഥാന സർക്കാരിന് കൊണ്ടുവരാൻ കഴിയുകയില്ല. കേന്ദ്ര നിയമത്തിൽ വളരെ വ്യക്തമായി ലോട്ടറിയിൽ ഏതു ലോട്ടറിയും പെടും, ഓൺലൈൻ ലോട്ടറിയും പെടുമെന്ന രൂപത്തിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ കേന്ദ്ര നിയമത്തിനു മുൻപിൽ നിൽക്കാൻ പറ്റില്ല, കേന്ദ്ര നിയമമാണ് supersede ചെയ്യുന്നത്. ഈ നിയമത്തിന് existence ഉണ്ടാകില്ല.

ശ്രീ. എം. വി. ജയരാജൻ: സർ, നമ്മളെല്ലാവരും ചേർന്ന് പാസ്സാക്കേണ്ടുന്ന ഒരു നിയമമായിരുന്നു ഇത്. കാരണം ഈ നിയമത്തെ കേരളം അന്നേ ഉറ്റുനോക്കുകയാണ്. ഈ നിയമം പാസ്സായാൽ കേരളത്തിലെ മൂന്നര ലക്ഷത്തോളം വരുന്ന പാവപ്പെട്ട ലോട്ടറി തൊഴിലാളികൾക്ക് അവരുടെ നഷ്ടപ്പെട്ട തൊഴിൽ തിരിച്ചു കിട്ടും എന്നുള്ള പ്രതീക്ഷയാണ് കേരളത്തിനുള്ളത്. പക്ഷേ ഒരു അവധാനതയും കാണിക്കാതെയാണ് ഇത്തരമൊരു നിയമനിർമ്മാണത്തിലേക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി (മുൻ സ്പീക്കർ) വളരെ നിയമപാണ്ഡിത്യമുള്ള ആൾ പോയതെന്ന് പറയേണ്ടി വന്നതിൽ അതിയായ ഖേദമുണ്ട്. 2005-ലെ കേരള ചൂതാട്ട ഭേദഗതി ബിൽ ഭരണഘടനാ വ്യവസ്ഥകൾക്കും 1998-ലെ കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമത്തിലെ ചട്ടങ്ങൾക്കും എതിരായ വിധത്തിലാണ് ഇപ്പോൾ സമർപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഭരണഘടനയുടെ 246-ാം അനുച്ഛേദം അനുസരിച്ച് ഏഴാം ഷെഡ്യൂളിലെ ഒന്നാം ലിസ്റ്റിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളിൽ നിയമം നിർമ്മിക്കാൻ പാർലമെന്റിനു മാത്രമേ അധികാരമുള്ളൂ. 246 (1) പ്രകാരമാണ് ഇത് പറയുന്നത്. അതിൽ പറയുന്നത് രണ്ടും മൂന്നും ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 7-ാം പട്ടികയിൽ ഈ ഭരണഘടനയിലെ യൂണിയൻ ലിസ്റ്റെന്ന് പരാമർശിച്ചിട്ടുള്ള ലിസ്റ്റ് ഒന്നിൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് നിയമമുണ്ടാക്കാൻ പാർലമെന്റിന് അനന്യ അധികാരം ഉണ്ടായിരുന്നതാണ്. ഭരണഘടനയുടെ 7-ാം ഷെഡ്യൂളിൽ ലിസ്റ്റ് ഒന്നിൽ 40-ാമത്തെ എൻട്രിയാണ് ലോട്ടറി. അതുകൊണ്ടുതന്നെ ലോട്ടറിയുമായി ബന്ധപ്പെട്ട് നിയമസഭയ്ക്ക് നിയമനിർമ്മാണത്തിന് അധികാരമില്ല. അധികാരമില്ലാത്ത ഒരു നിയമം നമ്മുടെ നിയമസഭ പാസ്സാക്കിയാൽ, അത് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടാൽ അത് റദ്ദാക്കപ്പെടാനിടയുണ്ട്. കേരളത്തിലെ മൂന്നര ലക്ഷത്തോളം വരുന്ന പാവപ്പെട്ട ലോട്ടറി തൊഴിലാളികളുടെ ജീവിതവുമായി ബന്ധപ്പെട്ട അതീവ പ്രാധാന്യമുള്ള ഒരു നിയമനിർമ്മാണമായതിനാൽ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും ഭരണഘടനയ്ക്കും വിധേയമായിത്തന്നെ നിയമം കൊണ്ടുവരാൻ നമുക്ക് കഴിയണം. 1960-ലെ കേരള ചൂതാട്ട നിയമത്തിൽ 2 (ബി) വകുപ്പു പ്രകാരം പറയുന്നത് ചൂതാട്ടം എന്നാൽ ലോട്ടറി ഉൾപ്പെടാത്തതും എന്നാൽ പന്തയം വയ്ക്കലോ വാതുവയ്ക്കലോ ഉൾപ്പെടുന്നതുമാകുന്നു. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതി ചെയ്തുള്ള 2(ബി) വകുപ്പിൽ പറയുന്നതെന്താണ്? പന്തയംവയ്ക്കലും വാതുവയ്ക്കലും ഓൺലൈൻ ലോട്ടറികളുടെ നടത്തിപ്പും വിപണനവും വില്പനയും ഉൾപ്പെടുന്ന ചൂതുകളിയും ചൂതാട്ടത്തിന്റെ പരിധിയിൽ കൊണ്ടുവന്നിരിക്കുകയാണ്. കേന്ദ്ര/സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ലോട്ടറിയിൽ ഉൾപ്പെടുന്നില്ല എന്ന വ്യവസ്ഥയും ഈ പുതിയ ബില്ലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. 1998-ലെ ലോട്ടറി നിയന്ത്രണ നിയമത്തിൽ പേപ്പർ ലോട്ടറിയേയും ഓൺലൈൻ ലോട്ടറിയേയും വേർതിരിച്ച് കാണുന്നില്ല. 1998-ലെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമത്തിലെ മേൽ വകുപ്പുകൾ സുപ്രീംകോടതിയിൽപ്പോലും ചോദ്യം ചെയ്യപ്പെട്ടതാണ്. അതിൽ B. R. Enterprises Vs. State of UP എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഇതുസംബന്ധിച്ച് ശരിവയ്ക്കുകയും ചെയ്തതാണ്. കേന്ദ്ര നിയമം ശരിയാണ്, അത് സാധുവാണെന്ന് സുപ്രീംകോടതിപോലും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ബില്ലിലെ 2(ബി) വകുപ്പ് കേന്ദ്ര നിയമത്തിലെ വകുപ്പുകളുടെ വ്യവസ്ഥകൾക്ക് നിരക്കുന്നതല്ല. ഇത്രയും ദുർബലമായിട്ടുള്ള ഒരു ഭേദഗതി നാം അംഗീകരിച്ചു പാസ്സാക്കിയാൽ ഓൺലൈൻ ലോട്ടറിക്കാർ ഇത് ആർട്ടിക്കിൾ 14-ന്റെ ലംഘനമാണെന്ന് ചൂണ്ടിക്കാട്ടി കോടതിയിൽ പോകാനിടയുണ്ട്. അതുകൊണ്ട് ഈ വകുപ്പുതന്നെ ഇല്ലാതാകും. ഇത്തരമൊരു ഭേദഗതി ബിൽ കൊണ്ടുവരാതെതന്നെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമത്തിലെ 5-ാം വകുപ്പുപ്രകാരം മറ്റു ചില സംസ്ഥാനങ്ങൾ ചെയ്തതുപോലെ, ഉദാഹരണത്തിന് കർണാടക, മഹാരാഷ്ട്ര ഓൺലൈൻ ലോട്ടറി നമുക്ക് നിരോധിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

അധികാരമുണ്ട്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ബില്ലിലെ 3-ാം ക്ലാസിൽ കുറ്റം ചെയ്താലുള്ള ശിക്ഷ രണ്ടായി തരംതിരിച്ചിരിക്കുകയാണ്. ഓൺലൈൻ ലോട്ടറിയിലുള്ള ചൂതാട്ടക്കളിക്ക് മൂന്നുവർഷം വരെ തടവോ 50,000 രൂപ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ആണ് ശിക്ഷ. ഓൺലൈൻ ലോട്ടറി അല്ലാത്ത ചൂതുകളിക്ക് ഒരു മാസം തടവോ 500 രൂപയിൽ കുറയാത്ത പിഴയോ മാത്രമാണ് ശിക്ഷ. ബില്ലിലെ 2(ബി) ക്ലാസ് ആകട്ടെ ചൂതാട്ടത്തിന്റെ നിർവ്വചനത്തിൽ എല്ലാം ഉൾപ്പെടുത്തിയിരിക്കുകയാണ്. യാതൊരു വേർതിരിവുമില്ല. ഓൺലൈൻ ലോട്ടറി എന്നോ അല്ലാത്ത ചൂതുകളിയെന്നോ വേർതിരിവ് യഥാർത്ഥത്തിൽ 2(ബി)-യിൽ ഇല്ല. അപ്പോൾ ഫലത്തിൽ 2(ബി) നിർവ്വചനം അനുസരിച്ചുള്ള ഒരു കുറ്റം ചെയ്താൽ രണ്ടുശിക്ഷയാണ് ഇവിടെ വരുന്നത്. ഇതുതന്നെയാണ് ബില്ലിലെ 4, 5, 6, 7 എന്നീ ക്ലാസ്സുകളിലും എടുത്തിട്ടുള്ള സമീപനം. ഇത് പരസ്പര വിരുദ്ധമായിട്ടുള്ള ഒരു കാര്യമാണ്. അങ്ങേയറ്റം ഗൗരവമായ മറ്റൊരു കാര്യം നമ്മുടെ നിയമസഭാ ചട്ടം 73 പ്രകാരം ഒരു ബിൽ നിയമമായി പാസ്സാക്കുന്ന സമയത്ത് അത് ഉൾക്കൊള്ളുന്ന ആവർത്തനവും അനാവർത്തനവുമായ മതിപ്പുചെലവുകൂടി അതിന്മേൽ കണക്കാക്കി നിയമസഭയുടെ മുമ്പാകെ കൊണ്ടുവരണമെന്ന്, ബില്ലിൽ വ്യവസ്ഥ ചെയ്യണമെന്നുണ്ട്. എന്നാൽ ഈ ബില്ലിൽ വിവരിച്ചിട്ടുള്ളത് ചെലവ് തിട്ടപ്പെടുത്താനാകില്ല എന്നാണ്. ഓൺലൈൻ ലോട്ടറികൾ 5750 കോടി രൂപയുടെ നികുതി വെട്ടിപ്പു നടത്തിയതായും 1300 കേസ്സുകൾ രജിസ്റ്റർ ചെയ്യണമെന്നും ലോട്ടറി വകുപ്പുതന്നെ ഇതിനകം ആവശ്യപ്പെട്ടു കഴിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് വ്യക്തമാകുന്ന ഒരു കാര്യം, ഈ വർഷം എത്ര കേസുകൾ വരും, അതിന് എത്ര ചെലവുവരും എന്നുള്ളതെല്ലാം ഇപ്പോൾ തന്നെ തിട്ടപ്പെടുത്താവുന്നതേയുള്ളു. അതുകൊണ്ട് ധനകാര്യ മെമ്മോറാണ്ടം നമ്മുടെ നിയമസഭാ ചട്ടം 73-ന് അനുസൃതമായിട്ടല്ലെന്നുള്ളത് വ്യക്തമാണ്. ഇത്തരത്തിൽ നോക്കിയാൽ നമ്മുടെ ആർട്ടിക്കിൾ 246-ന്റെ ലംഘനമാണ്, ആർട്ടിക്കിൾ 14-ന്റെ ലംഘനമാണ്, കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമത്തിന്റെ വ്യവസ്ഥകൾക്ക് എതിരാണ്, നമ്മുടെ നിയമസഭാ ചട്ടങ്ങൾക്കെതിരാണ്. അതുകൊണ്ട് ഞങ്ങൾ പറയുന്ന കാര്യം വ്യവസ്ഥകൾക്കനുസൃതമായി നിയമം കൊണ്ടുവരണം, എങ്കിൽ മാത്രമേ അത്തരമൊരു നിയമം നിലനിൽക്കുകയുള്ളൂ. അങ്ങനെയുള്ള നിയമം നിലനിൽക്കുന്നില്ലെങ്കിൽ കോടതിയിൽ പോയാൽ ആ നിയമം റദ്ദാക്കപ്പെടും. അതുകൊണ്ട് മൂന്നര ലക്ഷത്തോളം വരുന്ന ലോട്ടറി തൊഴിലാളികളോട് നീതികാണിക്കുന്ന വിധത്തിൽ സമഗ്രമായ, ചോദ്യം ചെയ്യപ്പെടാത്ത വിധത്തിൽ ഒരു നിയമനിർമ്മാണം കൊണ്ടുവരേണ്ടതുണ്ട്. രണ്ടാമത്തെ നിയമം 2005-ലെ കേരള ലോട്ടറികളിൻമേലുള്ള നികുതി ബില്ലാണ്. പുതിയ നികുതി ഏർപ്പെടുത്തുന്ന ഒരു ബില്ലാണിത്. നമ്മുടെ ഭരണഘടനയുടെ 246-ാം അനുച്ഛേദം അനുസരിച്ച് ഷെഡ്യൂൾ 7-ൽപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റ് 1-ലെ 92, 92 (എ) എന്നീ എൻട്രികളിലും ലിസ്റ്റ് 2-ലെ, അത് സംസ്ഥാന ലിസ്റ്റാണ്, 54-ാം എൻട്രിയുമനുസരിച്ച് നികുതിക്കായി ഒരു നിയമം കൊണ്ടുവരാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. പക്ഷേ ഈ ബില്ലിലെ 7-ാം ക്ലാസ്സിൽ ചൂതാട്ടത്തിന്റെ പരിധിയിൽനിന്ന് സംസ്ഥാന സർക്കാർ ലോട്ടറിയെ ഒഴിവാക്കിയിരിക്കുകയാണ്.

ഇതു Anraj Vs. State of Tamil Nadu എന്ന കേസ്സിൽ സുപ്രീംകോടതി നികുതിയിൽ നിന്നും ഒരു മേഖലയെ മാത്രം ഒഴിവാക്കിയതു ശരിയല്ല എന്നു വ്യക്തമാക്കിയ ഈ സംഗതിക്കു ശേഷം കൊണ്ടുവരുന്ന ഒരു നിയമമാണ്. വേർതിരിവ് പാടില്ല എന്നു പറയുന്നുണ്ട്. ഇവിടെ വേർതിരിക്കപ്പെടുകയാണ്. ചൂതാട്ട പരിധിയിലാകട്ടെ സംസ്ഥാന സർക്കാർ ലോട്ടറിയെ വേർതിരിച്ചിട്ടുമുണ്ട്. നേരത്തെയുള്ള നിയമത്തിൽ ഒരു പ്രധാനപ്പെട്ട അംശമെങ്കിലും സംസ്ഥാന ലോട്ടറിയെ അതിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. യൂണിയൻ ലിസ്റ്റ് എൻട്രി 40-ൽ ആകട്ടെ കേന്ദ്ര സംസ്ഥാന ലോട്ടറികൾ മാത്രമേ പെടുന്നുള്ളൂ. അപ്പോൾ ചുരുക്കത്തിൽ ഈ ബില്ലിലെ വ്യവസ്ഥകൾ പരസ്പരവിരുദ്ധമാണ്. മാത്രമല്ല കേരളാ ജനറൽ സെയിൽസ് ടാക്സ് ആക്ടിലെ 5-ാം വകുപ്പു പ്രകാരം ലോട്ടറിക്ക് ഇപ്പോൾ തന്നെ നികുതിയുണ്ട്. ഇപ്പോൾ പുതിയതായി ഒരു നികുതി കൊണ്ടുവരികയാണ്. അപ്പോൾ ഒരേ വിഷയത്തിൽ രണ്ടു നികുതി നിയമങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാകുകയാണ്. അത്തരത്തിൽ നോക്കിയാൽ 2005-ലെ കേരളാ ലോട്ടറികളിൻമേലുള്ള നികുതി ബിൽ എന്നതും നമ്മുടെ ചട്ടത്തിനനുസൃതമല്ല. ഞങ്ങൾ എതിർക്കുകയല്ല മറിച്ച് നിയമ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും ഭരണഘടനാനുസൃതമായ വിധത്തിലും കൊണ്ടുവരണമെന്നുള്ള സദുദ്ദേശമാണ് ഇത്തരത്തിൽ ഉന്നയിക്കാൻ കാരണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ചില പ്രത്യേക സാഹചര്യത്തിൽ കേരളത്തെ ലോട്ടറി free ആയി ഡിക്ലെയർ ചെയ്യേണ്ടി വന്നു. നിലവിലുള്ള നിയമത്തിന്റെ ചട്ടക്കൂട്ടിനകത്തു നിന്നും കേരളത്തിലെ ജനങ്ങളെ ചൂഷണം ചെയ്തുകൊണ്ടിരുന്ന ഓൺലൈൻ ലോട്ടറിക്കാരെ നിയന്ത്രിക്കാനുള്ള കർശനമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവെങ്കിലും കോടതികളുടെ പല ഉത്തരവുകളും ഗവൺമെന്റിന്റെ കയ്യിൽ കൂച്ചു വിലങ്ങിടുന്നതായിരുന്നു. അതുകൊണ്ട് ഇഷ്ടംപോലെ ഓൺലൈൻ ലോട്ടറി നടത്തുകയും ഗവൺമെന്റ് നിസ്സഹായമായി നോക്കിനിൽക്കുകയും ചെയ്യുന്ന ഒരു സാഹചര്യം ഉണ്ടാക്കി എന്നു പറയാൻ എനിക്കു മടിയില്ല. കോടതികളുടെ തെറ്റായ വിധികളുടെ അടിസ്ഥാനത്തിൽ ഈ സംസ്ഥാനത്ത് അത്തരമൊരു സാഹചര്യമുണ്ടായി. അത്തരമൊരു സാഹചര്യത്തിലാണ് ഓൺലൈൻ ലോട്ടറി നിരോധിച്ചത്. പക്ഷേ അതുകൊണ്ടും നിർവ്വാഹമില്ലാതെ കോടതി ഉത്തരവുകൾമൂലം കേരളത്തിൽ ഓൺലൈൻ ലോട്ടറിയും പേപ്പർ ലോട്ടറിയും ഒഴുകുന്ന ഒരു സാഹചര്യം വന്നപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ പരിഹാരമാർഗ്ഗം ലോട്ടറികളെല്ലാം നിരോധിക്കുന്നതു മാത്രമായിരുന്നു. അതു ഞാൻ നിഷേധിക്കുന്നില്ല. എല്ലാ ലോട്ടറിയും ഗവൺമെന്റിന്റെ ഇഷ്ടത്തിന് വിപരീതമായി, ഗവൺമെന്റ് നിസ്സഹായരായി നോക്കിനിൽക്കുമ്പോൾ ഇവിടെ പ്രവർത്തിക്കുമായിരുന്നു. അതുകൊണ്ടാണ് എല്ലാ ലോട്ടറികളും നിരോധിക്കേണ്ടി വന്നത്. ലോട്ടറി നിരോധിച്ചുകൊണ്ട് നമ്മൾ തീരുമാനമെടുത്ത് ഡിക്ളറേഷൻ നടത്തിയപ്പോൾ തന്നെ സംസ്ഥാന ലോട്ടറി പുനരാരംഭിക്കുന്നതിനുള്ള നിയമവശങ്ങൾ നമ്മൾ പഠിക്കുകയും അതിനു പല ചർച്ചകളും നടത്തുകയും ചെയ്തിരുന്നു. പ്രതിപക്ഷങ്ങളുമായി ചർച്ച നടത്തി. നിയമത്തിൽ കുറെ കോംപ്ളക്സ് ഉണ്ടെന്നുള്ളതു ഞാൻ സമ്മതിക്കുന്നു. അതുകൊണ്ടു തന്നെ എല്ലാ ആളുകളുമായി ചർച്ച നടത്തി. പ്രതിപക്ഷത്തുള്ള ശ്രീ. വി. എസ്. അച്യുതാനന്ദൻ, ശ്രീ. കെ.പി. രാജേന്ദ്രൻ, ശ്രീ. എ. സി. ഷൺമുഖദാസ്, ശ്രീ. എ. എ. അസീസ്, ഡോ. കെ. സി. ജോസഫ്, ശ്രീ. സി. കെ. നാണു, ശ്രീ. പി. സി. ജോർജ്, ശ്രീ. വി. സി. കബീർ അടക്കമുള്ള ഈ നിയമസഭയിലെ പ്രതിപക്ഷ നേതാക്കന്മാരും മുഖ്യമന്ത്രിയും ഞാനും മന്ത്രിമാരും കൂടാതെ നികുതി വകുപ്പു സെക്രട്ടറി, ധനകാര്യ വകുപ്പു സെക്രട്ടറി, നിയമവകുപ്പു സെക്രട്ടറി, വാണിജ്യ നികുതി കമ്മീഷണർ, ലോട്ടറി ഡയറക്ടർ എന്നിവരുമായും ചർച്ചകൾ നടത്തി. എന്താണ് ഇതിനൊരു പരിഹാരം? എല്ലാ വശങ്ങളും ചർച്ച ചെയ്തു. നിയമവശങ്ങളും ചർച്ച ചെയ്തു. എന്നിട്ട് യുനാനിമസ്സായി ആ മീറ്റിംഗിൽ ഒരു തീരുമാനമെടുത്തു. അതിലെ നിർദ്ദേശങ്ങൾ യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു. (1) കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമത്തിന്റെ 6-ാം വകുപ്പു പ്രകാരം 4-ാം വകുപ്പിന്റെ നിബന്ധനകൾ പാലിക്കാതെ സംസ്ഥാന ലോട്ടറികൾ നിരോധിക്കുന്നതിനു കേന്ദ്ര സർക്കാരിനുള്ള അധികാരം സംസ്ഥാന സർക്കാരിനുകൂടി നൽകാനുള്ള നിവേദനം കേരള എം. പി.-മാർ മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിക്കും. അതു മുഖ്യമന്ത്രി ചെയ്തു. ഇതു മാത്രമല്ല ലോട്ടറി ഞങ്ങൾ നിരോധിക്കണമെന്നു പറഞ്ഞ് പല നിവേദനങ്ങളും കേന്ദ്ര ഗവൺമെന്റിനു കൊടുത്തു. (2) ഓൺലൈൻ ലോട്ടറി പേപ്പർ ലോട്ടറിയിൽ നിന്നും വേർതിരിച്ച് ചൂതാട്ടനിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്ന് നിയന്ത്രിക്കുന്നതിന് നിയമവശം പരിശോധിച്ച് നടപടിയെടുക്കണം. (3) ഭാഗ്യക്കുറികൾക്ക് പരമാവധി നികുതി നിരക്കുകൾ ചുമത്തുന്നതിനു നടപടികൾ സ്വീകരിക്കണം. എല്ലാ നിയമവശവും പരിശോധിച്ചതിനുശേഷമാണ് ഈയൊരു മാർഗ്ഗമേയുള്ളൂവെന്ന് ആ മീറ്റിംഗിൽ കണ്ടെത്തിയത്. അതുകൊണ്ടാണ് ഏകകണ്ഠമായി നമ്മൾ ഈ തീരുമാനമെടുത്തത്. ഇപ്പോൾ എടുത്തിരിക്കുന്ന ഒരു കാര്യം Online lottery is not lottery. ശ്രീ. എം. വി. ജയരാജൻ വായിച്ച ഈ ലോട്ടറിയുടെ പ്രയോഗങ്ങളൊക്കെ വരുന്ന കാലത്ത് ഓൺലൈൻ ലോട്ടറിയില്ല. അതു gambling ആണ്. ഓൺ ലൈനിന്റെ കൂടെ ഒരു ലോട്ടറി എന്നുള്ള വാക്കു കൂടി ചേർത്തിരിക്കുന്നു എന്നുള്ളതല്ലാതെ ഇതു വെറും gambling ആണ്. മറ്റു ലോട്ടറി പോലെയല്ല എന്നുള്ള ഒരു ലൈനാണ് നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ സ്വീകരിച്ചിരിക്കുന്നത്. അതിനു സംസ്ഥാന ഗവൺമെന്റിനു പൂർണ്ണഅധികാരമുണ്ട്. അതുകൊണ്ട് നിലവിലുള്ള ചട്ടക്കൂടിനകത്തു നിന്നുകൊണ്ട് ഇതിനെ നിയന്ത്രിക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ആദ്യത്തെ മെത്തേഡ് എന്നു പറഞ്ഞാൽ എല്ലാ ലോട്ടറികളും നിരോധിക്കുകയാണ്. പക്ഷേ അതിവിടത്തെ കുറച്ചാളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കും. അതുകൊണ്ടാണ് ഞങ്ങളെല്ലാവരും കൂടി, പ്രതിപക്ഷ നേതാക്കളടക്കം നിയമവകുപ്പുമായിട്ടും ഉദ്യോഗസ്ഥന്മാരുമായിട്ടെല്ലാം ചർച്ച ചെയ്ത് ഈ രീതിയിൽ ഈ നിയമം സഭയിൽ പാസ്സാക്കാൻ വേണ്ടി തീരുമാനിച്ചത്. അതുകൊണ്ടാണ് ഇതു ചെയ്തത്. ഇതു നമ്മുടെ gambling-ന്റെ പരിധിയിൽ കൊണ്ടുവന്നാണ് ചെയ്തിരിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: ചൂതാട്ട നിയമത്തിന്റെ നിർവ്വചനത്തിൽ ഓൺ ലൈൻ ലോട്ടറി വരുത്തുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവരുന്നത്. പക്ഷേ കേന്ദ്ര നിയമത്തിന്റെ രണ്ടാം സെക്ഷൻ by lot or chance to those persons participating in the chances of a prize by purchasing tickets എന്നുപറയുന്നുണ്ട്. ആ നിർവ്വചനത്തിൽ ഓൺലൈൻ വരും. അതുകൊണ്ട് കേന്ദ്രനിയമം സെക്ഷൻ (2)-നു ക്ലിയറായിട്ടുള്ള വയലേഷൻ നടത്തി.

ശ്രീ. വക്കം പുരുഷോത്തമൻ: ഇതിൽ വാചകത്തിന്റെ കുഴപ്പമാണെങ്കിൽ ഏതു നല്ല വാചകവും അക്സപ്റ്റു ചെയ്യാൻ തയ്യാറാണ്. ഉദാഹരണത്തിന് ഇവിടെ ഒരുപാട് തെറ്റുകൾ ട്രാൻസിലേഷനിൽ വന്നിട്ടുണ്ട്. ഞാൻ സമ്മതിക്കുന്നു. കാരണം വളരെ തിടുക്കത്തിൽ ചെയ്തതാണ്. കഴിയുന്നതും വേഗം ഇതു പാസ്സാക്കി എടുക്കണമെന്നുള്ള അത്യാവശ്യം കൊണ്ടും മലയാളത്തിൽ ഇവിടെ തരണമെന്നുള്ള തുകൊണ്ടും ട്രാൻസിലേഷനിൽ ധാരാളം തെറ്റുകൾ വന്നിട്ടുണ്ട്. ഞങ്ങൾ തന്നെ ധാരാളം ഒഫിഷ്യൽ അമെന്റുമെന്റ് കൊണ്ടുവരുന്നുണ്ട്. ഒഫിഷ്യൽ അമെന്റുമെന്റിനു പുറമെ ബഹുമാനപ്പെട്ട മെമ്പർമാർ ഈ നിയമം കർശനമാക്കുന്നതിനു വേണ്ടി എന്തു നിർദ്ദേശം കൊണ്ടുവന്നാലും അതംഗീകരിക്കാൻ ഞാൻ തയ്യാറാണ്. അതുകൊണ്ട് നമുക്ക് ഈ ചട്ടക്കൂടിനകത്തു നിന്നുകൊണ്ട് ഇതിനെ ഏറ്റവും നല്ല നിയമമായി മാറ്റുന്നതിനുള്ള ഏതു നിർദ്ദേശവും സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. ഇതു അവതരിപ്പിക്കാൻ അനുമതി തരണം.

ശ്രീ. എം. വി. ജയരാജൻ: ഇത്രത്തോളം പറഞ്ഞതുകൊണ്ട് ഞാനൊരു കാര്യം ചോദിക്കട്ടെ, gambling ആണെന്നുള്ള കാര്യം അങ്ങു സമ്മതിക്കുമല്ലോ? ഈ gambling എന്നു പറയുന്നതിൽ നമ്മൾ 1960-ലെ ആക്ടിൽ അമെന്റു ചെയ്ത് പുതിയൊരു പ്രൊവിഷൻ കൊണ്ടുവരാതെ gambling എന്നു പറഞ്ഞു ഒരു പുതിയ നിയമം കൊണ്ടുവന്നുകൂടെ? നിലവിൽ 1960-ലെ ആക്ടാണ് നമുക്കുള്ളത്. 1960-ലെ ആക്ടിൽ സ്കോപ്പ് എത്രത്തോളമുണ്ട് എന്നു നമുക്കറിയാം. അതുപ്രകാരം

2/676/2012—45.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചൂതാട്ടമെന്നു പറയാതെതന്നെ gambling എന്നു പറഞ്ഞ് ഒരു പുതിയ ആക്ടു കൊണ്ടുവന്നാൽ ആർക്കും ക്വസ്റ്റ്യൻ ചെയ്യാൻ പറ്റാത്തവിധത്തിൽ നമുക്ക് എടുക്കാമല്ലോ? അത്തരമൊരു angle-ൽ ഏതെങ്കിലും നിയമപരമായിട്ടുള്ള ചർച്ചയിൽ വന്നിട്ടുണ്ടോ? ഞങ്ങളെപ്പോലെയുള്ള എളിയവരുടെ ഉപദേശം കേൾക്കണ്ടേ.

ശ്രീ. വക്കം പുരുഷോത്തമൻ: ഇതു സുപ്രീം കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ ഒരു ഡിസിഷനാണ്. അതിൽ പറയുന്നുണ്ട്. Lottery is gambling. ഒരു വാചകം ഞാൻ വായിക്കാം. Lottery is a form of gambling. Gambling activities are in its very nature and res extra commercium. In lottery there is an element of chance and no skill. The mere fact that there is a sanction in law for transaction or that it is legitimised or not prohibited would not by itself make it res commercium. Even in State Lotteries the same element of chance remains with no skill. They remain within the boundaries of gambling. The fact that Lotteries Act, 1998 ensures that under Section 4(d), the proceeds of the sale of State lottery tickets should be credited into the public accounts of the State, would not by itself take it outside the realm of gambling. സുപ്രീംകോടതി പറഞ്ഞതാണ്.

ശ്രീ. ടി. എം. ജേക്കബ് : അങ്ങ് വായിച്ച സുപ്രീംകോടതി വിധിയുടെ ഡേറ്റ് എന്നാണ്?

ശ്രീ. വക്കം പുരുഷോത്തമൻ: 7-5-1999.

റൂളിംഗ്

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിച്ച ആക്ഷേപങ്ങൾ രണ്ടാണ്. ഒന്ന് ഭരണഘടനാവിരുദ്ധമാണ് ഈ നിയമത്തിലെ ചില വകുപ്പുകൾ എന്നാണ്. രണ്ടാമത് കേന്ദ്ര നിയമത്തിലെ വ്യവസ്ഥകളുമായി ഭിന്നപ്പെട്ടുവരുന്നു എന്നാണ്. ഒന്നാമത്തെ കാര്യത്തെ സംബന്ധിച്ചിടത്തോളം ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനാവിരുദ്ധമാണോ അല്ലയോയെന്ന് സഭയുടെ collective wisdom കൊണ്ട് തീരുമാനിക്കാമെങ്കിലും ആത്യന്തികമായി ഒരു തീരുമാനമെടുക്കേണ്ടത് കോടതിയാണ്. നമുക്ക് ഒരു ഫൈനൽ ഡിസിഷൻ എടുക്കാൻ സാധിക്കുകയില്ല. ഭരണഘടനാവിരുദ്ധമാണോ അല്ലയോ എന്നതിനെക്കുറിച്ച് സംസ്ഥാന നിയമസഭ പാസ്സാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾ കേന്ദ്ര നിയമത്തിലെ വകുപ്പുകൾക്കെതിരാണെന്ന് തോന്നുന്നപക്ഷം പ്രസിഡന്റിന്റെ അനുമതി തേടി ആ ന്യൂനത പരിഹരിക്കാവുന്നതുമാണ്. ഈ സ്റ്റേജിൽ സബ്ജക്ട് കമ്മിറ്റിയിൽ ചെല്ലുമ്പോൾ ഒന്നുകൂടി വിശദമായി collective wisdom ഒന്നുകൂടി അപ്ളൈ ചെയ്ത് പ്രത്യക്ഷത്തിൽ എന്തെങ്കിലും തകരാറുണ്ടെങ്കിൽ പരിഹരിക്കാനുള്ള അവസരവുമുണ്ട്. ഈ സാഹചര്യത്തിൽ മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഒബ്ജക്ഷൻസ്

over rule ചെയ്യുന്നു. മെമ്മോറാണ്ടത്തെ സംബന്ധിച്ചിടത്തോളം സംഖ്യ നിർണ്ണയിക്കാൻ കഴിയില്ലെന്ന് പറഞ്ഞിരുന്നു. ശ്രീ. എം. വി. ജയരാജൻ പറഞ്ഞ സംഖ്യയും കൃത്യമായിക്കൊള്ളണമെന്നില്ല. അതൊരു irregularity എന്നല്ലാതെ ഒരു illegality ആകുന്നില്ല. അതുകൊണ്ട് ആ ഒബ്ജക്ഷൻ over rule ചെയ്യുന്നു. Minister, you can proceed.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005-ലെ കേരള ചൂതാട്ട (ഭേദഗതി) ബില്ലും 2005-ലെ കേരള ലോട്ടറികളിൻമേലുള്ള നികുതി ബില്ലും സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഡി. സുഗതൻ: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: മിനിസ്റ്റർ സംസാരിക്കുന്നുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: എനിക്ക് പറയാനുണ്ടായിരുന്നത് ഈ ബിൽ കൊണ്ടുവരാനുള്ള സാഹചര്യത്തെക്കുറിച്ചാണ്. അത് ഇപ്പോൾ ഒബ്ജക്ഷൻ സമയത്ത് പറഞ്ഞുകഴിഞ്ഞു. അതുകൊണ്ട് ഇനി പറയാനുള്ളതെല്ലാം ചർച്ചകൾക്ക് മറുപടി പറയുമ്പോൾ പറഞ്ഞുകൊള്ളാം. ഫലപ്രദമായ നിർദ്ദേശങ്ങൾ ഞാൻ ക്ഷണിക്കുന്നു.

മി. സ്പീക്കർ: പരമാവധി അംഗങ്ങളെ സംസാരിപ്പിക്കണമെന്നാണ് താൽപ്പര്യം. ദയവുചെയ്ത് മെമ്പർമാർ അഡ്ജസ്റ്റ് ചെയ്താൽ കൂടുതൽ മെമ്പർമാരെ സംസാരിപ്പിക്കാം. നമുക്ക് ഇന്ന് രണ്ട് ബില്ലുകളാണുള്ളത്. ഒരാൾതന്നെ കുറേനേരം സംസാരിച്ചാൽ ഒരു കൃത്യസമയംവെച്ച് തീർക്കാൻ പറ്റുകയില്ല.

ശ്രീ. ടി. എം. ജേക്കബ്: രണ്ട് ബില്ലുംകൂടി ഒരുമിച്ച് അവതരിപ്പിച്ചിരിക്കുന്നതുകൊണ്ട് ചർച്ച ഒന്നാണല്ലോ.

മി. സ്പീക്കർ: അതെ. ചൂതാട്ടത്തിന്റെ ഫസ്റ്റ് അമെന്റുമെന്റ് എടുത്താൽ അടുത്തത് ലോട്ടറികളിൻമേലുള്ളത് എടുക്കും.

ശ്രീ. വി. ഡി. സതീശൻ: സർ, 2005-ലെ കേരള ചൂതാട്ട (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഉൽസവപ്പറമ്പിലെ കുലുക്കിക്കുത്തുകാരന്റെ മുന്നിൽ ചെല്ലുന്ന ചൂതാട്ടക്കാർ മുതൽ സ്വന്തം വിമാനത്തിൽ പറന്നുചെന്ന് കോടിക്കണക്കിന് ഡോളർ രൂപയ്ക്ക് ലാസ് വെഗാസിലെ കാസിനോകളിൽ ചൂതാട്ടത്തിലേർപ്പെടുന്ന ചൂതാട്ടക്കാരൻ ഉൾപ്പെടെ നമ്മുടെ സമൂഹത്തിൽ വ്യത്യസ്ത തലങ്ങളിലുള്ള ചൂതാട്ടക്കാരുണ്ട്. ലോട്ടറിയും ഒരു ചൂതാട്ടം തന്നെയാണ്. ലോട്ടറിയും ചൂതാട്ടമാണെന്നുള്ള

2/676/2012—45a.

LIBRARY ARCHIVES Kerala Legislative Assembly

നിഗമനത്തിലാണ് സുപ്രീംകോടതിയും എത്തിച്ചേർന്നിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് തുടങ്ങിയ ലോട്ടറി ഇന്ന് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് യാതൊരു നിയന്ത്രണങ്ങളുമില്ലാതെ ഇവിടേക്ക് വരുകയും പിന്നീടത് ഓൺലൈൻ ലോട്ടറിയായി മാറുകയും ചെയ്തപ്പോൾ നമ്മുടെ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ ഇടയിലുണ്ടായ lottery addiction നിരവധി കുടുംബങ്ങളെ കണ്ണുനീരിലാഴ്ത്തുകയും നിരവധി സാധാരണക്കാരെ ആത്മഹത്യയിലെത്തിക്കുകയും ചെയ്ത വളരെ ദുരന്തപൂർണ്ണമായ ഒരു സാമൂഹ്യ സ്ഥിതിവിശേഷത്തിനുകൂടി നമ്മുടെ സംസ്ഥാനം സാക്ഷ്യം വഹിക്കേണ്ട ഗതികേടുണ്ടായി. അതുകൊണ്ടാണ് 1998-ൽ ലോട്ടറി റെഗുലേഷൻ ആക്ട് എന്നുള്ള സെൻട്രൽ ആക്ട് പാർലമെന്റിൽ പാസ്സാക്കിയത്. അതിന്റെ ഭാഗമായി Kerala State Lotteries and Online Lotteries Regulation Rules എന്ന ഒരു ചട്ടം സെൻട്രൽ ആക്ടിന്റെ 12-ാം വകുപ്പ് അനുസരിച്ച് 2003-ൽ നമ്മൾ രൂപീകരിക്കുകയുണ്ടായി. ആ ചട്ടം നിലവിൽ വന്നതിനുശേഷം ആ ചട്ടങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലോട്ടറി വകുപ്പ് നൽകിയ ഒരു പൊതുപരസ്യമാണ് നമ്മുടെ സംസ്ഥാനത്ത് ലോട്ടറിയുമായി ബന്ധപ്പെട്ട കേസുകൾ flood ചെയ്യാനുണ്ടായ ഒരു തുടക്കം. അതിൽ നമ്മുടെ സംസ്ഥാനമുണ്ടാക്കിയ ചട്ടത്തിലെ 24(3)-ഉം (10)-ഉം വകുപ്പുകൾ കോടതിയിൽ നിരവധി ഹർജികളിലൂടെ ചോദ്യംചെയ്യപ്പെട്ടു. ആദ്യം കോടതികളിൽ വന്ന കേസുകളിൽ സിംഗിൾ ബഞ്ച് ആ ചട്ടങ്ങൾ ശരിയാണെന്ന് പറഞ്ഞു. രണ്ടാമത് ഡിവിഷൻ ബഞ്ചിൽ ലോട്ടറിക്കാർ അപ്പീലിനുപോയി. ആദ്യം ആ സിംഗിൾ ബഞ്ചിന്റെ ഉത്തരവ് ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്തു. എങ്കിലും ഫൈനൽ ഓർഡറിൽ ചട്ടങ്ങൾ ശരിയാണെന്നാണ് ഡിവിഷൻ ബഞ്ച് വിധിച്ചത്. അതിനുശേഷം അവരെല്ലാം സുപ്രീം കോടതിയിൽപ്പോയി. സുപ്രീം കോടതി കേരളാ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ ഇടക്കാല ഉത്തരവ് പുനഃസ്ഥാപിച്ചു. 19-12-2003-ലെ ഹൈക്കോടതി ഉത്തരവിൽ ലോട്ടറിയുമായി ബന്ധപ്പെട്ട മറ്റ് നിയമങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ നടത്തുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് പറഞ്ഞിരുന്നു. മറ്റ് നിയമങ്ങളെന്ന് പറയുന്നത് സെൻട്രൽ ആക്ട് തന്നെയാണ്. 1998-ലെ സെൻട്രൽ ആക്ട് പാർലമെന്റ് പാസ്സാക്കിയപ്പോൾ അന്നുതന്നെ ലോട്ടറി നടത്തുന്ന പല സംസ്ഥാനങ്ങളും ലോട്ടറി ഉടമകളും കേന്ദ്ര നിയമത്തിന്റെ constitutional validity-യെ ചോദ്യം ചെയ്തുകൊണ്ട് സുപ്രീംകോടതിയിൽ പോയി. ആ കേസാണ് ഇന്ന് പ്രതിപക്ഷ മെമ്പർമാരും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഉദ്ധരിച്ച B. R. Enterprises Vs. State of U.P. എന്ന കേസ്. ആ കേസിൽ സുപ്രീം കോടതി സെക്ഷൻ 5-ൽ മാത്രം ഒരു മാറ്റമുണ്ടാക്കി. സെക്ഷൻ 5-ൽ ഉണ്ടാക്കിയ മാറ്റം മറ്റ് സംസ്ഥാനങ്ങളിലെ ലോട്ടറികൾ നിരോധിക്കുമ്പോൾ സ്വന്തം സംസ്ഥാനത്തെ ലോട്ടറി കൂടി നിരോധിച്ചുകൊണ്ടായിരിക്കണമെന്നുള്ള ഭേദഗതി മാത്രമാണ് സുപ്രീം കോടതി

LIBRARY ARCHIVES Kerala Legislative Assembly

സമ്മതിച്ചത്. അതൊഴിച്ചുള്ള ബാക്കിയുള്ള എല്ലാ നിയമങ്ങളിലും ഏറ്റവും പ്രധാനപ്പെട്ട സെക്ഷൻ നാലും അതുപോലെ പീനൽ പ്രൊവിഷനുള്ള സെൻട്രൽ ആക്ടിലെ നിയമങ്ങളും എല്ലാം സാധുവാണെന്നാണ് സുപ്രീംകോടതി വിധിച്ചത്. അതിൽ സെക്ഷൻ എട്ടിൽ പറയുന്നത് ഈ നിയമങ്ങൾ ലംഘിച്ചാൽ അതെല്ലാം cognizable offence ആണെന്നാണ്. എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്യാനുള്ള അധികാരം, കേസ് എടുക്കാനുള്ള അധികാരം പോലീസിനുണ്ടെന്ന് സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്. പക്ഷെ ദൗർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്ത് ഈ നടപടികളുമായി ലോട്ടറി വകുപ്പ് പോയപ്പോൾ പോലീസ് എടുത്ത കേസുകൾ മുഴുവൻ റൂൾസിലെ 24 (3) വകുപ്പ് പ്രകാരമായിരുന്നു. അജ്ഞത കൊണ്ടാണോയെന്നറിയില്ല. ആ കേസ് എടുത്തതിനുശേഷം സെൻട്രൽ ആക്ടിലെ സെക്ഷൻ നാലും ഏഴും വകുപ്പുകൾ അഡീഷണലായി കൂട്ടിച്ചേർത്തിരുന്നുവെങ്കിൽ ഇത്തരമൊരു നിയമപ്രശ്നം ഉണ്ടാകുമായിരുന്നില്ലെന്ന് അഭിപ്രായപ്പെടുന്ന നിയമജ്ഞർ കൂടിയുണ്ട്. ഈ ഘട്ടത്തിനുശേഷമാണ് രണ്ടാം ഘട്ടത്തിലെ കേസ് വരുന്നത്. രണ്ടാം ഘട്ടത്തിലെ കേസുകൾ ചോദ്യം ചെയ്തുകൊണ്ട് വന്നപ്പോൾ ജസ്റ്റീസ് ബാലകൃഷ്ണൻ നായർ സിംഗിൾ ബെഞ്ച് സെക്ഷൻ 4 ശരിയാണെന്നു പറഞ്ഞു. അതിനെത്തുടർന്ന് ലോട്ടറി ഉടമകൾ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ പോയി. നമ്മുടെ സംസ്ഥാനത്തെ ഡിവിഷൻ ബെഞ്ചിലെ അപ്പീൽ നിലവിലിരിക്കുമ്പോൾ ആ അപ്പീലിന് സ്റ്റേയൊന്നുമില്ലാതിരിക്കുമ്പോൾ അപ്പീൽ നിലവിലുള്ള കാര്യം മറച്ചുവെച്ചുകൊണ്ട് സുപ്രീം കോടതിയിൽ ലോട്ടറിക്കാർ കേസ്സിനു പോയി.

ദൗർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് അഭിഭാഷകരും ഈ കാര്യങ്ങൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിൽ പരാജയപ്പെട്ടു എന്നാണ് ആക്ഷേപം. ഇതാണ് കോർട്ടലക്ഷ്യ കേസിലേക്ക് നയിക്കുകയും ചെയ്ത തീരുമാനങ്ങൾ സുപ്രീം കോടതിയുടെ ഭാഗത്തുനിന്നും ഉണ്ടായത്. നമ്മൾ പ്രത്യേകമായിട്ടും ശ്രദ്ധിക്കേണ്ടത് മൂന്നു റൗണ്ട് ലിറ്റിഗേഷൻ ഇതുമായി ബന്ധപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. മൂന്നാമത്തെ റൗണ്ടിൽ നികുതി അടച്ചാൽ ലോട്ടറി നടത്താമെന്ന ഉത്തരവ് കോടതി കൊടുത്തു. ആ കാര്യത്തിൽ അഫിഡവിറ്റ് ഫയൽ ചെയ്യാൻവേണ്ടി നമ്മുടെ സർക്കാർ ഇവിടെ നിന്നെല്ലാം കൊടുത്തിരുന്നുവെങ്കിലും അഡ്വക്കേറ്റ് ജനറൽ ആഫീസിൽനിന്നും അഫിഡവിറ്റ് ഫയൽ ചെയ്യാൻ വൈകിയിരുന്നു. ഇതേക്കുറിച്ച് അന്വേഷിക്കാമെന്ന് അന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. അന്ന് മുഖ്യമന്ത്രി ഈ കാര്യത്തിൽ റിവ്യൂ ഹർജി കൊടുക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും ഇതുമായി ബന്ധപ്പെട്ടാണ് അഡ്വക്കേറ്റ് ജനറൽ ആഫീസുമായി ബന്ധപ്പെട്ട് ആക്ഷേപം യഥാർത്ഥത്തിൽ ഉയർന്നുവന്നത്. അപ്പോൾ ഈ കോർട്ടലക്ഷ്യം. അതായത് ശ്രീ. ബാലകൃഷ്ണൻനായരുടെ വിധി സ്റ്റേ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടും കേരള പോലീസ് കേസ് എടുത്തു എന്ന് പറഞ്ഞുകൊണ്ടാണ് കോടതി അലക്ഷ്യം കണ്ടംപ്റ്റ് മൂവ് ചെയ്യുന്നത്. അതിലാണ് ചീഫ് സെക്രട്ടറി ഹാജരാകാൻവേണ്ടി പറഞ്ഞത്. 24-ാം തീയതി കേസ് വന്നപ്പോഴും ഒക്ടോബറിൽ സ്റ്റേ ഉത്തരവ് വാങ്ങിയ കേസിൽ സെക്ഷൻ 4 പ്രകാരം കേസ് എടുക്കാം എന്നുള്ള ക്ലാരിഫിക്കേഷൻ നമ്മൾ വാങ്ങിയിട്ടില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഈ കാര്യത്തിൽ ഗവൺമെന്റിന് ഒരു പോളിസിയുണ്ട്. സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറികൾ നിരോധിക്കണം. അതുപോലെ അന്യ സംസ്ഥാനങ്ങളിലെ ലോട്ടറികൾ യാതൊരു നിബന്ധനകളുമില്ലാതെ നമ്മുടെ സംസ്ഥാനത്തു വന്ന് കുമിഞ്ഞുകൂടുന്നത് ശരിയല്ല എന്നുള്ള ഒരു പോളിസി സംസ്ഥാന ഗവൺമെന്റിനുണ്ട്. ഗവൺമെന്റിന്റെ പോളിസിയുമായി ബന്ധപ്പെട്ട് ഒരു റിപ്പോർട്ട് ഇവിടെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ അത് കേന്ദ്രത്തിൽ അയച്ചുകൊടുത്തിട്ടുണ്ട്. ആ ഗവൺമെന്റിന്റെ പോളിസിയും ഈ സംസ്ഥാന സർക്കാരിന്റെ പോളിസിയും സുപ്രീംകോടതിയിൽ ഫലപ്രദമായി അവതരിപ്പിക്കുന്ന കാര്യത്തിൽ നമ്മുടെ അഭിഭാഷകർക്ക് തെറ്റുപറ്റിയിട്ടുണ്ടോ എന്നുള്ള കാര്യം ഗൗരവതരമായി അന്വേഷിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യമായിട്ടാണ് ഇത് സൂചിപ്പിക്കുന്നത്.

ഡോ. തോമസ് ഐസക്: സെക്ഷൻ 4 പ്രകാരം എടുത്ത കേസുകൾ മുഴുവൻ മുൻകാല പ്രാബല്യത്തോടുകൂടി പിൻവലിക്കുമെന്ന് ഉറപ്പ് നൽകണമെന്ന് സുപ്രീം കോടതി ആവശ്യപ്പെട്ടിരുന്നോ? അതിന്റെ ആവശ്യം ഉണ്ടായിരുന്നോ?

ശ്രീ. വി. ഡി. സതീശൻ: ഞാൻ അതുമായി ബന്ധപ്പെട്ടുകൂടിയാണ് പറയുന്നത്. ഈ അഭിഭാഷകർ collide ചെയ്തു എന്നുള്ള ആക്ഷേപം ഒന്നും ഞാൻ ഉന്നയിക്കുന്നില്ല. പക്ഷേ ഒരു ഒമിഷൻ അവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ എന്ന് ഗൗരവമായി അന്വേഷിക്കണം. ഒമിഷനും collide ചെയ്യലും ഏകദേശം ഒരു പോലെ തന്നെയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ഡോ. തോമസ് ഐസക് സൂചിപ്പിച്ചതുപോലെ സെക്ഷൻ 4-മായി ബന്ധപ്പെട്ട കേസുകളെല്ലാം ഞങ്ങൾ പിൻവലിച്ചിരിക്കുന്നു എന്നാണവർ കോടതിയിൽ പറഞ്ഞത്.

ശ്രീ. വക്കം പുരുഷോത്തമൻ: സർക്കാരിനുവേണ്ടി ഡൽഹിയിലെ ഏറ്റവും പ്രഗത്ഭരായ അഡ്വക്കേറ്റുമാരായ സർവ്വശ്രീ വാഗപതി, അസൗദേശായി, പി. പി. റാവു, നാഗേസ്വര റാവു എന്നിവരാണ് ഹാജരായത് എന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. വി. ഡി. സതീശൻ: പ്രഗത്ഭരായ അഭിഭാഷകർ തന്നെയായിരിക്കും ഹാജരായിരുന്നത്. പക്ഷേ നിയമപരമായി ഒരു സംശയം ഇങ്ങനെ പ്രകടിപ്പിക്കുമ്പോൾ അങ്ങ് ഈ കാര്യത്തിൽ മറുപടി തരും എന്ന് തന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സെക്ഷൻ 4-മായി ബന്ധപ്പെട്ട കേസുകളൊന്നും എടുക്കുന്നില്ല എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

കോർട്ടലക്ഷ്യ കേസുമായി ബന്ധപ്പെട്ട് പറയുന്നത്. നമ്മുടെ സംസ്ഥാനത്ത് ഏതെങ്കിലും കൊലപാതകം നടന്നാൽ ഐ. പി. സി. 302 അനുസരിച്ച് കേസൊന്നും ഞങ്ങൾ എടുക്കില്ല എന്ന് അഫിഡവിറ്റ് കൊടുക്കാൻ കഴിയുമോ? അങ്ങനെ അഫിഡവിറ്റ് കൊടുക്കാൻ കഴിയില്ല. സെക്ഷൻ 4 അനുസരിച്ച് കേസുകൾ എടുക്കാനുള്ള പൂർണ്ണമായ അധികാരം പോലീസിനുണ്ട് എന്ന് സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഗവൺമെന്റിന്റെ പോളിസി വളരെ ക്ലിയറാണ്. ഗവൺമെന്റ് പോളിസിയുമായി ബന്ധപ്പെട്ട സ്റ്റേറ്റ്മെന്റ് സെൻട്രൽ ഗവൺമെന്റിന് കൊടുത്തിട്ടുണ്ട്. ഓൺലൈൻ ലോട്ടറികൾ നിരോധിക്കണം. ഓൺലൈൻ ലോട്ടറികൾ gambling ആണ്. അതുപോലെ മറ്റു സംസ്ഥാനങ്ങൾ നടത്തുന്നു എന്നുള്ള വ്യാജേന കേരളത്തിൽവന്ന് ഫ്ളെഡ് ചെയ്യപ്പെടുന്ന സംസ്ഥാന ലോട്ടറികളും ഈ ഗവൺമെന്റ് അതിനെ അനുകൂലിക്കുന്നില്ല എന്നുള്ള നിലപാട് വളരെ ശക്തമായി ആദ്യകാലം മുതൽതന്നെ ഗവൺമെന്റ് എടുത്തിട്ടുണ്ട്. ഗവൺമെന്റിന്റെ ഈ നയം അത് അവിടെ represent ചെയ്യുന്ന കാര്യത്തിൽ ആർക്കെങ്കിലും പരാജയം ഉണ്ടായിട്ടുണ്ടോ എന്നുള്ള കാര്യമാണ് ഞാൻ അവതരിപ്പിച്ചത്. അതുപോലെ സെൻട്രൽ ആക്ടിലെ ഒരു legislative intention-നെക്കുറിച്ച് ഇവിടെ പലരും തർക്കം പറഞ്ഞു. B. R. Enterprises -ലെ കേസുമായിട്ട് ബന്ധപ്പെട്ടിട്ടാണ് Gaming Act-ന്റെ പരിധിയിൽ ഇത് കൊണ്ടുവരാൻ കഴിയുമോ എന്നുള്ള കാര്യം ഇവിടെ ഉന്നയിക്കപ്പെട്ടത്. ഓൺലൈൻ ലോട്ടറി Gaming Act-ന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുമോ? കാരണം ലോട്ടറി റഗുലേഷൻ ആക്ട് സെക്ഷൻ 2-ലെ ഡെഫനിഷൻ ക്ലാസിൽ ലോട്ടറി എന്ന് പറഞ്ഞിരിക്കുന്നതുകൊണ്ടാണ്. പക്ഷേ B. R. Enterprises കേസിന്റെ പാര 89-ൽ വളരെ കൃത്യമായി ഈ കാര്യം പറഞ്ഞിട്ടുണ്ട്. ഇൻഡ്യൻ ഭരണഘടനയനുസരിച്ച് സംസ്ഥാനങ്ങൾ നിയമനിർമ്മാണം നടത്തുന്നതിനുള്ള 7-ാം ഷെഡ്യൂളിലെ 2-ാം ലിസ്റ്റിലാണ് bidding and gambling വരുന്നത് എന്നാൽ 34-ാം legislative head ഉപയോഗിച്ച് എല്ലാ അന്യ സംസ്ഥാന ഓൺലൈൻ പേപ്പർ ലോട്ടറികളേയും കർശനമായി നിയന്ത്രിക്കാൻ സർക്കാരിന് കഴിയും. ലോട്ടറിയും gambling-ഉം ഇതിൽപ്പെട്ടതാണ് എന്നാണ് സുപ്രീംകോടതി ഈ കേസിൽ പറഞ്ഞിരിക്കുന്നത്. സംസ്ഥാന സർക്കാർ നടത്തുമ്പോൾ മാത്രമേ gambling-ന്റെ പരിധിയിൽ ഇത് ഉയർന്നു വരുകയുള്ളൂ. അതുകൊണ്ടുതന്നെ കേന്ദ്രനിയമം അനുസരിച്ച് 4-ാം വകുപ്പിലെ നിബന്ധനകൾ പാലിക്കാതെ ടിക്കറ്റ് വച്ചുള്ള കളികൾ chance-ന്റെ അടിസ്ഥാനത്തിലുള്ള സമ്മാനം കൊടുക്കുന്ന പദ്ധതികൾ എന്നിവ gambling ആയി കണക്കാക്കി നിയമനിർമ്മാണം നടത്താവുന്നതാണ്. അപ്പോൾ നിയമപ്രകാരം നടത്തുന്ന ലോട്ടറികളെ ഒഴിവാക്കുന്നതുകൊണ്ട് കേന്ദ്രത്തിന്റെ legislative head-ൽ സംസ്ഥാനം ഇടപെടുന്നതായി, ഫെഡറൽ സ്വഭാവത്തെ ഹനിക്കുന്നതായി വരുന്നില്ല. പക്ഷേ, എനിക്ക് ഈ കാര്യത്തിലുള്ള സംശയം section 2 definition clause-ൽ പറഞ്ഞിരിക്കുന്നത് ഇവിടെ വായിച്ചതുപോലെ lottery

LIBRARY ARCHIVES Kerala Legislative Assembly

means a scheme ലോട്ടറി എന്ന് പറയുന്നതിന്റെ ഡെഫനിഷൻ കൊടുത്തി രിക്കുന്നു. നമ്മൾ Gaming Act-ൽ ഓൺലൈൻ ലോട്ടറിയിൽപ്പെടുത്തുമ്പോൾ ഓൺലൈൻ ലോട്ടറി എന്നുള്ള വാക്ക് ഉപയോഗിക്കുന്നത് ബുദ്ധിപൂർവ്വമാകുമോ എന്നുള്ള സംശയം എനിക്കുണ്ട്. ഓൺലൈൻ ലോട്ടറി എന്നുള്ള വാക്കിനുപകരം നമ്മൾ central computer server-നെക്കുറിച്ച് ഡെഫനിഷൻ കൊടുത്തിട്ടുണ്ട്. computer ഒരു സെൻട്രൽ പോയിന്റിൽ കേന്ദ്രീകരിച്ച് കംപ്യൂട്ടറുമായി ബന്ധപ്പെട്ട് ഓൺലൈൻ നടക്കുന്ന ലോട്ടറികളാണ്. ലോട്ടറി എന്നുള്ള പദപ്രയോഗം നമ്മൾ Gaming Act-ന്റെ പരിധിയിൽ കൊണ്ടുവന്നാൽ അത് നമുക്ക് പ്രതികൂലമായ ഒരു സാഹചര്യം വരും. പിന്നീട് ഒരു റൗണ്ട് litigation കൂടി സ്റ്റാർട്ട് ചെയ്യുകയും അതിൽ പോകുമ്പോൾ നമ്മെ പ്രതികൂലമായി ബാധിക്കും എന്നാണ്. ഞാൻ ഇത് മാറ്റണമെന്നല്ല പറയുന്നത്. ഇപ്പോൾ Gaming Act-ന്റെ പരിധിയിൽ തന്നെ ഈ ഓൺലൈൻ ലോട്ടറികളെ നിരോധിക്കണം. പക്ഷേ, ഓൺലൈൻ ലോട്ടറി എന്നുള്ള പദപ്രയോഗം മാറ്റി മറ്റ് എന്തെങ്കിലും വാക്ക് ഉപയോഗിക്കണം. അതായത് ലോട്ടറി എന്ന് വരാതെയുള്ള മറ്റ് എന്തെങ്കിലും വാക്ക്, ഓൺലൈൻ ലോട്ടറി നടത്തുന്നതിന്റെ എല്ലാ features-ഉം components-ഉം ഉൾപ്പെടുത്തി വരുത്താൻ കഴിഞ്ഞാൽ ഈ പറയുന്ന ഒബ്ജക്ഷൻസ് അതായത് Central Act-ന്റെ inconsistent ആയിട്ടുള്ള ഒരു നിയമമാണ് ഈ സംസ്ഥാന നിയമസഭ പാസാക്കിയത് എന്നുള്ള നിയമപ്രശ്നത്തിൽനിന്നും തലയൂരാൻ കഴിയും എന്നാണ് എനിക്ക് സമർപ്പിക്കാനുള്ള ഒരു നിർദ്ദേശം.

ശ്രീ. എം. വി. ജയരാജൻ : ശ്രീ. സതീശൻ പറഞ്ഞത് വളരെ relevant ആയിട്ടുള്ള കാര്യമാണ്. 1998-ൽ കേന്ദ്ര നിയമം വരുമ്പോഴും 1999-ൽ ഈ നിയമത്തെ ചോദ്യം ചെയ്തതിന്റെ മേൽ സുപ്രീം കോടതി ജഡ്ജുമെന്റ് B. R. Enterprises കേസിൽ വരുമ്പോഴും online lottery എന്ന് പറയുന്നത് ഇല്ല. അപ്പോൾ ഓൺലൈൻ ലോട്ടറി എന്ന് പറയുന്നത് അന്ന് ഇല്ലാതിരുന്ന കാലഘട്ടത്തിലാണ് അവർ ഈ കാര്യങ്ങളാകെ പരിശോധിച്ചിട്ട് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് അങ്ങ് പറയുന്ന കാര്യം വളരെ റെലവന്റായിട്ടുള്ള കാര്യമാണ്. അത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കേണ്ടതാണ്.

ശ്രീ. വി. ഡി. സതീശൻ : ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ നിലനിർത്തിക്കൊണ്ടുതന്നെ ഇതിനകത്ത് പദപ്രയോഗത്തിനുള്ള ഒരു മാറ്റമാണ് ഞാൻ നിർദ്ദേശിക്കുന്നത്. അത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതുപോലെ തന്നെ ഭാഗ്യക്കുറികൾ എല്ലാം ചൂതാട്ടത്തിന്റെ പരിധിയിൽപ്പെടും. എങ്കിലും അവ സെൻട്രൽ ആക്ടിന് വിധേയമായി സർക്കാർ ഉടമസ്ഥതയിൽ നടത്തുമ്പോഴാണ് ചൂതാട്ടം അല്ലാതായി മാറുന്നത് എന്നും ഈ B. R. Enterprises കേസിൽ ആവർത്തിച്ച് സുപ്രീം കോടതി പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. മാത്രമല്ല, സെൻട്രൽ ആക്ടിന്റെ legislative intention എന്ന് പറയുന്നത് അതിന്റെ objects & reasons-ൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്നതുതന്നെ നമ്മുടെ objects & reasons-ൽ പറഞ്ഞിരിക്കുന്ന കാര്യമാണ്. സാധാരണക്കാരുടെ കുടുംബങ്ങളിലേക്ക് ലോട്ടറി വലിയ ഒരു addiction-ആയി കടന്നു ചെന്ന് ഒരുപാട് സാമൂഹ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്നുള്ളത് legislative intention തന്നെയാണ്. Central Act ഉണ്ടാക്കാനുള്ള legislative intention തന്നെയാണ് ഇപ്പോൾ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ Gaming Act-ന്റെ ഭാഗമായി ഇത് കൊണ്ടുവരുമ്പോഴും നമ്മുടെ മുൻപിലുള്ളത്. അതുപോലെ ഈ ടാക്സുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങളിലും sales tax bill കൊണ്ടുവന്നപ്പോൾ അങ്ങനെയുള്ള ഒരു നിർദ്ദേശം സെക്ഷൻ 4 അനുസരിച്ചുള്ള ലോട്ടറികൾ എന്ന് സെയിൽസ്ടാക്സ് ബില്ലിൽ ഉണ്ടാകണം. അതായത് സെൻട്രൽ ആക്ടിന്റെ സെക്ഷൻ 4 അനുസരിച്ച്, സെക്ഷൻ 4 ആണ് വളരെ ക്ലീയർ, സ്റ്റേറ്റ് ഗവൺമെന്റ് നടത്തുമ്പോൾ മാത്രമേ ഇത് ലോട്ടറി ആവുകയുള്ളൂ. ഇല്ലെങ്കിൽ ഈ ടാക്സ് അടച്ചുകൊണ്ട് അന്യ സംസ്ഥാനങ്ങളിൽനിന്നും സംസ്ഥാന ഗവൺമെന്റുകൾ നടത്താത്ത സ്വകാര്യ ലോട്ടറികൾക്ക് നമ്മുടെ സംസ്ഥാനത്തേക്ക് കടന്നുവരാനുള്ള ഒരു അവസരം ഉണ്ടാകും.

ഇത് നടത്തുമ്പോൾ സെയിൽസ് ടാക്സ് ചുമത്തുന്നതാണ് ഏറ്റവും ഫലപ്രദമായ മാർഗ്ഗം. ഞാൻ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. അന്യസംസ്ഥാന ലോട്ടറി മാത്രമായി നമുക്ക് നിരോധിക്കാൻ കഴിയില്ല. സുപ്രീം കോടതിയിൽ ചോദ്യം ചെയ്തപ്പോൾ സുപ്രീംകോടതി സെൻട്രൽ ആക്ടിൽ ആകെ മാറ്റം ഉണ്ടാക്കിയത് സെക്ഷൻ 5-ൽ മാത്രം ആണ്. മറ്റു സംസ്ഥാനങ്ങളിലെ ലോട്ടറികൾ നിരോധിക്കുമ്പോൾ സ്വന്തം ലോട്ടറികൾ കൂടി നിരോധിക്കണം എന്ന് വളരെ നിർബന്ധമായി സുപ്രീംകോടതി വിധിയിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് അന്യസംസ്ഥാന ലോട്ടറികൾ മാത്രം നിരോധിക്കാതെ ഗവൺമെന്റ് പെട്ടെന്ന് തീരുമാനം എടുത്തപ്പോൾ നമ്മുടെ സംസ്ഥാന ലോട്ടറികൾ കൂടി നിരോധിച്ചത്. അത് മറികടക്കാനും നമ്മുടെ ലോട്ടറി ആരംഭിക്കാനുമുള്ള ഏറ്റവും ഫലപ്രദമായ ബുദ്ധിപൂർവ്വകമായ മാർഗ്ഗമാണ് സെയിൽസ് ടാക്സ് ചുമത്തുക എന്നുള്ളത്. സെയിൽസ് ടാക്സ് ചുമത്തുമ്പോൾ നമ്മുടെ സംസ്ഥാനത്തിനെ മാറ്റിനിർത്താൻ കഴിയില്ല. അപ്പോൾ അവിടെ ഫെഡറൽ സ്വഭാവത്തെ ഹനിച്ചു എന്നുള്ള ഒരു പ്രശ്നം വരും. അന്യസംസ്ഥാനത്തിനു മാത്രം സെയിൽസ് ടാക്സ് ചുമത്തുക, നമ്മുടെ സ്റ്റേറ്റിനെ ഒഴിവാക്കുക എന്നുപറയുമ്പോൾ വീണ്ടും കോടതിയിൽ ചോദ്യം ചെയ്യപ്പെടും. അപ്പോൾ നമ്മുടെ സംസ്ഥാനത്തിനും അന്യ സംസ്ഥാനങ്ങൾക്കും ഒരുപോലെ സെയിൽസ് ടാക്സ് ചുമത്തുക. അപ്പോൾ നമ്മുടെ സംസ്ഥാനത്തിനു ലഭിക്കുന്ന സെയിൽസ് ടാക്സ് നമുക്ക് തന്നെ ലഭിക്കും. ലോട്ടറി വകുപ്പ് ചിലപ്പോൾ നഷ്ടത്തിൽ പോകും, ലോട്ടറി വകുപ്പ് നഷ്ടത്തിലാണെങ്കിലും സംസ്ഥാന ഗവൺമെന്റിന് വരുമാനം കിട്ടുകയും ചെയ്യും. മുൻകാലങ്ങളിൽ ജനറൽ സെയിൽസ് ടാക്സനുസരിച്ചുള്ള ലൈസൻസ് ഫീസ് കൃത്യമായി ഈടാക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരുന്നു. പക്ഷെ നമ്മുടെ

2/676/2012—46.

LIBRARY ARCHIVES Kerala Legislative Assembly

സെയിൽസ് ടാക്സുകാർ ഈ ലൈസൻസ് ഫീ കൃത്യമായി ഈടാക്കുന്ന കാര്യത്തിൽ പണ്ടുകാലങ്ങളിൽ പരാജയപ്പെട്ടിരുന്നു. കാരണം സംസ്ഥാനത്ത് നടക്കുന്ന ലോട്ടറിയെക്കുറിച്ചുള്ള വിശദാംശങ്ങൾ അറിയാൻ യാതൊരു സംവിധാനവും നമ്മുടെ സെയിൽസ് ടാക്സ് വകുപ്പിന് അപ്പോഴും ഇല്ല, ഇപ്പോഴും ഇല്ല. അന്യ സംസ്ഥാന ഭാഗ്യക്കുറികളുടെ നടത്തിപ്പ് അവയുടെ ലീഗൽ വാലിഡിറ്റി അതുപോലെ ഓരോ സംസ്ഥാനത്തിന്റെയും പേരിൽ നടത്തുന്ന നറുക്കെടുപ്പുകളുടെ എണ്ണം സെൻട്രൽ ആക്ടിലെ കൃത്യമായ വ്യവസ്ഥകൾ ഇത്രയും കാര്യത്തെക്കുറിച്ച് നമ്മുടെ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിൽ ഒരു വിവരവും ഒരു ഡാറ്റായും ഉണ്ടായിരുന്നില്ല. അന്ന് ഡീലർമാർ മാത്രം നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. അപ്പോൾ നികുതിവകുപ്പ് ഫലപ്രദമായി, നികുതി പിരിച്ചെടുക്കുന്നത് സജീവമാക്കിയാൽ നമുക്ക് കൂടുതൽ പണം കൃത്യമായി പിരിച്ചെടുക്കാൻ കഴിയും.

ശ്രീ. പി. സി. ജോർജ്: നിയമമൊക്കെ പാസ്സാകുന്നത് വളരെ നല്ല കാര്യം, ഒരു ദിവസം 200 ഓളം നറുക്കെടുപ്പുകൾ നടത്തിയ ലോട്ടറി gambling നിരോധിക്കാൻ നമുക്ക് അവകാശമുണ്ടോ? അതിൻമേൽ നമ്മുടെ ലോട്ടറികൾ പല കേസുകളും എടുത്തിരുന്നു, ഇപ്പോൾ സുപ്രീംകോടതിയുടെ ഒരു വിധിയും കൂടി വന്നപ്പോൾ ആ കേസുകൾ മുഴുവൻ വിത്ഡ്രാ ചെയ്തിരിക്കുകയാണ്. ഇതിലൂടെ ഇപ്പോൾ വരാൻ പോകുന്നത് ഏകദേശം നമ്മുടെ സംസ്ഥാന ഖജനാവിലേക്ക് വരേണ്ട അയ്യായിരം കോടിയോളം രൂപയാണ് നഷ്ടപ്പെടാൻ പോകുന്നത്. അത് ശരിയായ നടപടിയാണോ? ഞാൻ ഇതു പറയാൻ കാരണം 12-ാം തീയതി എനിക്ക് മൂവാറ്റുപുഴയിൽ നിന്ന് ലഭിച്ച കുയിൽ ലോട്ടറി എന്റെ കൈയിൽ ഇരിപ്പുണ്ട്. ഇപ്പോഴും അത് നടന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ അയ്യായിരം കോടി രൂപ സംസ്ഥാന ഖജനാവിലേക്ക് വരേണ്ടത് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാക്കുന്നത് ശരിയാണോ? അതിനെപ്പറ്റി അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ടത് കോടതിവിധിയുമായി ബന്ധപ്പെട്ട ഒരു വിഷയമാണ്. ഭാഗ്യക്കുറികളുമായി ബന്ധപ്പെട്ട് സെയിൽസ് ടാക്സ് അടച്ച ഭാഗ്യക്കുറികളുടെ വിൽപ്പന തടസ്സപ്പെടുത്തരുത് എന്ന് 16-12-2004-നും, 21-12-2004-നും രണ്ടു ഹൈക്കോടതി വിധികൾ ഉണ്ടായിട്ടുണ്ട്. സെയിൽസ് ടാക്സ് അടച്ച ഭാഗ്യക്കുറികളുടെ വിൽപ്പന തടസ്സപ്പെടുത്താൻ സംസ്ഥാന സർക്കാരിന് യാതൊരു അനുവാദവുമില്ല. അതിനകത്തുണ്ടായ ഒരു പ്രശ്നം എന്നുപറയുന്നത് സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാരെ കൂട്ടുപിടിച്ചുകൊണ്ട് കേരളസർക്കാർ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട ഭാഗ്യക്കുറികൾക്ക് നികുതിയടച്ച് വിൽപ്പന ആരംഭിക്കാനുള്ള അവകാശം കൊടുത്തു എന്നുള്ള ഒരു ആക്ഷേപത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഇടനൽകി. 7-2-2005-ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അനധികൃത ഭാഗ്യക്കുറികളിൽ നിന്നും നികുതി സ്വീകരിച്ച ഉദ്യോഗസ്ഥൻമാരുടെമേൽ നടപടി സ്വീകരിക്കും എന്നും വിൽപ്പന നികുതി തിരികെ നൽകി സർട്ടിഫിക്കറ്റുകൾ റദ്ദ് ചെയ്യുമെന്നും പറയാനുണ്ടായ സാഹചര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത്. അക്കാര്യത്തിൽ ധനകാര്യവകുപ്പുമന്ത്രി വളരെ കർശനമായ നിലപാടെടുത്തു. വിൽപ്പന നികുതി ഉദ്യോഗസ്ഥരെ കൂട്ടുപിടിച്ചുകൊണ്ട് ലോട്ടറി മാഫിയ നികുതിയടച്ചുകൊണ്ട് അനധികൃതമായി പിൻവാതിലിലൂടെ കടന്നുവന്ന് ഇവിടെ ലോട്ടറി നടത്താനുള്ള ശ്രമങ്ങളെ തടുത്തുനിർത്തുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് വിജയിച്ചു എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭാഗ്യക്കുറി നിരോധിച്ചപ്പോൾ നികുതിയടച്ച ഭാഗ്യക്കുറികൾക്ക് അനുമതി നൽകണമെന്ന് കാണിച്ച് അന്യ സംസ്ഥാന ലോട്ടറിക്കാർ കോടതിയെ സമീപിച്ചപ്പോഴാണ് ഈ കാര്യങ്ങൾ വളരെ അസന്നിഗ്ദ്ധമായി ഈ ഗവൺമെന്റ് പ്രഖ്യാപിച്ചത്.

ശ്രീ. പി. സി. ജോർജ്: ശ്രീ. സതീശൻ അങ്ങനെ വളരെ നിസ്സാരമായി കാര്യങ്ങളെ കണ്ടുപോകുന്നത് ശരിയാണോ? ലോട്ടറി ഡിപ്പാർട്ടുമെന്റ് തന്നെ അവർ കൊടുത്തിരിക്കുന്ന റിട്ടേൺ, അവർ നടത്തിയിരിക്കുന്ന നറുക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ 160 ഓളം നറുക്കെടുപ്പുകൾ നടത്തിയതായി റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. അത് അനുസരിച്ചുതന്നെ കണക്കാക്കിയാൽ അയ്യായിരം കോടിയോളം രൂപ ഈ 'കുയിൽ' ഉൾപ്പെടെയുള്ള ഓൺലൈൻ ലോട്ടറിയിൽ നിന്ന് നമ്മുടെ ഖജനാവിലേക്ക് വരാനുണ്ട്. ഈ കേസുകൾ വിത്ഡ്രാ ചെയ്യുകയും ആ പണം ഖജനാവിലേക്ക് വരാനുള്ള മാർഗ്ഗങ്ങളെപ്പറ്റി ചിന്തിക്കാതിരിക്കുകയും ചെയ്താൽ അത് ഈ സ്റ്റേറ്റിനോട് ചെയ്യുന്ന മഹാപാപമല്ലേ? അതിനെപ്പറ്റി എന്താ പറയാത്തത്? കോടതിയുടെ പേര് പറഞ്ഞ് അതിൽ നിന്ന് രക്ഷപ്പെടുന്നത് ശരിയാണോ?

ശ്രീ. വി. ഡി. സതീശൻ: കോടതി ഉത്തരവ് നിലവിലിരിക്കുമ്പോൾ സെയിൽസ് ടാക്സ് അടച്ച ലോട്ടറികൾക്കു മാത്രം ഇത് നടത്താം അല്ലാത്ത ആളുകൾക്ക് നടത്താൻ പാടില്ല. ഓൺലൈൻ ലോട്ടറി ഉൾപ്പെടെയുള്ള കാര്യങ്ങൾ നിരോധിച്ചതിനുശേഷം, സർക്കാരിന്റെ നിരോധന ഉത്തരവ് പുറത്തിറക്കിയതിനുശേഷം, പിന്നെ അത് അവർ നടത്തിയെന്നും പറഞ്ഞ് അവരുടെ കൈയിൽ നിന്ന് പണം പിരിക്കുന്നത് എങ്ങനെയാണ്? അനധികൃത ഭാഗ്യക്കുറികളിൽ നിന്നും സ്വീകരിച്ച നികുതി തിരികെ നൽകും എന്ന മന്ത്രിയുടെ പ്രസ്താവനയ്ക്കുശേഷം വ്യാപകമായി നികുതി സ്വീകരിച്ചിരിക്കുന്നു എന്നുള്ള ആക്ഷേപവും ചില ആളുകൾ പറഞ്ഞു. ഇത് മന്ത്രി പ്രസ്താവിച്ചതിനുശേഷം ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന വന്നത് 7-2-2005-നാണ്. 7-2-2005-ന് ധനകാര്യവകുപ്പുമന്ത്രിയുടെ

2/676/2012—46a.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്താവന വന്നതിനുശേഷം സംസ്ഥാനത്ത് ഏതെങ്കിലും സെയിൽസ് ടാക്സ് ഓഫീസിൽ അല്ലെങ്കിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഏതെങ്കിലും ലോട്ടറിക്കാരുടെ കൈയിൽ നിന്നും വിൽപ്പന നികുതി അടപ്പിച്ച് സർട്ടിഫിക്കറ്റ് വാങ്ങിച്ച് വീണ്ടും ലോട്ടറി നടത്താനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അങ്ങ് അന്വേഷിക്കണം. അന്വേഷിച്ച് ഉത്തരവാദികൾ ആരെങ്കിലുമുണ്ടെങ്കിൽ നടപടി സ്വീകരിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് 21-4-2004-ൽ ഓൺലൈൻ ഭാഗ്യക്കുറികളുടെ നികുതി സംബന്ധിച്ച കേസിൽ ഹൈക്കോടതി ഡിവിഷൻ ബഞ്ച് പറഞ്ഞ വിധിയിൽ ഓൺലൈൻ ലോട്ടറികൾക്കും ഓരോ ഔട്ട്ലെറ്റിനും പ്രത്യേക നികുതി അടയ്ക്കണമെന്നൊക്കെ വ്യവസ്ഥ ചെയ്തിരുന്നു. ഞാൻ ഇക്കാര്യം ചൂണ്ടിക്കാണിക്കുന്നത് ഇത് തയ്യാറാക്കിയ സമയത്ത് വേണമെങ്കിൽ പരിഗണിക്കാമായിരുന്ന ഒരു കാര്യം ഗെയിമിംഗ് ആക്ടിൽ ഓൺ ലൈൻ ലോട്ടറി പെടുത്തിയാൽ നിൽക്കാത്ത എന്തെങ്കിലും സാഹചര്യം വരുമെന്ന് സംശയം വന്നാലോ. ഇപ്പോഴും നമുക്ക് അക്കാര്യത്തെക്കുറിച്ച് സംശയമുണ്ട്. ഓൺ ലൈൻ ഭാഗ്യക്കുറികൾക്കും ഔട്ട്ലെറ്റ് കണക്കാക്കി സെയിൽ ടാക്സ് ചുമത്തിയാൽ അവർക്ക് നടത്താൻ കഴിയുമോ? ഇപ്പോൾ കൊണ്ടുവന്ന സെയിൽസ് ടാക്സ് ബില്ലിൽ തന്നെ ഓൺലൈൻ ലോട്ടറികളുടെ ഔട്ട്ലെറ്റിൽനിന്ന് ടാക്സ് പിരിച്ചെടുക്കുന്ന കാര്യത്തിൽ നമുക്ക് വിജയിക്കാൻ കഴിയണം. അത് ഇപ്പോൾ ഇവിടെ സൂചിപ്പിച്ചതുപോലെ സെൻട്രൽ ആക്ടിന്റെ സെക്ഷൻ 4-ൽ തന്നെ പറയുന്നുണ്ട്, വീക്ക്ലി ഒരു നറുക്കെടുപ്പേ നടത്താൻ പാടുള്ളു എന്ന്. പക്ഷെ ഓൺ ലൈൻ ലോട്ടറികൾ ഇഷ്ടംപോലെ നറുക്കെടുപ്പുകൾ നടത്താറുണ്ട്. പക്ഷെ അത് നമുക്ക് നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അപ്പോൾ മൊത്തമായി നിയന്ത്രിച്ചാൽ മാത്രമേ അത് വിജയിക്കാൻ കഴിയുകയുള്ളു. അല്ലെങ്കിൽ ഇത് പരിശോധിക്കാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത കൊണ്ട് സെക്ഷൻ 4-ലെ ആ വകുപ്പ് നമുക്ക് ഫലപ്രദമായി നടപ്പിലാക്കാൻ, എൻഫോഴ്സ് ചെയ്യാൻ കഴിയില്ല എന്ന് സംശയം തോന്നിയതുകൊണ്ടാണ് ഗവൺമെന്റ് ഈ ഗെയിമിംഗ് ആക്ടിൽ പെടുത്താൻ കൊണ്ടുവന്നത്. അല്ലെങ്കിൽ ഓൺലൈൻ ലോട്ടറികളുടെ ഔട്ട്ലെറ്റ് അവർ നറുക്കെടുക്കുന്ന ബംബറിന്റെ എത്ര ഡ്രാ അവർ ചെയ്യുന്നുണ്ട് എന്നു കണക്കാക്കി അതിന് ഈ സെയിൽസ് ടാക്സ് ചുമത്തുന്നതുപോലെ അല്ലെങ്കിൽ ഏതെങ്കിലും ലൈസൻസ് ചുമത്തി, കനത്ത ഫീസ് ചുമത്തി അവർക്ക് ഇത് നടത്താൻ കഴിയാത്ത ഒരു സാഹചര്യം ഉണ്ടാക്കി അവരെ പൂട്ടിക്കാനുള്ള ഒരു സംവിധാനം ഉണ്ടായിരുന്നു. പക്ഷെ അതിനെക്കാൾ എളുപ്പം ഓൺലൈൻ ലോട്ടറി നിരോധിക്കുന്നതു തന്നെയാണ് ഏറ്റവും അഭികാമ്യവും എൻഫോഴ്സ് ചെയ്യാൻ ഏറ്റവും എളുപ്പവുമായ മാർഗ്ഗം എന്ന തരത്തിലാണ് ഗെയിമിംഗ് ആക്ടിന്റെ ഭാഗമായിട്ട് ഓൺലൈൻ ലോട്ടറി കൊണ്ടുവരാൻ കാര്യം. ഇപ്പോൾ സെയിൽസ് ടാക്സ് ചുമത്തുമ്പോൾ നമുക്ക് ഏറ്റവും പ്രധാനമായി ശ്രദ്ധിക്കേണ്ട കാര്യം വിൽപ്പനക്കാരുടെ കൃത്യമായ കണക്ക് ശേഖരിക്കാനുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനം നമുക്ക് വേണം. അന്യ സംസ്ഥാനങ്ങളുടെ ഏകദേശം 2000 ഓൺ ലൈൻ ഔട്ട്ലെറ്റ്സ് മാത്രം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരുന്നു. 4000 പേപ്പർ ലോട്ടറി ഔട്ട്ലെറ്റ്സ് ഉണ്ടായിരുന്നു. ഇപ്പോൾ നമ്മൾ ഈ ബില്ലിൽ അതിന്റെ രജിസ്ട്രേഷൻ കൊണ്ടുവന്നിട്ടുണ്ട്. ഞാൻ സ്വാഗതം ചെയ്യുന്നു. രജിസ്ട്രേഷൻ കൊണ്ടുവരികയും ആ രജിസ്ട്രേഷനോടൊപ്പം തന്നെ റിന്യൂവൽ ഏർപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വരുന്ന എല്ലാ അന്യസംസ്ഥാന ലോട്ടറികളും കൃത്യമായി ഇവിടെ രജിസ്ട്രേഷൻ നടത്തണമെന്നുള്ള നിബന്ധന കൊണ്ടുവന്നാൽ തന്നെ നമുക്ക് കൃത്യമായ ഒരു കണക്ക് സൂക്ഷിക്കാൻ കഴിയും. ആ കൃത്യമായ കണക്കുകളുടെ അഭാവമാണ് നമുക്കുണ്ടായിരുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം.

<u>ശ്രീ. എ. കെ. ബാലൻ:</u> ഒരു കാര്യം മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് കഴിഞ്ഞ പ്രാവശ്യം 150 കോടി രൂപയുടെ വ്യാജ പേപ്പർ ലോട്ടറി ഈ കേരളത്തിൽ നിന്നും പിടിച്ചിട്ടുണ്ട്. അതെല്ലാം പ്രിന്റ് ചെയ്യുന്നതൊക്കെ ഇവിടെ നിന്നാണ്. കള്ളനോട്ട് പോലെയുള്ളത്. അത് പോലീസ് പിടിച്ച് കോടതിയിൽ കേസ് വന്നിട്ടുപോലും യഥാർത്ഥത്തിൽ ഇതിന്റെ ഉടമകൾ ഞങ്ങളാണ്, ഇതിന്റെ ആൾക്കാർ ഞങ്ങളാണ് എന്നുപറഞ്ഞിട്ട് കോടതിയിൽ പോയിട്ടില്ല. അപ്പോൾ വ്യാജ പേപ്പർ ലോട്ടറി വരാനുള്ള സാദ്ധ്യതകൾ ഇവിടെയുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ:</u> അങ്ങ് പറഞ്ഞത് ശരിയാണ്, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇതുമായി ബന്ധപ്പെട്ട ചർച്ചകളിൽ വളരെ ക്ലിയർ ചെയ്തു പറഞ്ഞു. പല സംസ്ഥാനങ്ങളിലും ലോട്ടറി നടത്തുന്നതിന് ആ സംസ്ഥാനത്തിന്റെ ആതറൈസേഷൻ മാത്രമേയുള്ളൂ. ഞാൻ സംസ്ഥാനങ്ങളുടെ പേര് എടുത്ത് പറയുന്നത് ശരിയല്ല. പല നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റുകളും അവരുടെ സംസ്ഥാന ലോട്ടറി എന്നുള്ള പേരു മാത്രമേയുള്ളൂ. സ്വകാര്യ വ്യക്തികളാണ് നടത്തുന്നത്. 500 ഉം, 600-ഉം കോടി രൂപ ഇവർ ഈ ലോട്ടറി ഇനത്തിൽ പിരിച്ചെടുക്കുകയാണ്. അഖിലേന്ത്യാ വ്യാപകമായി. ആ സംസ്ഥാന സർക്കാരിന് 50 കോടി രൂപയോ 100 കോടി രൂപയോ കൊടുക്കും. സ്വകാര്യ വ്യക്തികൾതന്നെ ലോട്ടറി ടിക്കറ്റ് പ്രിന്റ് ചെയ്യും. സംസ്ഥാന ഗവൺമെന്റല്ല അവിടെയൊന്നും ലോട്ടറി ടിക്കറ്റ് പ്രിന്റ് ചെയ്യുന്നത്. നമ്മുടെ സംസ്ഥാനത്തുള്ള ഫലപ്രദമായ ഒരു സിസ്റ്റം മറ്റു സംസ്ഥാനങ്ങളിൽ ഇല്ല. അവർ അവരുടെ പ്രസ്സിൽ തന്നെ അച്ചടിക്കും. ഗവൺമെന്റിന് ഒരു തുക കൊടുക്കും. ബാക്കിയുള്ള തുക അവർ എടുക്കും. അപ്പോൾ നിയമപരമായ നടപടിക്രമങ്ങൾ അല്ല അവിടെയുള്ളത്. നമ്മുടെ സംസ്ഥാനത്താണ് നിയമപ്രശ്നങ്ങളും അതുമായി ബന്ധപ്പെട്ട് വളരെ സ്ട്രിക്ടായ സംവിധാനങ്ങളും ലോട്ടറി വകുപ്പിൽ ഉള്ളത്. മറ്റു സംസ്ഥാനങ്ങളിൽ ഇല്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് നമ്മുടെ സംസ്ഥാനത്ത് എത്രമാത്രം ലോട്ടറികൾ നടത്തുന്നുണ്ട് എന്ന് ഫലപ്രദമായി അന്വേഷിക്കാനുള്ള ഒരു സംവിധാനം വേണം

LIBRARY ARCHIVES Kerala Legislative Assembly

എന്ന്. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന് അതിനുള്ള സംവിധാനങ്ങൾ ഇല്ല. അത് ശക്തിപ്പെടുത്തണം. അങ്ങ് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിനെ കൊണ്ടുതന്നെയാണ് ഇക്കാര്യത്തിൽ കളക്ഷൻ നടത്താൻ ഉദ്ദേശിക്കുന്നത് എങ്കിൽ ഇപ്പോൾ ഉള്ള സംവിധാനങ്ങൾ വച്ചുകൊണ്ട് അല്ലെങ്കിൽ ഇതുവരെയുള്ള എക്സ്പീരിയൻസ് വച്ചുകൊണ്ട് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റ് ഇക്കാര്യത്തിൽ പരാജയപ്പെടും. നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിനെ ശക്തിപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഡോ. തോമസ് ഐസക്: ഇപ്പോൾ വന്ന കരട് ബില്ലിന്റെ പരിശോധനയ്ക്കും മറ്റും ലോട്ടറി ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരുന്ന പരിമിതമായ അധികാരംപോലും ഇല്ലാതാക്കി സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെന്റിനെ പൂർണ്ണമായി ഏൽപ്പിച്ചിരിക്കുകയല്ലേ ചെയ്തിരിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: അതൊരു ഗവൺമെന്റുമായി ബന്ധപ്പെട്ട പോളിസി മാറ്ററാണ്. അതിനുള്ള അധികാരം ലോട്ടറി ഡിപ്പാർട്ടുമെന്റിനാണോ കൊടുക്കേണ്ടത്, സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെന്റിനാണോ കൊടുക്കേണ്ടത്. രണ്ടും ധനകാര്യവകുപ്പുമന്ത്രിയുടെ കീഴിലുള്ള പ്രധാന ഡിപ്പാർട്ടുമെന്റുകളാണ്. അത് ഗവൺമെന്റിന്റെ പോളിസി മാറ്ററായതുകൊണ്ട് ഞാൻ അഭിപ്രായം പറയുന്നില്ല. ലോട്ടറി വകുപ്പ് അതിന്റെ കളക്ഷൻ നടത്തിയാലും സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെന്റ് അതിന്റെ കളക്ഷൻ നടത്തിയാലും അത് കൃത്യമായി കളക്ട് ചെയ്യുന്നു, കൃത്യമായി കണക്കുകളുണ്ട്. സംസ്ഥാനത്ത് എത്ര പേപ്പർ ലോട്ടറികൾ വിറ്റഴിക്കപ്പെടുന്നുണ്ട്, എത്ര ലോട്ടറികൾ ഉണ്ട്, എത്ര ഏജന്റുമാർ ഉണ്ട്, എങ്ങനെയാണ് അവർ വിൽക്കുന്നത്, എത്ര കോടി രൂപയ്ക്ക് വിൽക്കുന്നുണ്ട്, എത്ര പ്രിന്റ് ചെയ്യുന്നുണ്ട്, പ്രിന്റ് ചെയ്തതിൽ സീൽ ഉണ്ടോ തുടങ്ങിയ കാര്യങ്ങൾ ഫലപ്രദമായി അന്വേഷിച്ചെങ്കിൽ മാത്രമേ നമുക്ക് ഈ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ പൂർണ്ണമായി വിജയിച്ചു എന്നുപറയാൻ കഴിയുകയുള്ളൂ. നിയമം നമ്മൾ പാസാക്കിയാൽ മാത്രം പോരല്ലോ, നമ്മൾ പാസാക്കുന്നതിന്റെ ഉദ്ദേശ്യമെന്നു പറയുന്നത് ഇവർ ഇവിടെ വന്നു നടത്താൻ പറ്റാത്ത ഒരു സാഹചര്യം ഉണ്ടാക്കണമെന്നതുതന്നെയാണ്. ഭരണപരമായ തടസ്സങ്ങൾ ഉള്ളതുകൊണ്ട് നമുക്ക് അന്യ സംസ്ഥാനങ്ങളിലെ ലോട്ടറികളെ നിരോധിക്കാൻ ലെജിസ്ലേറ്റീവ് കോമ്പീറ്റൻസി നമ്മുടെ നിയമസഭയ്ക്ക് ഇല്ലാത്തതുകൊണ്ട് രണ്ടു കൂട്ടർക്കും ഒരുപോലെ സെയിൽ ടാക്സ് ഇമ്പോസ് ചെയ്യുന്നു എന്നിട്ട് നമ്മുടെ സെയിൽസ്ടാക്സ് നമുക്ക്തന്നെ കിട്ടുന്നു എന്നുള്ളതാണ്. അപ്പോൾ ഈ നിയമത്തിന്റെ ഇംപ്ലിമെന്റേഷൻ വളരെ നന്നായി ചെയ്തില്ലായെങ്കിൽ നമ്മുടെ ഉദ്ദേശലക്ഷ്യങ്ങൾ തകിടം മറിക്കപ്പെടും. അതുകൊണ്ട് നിയമം പാസാക്കാൻ കാണിച്ച ആർജ്ജവവും ഇച്ഛാശക്തിയും അത് നടപ്പിലാക്കാനും ഈ ഗവൺമെന്റ് കാണിക്കുമെന്നുള്ള പ്രതീക്ഷ എനിക്കുണ്ട്. അങ്ങനെ ചെയ്യണമെന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>ഡോ. കെ. സി. ജോസഫ്:</u> 2005-ലെ കേരള ചൂതാട്ട ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഏറ്റവും മാതൃകാപരമായി കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരുന്ന ലോട്ടറി പൊടുന്നനെ നിറുത്തിവച്ച് മൂന്നര ലക്ഷത്തോളം വരുന്ന ലോട്ടറി വിൽപ്പനക്കാരേയും അവരുടെ കുടുംബങ്ങളേയും തെരുവാധാരമാക്കിയ നടപടി കേരളത്തിൽ ഉയർത്തിയ സാമൂഹിക പ്രശ്നങ്ങളാണ് ഇത്തരം ഒരു നിയമനിർമ്മാണത്തിലേക്ക് നമ്മുടെ സഭയെ കൊണ്ടുചെന്നെത്തിച്ചത്. ഇവിടെ ചൂതാട്ട നിയമത്തിന്റെ സാധുതയെ സംബന്ധിച്ച് അവതരണവേളയിൽ ഉന്നയിക്കപ്പെട്ട തർക്കങ്ങൾക്ക് ഇപ്പോഴും സാധുതയുണ്ട് എന്നു ഞാൻ കരുതുകയാണ്. കാരണം കേന്ദ്ര നിയമത്തിന്റെ ഡെഫനിഷൻ ക്ലോസിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥ ഓൺലൈൻ ലോട്ടറിയേയും ലോട്ടറിയായിതന്നെ കാണുന്ന ഒരു സ്ഥിതിയിൽ ആ കേന്ദ്രത്തിന്റെ നിയമപരിധിയിൽ കടന്നു നമുക്ക് നിയമനിർമ്മാണം നടത്താൻ അവകാശമുണ്ടോയെന്നുള്ള വിഷയം തുടർന്നും വിവാദങ്ങളിലേക്കും കോടതികളിലേക്കും പോകുവാനുള്ള സാഹചര്യം ഉണ്ടാക്കും. കഴിഞ്ഞ കുറേ വർഷങ്ങളായി വിവിധ തലങ്ങളിലുള്ള കോടതികളിൽ അന്യ സംസ്ഥാന ലോട്ടറിക്കാരും ഓൺലൈൻ ലോട്ടറിക്കാരും കൊണ്ടുവന്ന കേസുകളും ആ കേസുകളുടെ നടത്തിപ്പിൽ നമ്മുടെ സംസ്ഥാനത്തെ വകുപ്പധികാരികളും നാം നിയോഗിച്ച അഡ്വക്കേറ്റ്സും സ്വീകരിച്ച നിലപാടുമൊക്കെ തന്നെ വളരെയേറെ സംശയങ്ങൾ ഉയർത്തുന്നുണ്ട്. അത്തരമൊരു സാഹചര്യത്തിൽ നമ്മുടെ ഈ നിയമസഭയിൽ കൊണ്ടുവന്നിരിക്കുന്ന ഒരു, നിയമം വീണ്ടും തർക്കങ്ങൾക്കായി, കേസിനായി കോടതിയിലേക്ക് പോകുമ്പോൾ ഉണ്ടാകുന്ന ഒരു സംശയം പ്രസക്തമാണ്. അക്കാര്യം വളരെ അവധാനതയോടുകൂടി നോക്കേണ്ടതാണ് എന്നുമാത്രമാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. 1998-ലെ കേന്ദ്ര നിയമത്തിന്റെ 4-ാം വകുപ്പ്, ഒരു കോടതിയിലും തള്ളിക്കളയപ്പെട്ടിട്ടില്ല. പല കേസ്സുകളിലും അത് നിലനിർത്തി കൊണ്ടുതന്നെയുള്ള ഉത്തരവാണ് ഉണ്ടായത്. 16-8-2004-ലെ ഹൈക്കോടതി വിധിയിൽ കേന്ദ്ര നിയമത്തിലെ 4-ാം വകുപ്പ് ലംഘിക്കുന്ന ലോട്ടറികൾക്കെതിരെ കേസ്സ് എടുക്കാമെന്ന് വ്യക്തമായി പറയുകയും അതിന് പോലീസിന് അധികാരണമുണ്ടെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. അതാണ് തുടക്കം. ആ വിധിക്ക് എതിരായി മേഘാലയാ സംസ്ഥാനം സുപ്രീം കോടതിയിൽ അപ്പീൽ നൽകിയപ്പോൾ ഇതേ വിഷയത്തിൽ കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ ഉണ്ടെന്നുള്ള കാര്യവും മറച്ചുവച്ചുകൊണ്ട് ബി. ആർ. എന്റർപ്രൈസസ് കേസിൽ 4-ാം വകുപ്പ് അംഗീകരിച്ചുകൊണ്ട് സുപ്രീം കോടതി വിധി പ്രസ്താവിച്ചിരുന്നു എന്നുള്ള കാര്യം മറച്ചുവച്ചുകൊണ്ടുള്ള വാദമാണ് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

വക്കീലൻമാർ പോലും നടത്തിയത്. എന്നുമാത്രമല്ല നമ്മൾ നിയോഗിച്ച പ്രഗൽഭരായ പല അഭിഭാഷകരും സുപ്രീംകോടതിയിൽ സമയത്തിന് ഹാജരായില്ല എന്നുള്ള ആക്ഷേപവും നിലനിൽക്കുന്നുണ്ട്. ഈ നിലയിൽ നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയാത്തതിന്റെ ഫലമായിട്ടാണ് 16-8-2004-ലെ ഹൈക്കോടതിവിധി സുപ്രീം കോടതി സ്റ്റേ ചെയ്തുകൊണ്ടു ഉത്തരവ് ഉണ്ടായത്. ആ വിധി വന്നപ്പോൾ വീണ്ടും തുടർന്ന് ഇത് മുന്നോട്ടു കൊണ്ടുപോകാൻ 11-10-2004-ൽ സുപ്രീം കോടതി സ്റ്റേ ചെയ്തതിനുശേഷവും നമുക്ക് ഈ കേസുമായി മുന്നോട്ടുപോകാൻ കഴിയുമെന്ന് കേരളത്തിലെ ലോട്ടറി വകുപ്പിനും ധനകാര്യ വകുപ്പിനും അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഉപദേശം നൽകി. അതിന്റെ അടിസ്ഥാനത്തിൽ ആ നടപടികളുമായി പോകുകയും തുടർന്ന് കോടതി അലക്ഷ്യ കേസിലേക്ക് സംസ്ഥാനത്തെ കൊണ്ടെത്തിച്ച് മാപ്പു പറയേണ്ട ഒരു സ്ഥിതിവിശേഷമുണ്ടായി. ആ നിലപാട് വാസ്തവത്തിൽ അന്വേഷണ വിഷയമാകേണ്ട കാര്യമാണ്. അതുവരെയെടുത്ത മുഴുവൻ കേസുകളും പിൻവലിച്ച്, ആ കേസുകൾ എടുക്കില്ല എന്ന് ഉറപ്പുനൽകി. ഈ സംസ്ഥാനത്തെ വലിയ ഒരു പ്രതിസന്ധിയിലേക്ക് കൊണ്ടുചെന്ന് എത്തിച്ചത് ഈ കൊടുത്ത നിയമോപദേശമാണ്.

ഡോ. തോമസ് ഐസക്: കേസ്സ് എടുക്കില്ല എന്ന അഫിഡവിറ്റ് മാത്രമല്ല, ഈ കേസ് ആവിർഭവിക്കുന്നതിന് മുൻപ് എടുത്തിരുന്ന കേസുകളെല്ലാം പിൻവലിക്കാനുള്ള അഫിഡവിറ്റ് എന്തിനാണ് നൽകിയത്? .

ഡോ. കെ. സി. ജോസഫ്: അതുതന്നെയാണ് ഞാൻ പറഞ്ഞത്. 16-8-2004-ലെ ഹൈക്കോടതി വിധി, 11-10-2004-ൽ സുപ്രീം കോടതി സ്റ്റേ ചെയ്തതിനുശേഷമാണ് ഈ കോടതി അലക്ഷ്യത്തിലേക്കു കൊണ്ടുപോയത്. അത് മനഃപൂർവമായി ദുരുദ്ദേശത്തോടുകൂടി നമ്മുടെ സംസ്ഥാനത്തെ കൊണ്ടു ഒരു വെട്ടിൽ ചാടിക്കുന്നതിനു വേണ്ടി സംസ്ഥാന താല്പര്യങ്ങൾക്കെതിരെയുള്ള നിയമോപദേശം അല്ലായിരുന്നോ അന്ന് കിട്ടിയത് എന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കണം. സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയാണ് ഒരു നിയമനിർമ്മാണത്തിലേക്ക് സർക്കാർ വന്നിട്ടുള്ളത്. ആ നിയമനിർമ്മാണം നടത്തുന്നതിന് വേണ്ടി സ്വീകരിച്ച നടപടികളും നടത്തിയ ചർച്ചകളും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറയുകയുണ്ടായി. വിവിധ കക്ഷിനേതാക്കളുമായി ചർച്ചചെയ്ത് ഈ ചർച്ചയിലൊക്കെ ഉയർന്നുവന്ന ആശയങ്ങളെല്ലാം വച്ചുകൊണ്ടാണ് ഈ നിയമനിർമ്മാണം നടത്തുന്നതെന്നുള്ളത് ഞാൻ നിഷേധിക്കുന്നില്ല. ആ ചർച്ചയിൽ വന്ന നിർദ്ദേശങ്ങൾക്ക് അനുസരണമാണ്. പക്ഷെ ഇങ്ങനെ ഒരു നിയമനിർമ്മാണത്തിന് പോകുമ്പോഴും നമുക്ക് ന്യായമായും മുൻകൂട്ടി കാണേണ്ടതായിട്ടുണ്ട്. കേന്ദ്ര നിയമത്തിൽ വരുന്ന ഡെഫനിഷൻ ക്ലോസിലെ ഒരു വകുപ്പുപ്രകാരം വേണമെങ്കിൽ ഇത് ചലഞ്ച് ചെയ്യപ്പെടാനുള്ള സാധ്യതയുണ്ട്. ന്യായമായും നമ്മൾ അത്തരമൊരു സാഹചര്യം മുൻകൂട്ടി

LIBRARY ARCHIVES Kerala Legislative Assembly

കാണേണ്ടതായിട്ടുണ്ട്. അങ്ങനെ കണ്ടുകൊണ്ട് നമുക്ക് അതിനേയും നേരിടാനുള്ള മുൻകരുതലോടുകൂടി പോയില്ലായെങ്കിൽ വീണ്ടും ഈ നിലയിലുള്ള ഒരു പ്രതിസന്ധിയിലേക്കല്ലേ നാം പോകുകയെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. ഈ ഒരു വിഷയത്തെ വളരെ നിസാരമായി കാണാൻ കഴിയുകയില്ല. സംസ്ഥാനത്തിന്റെ വരുമാനത്തെ ബാധിക്കുന്ന ഒരു വിഷയം അതോടൊപ്പം മൂന്നു മൂന്നര ലക്ഷത്തോളം കുടുംബങ്ങളെ ബാധിക്കുന്ന ഒരു വലിയ സാമൂഹിക പ്രശ്നമെന്നുള്ള ഒരു സ്ഥിതിയിൽ നമുക്ക് ഈ നിയമം ഇല്ലാതെ തന്നെ ഓൺലൈൻ ലോട്ടറിയെ നിരോധിക്കാൻ കഴിയുമോയെന്ന് പര്യാലോചിക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടിയാണ് ഇത് സെലക്ട് കമ്മിറ്റിക്ക് പോകണമെന്നു പറയുന്നത്.

ഈ നിയമം ലംഘിക്കുന്നവർക്കെതിരായി സെക്ഷൻ 4 പ്രകാരം കേസ് എടുത്തതൊക്കെ പിൻവലിക്കുകയും ഇനി എടുക്കില്ല എന്ന് പറയുകയും മാപ്പ് പറയുകയുമൊക്കെ ചെയ്തതോടുകൂടി ആ കേസ് അവസാനിച്ചു. ഇനി നമുക്ക്
6.00 P.M.] പുതിയ സാഹചര്യത്തിൽ ബി. ആർ. എന്റർപ്രൈസസ് കേസിൽ 4-ാം വകുപ്പ് അംഗീകരിച്ചുകൊണ്ട് സുപ്രീം കോടതിയുടെ വിധി നമുക്കുള്ള സാഹചര്യത്തിൽ നമുക്ക് 4-ാം വകുപ്പനുസരിച്ച് നടപടികൾ സ്വീകരിക്കാനുള്ള പെർമിഷൻ വേണമെന്ന് സുപ്രീം കോടതിയോട് അപേക്ഷിച്ച് അനുവാദം വാങ്ങിക്കൊണ്ട് മുന്നോട്ട് പോകണം. കേന്ദ്ര നിയമത്തിലെ സെക്ഷൻ 4 അനുസരിച്ച് അത് ലംഘിക്കുന്നവർക്കെതിരായി നടപടി സ്വീകരിക്കാനുള്ള അവകാശം നിലനിർത്താൻവേണ്ടി സുപ്രീം കോടതിയുടെ അനുവാദം വാങ്ങിക്കൊണ്ട് മുന്നോട്ടു പോകുകയും 13-1-2005-ൽ നമ്മുടെ സംസ്ഥാനം ഓൺലൈൻ ഫ്രീ സോണായി പ്രഖ്യാപിച്ചുകൊണ്ടുള്ള നിരോധന ഉത്തരവ് ഇപ്പോഴും നിലനിൽക്കുകയും അത് ആരും ചോദ്യം ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഓൺലൈൻ ലോട്ടറിയെ ഇപ്പോൾത്തന്നെ നമുക്ക് നിരോധിച്ചുകൊണ്ടുപോകാൻ കഴിയും. അത്തരം ഒരു സാഹചര്യത്തിൽ സുപ്രീം കോടതിയുടെ അനുവാദം വാങ്ങിക്കൊണ്ട് നടപടികൾ സ്വീകരിക്കാതെ പോകുകയും അന്യ സംസ്ഥാന ലോട്ടറികളെ പുതിയ നിയമപ്രകാരം കൂടുതൽ ടാക്സ് ചുമത്തിക്കൊണ്ട് അതിനെ നിയന്ത്രിക്കാനുള്ള കാര്യങ്ങൾ നടത്തുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ ലോട്ടറികൾ നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന സ്ഥിതിയുണ്ടാകും. ഓൺലൈൻ ലോട്ടറി നടപ്പിലാക്കാതിരിക്കുകയും ചെയ്യും. നമ്മുടെ എല്ലാപേരുടേയും ലക്ഷ്യം സമൂഹത്തെ ദോഷകരമായി ബാധിക്കുന്ന ഓൺലൈൻ ലോട്ടറികൾ അനുവദിക്കാതിരിക്കുക എന്നുള്ളതാണ്. അന്യ സംസ്ഥാന ലോട്ടറിയായാലും ചൂതാട്ടംപോലെ നടക്കുന്ന നിയമത്തിലെ പല ചട്ടങ്ങളും ലംഘിച്ചുകൊണ്ട് ഒന്നിലേറെ ഡ്രോ ഒരു ദിവസംതന്നെ ചൂതാട്ടത്തിന്റെ മാതൃകയിൽ നടത്തുന്ന പേപ്പർലോട്ടറികൾ ഉൾപ്പെടെ നിയന്ത്രിക്കണം. അതേ സമയം സംസ്ഥാനത്തിന്റെ ലോട്ടറികൾ നടപ്പിലാക്കിക്കൊണ്ടുപോകുകയുംവേണം ഇതാണുദ്ദേശ്യം. അത്

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുന്നതിന് ഇന്നത്തെ സാഹചര്യത്തിൽ ഉണ്ടാമത്തെ നിയമം, ടാക്സ് വർദ്ധിപ്പിച്ചുകൊണ്ടുള്ള നിയമം നടപ്പിലാക്കണം. ഓൺലൈൻ ലോട്ടറി ഫ്രീ സോണായി പ്രഖ്യാപിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വളരെ ധൃതി പിടിച്ച് കോടതിയിൽ ചോദ്യം ചെയ്യപ്പെടാവുന്ന ഒരു നിയമനിർമ്മാണത്തിലേക്ക് പോകാതെ നമ്മുടെ ലക്ഷ്യം സാധിക്കുമോ എന്നുള്ളത് പരിശോധനാവിഷയമാക്കുകയും ചെയ്യുക എന്നുള്ളതാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഈ കേസ്സിന്റെ നടത്തിപ്പിനെ സംബന്ധിച്ചിടത്തോളം, ഇക്കാര്യത്തിൽ അഡ്വക്കേറ്റ്സും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരും സ്വീകരിച്ചിട്ടുള്ള നിലപാടുകളെ സംബന്ധിച്ച് ജനങ്ങൾക്കാകെ സംശയം ഉണ്ടായിട്ടുണ്ട്. അത്തരം ഒരു സാഹചര്യത്തിൽ കൂടുതൽ ചർച്ചകളും അവധാനതയോടുകൂടിയ പഠനവുമൊക്കെ ആവശ്യമായിട്ടുണ്ട്. അതുകൂടി പഠിച്ച് വേണം ഗെയിമിംഗ് ആക്ട് നിയമമാക്കി മാറ്റാനെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അതിനുവേണ്ടി സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ: സർ, 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ കുറേ നാളുകളായി വളരെയേറെ ഒച്ചപ്പാടുണ്ടാക്കിയ സംഭവമാണ് ലോട്ടറി പ്രശ്നം. ഇന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി രണ്ട് ബില്ലുകളുമായി ഈ സഭയെ സമീപിച്ചിരിക്കുകയാണ്. കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ. വാസ്തവത്തിൽ ഒന്ന് മറ്റൊന്നിന് പൂരകമായിട്ടുള്ളതാണ്. എനിക്ക് മുമ്പ് ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ നമ്മുടെ സമൂഹത്തിൽ ഒരു ഹൈടെക് ചൂതാട്ടമായി വിശേഷിപ്പിക്കപ്പെട്ട ഓൺ ലൈൻലോട്ടറി എന്ന സാമൂഹ്യ വിപത്തിൽനിന്നും കേരളത്തെ രക്ഷിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഈ ഗവണ്മെന്റും നടത്തുന്ന ഒരു വലിയ ചുവടുവയ്പാണ് ഈ ബിൽ. അതുകൊണ്ട് സമൂഹത്തിന്റെ എല്ലാ തലങ്ങളിൽനിന്നും ഇതു സംബന്ധിച്ചുള്ള ചർച്ചകൾ ഉയർന്നുവരണം. കാരണം, ലോട്ടറി പ്രശ്നം ഇവിടെ ഉയർന്നുവന്നപ്പോൾ വളരെ അധാർമികമായ ഒരു പ്രക്രിയയാണിതെന്ന് അറിയാവുന്നവർപോലും ലോട്ടറി നിർത്തലാക്കുന്നതിനെതിരായിട്ടാണ് അഭിപ്രായം പറഞ്ഞത്. മൂന്നര ലക്ഷത്തോളം ആളുകൾ ലോട്ടറി വിൽപ്പനയിലൂടെ അവരുടെ ദൈനംദിന ജീവിതത്തിന്റെ ഒരു വലിയ പ്രതിസന്ധിയെ തരണം ചെയ്യാനാണ് നമ്മളെല്ലാപേരും മാനുഷിക പ്രശ്നമെന്ന് പറഞ്ഞത്. ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ഇതിന്മേൽ നികുതി ഈടാക്കുക എന്നുള്ളത്, ലോട്ടറി പ്രശ്നത്തിന് നമ്മെ സംബന്ധിച്ചിടത്തോളം അനധികൃത ലോട്ടറി കച്ചവടം തടയുന്നതിനുള്ള നടപടികളുടെ ഭാഗമാണിത്. 1963-ലെ വിൽപ്പന നികുതി നിയമപ്രകാരം ലോട്ടറിയുടെ വിറ്റുവരവിന്റെ 8 ശതമാനം നികുതി അടയ്ക്കുകയോ നികുതിക്ക് പകരം പ്രസ്തുത വകുപ്പിൽ പറഞ്ഞിട്ടുള്ളതനുസരിച്ച് ഓരോ നറുക്കിലും

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസ് ഫീ അടയ്ക്കുകയോ ചെയ്യാമെന്നാണ് വ്യവസ്ഥ. നമ്മുടെ ലോട്ടറി കച്ചവടക്കാർ നടത്തുന്ന നികുതി വെട്ടിപ്പ് കണ്ടുപിടിക്കാൻ ഫലപ്രദമായ സംവിധാനമില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയും സുപ്രീം കോടതിയുടേതുമൊക്കെ വിധി വന്നത് സമ്മാന തുക കഴിച്ച് ബാക്കി വിറ്റുവരവിന് മാത്രമേ നികുതി ഏർപ്പെടുത്താവൂ എന്നെല്ലാമുള്ള വ്യവസ്ഥകളുണ്ടായി. അതുപോലെ തന്നെ വ്യാപകമായ നികുതി വെട്ടിപ്പ് കണ്ടുപിടിക്കാനുള്ള സംവിധാനങ്ങളും അതിന്റെ അപര്യാപ്തതകളുമുണ്ട്. ഏജന്റുമാർ വൻതോതിലുള്ള കമ്മീഷൻ കൊടുത്ത് പാവപ്പെട്ട ആളുകളെ മോഹിപ്പിച്ചാണ് ഇവിടെ വ്യാപകമായി വിൽപ്പന നടത്തുന്നത്. സാധാരണക്കാരാണ് വിൽപ്പന നടത്തുന്നതെങ്കിലും ഇതിന്റെ ഏജന്റുമാർക്ക് കിട്ടുന്ന വരുമാനം എത്രയാണെന്നുള്ളത് നമുക്ക് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. ഇത്തരം ഒരു സാഹചര്യത്തിൽ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളതുപോലെ ഈ വിൽപ്പനക്കാർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുക. ബമ്പർ നറുക്കെടുപ്പിന് 10 ലക്ഷം രൂപയും സാധാരണ നറുക്കെടുപ്പിന് രണ്ടര ലക്ഷം രൂപയും മുൻകൂറായി നികുതി അടയ്ക്കുകയും അതിന് രജിസ്ട്രേഷൻ എടുക്കുകയും ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുകയും അതോടൊപ്പംതന്നെ വ്യവസ്ഥ ലംഘിച്ചാൽ അവർക്ക് പിഴയും ശിക്ഷയും നൽകുമെന്നുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഒരു നിയമ നിർമ്മാണത്തിന് മുന്നോട്ടുവന്ന ധനകാര്യ വകുപ്പുമന്ത്രിയേയും ഗവൺമെന്റിനേയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഇത്തരം ഒരു സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് ഇത് നടത്തിയതിന് ആരാണ് ഉത്തരവാദികൾ? ബഹുമാനപ്പെട്ട ഡോ. കെ. സി. ജോസഫ് ഗവണ്മെന്റിനെ കുറ്റപ്പെടുത്തി. ഗവണ്മെന്റ് ഇക്കാര്യത്തിൽ എന്തോ വലിയ പാതകം ചെയ്തു എന്നുള്ള മട്ടിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം പറഞ്ഞത്. അന്യ സംസ്ഥാന ലോട്ടറികൾ കേന്ദ്ര നിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നു എന്ന് ആദ്യമായി കണ്ടെത്തിയതും ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയതും കേരള സർക്കാരാണ്. ശ്രീമാൻ എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത്, ശ്രീ. ശങ്കരനാരായണൻ ധനകാര്യ വകുപ്പു മന്ത്രിയായിരുന്ന സമയത്തുള്ള ഗവണ്മെന്റാണ് ഇക്കാര്യത്തിൽ മുൻകൈ എടുത്തത്. ലോട്ടറി നടത്തിപ്പുകാർ കോടതിയെ സമീപിച്ചു, കോടതി എന്താണ് പറഞ്ഞത്? സർക്കാർ എടുത്ത നടപടികൾ പൂർണ്ണമായും നിയമവിധേയമാണെന്നാണ് കോടതി കണ്ടെത്തിയത്. വസ്തുതകളെല്ലാം മറച്ചുവച്ചുകൊണ്ടാണല്ലോ നിങ്ങളിപ്പോൾ ഒച്ചപ്പാടുണ്ടാക്കിയത്. കേരളത്തിൽ നടത്തിവന്നിരുന്ന അന്യ സംസ്ഥാന ലോട്ടറികളുടെ നടത്തിപ്പിൽ ഗുരുതരമായ നിയമലംഘനം നടക്കുന്നു എന്ന് വിശദമായി സംസ്ഥാന സർക്കാർ കേന്ദ്ര ഗവണ്മെന്റിനെ 12-1-2004-ൽ അറിയിച്ചിട്ടുണ്ട്. ഇതെല്ലാം സൗകര്യപൂർവ്വം മറച്ചുവച്ചുകൊണ്ട് സൗകര്യപൂർവ്വം സംസ്ഥാന ഗവണ്മെന്റിനെ പ്രതിക്കൂട്ടിൽ നിർത്താൻ നിങ്ങൾ നടത്തിയ ശ്രമങ്ങളുടെ പരിണതഫലമായാണ് ഇപ്പോൾ രണ്ട് നിയമങ്ങൾ ഈ സഭയിൽ കൊണ്ടുവന്നിട്ടുള്ളത്. ഈ കേസിന്റെ നടത്തിപ്പും മറ്റു

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളുമെല്ലാം എന്റെ സുഹൃത്ത് ശ്രീ. വി. ഡി. സതീശൻ ഉൾപ്പെടെയുള്ള ആളുകൾ പറഞ്ഞതുകൊണ്ട് ഞാൻ അതൊന്നും ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. ഇന്ന് രാവിലെ ഇവിടെയൊരു സംഭവമുണ്ടായി. ആഭ്യന്തര വകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തുനിന്നുള്ള മെമ്പർമാർ അവതരിപ്പിച്ച കട്ട് മോഷൻസിൽ ഒന്ന് ലോട്ടറി നടത്തിപ്പ് സംബന്ധിച്ച കേസുകൾ ചർച്ച ചെയ്യണമെന്നുള്ളതിൽ ഊന്നിനിന്നുകൊണ്ട് ഞാൻ ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു. ഒൻപതാം തീയതി പറഞ്ഞതാണ്. ഇന്ന് തീയതി പതിനഞ്ചാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പേഴ്സണൽ ക്ലാരിഫിക്കേഷനിലൂടെ അതിന് മറുപടി പറഞ്ഞു. അദ്ദേഹം ഇന്ന് മറുപടി പറഞ്ഞ സാഹചര്യത്തിൽ ഈ രണ്ട് ബില്ലുകളും ചർച്ചയ്ക്ക് വരുന്ന സാഹചര്യത്തിൽ അദ്ദേഹം പറഞ്ഞ മറുപടി, അതിനെക്കുറിച്ച് ചിന്തിക്കാതിരിക്കാൻ ഈ സഭയ്ക്ക് സാധിക്കുമോ? മാത്രമല്ല ഓൺലൈൻ ലോട്ടറിക്കെതിരായി ചന്ദ്രഹാസമിളക്കി അതിനെതിരായി ഇവിടെ കുരിശുയുദ്ധം, ഏകാന്തപഥികനെപ്പോലെ മാർക്സിസ്റ്റുകാർ പ്രസംഗിച്ചു. കുരിശുയുദ്ധം നടത്തി, പോർവിളി നടത്തി, പോരാട്ടം നടത്തി വിജയശ്രീലാളിതനായി വന്നിരിക്കുന്ന, വളരെ അഭിമാനബോധത്തോടുകൂടിയാണല്ലോ നിയമസഭ തുടങ്ങുമ്പോൾ അദ്ദേഹം ഇവിടെ വന്നത്. നിയമസഭ തുടങ്ങി ഏതാനും ദിവസം കഴിഞ്ഞപ്പോൾ ഓൺലൈൻ ലോട്ടറിയെന്ന ഹൈടെക് ചൂതാട്ടം, വ്യാജ ഓൺലൈൻ ചൂതാട്ടത്തിലൂടെ അയ്യായിരം കോടി രൂപയുടെ നികുതി നഷ്ടം സംസ്ഥാന ഗവണ്മെന്റിനുണ്ടായി. ശ്രീ. സതീശൻ സംസാരിക്കുമ്പോൾ ശ്രീ. പി. സി. ജോർജ് ചോദിച്ചു, അയ്യായിരം കോടി രൂപയുടെ നികുതി നഷ്ടമുണ്ടായിട്ട്, അത് പിരിച്ചെടുക്കാൻ കഴിയാതെ ഈ ബില്ല് കൊണ്ടുവന്ന് എങ്ങനെ തിരിച്ചെടുക്കും എന്ന്. ഈ അയ്യായിരം കോടി രൂപയുടെ കണക്ക് ആരാണ് കൊടുത്തതെന്ന് എനിക്കറിയില്ല. ഹൈടെക് ചൂതാട്ടത്തിലൂടെ, വ്യാജ ലോട്ടറി വിൽപ്പനയിലൂടെ ഈ സംസ്ഥാനത്തിന് അയ്യായിരം കോടി രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. എന്നാൽ അത് ആർക്കെങ്കിലും ലാഭമുണ്ടായിട്ടുണ്ടാകണമല്ലോ? കോടിക്കണക്കിന് രൂപ ഓൺലൈൻ ലോട്ടറി കമ്പനികൾ ഈ സർക്കാരിന് നൽകിയിട്ടുണ്ട്. അത് ശ്രീ. എ. കെ. ആന്റണിയുടെ പേരു പറഞ്ഞു, പിന്നീട് ശ്രീ. ഉമ്മൻ ചാണ്ടിയുടെ പേരു പറഞ്ഞു, പിന്നെ ശ്രീ. വക്കം പുരുഷോത്തമന്റെ പേരു പറഞ്ഞു. കോടിക്കണക്കിന് രൂപ സർക്കാർ പാരിതോഷികമായി കൈപ്പറ്റിയെങ്കിൽ അത് നമ്മളും അന്വേഷിക്കേണ്ടേ? അതിന്റെ ഗൗരവസ്വഭാവം തള്ളിക്കളയാൻ പറ്റുമോ? ഞാൻ അന്വേഷിച്ചു. ആദ്യമായി ഇൻഡ്യൻ എക്സ്പ്രസ് ദിനപത്രത്തിൽ വാർത്ത വന്നു. Playwin Agents in Kerala – Crime found Politicos backed online lottery agency owes crores to franchise. അതാണ് ഞാൻ അന്ന് ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് പറഞ്ഞത് എത്ര ലാഘവത്തോടെയാണ്. പുലിക്കുട്ടിയെപ്പോലെ ഈ നിയമസഭാ വേദിയിൽ ഗർജ്ജിക്കുന്ന അദ്ദേഹം പൂച്ചക്കുട്ടിയെപ്പോലെ വളരെ ശാന്തനായി പറഞ്ഞു, വെന്ത ചേമ്പു പോലെയാണ് എന്ന്. എന്റെ മകന്റെ ഭാര്യ 50,000 ഷെയർ എടുത്തു. ഒരു ഗൾഫ്

LIBRARY ARCHIVES Kerala Legislative Assembly

റിട്ടേണി എന്റെ മകന്റെ ഭാര്യക്ക് സമ്മാനമായി കൊടുത്തു. എന്തൊരു സന്മനസ്സുള്ള ഗൾഫ് റിട്ടേണിയാണയാൾ. ഇതിനെതിരായി ഞാൻ പോരാട്ടം നടത്തുന്നു. ഇതൊരു വലിയ സാമൂഹ്യതിന്മയാണെന്ന്. മരുമകളെന്ന് മനസ്സിലായപ്പോൾ വെന്ത ചേമ്പുപോലെ, കടിച്ചാൽ വായെല്ലാം പൊള്ളും. കൈയിൽപോലും എടുത്തില്ല. തറയിൽ ഇട്ടുപോയി. ഞാൻ അന്ന് ഇവിടെ പറഞ്ഞു, ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകന്റെ ഭാര്യ ശ്രീമതി രജനി ബാലചന്ദ്രനാണ് കേരളത്തിലെ ഏറ്റവും വലിയ ഓൺലൈൻ ലോട്ടറി കുത്തക മോണോപൊളി ഉണ്ടായിരുന്നത്. ചെറി എന്റർപ്രൈസസ് കമ്പനിയിൽ 16-1-2003-ലാണ് ശ്രീമാൻ വി. എസ്. അച്ചുതാനന്ദന്റെ മകൻ അരുണിന്റെ ഭാര്യ രജനിയെ ഡയറക്ടറായി നിയമിക്കുന്നത്. അതുതന്നെ വളരെ രസകരമാണ്. പ്രശാന്ത് കുമാർ എന്ന് പേരുള്ള ഒരാൾ 16-1-2003-ൽ റിട്ടയർ ചെയ്തു. ഈ കമ്പനിയുടെ പ്രവർത്തനം തുടങ്ങി അഞ്ചു മാസം കഴിഞ്ഞു. അതിന്റെ ബാലാരിഷ്ടതകൾ മാറിയപ്പോൾ പ്രശാന്ത് കുമാർ റിട്ടയർ ചെയ്തു. ഷെയർ മുഴുവനും രജനിക്ക് കൈമാറുന്നു. കമ്പനിയുടെ സുവർണ്ണ കാലഘട്ടം. ശ്രീമതി രജനി ബാലചന്ദ്രൻ എന്നാണ് റിസൈൻ ചെയ്തത്? 31-1-2004-ൽ. ഇത് വെറുതെയൊന്നും പറയുന്നതല്ല. കമ്പനി രജിസ്ട്രാറുടെ ഓഫീസിൽ 10 രൂപ മുദ്രപ്പത്രത്തിൽ ഇത് എഴുതിയിട്ടുണ്ട്. Particulars of appointment of directors and changes among, അതിൽ Rajani Balachandran, D/o. Dr. Balachandran, Leela Nivas, Azad Road, Kaloor, Cochin, India; Date of appointment or change – 31-1-2004, Brief particulars of change – resigned as Director 16-01-2003-ന് ഡയറക്ടറായി പ്രവർത്തിച്ചു തുടങ്ങിയ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മരുമകൾ 31-1-2004-ൽ റിസൈൻ ചെയ്തു. ഒരു കൊല്ലവും 15 ദിവസവും ഡയറക്ടറായിരുന്നു. അയ്യായിരം കോടി രൂപയുടെ നഷ്ടം സർക്കാരിന് ഉണ്ടായിട്ടുണ്ടെങ്കിൽ ഈ കമ്പനിയുടെ മേജർ ഷെയർ 4 പേർക്കാണ്. രജിസ്ട്രേഷൻ ഡീറ്റെയിൽസ് പറയാം. Capital raised during the year, amount, Public issue – Nil, Rights issue – Nil, Bonus issue – Nil, Private placement – 21 lakhs. ഇവരിൽ ആകെയുണ്ടായിരുന്ന രണ്ടു ലക്ഷത്തി പതിനായിരം ഇക്വിറ്റി ഷെയറിൽ 50,000 ഷെയർ പ്രസാദും അൽത്താഫും രജനിയും കൂടി ചേർന്നാൽ മേജർ ഷെയറായി. നാല് ഷെയർ ഹോൾഡർമാർ, അയ്യായിരം കോടി രൂപ കമ്പനി സർക്കാരിനെ വെട്ടിച്ച് ലാഭമുണ്ടാക്കിയെങ്കിൽ ഞാൻ പറയുന്നു അതിൽ 1250 കോടി രൂപയുടെ ബെനിഫിറ്റ് ശ്രീമതി രജനി ബാലകൃഷ്ണന് കിട്ടിയെന്ന്. ....(ബഹളം)....... അങ്ങനെ ആരോപണം ഉന്നയിക്കേണ്ട കാര്യമില്ല. ഇത് നികുതി പിരിച്ചെടുക്കാനുള്ള ബില്ലാണ്. ഇതിലൊന്നും കാര്യമില്ല. കമ്പനി ആക്ടനുസരിച്ച് രജിസ്ട്രാർ ഇഷ്യൂ ചെയ്ത ഡോക്യുമെന്റാണ്. എല്ലാ വിവരവും ഇതിലുണ്ട്. .....(ബഹളം).........ഇൻഡ്യൻ എക്സ്പ്രസ് ദിനപത്രം പ്രസിദ്ധീകരിച്ചിരുന്നു. ബില്ലിന്റെ ചർച്ചാവേളയിൽ ഇങ്ങനെ ആരും ഇടപെടാറില്ല. എനിക്ക് പറയാനുള്ളത് ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം. നാലിലൊന്ന് ലാഭം ശ്രീമതി രജനി ബാലചന്ദ്രന് കിട്ടിയിട്ടുണ്ട്. ആരോ കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

ഇത് മോശമാണെന്ന് കണ്ട് വെന്ത ചേമ്പുപോലെ തള്ളിക്കളഞ്ഞു. ഒരു കൊല്ലം വേണോ വെന്ത ചേമ്പിനെ തള്ളിക്കളയാൻ. ഒരു കൊല്ലവും 15 ദിവസവും ഡയറക്ടറായിട്ടിരുന്നിട്ട് പറയുകയാണ് കമ്പനി 2002-ൽ ആരംഭിച്ചു. ഇപ്പോൾ അതിന്റെ കഥ കഴിഞ്ഞു. അതിന്റെ സുവർണ്ണകാലഘട്ടത്തിൽ 1250 കോടി രൂപ സർക്കാരിനെ കബളിപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ ബെനിഫിറ്റ് ഒരു ഡയറക്ടർക്ക് കിട്ടിയിട്ടുണ്ടെങ്കിൽ, അയ്യായിരം കോടി രൂപ നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ഇത്തരം അധാർമ്മികമായ പ്രവൃത്തിക്ക് കൂട്ടുനിൽക്കാൻ, തന്റെ മകന്റെ ഭാര്യക്കനുവദിച്ച മഹാമനസ്കനായ പ്രതിപക്ഷ നേതാവേ അങ്ങയുടെ മുമ്പിൽ ശിരസ്സ് കുനിക്കാനല്ലാതെ വേറെന്തിന് സാധിക്കും? അദ്ദേഹം പറഞ്ഞു, ഒരു സാമൂഹ്യ തിന്മയാണെന്ന്. സാമൂഹ്യതിന്മയ്ക്കെതിരായി സന്ധിയില്ലാതെ പോരാട്ടം നടത്തുന്ന ഒരാൾ.

ശ്രീ. സി. കെ. നാണു: ബഹുമാനപ്പെട്ട അംഗം പറയുന്നത് അയ്യായിരം കോടി രൂപ ഓൺലൈൻ ലോട്ടറികൾ ഗവൺമെന്റിനു കൊടുക്കുവാനുണ്ടായിരുന്നു. ഗവൺമെന്റിനെ വഞ്ചിച്ച് അത് കൊടുക്കാതിരുന്നു എന്നാണോ? ആര് കൊടുക്കുവാനുണ്ട്, ഇല്ല അത് വേറെ കാര്യം. അയ്യായിരം കോടി രൂപ ഓൺലൈൻ ലോട്ടറിക്കാർ ഗവൺമെന്റിന് കൊടുക്കുവാനുണ്ട് എന്ന് അംഗീകരിച്ചെടുക്കുവാൻ വേണ്ടിയാണോ ബഹുമാനപ്പെട്ട അംഗം ശ്രമിക്കുന്നത്?

ശ്രീ. എം. എം. ഹസ്സൻ: ഞാൻ അംഗീകരിച്ചത് അല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസ്താവനയും, അങ്ങ് പ്രതിപക്ഷത്തെ ഒരു പ്രമുഖ കക്ഷിയുടെ നേതാവല്ലേ? പ്രതിപക്ഷ നേതാവും ശ്രീ. പി. സി. ജോർജും ശ്രീ. സതീശൻ സംസാരിച്ചപ്പോൾ ആവർത്തിച്ചു ചോദിച്ചു. ഈ സംസ്ഥാനത്തിന് അയ്യായിരം കോടി രൂപയാണ് നഷ്ടമുണ്ടായതെന്ന് ആവർത്തിച്ചു പറഞ്ഞത് ആരാണ്? ശ്രീമാൻ അച്ചുതാനന്ദൻ. അദ്ദേഹമാണ് ആവർത്തിച്ചു പറഞ്ഞത്. എന്റെ കണക്കിൽ നിങ്ങൾ മൂന്നര ലക്ഷത്തോളം വരുന്ന ലോട്ടറി കച്ചവടക്കാർ അയ്യായിരം കോടി രൂപയുടെ നഷ്ടമുണ്ടാക്കിയെന്ന്, ബുദ്ധൻ ശരണം ഗച്ഛാമി എന്നു പറയുന്നതുപോലെ എത്ര പ്രാവശ്യം ആവർത്തിച്ചതാണ്? നിങ്ങൾ കേരളം മുഴുവൻ പ്രസംഗിച്ചു നടന്ന കാര്യമാണ് ഞാൻ പറഞ്ഞത്.

ശ്രീ. സി. കെ. നാണു : അയ്യായിരം കോടി രൂപ സ്റ്റേറ്റിന് നഷ്ടമായി എന്ന് ഉറപ്പുള്ളതിന്റെ അടിസ്ഥാനത്തിലാണോ താങ്കൾ ഇത് സംസാരിക്കുന്നത്. അതാണല്ലോ പ്രശ്നം?

ശ്രീ. എം. എം. ഹസ്സൻ : ഞാൻ പറയുന്നത് ചെറി എന്റർപ്രൈസസ് എന്ന ഓൺലൈൻ ലോട്ടറിയുടെ, കുത്തക കമ്പനിയുടെ കൊള്ളയെക്കുറിച്ചാണ്. പാവപ്പെട്ടവരെ കൊള്ളയടിച്ച് പള്ളവീർപ്പിച്ച, ചെറി എന്റർപ്രൈസസിന്റെ ചൂതാട്ടക്കാരെയാണ് ഞാൻ പറഞ്ഞത്. അതിനെതിരായിട്ടാണ് ശ്രീമാൻ അച്ചുതാനന്ദൻ ഇവിടെ ധാർമ്മികരോഷം പൂണ്ട് വലിയ പട നയിച്ചത്. അതിനെതിരായിട്ടാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഇവിടെ ബഹുമാനപ്പെട്ട ഹസ്സൻ തെറ്റിദ്ധരിക്കാതിരിക്കുവാൻ വേണ്ടി പറയുകയാണ്. ഞാൻ ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞ കാര്യമല്ല ഇവിടെ പറഞ്ഞത്. ഇവിടെ കേരളാ സർക്കാരിന് ലോട്ടറി ഡിപ്പാർട്ടുമെന്റ് കൊടുത്ത റിട്ടേൺസിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിക്കുമ്പോൾ ഒരു ദിവസം നൂറ്റിയമ്പത് നറുക്കെടുപ്പുവരെ നടത്തിയതായി അവർതന്നെ റെക്കോർഡ് കൊടുത്തിട്ടുണ്ട്. ആ റെക്കോർഡിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷത്തെ അവരുടെ ടാക്സ് ഈടാക്കുവാൻ, അടയ്ക്കാതിരിക്കുവാൻ കഴിയുകയില്ലല്ലോ, ആ റെക്കോർഡ് ലോട്ടറി വകുപ്പിന്റെ കയ്യിലുണ്ട്. ആ റെക്കോർഡു പ്രകാരം അയ്യായിരത്തിൽ ചില്വാനം കോടി രൂപ ഖജനാവിലേക്ക് വരാനുള്ളത് വിത്ഡ്രോ ചെയ്ത സ്ഥിതിക്ക് ആ അയ്യായിരത്തിൽ ചില്വാനം കോടിരൂപയും തട്ടിക്കൊണ്ടു പോയില്ലേ? അച്ചുതാനന്ദനാണോ പി. സി. ജോർജ് ആണോ എന്നുള്ളതല്ല പ്രശ്നം.

ശ്രീ. എം. എം. ഹസ്സൻ : സമ്മതിച്ചു. അങ്ങയോട് നൂറു ശതമാനം യോജിക്കുന്നു. അങ്ങയുടെ വാദത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. അത് തട്ടിക്കൊണ്ടുപോയത് ഓൺലൈൻ ലോട്ടറിയാണെങ്കിൽ ചെറി എന്റർപ്രൈസസ് ആണ് അതിന്റെ സിംഹഭാഗവും തട്ടിക്കൊണ്ടുപോയത്. പ്രതിപക്ഷത്തുള്ള ഒരു പ്രമുഖ പാർട്ടിയുടെ നേതാവിന്റെ മകന്റെ ഭാര്യ ഒരു കൊല്ലക്കാലം അതിന്റെ ഡയറക്ടറായിട്ടിരുന്നു. നിങ്ങൾ അറിഞ്ഞില്ല. ചേമ്പ് വേകാൻ അഞ്ചു മിനിട്ട് പോരേ? വെന്ത ചേമ്പ് കൈകൊണ്ട് എറിഞ്ഞു. ഒരു കൊല്ലക്കാലം നിങ്ങൾ അറിഞ്ഞില്ല. ഒരു കൊല്ലക്കാലം ഉറങ്ങുകയായിരുന്നു. എന്താണ് ഈ പറയുന്നത്? ഞങ്ങളുടെ മക്കൾക്കോ മരുമക്കൾക്കോ ഇതുപോലെ ഒരു കമ്പനിയുമായി ബന്ധമുണ്ടെങ്കിൽ എന്റെ പ്രിയപ്പെട്ട പ്രതിപക്ഷ നേതാക്കളെ നിങ്ങൾ ഞങ്ങളുടെ തൊലി ഉരിക്കുകയില്ലേ? നിങ്ങൾ വെറുതേ വിടുമോ? ഇത്തരത്തിലുള്ള ഒരു സംഭവവുമായി ഞങ്ങൾക്ക് പുലബന്ധം പോലുമില്ലാത്തതിന് നിങ്ങൾ എന്തെല്ലാം പുകമറ സൃഷ്ടിച്ചു? ഞാൻ ചോദ്യങ്ങൾക്കൊന്നും വഴങ്ങുന്നില്ല. ഞാൻ പറയാനുള്ളതു മുഴുവൻ പറഞ്ഞുതീർക്കട്ടെ. ശ്രീ. അച്ചുതാനന്ദനെ ആരും സപ്പോർട്ട് ചെയ്തില്ലാ എന്ന് അന്നത്തേതുപോലെ പത്രങ്ങൾ എഴുതാതിരിക്കുവാൻ നിങ്ങൾക്ക് എന്തെങ്കിലും ചോദിക്കേണ്ടി വരും. എനിക്ക് വിരോധമില്ല. ഞാൻ ചോദിക്കുന്നത് സ്വന്തം പാർട്ടിയിലെ സഹപ്രവർത്തകന്മാരുടെ മക്കളെപ്പോലും തന്റെ ഗ്രൂപ്പ് പോരാട്ടത്തിന് കരുവാക്കിയ നേതാവാണ് പ്രതിപക്ഷ നേതാവ്. അപ്പോൾ അദ്ദേഹത്തിന്റെ മകന്റെ ഭാര്യയ്ക്ക് എതിരായി 'ഒരു ആക്ഷേപം വന്നാൽ പറയേണ്ടതാണ്. ഇന്ത്യൻ എക്സ്പ്രസ്സിൽ വന്നു. ഈ നിയമസഭയിൽ നിങ്ങൾ എല്ലാവരും ഗവൺമെന്റി നെതിരായി ആരോപണം ഉന്നയിക്കുന്നതിന് ആധാരമാക്കുന്നത് ഈ പത്രങ്ങളെ തന്നെയാണ്. ആ പത്രങ്ങളിലെ വാർത്തകളാണ്. ആ പത്രവാർത്തകളെ ഉദ്ധരിച്ചുകൊണ്ടാണ് ഇവിടെ ആരോപണം ഉന്നയിക്കുന്നത്. ഇന്നു രാവിലെ

LIBRARY ARCHIVES Kerala Legislative Assembly

പത്തു കോടി രൂപയുടെ ആരോപണം എന്റെ സഹപ്രവർത്തകനായ മന്ത്രിക്കെതിരായിട്ട് നിങ്ങളിലെ ഒരു അംഗം ഉന്നയിച്ചപ്പോൾ നിങ്ങളുടെ ധാർമ്മിക രോഷം എവിടെ പോയി? 1250 കോടി രൂപയാണ്. ഞാൻ ആരോപണമായി പറയുകയല്ല. ബനിഫിറ്റ് ഉണ്ടാക്കിയിട്ടുള്ള കാര്യം പറയുകയാണ്. 1250 കോടി ഉണ്ടായിട്ടുണ്ടെങ്കിൽ, അതല്ല ആയിരം കോടിയേ കിട്ടിയുള്ളൂവെന്ന് പ്രതിപക്ഷ നേതാവിന്റെ മകനോ മരുമകളോ പറഞ്ഞാൽ ഞാൻ വിശ്വസിക്കാം. ഞങ്ങൾക്ക് അത്രയേ കിട്ടിയുള്ളൂ. ഈ വർഷം ഹൈടെക് ചൂതാട്ട കമ്പനിയിൽനിന്നും ഞങ്ങൾക്ക് അത്രയേ കിട്ടിയുള്ളൂവെന്ന് പറയുന്നുവെങ്കിൽ ഞങ്ങൾ അംഗീകരിക്കാം. ഞാൻ ചോദിക്കട്ടെ, ആരാണ് ഈ ഗൾഫ് റിട്ടേണി? പ്രശാന്ത് കുമാർ. പ്രശാന്ത് കുമാർ ആരാണ്? പുന്നപ്രക്കാരനാണ്. പ്രശാന്ത് കുമാർ, അച്ചുതാനന്ദന്റെ മകൻ അരുൺകുമാർ, കയർഫെഡിൽ എം. ഡി. ആയിരുന്നപ്പോൾ അവിടെ പ്രവർത്തിച്ചിരുന്ന ആളാണ്. അവിടെ ജോലി ചെയ്തിരുന്ന ആളാണ്. അന്വേഷിക്കണം. മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകർ ഒന്ന് അന്വേഷിച്ചുനോക്കൂ. എന്നിട്ട് ഇപ്പോൾ ആജ്ഞാപിച്ചിരിക്കുന്നത് സുരേഷ് ബാബു ഇത് വിറ്റിരിക്കുന്നു എന്നാണ്. സുരേഷ് ബാബുവാണ് റെക്കോർഡ് പ്രകാരം ഇത് വിറ്റിരിക്കുന്നത്. ആരാണ് ഈ സുരേഷ്ബാബു? ശ്രീ. അച്ചുതാനന്ദന്റെ മകന്റെ ഏറ്റവും അടുത്ത ഒരു സുഹൃത്താണ് പുന്നപ്രയിലെ ജയൻ. ആ ജയന്റെ ഏറ്റവും അടുത്ത സുഹൃത്താണ്. അയാളും പുന്നപ്രക്കാരനാണ്. സുനാമി സുനാമി എന്നൊക്കെ പറഞ്ഞ് നമ്മൾ ഒരുപാട് ഒച്ചപ്പാട് ഉണ്ടാക്കിയപ്പോൾ ഇവിടെയെല്ലാം ബിനാമി ബിനാമി എന്നു പറഞ്ഞ്, ഇതെല്ലാം ഏത് ബിനാമിയിലാണ് ഉൾപ്പെടുത്തേണ്ടത്? ഈ പാവപ്പെട്ട പ്രശാന്ത് കുമാറും സുരേഷ്ബാബുവുമെല്ലാം ബിനാമികളാണോ? ഒറിജിനൽ ആണോ? നമുക്ക് ഒന്ന് അന്വേഷിക്കണം. അതിന് സുരേഷ്ബാബു എന്നു പറയുന്ന ആൾ ക്ലാസ് ഫോർ എംപ്ലോയി ആണ്. ഒരു ക്ലാസ് ഫോർ എംപ്ലോയിക്ക് അഞ്ചു ലക്ഷം രൂപയ്ക്ക് ഇത് വാങ്ങാനുള്ള സാമ്പത്തിക ശേഷിയുണ്ടെങ്കിൽ ഞാൻ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി വക്കം പുരുഷോത്തമനെ വാനോളം പുകഴ്ത്തും. കാരണം അദ്ദേഹം ഭരിക്കുന്ന സംസ്ഥാനത്ത് ഒരു ക്ലാസ് ഫോർ എംപ്ലോയിയുടെ ക്രയശക്തി അഞ്ചു ലക്ഷമായി ഉയർത്തിയ ശ്രീ. വക്കം പുരുഷോത്തമൻ അത്ഭുത പുരുഷനാണ്. അദ്ദേഹത്തെ പോലുള്ള ഒരു ആളുടെ ഭരണംകൊണ്ട് ഇവിടെ ക്ലാസ് ഫോർ എംപ്ലോയിയുടെ ക്രയശക്തി വർദ്ധിക്കുകയുണ്ടായില്ലേ? ആരോട് ഇതൊക്കെ പറയാനാണ്? അതുകൊണ്ട് ഈ ഹൈടെക് ചൂതാട്ടത്തിലൂടെ ഒരു വർഷക്കാലം പണമുണ്ടാക്കിയ ശേഷം ഈ കേരളത്തിലെ സാമൂഹ്യ തിന്മയ്ക്കെതിരായി പോരാട്ടം നടത്തുന്ന പ്രതിപക്ഷനേതാവിന്റെ ഉജ്ജ്വലമായ പോരാട്ടത്തെക്കുറിച്ച് നമ്മൾ എന്താണ് വിധി എഴുതേണ്ടത്? ഇവിടെ കഴിഞ്ഞ മൂന്നരക്കൊല്ലമായി ഞങ്ങൾക്കെതിരായി, ഞങ്ങളുടെ ഈ ഗവൺമെന്റിനെതിരായി അദ്ദേഹം നിരത്തിവെച്ച കുറേ ആക്ഷേപങ്ങളുണ്ടായിരുന്നു. എത്ര നിഷ്കരുണമാണ് അദ്ദേഹം ഇവിടെ ആരോപണം

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിച്ചുകൊണ്ട് ഈ സഭയ്ക്ക് അകത്തും പുറത്തും പോരാട്ടം നടത്തിയത്. അദ്ദേഹം പറഞ്ഞത് മിസ്റ്റർ ഹസ്സൻ ഇത് പുറത്തുപറഞ്ഞാൽ അദ്ദേഹത്തെയും ഞാൻ കൈകാര്യം ചെയ്യുമെന്നാണ്. എനിക്കു പുറത്തു പറയാൻ എന്താണ് പേടി? ഇത് കേരളത്തിലെ ജനങ്ങൾ അറിയേണ്ട കാര്യമാണ്. ഈ ഓൺലൈൻ ലോട്ടറിയുടെ പേരിൽ ഏറ്റവും കൂടുതൽ ബനിഫിറ്റ് കിട്ടിയത് ആർക്കാണ്? അതാണ് ജനങ്ങൾ അറിയേണ്ടത്. ഓൺലൈൻ ലോട്ടറിയുടെ പേരിൽ ഈ സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്തി ഗവൺമെന്റും ഞങ്ങളുടെ പാർട്ടിയും കൂടുതൽ സാമ്പത്തിക ലാഭമുണ്ടാക്കിയെന്ന് ആക്ഷേപിച്ചപ്പോൾ നിങ്ങൾ ഞങ്ങളുടെ നേരെയാണ് വിരൽ ചൂണ്ടുന്നതെങ്കിൽ ബാക്കി വിരലുകൾ സ്വന്തം നെഞ്ചിന്റെ നേരെയാണ് ചൂണ്ടപ്പെടുന്നത് എന്ന സത്യം ഈ ലോകത്തെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് അറിയണ്ടേ? ഇവിടെ നികുതി ഏർപ്പെടുത്താനുള്ള ഈ ബില്ല് സത്യത്തിൽ ഇതിനെല്ലാം നിയമം ബാധകമാക്കിക്കൊണ്ട് ഈ രംഗത്ത് നടക്കുന്ന ....(ബഹളം)............... ചോദിച്ചല്ലോ.....പ്രതിപക്ഷ നേതാവിനു വേണ്ടി ഇത്രയും ചോദിച്ചാൽ മതി. അങ്ങയുടെ കാര്യം ഉറപ്പാണ്. സുരക്ഷിതമാണ്. ധൈര്യമായിട്ട് അവിടെ ഇരിക്കൂ. ഇത്രയുംമതി. ശ്രീ. പി. സി. ജോർജ് ആയതുകൊണ്ട് ഇതുതന്നെ വലിയ കാര്യമായിട്ടെടുക്കും.

ശ്രീ. പി. സി. ജോർജ്: ശ്രീ. ഹസ്സൻ ഇത്ര ആവേശംകൊണ്ട് സംസാരിക്കുന്നത് ബഹുമാനപ്പെട്ട വക്കം പുരുഷോത്തമന്റെ എന്തെങ്കിലും ആനുകൂല്യം കിട്ടുമെന്ന് സംശയിച്ചാണോ എന്ന് എനിക്ക് തോന്നുന്നു. ഇതേ സംസ്ഥാനത്ത് ഗെയിമിംഗ് ബിൽ കേരള നിയമസഭയിൽ അവതരിപ്പിച്ചത് ശ്രീമാൻ പി. ടി. ചാക്കോ ആണ്. ചാക്കോ Minister of Home Affairs ആണ്. അങ്ങനെ ഹോം ഡിപ്പാർട്ടുമെന്റിന്റെ ഒരു ബില്ലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ കയ്യിലാണ് ആഭ്യന്തരം. അദ്ദേഹം അവതരിപ്പിക്കേണ്ട ബില്ല് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചപ്പോൾ സൂപ്പർ മുഖ്യമന്ത്രിയായി ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ. അത് പൊക്കിക്കാണിക്കുവാനല്ലേ അങ്ങ് ആവേശം കൊള്ളുന്നത്.

ശ്രീ. എം. എം. ഹസ്സൻ: ഏതായാലും ശ്രീ. ജോർജിന്റെ റോൾ കഴിഞ്ഞില്ലേ? അങ്ങേയ്ക്ക് സമാധാനമായല്ലോ? അങ്ങേക്ക് ഇത് റെക്കോർഡിൽ വരണമെന്നു മാത്രമേയുള്ളൂ. അങ്ങയോടുള്ള സ്നേഹംകൊണ്ടും അങ്ങയുടെ കാഴ്ചപ്പാടിനോടുള്ള മമതകൊണ്ടുമാണ് ഞാൻ ഇരുന്നു തന്നത്. കാരണം എന്റെ ഇരുപ്പുകൊണ്ട് എന്തെങ്കിലും ഗുണം കിട്ടുന്നുണ്ടെങ്കിൽ കിട്ടിക്കൊള്ളട്ടെ എന്നു ഞാൻ വിചാരിച്ചു. ഇങ്ങോട്ടു നോക്കി സൂപ്പർ മുഖ്യമന്ത്രി എന്നൊന്നും പറയേണ്ട, ഇവിടെ എല്ലാം ഭദ്രമാണ്. ഞാൻ വിഷയത്തിൽനിന്നും മാറാൻ ആഗ്രഹിക്കുന്നില്ല. ഞാൻ അതിനെക്കുറിച്ച് പ്രതികരിക്കുമെന്ന് വിചാരിച്ചാണല്ലോ അങ്ങ് പറഞ്ഞത്. ഇല്ലാത്ത കാര്യത്തെക്കുറിച്ച് ഞാൻ എന്തിനാണ് പ്രതികരിക്കുന്നത്. ഞാൻ അതിനോട്

2/676/2012—48.

LIBRARY ARCHIVES Kerala Legislative Assembly

പ്രതികരിക്കുന്നില്ല. ഇത്തരത്തിലുള്ള ഒരു വലിയ സാമൂഹ്യതിന്മ സംസ്ഥാനത്ത് ഉണ്ടായിട്ട്, മാർക്സിസ്റ്റു പാർട്ടിയുടെ സഖ്യകക്ഷികളായിട്ടുള്ള കക്ഷി നേതാക്കന്മാരുണ്ട്. അവരുടെ നിസ്സഹായത എനിക്ക് മനസ്സിലാകും. കാരണം അവരെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷ നേതാവിന്റെ ബന്ധുവായിപ്പോയതുകൊണ്ട് ഇത് പുറത്തു പറയാൻ വയ്യ. പ്രതിപക്ഷ നേതാക്കൾ ഇന്ത്യൻ എക്സ്പ്രസ്സിനെതിരായിട്ട് കേസ് കൊടുത്തിട്ടുണ്ട്. കൊടുത്തു കൊള്ളട്ടെ. കേസ് കൊടുത്താൽ എന്താണ്, അത് ഇല്ലാതെയാകുമോ? പ്രതിപക്ഷ നേതാവ് ഇന്നു രാവിലെ പറഞ്ഞപ്പോൾ എനിക്ക് ദയനീയമായി തോന്നിയത് ഈ വെന്ത ചേമ്പ്, അത് ഇട്ടുകളഞ്ഞു. ഒരു കൊല്ലം, അതാണ് സർ എനിക്ക് അത്ഭുതം. ശ്രീ. അച്ചുതാനന്ദനെപ്പോലെയൊരു നേതാവിനെ ഞാൻ അങ്ങനെ കരുതിയില്ല. കാരണം അവർ ഈ കമ്പനിയിൽ ഡയറക്ടറായിരുന്നുവെന്ന് സമ്മതിച്ചു, അവർക്ക് ഷെയർ ഉണ്ടായിരുന്നുവെന്ന് സമ്മതിച്ചു. വെന്ത ചേമ്പുപോലെ ഉടനെതന്നെ അതങ്ങ് വിട്ടുകളഞ്ഞുവെന്ന് പറഞ്ഞത് ഈ സഭയോട് കാണിച്ച അനാദരവാണ്. ഒരു കൊല്ലവും പതിനഞ്ചു മാസവും, ...ഞാൻ വഴങ്ങുന്നില്ല. ഇതിൽ സി. പി. ഐ. ക്ക് കാര്യമില്ല. ഇത് വേറെ കാര്യമാണ് പറയുന്നത്. നിങ്ങൾ എന്തൊക്കെ പറഞ്ഞാലും നിങ്ങളുടെ അവസ്ഥ ഇതുതന്നെയാണ്. ഒരു കൊല്ലക്കാലം ഈ കമ്പനിയുടെ ഡയറക്ടർ ആയിരുന്നിട്ട് അതേക്കുറിച്ച് ഒരു കുറ്റബോധവുമില്ലാതെ അതിനെക്കുറിച്ച് അല്പംപോലും ഒരു പശ്ചാത്താപമില്ലാതെ ഒരു സഭയുടെ മുമ്പിൽ അത് പറയുക എന്നുപറഞ്ഞാൽ അത് എത്രമാത്രം ധാർമ്മികമായ അധഃപതനത്തിനുള്ള തെളിവായി ഞാൻ ഈ സഭയുടെ മുമ്പിൽ പറയാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് കഴിഞ്ഞ മൂന്നര, നാലു കൊല്ലക്കാലമായി കേരളത്തിൽ നടന്ന ഈ സംസ്ഥാനത്തിന്റെ വികസനത്തിനും പുരോഗതിക്കും വേണ്ടിയുള്ള പ്രവർത്തനങ്ങളെയെല്ലാം മുട്ടിനു മുട്ടിനു മുഴത്തിന് അതിനെ എതിർത്ത്, അതിനെയെല്ലാം തകർക്കുന്ന രൂപത്തിലുള്ള ആരോപണങ്ങൾ ഉന്നയിച്ച്, ആക്ഷേപങ്ങൾ ഉന്നയിച്ച് ഈ സംസ്ഥാനത്ത് രാഷ്ട്രീയ പോരാട്ടം നടത്തി സഭയ്ക്ക് അകത്ത് ഗവൺമെന്റിനെതിരായി പോരാട്ടം നടത്തി സഭയക്ക് പുറത്ത് സാമൂഹ്യതിന്മയ്ക്ക് എതിരായി പോരാട്ടം നടത്തുന്നു എന്ന് പ്രഖ്യാപിച്ചുകൊണ്ട് പോരാട്ടം നടത്തിയ ഒരു നേതാവിന് ഇത് യോജിച്ചതല്ല. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്താം. ധനമന്ത്രിയോടും ഗവൺമെന്റിനോടും ആവശ്യപ്പെടുകയാണ്, ഏതാണ്ട് അറുന്നൂറോളം ആളുകളിൽനിന്നും ഓൺലൈൻ ലോട്ടറിയുടെ ഡിപ്പോസിറ്റ് മൂന്നര ലക്ഷം മുതൽ ആറു ലക്ഷം വരെ ചെറി എന്റർപ്രൈസസ് വാങ്ങിയിട്ടുണ്ട്. മൂന്നര ലക്ഷം ലോട്ടറി തൊഴിലാളികൾ മരിച്ചുപോകും അവരുടെ ഉപജീവന മാർഗ്ഗം മുട്ടിപ്പോകുമെന്നു കരുതിയാണ് നമ്മൾ അവരെ സഹായിക്കാൻ ഇത്തരത്തിലുള്ള നടപടിക്ക് നിർബന്ധിതരായി തീർന്നത്. അറുന്നൂറോളം ആളുകൾ, കോടിക്കണക്കിനു രൂപയാണെന്നു കണക്കാക്കണം, ഒരു തൊഴിലിനുവേണ്ടി ഈ ചൂതാട്ടത്തിൽ പങ്കാളികളാകാൻ പോയതാണ്. മൂന്നര ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

മുതൽ ആറു ലക്ഷംവരെ കൊടുത്ത ആളുകൾ ഈ സംസ്ഥാനത്തുണ്ട്. അവർ സംഘടിക്കുവാൻ പോകുകയാണ്. അവർക്ക് പണം തിരിച്ചു കിട്ടുന്നില്ല. ഞാൻ പറയുന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എല്ലാ പരിപാടികൾക്കും നേതൃത്വം നല്കിയിട്ടുള്ള ആളാണ്. ഈ അറുന്നൂറ് ആളുകൾ സംഘടിച്ച് അവരോട് കാണിച്ച അനീതിക്ക് ചെറി എന്റർപ്രൈസസിനെതിരായിട്ട് പോരാട്ടം നടത്തുമ്പോൾ ഞാൻ ആ സുഹൃത്തുക്കളോട് പറഞ്ഞു. നിങ്ങളുടെ സമരം ഉദ്ഘാടനം ചെയ്യേണ്ടത് പ്രതിപക്ഷ നേതാവായിരിക്കണം. കാരണം അദ്ദേഹത്തിന്റെ മകന്റെ ഭാര്യ ഒരു കൊല്ലം ഡയറക്ടറായിരുന്ന കമ്പനിയിൽനിന്ന് നീതികിട്ടുവാനുള്ള പോരാട്ടത്തിന് നിങ്ങൾ അദ്ദേഹത്തെ ക്ഷണിക്കണമെന്ന് അവരോട് പറഞ്ഞിട്ടുണ്ട്. അവർ ക്ഷണിക്കും. കാരണം ഈ അറുന്നൂറു പേർ നടത്തുന്ന പോരാട്ടത്തിന് അദ്ദേഹം നേതൃത്വം നല്കണം. എങ്കിലേ അദ്ദേഹത്തിന് ഒരു കുറ്റബോധമെങ്കിലും ഉണ്ടെന്ന് മറ്റുള്ളവർക്ക് ബോദ്ധ്യമാകൂ. അതുകൊണ്ട് ഈ ബില്ല് നമ്മുടെ സംസ്ഥാനത്ത് ഹൈടെക് ചൂതാട്ടം അവസാനിപ്പിച്ചുകൊണ്ട് അനധികൃത ലോട്ടറി കച്ചവടത്തിലൂടെ നികുതി വെട്ടിപ്പ് അവസാനിപ്പിച്ചുകൊണ്ട് സംസ്ഥാന ഖജനാവിലേക്ക് പണം കണ്ടെത്താൻ കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന നിയമം പൊതുജനാഭിപ്രായത്തിനുവിട്ട് ജനങ്ങളുടെ അഭിപ്രായംകൂടി മനസ്സിലാക്കി ഈ ബില്ല് കുറ്റമറ്റതാക്കി പാസ്സാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

<u>ശ്രീ. ടി. എം. ജേക്കബ്</u> : സർ, 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇവിടെ ചർച്ച ചെയ്യുന്ന രണ്ടു ബില്ലുകളും [The Kerala Tax on Lotteries Bill-ഉം Kerala Gaming (Amendment) Bill]-ഉം സദ്ദുദ്ദേശത്തോടുകൂടിയാണ് കൊണ്ടു വന്നിരിക്കുന്നത്. ആ കാര്യത്തിൽ തർക്കമൊന്നുമില്ല. പക്ഷേ നമ്മൾ കൊണ്ടു വരുന്ന ആ നിയമം നിലനിർത്തി എന്ത് ഉദ്ദേശത്തിലാണോ ഇത് കൊണ്ടു വന്നിരിക്കുന്നത് അത് നടപ്പിലാക്കുക എന്നുള്ളത് ഗവൺമെൻറിന്റെ ചുമതലയാണ്. ഇവിടെ പല കാര്യങ്ങളും പരാമർശിക്കപ്പെട്ടു. ചില കാര്യങ്ങൾ ഇതിൽ നിയമവുമായി ബന്ധപ്പെട്ടും ഇങ്ങനെ ഒരു നിയമ നിർമ്മാണത്തിലേക്ക് സർക്കാരിനെ കൊണ്ടെത്തിച്ച സാഹചര്യത്തെക്കുറിച്ചും പറയാതിരിക്കുന്നത് ശരിയല്ല. ഇവിടെ 1967-ൽ അധികാരത്തിൽവന്ന ഗവൺമെന്റിന്റെ കാലത്താണ് അന്ന് ധനകാര്യമന്ത്രിയായിരുന്ന പി. കെ. കുഞ്ഞുസാഹിബ് ആണ് ഇവിടെ ആദ്യമായി ലോട്ടറി കൊണ്ടുവന്നത്. അത് കൊണ്ടുവരാനുണ്ടായ പശ്ചാത്തലമെന്നു പറയുന്നത് അന്നും ഒരുപാട് ആളുകളെ കളിപ്പിക്കുന്ന, വഞ്ചിക്കുന്ന രീതി നമ്മുടെ സംസ്ഥാനത്ത് നിലനിന്നതുകൊണ്ട് ചെറിയ തോതിൽ ഒരു തുടക്കമാകാമെന്നു പറഞ്ഞ് അദ്ദേഹം നമ്മുടെ സംസ്ഥാനത്ത് ലോട്ടറി കൊണ്ടുവന്നു. അത് ഇന്ത്യയിലെ മറ്റു പല സ്റ്റേറ്റുകളും അഡോപ്ട് ചെയ്തു. ലോട്ടറി വഴിയും നമ്മുടെ സംസ്ഥാനത്തിന് കുറേയേറെ വരുമാനമുണ്ടായി. ആ വരുമാനം നമ്മുടെ പൊതുഖജനാവിലേക്ക്

2/676/2012—48a.

LIBRARY ARCHIVES Kerala Legislative Assembly

വന്നു. ജനോപകാരപ്രദമായ ഒട്ടേറെ നടപടികൾ നമ്മൾ ചെയ്യുകയും അത് ജനങ്ങൾക്ക് ബോദ്ധ്യപ്പെടുകയും ചെയ്തു. പക്ഷെ നിർഭാഗ്യവശാൽ കുറച്ചുമുമ്പ് ധനകാര്യവകുപ്പുമന്ത്രി പറഞ്ഞതുപോലെ പണ്ടത്തേതിൽനിന്ന് ഒരുപാട് വ്യത്യാസം വന്നു. ഹൈടെക് യുഗത്തിലേക്ക് നമ്മൾ പോയപ്പോൾ ഇതിന്റെ വേറൊരുരൂപം നമ്മുടെ സംസ്ഥാനത്ത് രംഗപ്രവേശം ചെയ്തു. അതിനെ നിയന്ത്രിക്കുന്ന കാര്യങ്ങളിലേക്ക് പോയിവന്നപ്പോഴാണ് അവസാനം നമ്മൾ കഴിഞ്ഞ 2005 ജനുവരി 27-ാം തീയതി ഒരു എസ്. ആർ. ഒ. വഴി, (എസ്. ആർ. ഒ. നമ്പർ 73/2005 വഴി) നമ്മുടെ സംസ്ഥാന ലോട്ടറി അടക്കമുള്ള എല്ലാ ലോട്ടറികളും നിരോധിച്ചുകൊണ്ടുള്ള നടപടികളിലേക്ക് പോയത്. ഈ സാഹചര്യം എങ്ങനെ ഉണ്ടാക്കിയെടുത്തു എന്നുള്ളതിനെ സംബന്ധിച്ച് നമ്മൾ ഒന്ന് വിശകലനം ചെയ്യുന്നത് നന്നായിരിക്കും. ഇവിടെ The Kerala Tax on Lotteries Bill സംബന്ധിച്ച് നാളെ സബ്ജക്ട് കമ്മിറ്റി കൂടുന്നുണ്ട്. ഞാനും സബ്ജക്ട് കമ്മിറ്റി മെമ്പറാണ്. നമുക്ക് തുറന്ന മനസ്സോടെ ഇത് ശരിയാക്കുന്ന കാര്യത്തിൽ വേണ്ടകാര്യങ്ങൾ ചെയ്യാം എന്ന് ധനകാര്യവകുപ്പുമന്ത്രി പറഞ്ഞു. ഞാൻ അത് ഉൾക്കൊള്ളുന്നു. ഇതിനകത്ത് ഡെഫനിഷൻ ക്ലാസ്സിൽ പ്രധാനമായിട്ടുമുള്ളത് പ്രൊമോട്ടർ എന്ന വാക്കാണ്. പ്രൊമോട്ടറിനെ ഡിഫൈൻ ചെയ്തിട്ടുണ്ട്. ഇതിന്റെ ക്ലാസ് 2(എ)-യിൽ പറയുന്നത് "Promoter" means the Government of India or a Government of a State or any Union Territory organizing, conducting or promoting a lottery and includes any person appointed for selling lottery tickets in the State on its behalf by such Government where such Government is not directly selling lottery tickets in the State. അതാണ് പ്രൊമോട്ടർ എന്നു പറഞ്ഞിരിക്കുന്നത്. ഇതിന്റെ ഓപ്പറേറ്റീവ് പാർട്ട് ക്ലാസ് 3 അതുപോലെതന്നെ ക്ലാസ് 6 അതിന്റെതാഴെ നാലും അഞ്ചുമൊക്കെ മറ്റു ചില ക്രമീകരണങ്ങളെ കുറിച്ചാണ്. ക്ലാസ് 3-ൽ പറയുന്നത് അതോറിറ്റീസിനെ സംബന്ധിച്ചാണ്. ക്ലാസ് 6-ൽ പറയുന്നത് Levy of tax. അതിനകത്ത് പറയുന്നുണ്ട് 1(എ)-യിൽ പറയുന്നത് (a) Ten lakh rupees for every bumper draw; and (b) Two lakh fifty thousand rupees in respect of any other draw. 1(2)-ൽ പറയുന്നത് Tax levied under sub-section (1) shall be paid by every promoter. അതാണ് പറയുന്നത്. അതിനുശേഷം രജിസ്ട്രേഷനെ സംബന്ധിച്ചു പറയുന്നത് പ്രൊമോട്ടേഴ്സ് രജിസ്റ്റർ ചെയ്യുന്നതിനെക്കുറിച്ചാണ് ചാപ്ടർ IV-ൽ പറയുന്നത്. ചാപ്ടർ V-ൽ ഇതിന്റെ Return, Assessment, Payment, Recovery തുടങ്ങിയവ സംബന്ധിച്ചു പറയുന്നു. പ്രധാനപ്പെട്ട ഒരു വകുപ്പായി ഞാൻ കാണുന്നത് payment of tax in advance. പിന്നെ അതുമായി ബന്ധപ്പെട്ട മറ്റു ചില കാര്യങ്ങളുണ്ട്. ഞാൻ എല്ലാ കാര്യങ്ങളിലേക്കും പോകുന്നില്ല. സബ്ജക്ട് കമ്മിറ്റിയിൽ കാര്യങ്ങൾ ചർച്ച ചെയ്യാം. ഇതിൽ എനിക്ക് ഒരു കാര്യം ചൂണ്ടിക്കാണിക്കുവാനുള്ളത് നമ്മുടെ സംസ്ഥാനത്ത് ഏതു ഡിപ്പാർട്ടുമെന്റ് ആണെങ്കിലും ഗവൺമെന്റ് ഡിപ്പാർട്ടുമെന്റാണ്. അതിന് ഒരു

LIBRARY ARCHIVES Kerala Legislative Assembly

തർക്കവും നമുക്കാർക്കുമില്ല. ഇവിടെ ഈ നിയമപ്രകാരം നമ്മൾ ചുമതലപ്പെടുത്തുന്നത് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിനെയാണ് കേരളത്തിൽ മാത്രമാണ് ലോട്ടറി വകുപ്പ് ഒരു പൂർണ്ണ വകുപ്പായി നില്ക്കുന്നത്. അങ്ങേക്ക് അറിയാം. സംസ്ഥാനതലത്തിൽ ഒരു ലോട്ടറി ഡയറക്ടറേറ്റുമുണ്ട്. എറണാകുളത്ത് ഒരു റീജിയണൽ ഓഫീസുണ്ട്. എല്ലാ ജില്ലകളിലും നമുക്ക് ഓഫീസുകളുമുണ്ട്. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റ് ജനറൽ സെയിൽസ് ടാക്സ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന ഒരു ഡിപ്പാർട്ടുമെന്റാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും വലിയ വരുമാന മാർഗ്ഗമായ സെയിൽസ് ടാക്സ് പിരിവ് അതതു സംസ്ഥാനത്തേക്കു കൊണ്ടുവരുന്നതിനുള്ള ശ്രമവും നടത്തേണ്ട ആളുകളാണ്. ഇപ്പോൾത്തന്നെ നമുക്ക് എല്ലാവർക്കുമറിയാം. ആരോ മന്ത്രിയായിരിക്കട്ടെ ഏതോ ഗവൺമെന്റ് വരട്ടെ, സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിൽ ഒരുപാട് തിരിമറികൾ നടക്കുന്നു. ഈ സമീപകാലത്താണല്ലോ നമ്മുടെ വാളയാർ ചെക്ക്പോസ്റ്റിൽ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ്, ചീഫ് സെക്രട്ടറിയുടെ വണ്ടി തടഞ്ഞത്. അവിടെ ഉണ്ടായത് എന്താണ്? സാധാരണ അവിടെ നില്ക്കുന്ന ഏത് ഉദ്യോഗസ്ഥനും വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് ആണെങ്കിലും സെയിൽസ് ടാക്സിന്റെ ആണെങ്കിലും പരമാവധി മൂന്നുമാസമാണ് നമ്മൾ വച്ചിരിക്കുന്നത്. അതുകൊണ്ട് അവിടെ നടക്കുന്നത്, ഞാൻ പറഞ്ഞത് വേറെ ഒരു അർത്ഥത്തിലും എടുക്കരുത്.

ഞാൻ പറഞ്ഞത് സെയിൽസ്ടാക്സിന് പലപ്പോഴും കൃത്യനിഷ്ഠയോടുകൂടി കാര്യങ്ങൾ ചെയ്യാൻ കഴിയുന്നില്ല. ഇവിടെ നമ്മൾ ഈ നിയമം വഴി ഇതിന്റെ പൂർണ്ണമായ ചുമതല അവരെ ഏൽപ്പിക്കുകയാണ്. എന്റെ അഭിപ്രായത്തിൽ ഇതിനകത്ത് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിനെ ഇൻവോൾവ് ചെയ്യിക്കണമെങ്കിൽ ചെയ്യിക്കാം. അതോടൊപ്പംതന്നെ ഇതിന്റെ ഓരോ ഡ്രോയ്ക്കുമാണല്ലോ, ബമ്പർ ഡ്രോ-ക്ക് പത്ത് ലക്ഷം മറ്റ് ഡ്രോ-കൾക്ക് രണ്ടര ലക്ഷം എന്നാണ് നമ്മൾ നിശ്ചയിച്ചിരിക്കുന്നത്. ലോട്ടറി ഡിപ്പാർട്ടുമെന്റ് നമ്മുടെ ഡിപ്പാർട്ടുമെന്റ് തന്നെയാണ്. വക്കം പുരുഷോത്തമനെന്ന മന്ത്രിക്ക് ലോട്ടറി വകുപ്പും അന്യമല്ല. സെയിൽസ്ടാക്സ്-ഉം അന്യമല്ല. രണ്ട് ഡിപ്പാർട്ടുമെന്റുകൾ അങ്ങയുടെ കീഴിൽ വർക്ക് ചെയ്യുന്നു. സ്വാഭാവികമായിട്ട് രണ്ടു ഡിപ്പാർട്ടുമെന്റും വളരെ ഇഫക്ടീവായിട്ട് പ്രവർത്തിച്ച് പോകണം. അതുകൊണ്ട് ലോട്ടറി ഡിപ്പാർട്ടുമെന്റിനെ അതിൽനിന്ന് പൂർണ്ണമായി മാറ്റി നിർത്തുന്നത് ശരിയല്ല. അത് മറ്റുചില കാര്യങ്ങൾക്ക് വഴിതെളിക്കും. അതിനാൽ അതിൽ ആവശ്യമായിട്ടുള്ള ഭേദഗതികൾ വരുത്തണം. അതിന്റെ ക്ലോസ് ബൈ ക്ലോസ് ഡിസ്കഷനിൽ ഞാൻ ഇക്കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ പറയാം. അതുകൊണ്ട് ഇപ്പോൾ കൂടുതൽ സമയം എടുക്കുന്നില്ല, ഗെയിമിംഗിനെ സംബന്ധിച്ചിടത്തോളം, ഇവിടെ ഒബ്ജക്ഷൻ പറഞ്ഞു. ആ ഒബ്ജക്ഷൻ എന്നുപറയുന്നത് ലോട്ടറി എന്നുള്ള നിർവ്വചനത്തിന്റെ പരിധിയിൽ ഗെയിമിംഗ് വരുമോ എന്നുള്ള വിഷയത്തെ സംബന്ധിച്ചാണ് കേരള ഗെയിമിംഗ് ആക്ട്

LIBRARY ARCHIVES Kerala Legislative Assembly

1960 അതിനകത്ത്, ക്ലോസിനകത്ത് common gaming house അതാണ് ആദ്യം define ചെയ്തിരിക്കുന്നത്. ആ സ്ഥാനത്ത് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ല് അനുസരിച്ച് (എഎ) എന്ന് പറഞ്ഞ അഡീഷണലായിട്ട് ഒരു സബ് ക്ലോസ് കൂടി ചേർത്തിരിക്കുകയാണ്. അതിൽ sub clause "(aa) 'central computer server' means a server class computer at a central location which that accepts, processes, stores and validates the on-line lottery transactions and otherwise manages, monitors and control the entire on-line lottery system." അപ്പോൾ അതിലേക്ക് ലോട്ടറി വരികയാണ്. നമ്മുടെ ഭരണഘടനയ്ക്കകത്ത് യൂണിയൻ ലിസ്റ്റുണ്ട്, സ്റ്റേറ്റ് ലിസ്റ്റുണ്ട്, കൺകറന്റ് ലിസ്റ്റുണ്ട്. ലോട്ടറി എന്നുപറയുന്ന ഐറ്റം ഭരണഘടനയിൽ യൂണിയൻ ലിസ്റ്റിൽ വരുന്ന ഇനമാണ്. കൺകറന്റ് ലിസ്റ്റിൽ വരുന്നതാണെങ്കിൽ നമുക്ക് രണ്ട് കൂട്ടർക്കും നിയമമാകാം. ഇവിടെ യൂണിയൻ ലിസ്റ്റിൽ വരുന്ന വിഷയത്തെ സംബന്ധിച്ച് നമുക്ക് നിയമമുണ്ടാക്കാൻ കഴിയില്ല എന്നുള്ളത് ഭരണഘടനാപരമായ സംഗതിയാണ്. അത് പലപ്പോഴും സുപ്രീം കോടതിയിൽ പല കേസുകളിലുമായി ബന്ധപ്പെട്ട് കൺകറന്റ് ലിസ്റ്റിൽ ഇഷ്യൂ പോലും വന്നപ്പോൾ സുപ്രീം കോടതിയുടെ കോൺസ്റ്റിറ്റ്യൂഷണൽ ബഞ്ച് ചില പരാമർശങ്ങളും ചില നിഗമനങ്ങളും നടത്തി ചില ജഡ്ജ്മെന്റുകളും നടത്തിയിട്ടുണ്ട്. അപ്പോൾ യൂണിയൻ ലിസ്റ്റ് വരുന്ന കാര്യത്തിൽ സ്റ്റേറ്റ് ഗവൺമെന്റിന്റെ പൗവ്വർ എത്രമാത്രം വരും. ഇതിനകത്ത് ലോട്ടറി റെഗുലേഷൻ ആക്ട് 1998 അതിൽ ലോട്ടറിയെക്കുറിച്ച് പറയുന്നത് "Lottery" means a scheme, in whatever form and by whatever name called, for distribution of prizes by lot or chance to those persons participating in the chances of a prize by purchasing tickets. അപ്പോൾ ഓൺലൈൻ ലോട്ടറിക്ക് ടിക്കറ്റ് ഉണ്ട്. ഓൺലൈൻ ലോട്ടറിക്ക് ടിക്കറ്റില്ലെന്ന് പറയാൻ സാധ്യമല്ല. വളരെ സ്പെസിഫിക്കായിട്ട് യൂണിയൻ ലിസ്റ്റിൽ വരുന്ന ഐറ്റത്തെ സംബന്ധിച്ച് സെൻട്രൽ ആക്ട് ഇപ്പോഴും നിലനിൽക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വായിച്ചകൂട്ടത്തിൽ അദ്ദേഹം സുപ്രീം കോടതിയുടെ ജഡ്ജ്മെന്റ് വായിക്കുകയുണ്ടായി. 1999-ലെ ആ കേസിന്റെ ജഡ്ജ്മെന്റ് 7-5-1995 B. R. Enterprises Vs. State of Utter Pradesh. പക്ഷെ ഈ കേസ് നോക്കിയാൽ 1998-ൽ ഈ നിയമം നിലവിൽ വന്നതിനുശേഷം പല സ്റ്റേറ്റിൽനിന്ന് വന്ന കേസുകളെല്ലാംകൂടി കൺസോളിഡേറ്റ് ചെയ്ത പൂർണ്ണ ജഡ്ജ്മെന്റാണ് എന്റെ കൈയിൽ ഇരിക്കുന്നത്. ഈ ജഡ്ജ്മെന്റ് നോക്കിയാൽ ഓരോ സെക്ഷനേയും സംബന്ധിച്ച് അഭിപ്രായം പറഞ്ഞിട്ടുണ്ട്. അങ്ങനെ അഭിപ്രായം പറഞ്ഞതാണ് ഇവിടെ ക്വാട്ട് ചെയ്തത്. അങ്ങയുടെ ശ്രദ്ധയിലേക്ക് ആ ജഡ്ജ്മെന്റിൽതന്നെ പറഞ്ഞിരിക്കുന്ന ഭാഗം ഞാൻ വായിക്കാം. 84-ാമത്തെ പാരഗ്രാഫിൽ In Section 2(b) Lotteries are defined to be a scheme for distribution of prizes by a lot or chance. This definition itself recognize that even in State lotteries the prizes

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

are to be collected by chance without any skill hence, gambling in nature. Section 3 prohibits that no State lotteries can be organized without the conditions stipulated under Sub section (a) to (k) of Section 4. 1998-ലെ ആക്ടിൽ എങ്ങനെയാണ് ലോട്ടറി നടത്തേണ്ടതെന്നാണ് സെക്ഷൻ 4-ൽ പറയുന്നത് Section 4 provides the conditions to be complied with by the State lotteries to initiate any State lottery it is left to the policy of each State, for this the Act is silent. The only control is in case it decides when it must follow the conditions as laid down under Section 4. Next comes Section 5, which is subject matter of challenge. The delegation of power to the State to prohibit the State, sale of lottery tickets organized by every other States if a State desires not to subject its people to the lottery gambling, it has no power to restrict lotteries by other States. അപ്പോൾ ഓൺലൈൻ ലോട്ടറി ഈ ജഡ്ജ്മെന്റ് പ്രകാരം വരികയാണ്. എന്റെ പരിജ്ഞാനം കുറവാണെങ്കിൽ അങ്ങ് പരിശോധിക്കണം. അപ്പോൾ ഓൺലൈൻ ലോട്ടറി ഇതിനകത്ത് വരുന്നുണ്ട്. ഇങ്ങനെ വരുന്ന സാഹചര്യത്തിൽ എങ്ങനെ മുൻപോട്ട് കൊണ്ടുപോകാൻ കഴിയും. ഇതിനകത്ത് ചെയ്യാവുന്ന ചില സംഗതികളുണ്ട്. സെൻട്രൽ ആക്ടിൽ അമെന്റ്മെന്റ് വരുത്തി, നമ്മൾ അതിന്റെ ഒബ്ജക്ട്സ് ആൻഡ് റീസൺസിൽ പറയുന്നുണ്ട്. എന്തുകൊണ്ടാണ് gambling and gaming എന്നുള്ള നിയമത്തിന് നമ്മൾ ഭേദഗതി വരുത്തുന്നത് എന്നും lottery നിയമത്തിൽ tax on lotteries-ൽ എന്ത് ഭേദഗതിയാണ് ഏർപ്പെടുത്തുന്നത് എന്നും objects and reasons- ൽ പറയുന്നുണ്ട്. അപ്പോൾ ഗവൺമെന്റിന് വിശാലമായ ലക്ഷ്യമുണ്ട്. ആ വിശാലമായ ലക്ഷ്യം ഹനിക്കപ്പെടാൻ പാടില്ല. സെൻട്രൽ ആക്ട് അമെന്റ് ചെയ്യാൻ നമുക്ക് ആവശ്യപ്പെടാവുന്നതാണ്. ഓൺലൈൻ ലോട്ടറികൾ ഇവിടെ നടക്കാൻ പാടില്ല. നമുക്കാർക്കും അക്കാര്യത്തിൽ തർക്കമില്ല.

ശ്രീ. എ. കെ. ബാലൻ: സെൻട്രൽ ആക്ട് ഭേദഗതി ചെയ്യാതെ തന്നെ സെൻട്രൽ ആക്ട് സെക്ഷൻ 6 പ്രകാരം Section 6 Central Government may by order published in the official Gazette prohibit a lottery organized, conducted or promoted in contravention of the provisions of Section 4. 4-ാം സെക്ഷന് എതിരായിട്ട് ഏതെങ്കിലും ലോട്ടറി ഏതെങ്കിലും ഗവൺമെന്റ് നടത്തുന്നുണ്ടോ? എങ്കിൽ കേന്ദ്ര ഗവൺമെന്റിന് ഒഫീഷ്യൽ ഗസറ്റിൽ പബ്ലിഷ് ചെയ്ത് പ്രൊഹിബിറ്റ് ചെയ്യാമെന്ന് പറയുന്നുണ്ടല്ലോ? അപ്പോൾ സേഫ്ഗാർഡ് അതിലില്ലേ? അമെന്റ് ചെയ്യാതെ കഴിയുകയില്ലേ?

ശ്രീ. ടി. എം. ജേക്കബ്: ഇതെല്ലാം വന്നതിനുശേഷമാണല്ലോ ഈ ഓൺലൈൻ സിസ്റ്റം ഹൈടെക് സിസ്റ്റം വന്നിരിക്കുന്നത്. നമുക്ക് സ്റ്റേറ്റ് ലോട്ടറി നടക്കണം പേപ്പർ ലോട്ടറികളും ഇവിടെ വരും അവർക്ക് ടാക്സ് ഏർപ്പെടുത്തണം. ഓൺലൈൻ ലോട്ടറി വരാൻ പാടില്ല. ഇതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ആ ലക്ഷ്യത്തിലേക്ക്

പോകുമ്പോൾ ഈ ആക്ട് എന്റെ കൈയിലുണ്ട്. Section 6 prohibition of organisation etc. of lottery എന്നാണ് പറയുന്നത്. അത് അങ്ങ് വായിച്ചത് ശരിയാണ്. പക്ഷെ ഒരു നോട്ടിഫിക്കേഷൻ വഴി മാത്രം കാര്യങ്ങൾ നടക്കില്ല എന്നുള്ള സ്ഥിതിയിലേക്ക് കാര്യങ്ങൾ വന്നു. അതുകൊണ്ടാണ് ഈ സെക്ഷന് അമെന്റ്മെന്റാകാം നമുക്കിതിൽ പ്രൊവിസോ ചേർക്കാൻ പറയാം. ഇതൊക്കെ സെൻട്രൽ ഗവൺമെന്റിന് ചെയ്യാം. നമ്മുടെ സംസ്ഥാനത്ത് വന്നിരിക്കുന്ന പ്രത്യേക സാഹചര്യത്തിൽ ഈ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടല്ലോ? നമ്മുടെ എം. പി.-മാരുണ്ട്. ഇവിടെ ആ നിലക്ക് ഇതിനെ കാണണമെന്നാണ് പറയാനുള്ളത്. Gaming-നെ സംബന്ധിച്ച് "(b) 'gaming' means wagering, betting and gambling which includes the conduct, marketing and sale of on-line lotteries, but does not include lottery organized by any State Government or the Central Government" ഇത് സെൻട്രൽ ആക്ട് (ബി)-ൽ പറയുന്നതിന് വിരുദ്ധമായിട്ട് വരും. ഇപ്പോൾ ഇവിടെ നിലവിലുള്ള കേരള ഗെയിമിംഗ് ആക്ടിന്റെ 2(ബി)-ക്ക് പകരം നമ്മൾ പറയുന്ന ചെറിയ പ്രൊവിഷനാണ്. അത് നിൽക്കില്ല. ചൂതാട്ടം നിരോധിക്കണം. പന്തയം വയ്ക്കൽ മറ്റ് കാര്യങ്ങൾ നിരോധിക്കാൻ വേണ്ടി 1960-ൽ കൊണ്ടുവന്ന നിയമത്തിൽ ലോട്ടറി എന്നുള്ള നിർവ്വചനം നിൽക്കുമ്പോൾ ഗെയിമിംഗെന്നുള്ള ഈ നിയമത്തിൽ ഇത് ഇൻകോർപ്പറേറ്റ് ചെയ്താൽ നിൽക്കില്ല എന്നാണ് എന്റെ അഭിപ്രായം. നേരത്തെ സ്പീക്കർ റൂളിംഗ് നൽകിയപ്പോൾ നമ്മളല്ല നിശ്ചയിക്കേണ്ടത്. കോടതിയാണ് നിശ്ചയിക്കുന്നത് എന്നു പറഞ്ഞു. ഇതിന്റെ ഓൺലൈൻ ലോട്ടറികൾ ഡെൽഹിയിലും. കേരള ഹൈക്കോടതിയിലും ഹാജരാക്കിയ വക്കീലൻമാർ ആരൊക്കെയാണ് ഇൻഡ്യയിലെ ഏറ്റവും പ്രഗൽഭമതികളായ അഭിഭാഷകർ വക്കീലൻമാരെയാണ് ഹാജരാക്കിയത്. അവർക്ക് ഇത് ചോദ്യം ചെയ്യാൻ വല്ല വിഷമവുമുണ്ടോ? നമ്മൾ ഇത് പാസാക്കി ഗസറ്റിൽ വിജ്ഞാപനം ചെയ്ത് നിലവിൽ വന്നു കഴിഞ്ഞാൽ അടുത്ത ദിവസം തന്നെ അവർ കോടതിയിൽ കൊണ്ടുപോകും. അങ്ങ് പറഞ്ഞല്ലോ ഈ വക്കീലൻമാർ കോടതിയിൽ പോയതിനെക്കുറിച്ച്. അങ്ങയെ നമ്മുടെ ഉദ്യോഗസ്ഥൻമാർ തെറ്റിദ്ധരിപ്പിച്ചതാണ്. നമ്മളാരും അറിയുന്നില്ല. ഞാനും മന്ത്രിയായിരുന്ന ആളാണ്. ഡെൽഹിയിൽ എങ്ങനെയാണ് കേസ് നടക്കുന്നതെന്ന് നമുക്ക് അറിയാമോ? സുപ്രീം കോടതിയിൽ ഈ കേസ് വന്ന അവസരത്തിൽ ഹൈക്കോടതിയിൽ അപ്പീൽ ഉണ്ടായിരുന്ന കാര്യം അവിടെ മിണ്ടിയിട്ടില്ല. എന്റെ കൈയിൽ ഇരിക്കുന്നത് സാജൻ പീറ്റർ കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്ത മെമ്മോറാണ്ടമാണ്. ശ്രീ. ശങ്കരനാരായണൻ ധനകാര്യവകുപ്പുമന്ത്രിയായിരുന്നപ്പോൾ നമ്മുടെ ഗവൺമെന്റിനു വേണ്ടി അന്ന് കൊടുത്ത മെമ്മോറാണ്ടമാണ്. കഴിഞ്ഞ ദിവസം നിയമസഭയിൽ ഒരു ചോദ്യം ചോദിച്ചു, അങ്ങ് മനഃപൂർവ്വം ചെയ്തു എന്ന് ഞാൻ പറയുകയില്ല, ചെയ്യുകയുമില്ല. പക്ഷെ നമ്മുടെ ഉദ്യോഗസ്ഥൻമാരോട് ഇതിന്റെ ഒരു കോപ്പി തരുമോ എന്ന് ചോദിച്ചപ്പോൾ എടുത്തു തരാൻ തയ്യാറായില്ല.

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യത്തിന്റെ ഉത്തരവും തന്നില്ല. എന്റെ കൈയിൽ കിട്ടി. ഇത് ഒറിജിനൽ തന്നെയാണ്. ഇതിനകത്ത് ഒരു രഹസ്യ സ്വഭാവവും ഇല്ല. ഇതിൽ ലാസ്റ്റിൽ 66-ാമത്തെ പേജിൽ പറയുന്നു. In the circumstances..... 66-ാമത്തെ പേജിൽ പറയുന്നു (a) the on-line and paper lotteries organized on behalf of various State Governments, Royal Government of Bhutan describes above may be prohibited under Section 6 of the Lottery Regulation Act. Appropriate notification as required under the Act may be arranged to be issued as early as possible. (b) pending final decision on (a) above immediate orders may be issued direct in the State to temporarily stop the sale of tickets of these lotteries within the Territory of State of Kerala forthwith. ഇത് നമ്മൾ അവിടെ കൊടുത്ത ഡേററ് 23-08-04 നാണ്. സുപ്രീം കോടതിയിൽ കേസ് വന്ന സമയത്ത് നമ്മുടെ വിരുതൻമാർ ഇക്കാര്യങ്ങൾ കൂടെ കൊടുക്കേണ്ടേ? ഞങ്ങൾ സ്റ്റേറ്റ് ഗവൺമെന്റിന്റെ പ്രശ്നം വച്ച് കേന്ദ്ര ഗവൺമെന്റ് ഇതിനകത്ത് മുഴുവൻ ഡിസ്കസ് ചെയ്യുന്നുണ്ട്. ഞാൻ ഇത് മുഴുവൻ വായിച്ചു നോക്കി. Annexure Section 4 അനുസരിച്ച് ഒറ്റ നമ്പർ ലോട്ടറി നടത്താൻ പറ്റില്ല. സാജൻ പീറ്റർ സബ്മിറ്റ് ചെയ്ത മെമ്മോറാണ്ടത്തിൽ ഈ പേജിൽ ഒറ്റ നമ്പർ ലോട്ടറി മുഴുവൻ കാണിച്ചിരിക്കുന്നത് ടിക്കറ്റിന്റെ ഫോട്ടോസ്റ്റാറ്റാണ്. ഇത് നമ്മുടെ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി. ഓൺലൈൻ ലോട്ടറി എങ്ങനെ നടത്തുന്നു Annexure-ന്റെ അകത്ത് പറഞ്ഞിട്ടുണ്ട്. നമ്മുടെ ഉദ്യോഗസ്ഥൻമാരുടെ പണിയെന്താണ്? ഇത് മന്ത്രിയുടെ പണിയല്ലല്ലോ? അങ്ങയുടെ കസേരയിൽ ഞാൻ ഇരുന്നാലും മന്ത്രിയുടെ പണിയല്ല. കേസ് വാദിക്കുന്ന വക്കീൽ ശ്രീ. പി. പി. റാവുവല്ല, അശോക്ദേശായിയല്ല ആരാണെങ്കിലും, കൊമ്പൻമാർ എങ്ങനെയാണ് കേസ് നടത്തുന്നത്? അവരുടെയടുത്ത് പോയിരുന്ന് പറഞ്ഞ് പഠിപ്പിച്ച് ഗുളിക രൂപത്തിൽ ആക്കിക്കൊടുത്താൽ വിഴുങ്ങും. ഒരു പണി സീനിയർ ലോയർ ചെയ്യുന്നുണ്ടോ? ഞാൻ സുപ്രീം കോടതിയിൽ പോയി കേസ് നടത്തിയിട്ടുണ്ട്. നമ്മുടെ മുല്ലപ്പെരിയാറിന്റെ കേസ് വന്നു. എത്ര ദിവസം ഉദ്യോഗസ്ഥൻമാർ പോയിരുന്നു. അവിടെ ചെല്ലുമ്പോൾ ഒരു ദിവസം ജലദോഷം അല്ലെങ്കിൽ വേറൊരു ദിവസം തിരക്ക്. പത്ത് മിനിട്ട് അഞ്ച് മിനിട്ട്. ഓരോ സിറ്റിംഗിനും ഓരോ ചാർജ്ജ്. ഇങ്ങനെ ഒരു സാധനം ഉണ്ടെന്ന് കേസ് വാദിക്കുമ്പോൾ നമ്മുടെ വക്കീൽ സുപ്രീം കോടതിയിൽ പറഞ്ഞില്ല. അവിടെ ഹാജരായത് ആരാണ്? രാജൻ ജോസഫ്. സുപ്രീം കോടതിയിൽ റാവു പോയില്ല. ഞാൻ വസ്തുനിഷ്ഠമായിട്ട് പറയുകയാണ്. റാവുവിന് ഹാജരാകാൻ പറ്റിയില്ല. ഇവിടെ ശ്രീ. സതീശൻ ചൂണ്ടിക്കാണിച്ചതുപോലെ അപ്പീൽ പെന്റിംഗിലാണ്. അതുകൊണ്ട് എസ്. എൽ. പി. ഇവിടെ പരിഗണിക്കരുത്. അതിൽ ഡിസിഷൻ ആകട്ടെ. താഴെ കോടതിയിൽ സജീവമായി കേസ് പെന്റിംഗിൽ ഇരിക്കുമ്പോൾ അപ്പെക്സ് കോർട്ട് ഒരിക്കലും അതിന്റെ മേലെ കയറി വിധി പറയില്ല. ആ ജഡ്ജമെന്റിന് മേലെ അപ്പീലിനു പോകുക അതല്ലേ നിയമം? ഇത്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഉദ്യോഗസ്ഥൻമാർ ചെയ്തോ? ചെയ്തില്ല. ഇവരെ നിലയ്ക്ക് നിർത്തേണ്ടേ? ഉദ്യോഗസ്ഥൻമാരാണ് ഗവൺമെന്റിനെ കുഴപ്പത്തിലാക്കുന്നത്. നമ്മുടെ ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ ആക്കിയതും ചീഫ് സെക്രട്ടറിയെക്കൊണ്ട് മാപ്പ് പറയിപ്പിച്ചതും നമ്മുടെയിവിടത്തെ സെയിൽസ്ടാക്സ് കമ്മീഷണറും രാജൻ ജോസഫും കൂടിയാണ്. ഇവർ രണ്ടുപേരുമാണ് ഉത്തരവാദികൾ. ഇവിടെ ഒരു കാര്യം ചൂണ്ടിക്കാണിക്കാം. സുപ്രീം കോടതിയുടെ ആ വിധിക്കകത്ത് നമ്മൾ അവിടെ കൊണ്ടുകൊടുത്ത അഫിഡവിറ്റ് എന്താണെന്നറിയാമോ? Council appearing for the respondent എന്നാൽ നമ്മുടെ സ്റ്റേറ്റ് seek a short adjournment to file an additional affidavit. അതിന്റെ കൂടെ അവർ പറഞ്ഞു. They have undertaken not to regulate any F.I.Rs. in future for violation of the Lottery Regulation Act, 1998 and also not to take any further steps in the F.I.R. already registered against the petitioners whatever action has been taken by way of ceiling the premises or seizing of equipments while acting on the F.I.R. already registered shall be undone. ഇതാണ് ജഡ്ജ്മെന്റിലേക്ക് നമ്മുടെ സ്റ്റേറ്റിനെ കൊണ്ടെത്തിച്ചത്. ഇങ്ങനെ അഫിഡവിറ്റ് കൊടുക്കാൻ ആരാണ് അവർക്ക് അധികാരം കൊടുത്തത്? ഏകദേശം 150 കോടി രൂപയുടെയെങ്കിലും ലോട്ടറി ടിക്കറ്റുകൾ റെയിഡ് ചെയ്ത് പിടിച്ചു. ഇവിടെ പറയുന്ന ജഡ്ജ്മെന്റ് 16/8-ൽ ജസ്റ്റിസ് ബാലകൃഷ്ണൻ നായരുടെ ബഞ്ചിൽ വന്ന ജഡ്ജ്മെന്റിൽ അവസാനം എന്താണ് പറയുന്നത്? അവസാന ഭാഗം മാത്രം വായിക്കാം. 26-ാം പേജിൽ പറയുന്നു If they are selling tickets of lotteries conducted in violation of any of the provisions of Section 4 of the Act, the police can seize the computers and other instruments used for committing the offence, they can proceed against the petitioners and the officers of the concerned State Government in accordance with law for committing an offence under Section 4 of the Act, the writ petitions are disposed off as above. ഈ വിധി 16-8-2004-ൽ വരുന്നു. അതിനുശേഷം സുപ്രീം കോടതിയിൽ അവർ വീണ്ടും പോകുന്നു. ഇപ്പോൾ സുപ്രീം കോടതിയിൽ എന്താ പറഞ്ഞത്? 11-10-2004-ൽ Interlocutory application number 8 to 12 are allowed in the same time operations of the indents judgement is stayed. എന്നുവച്ചാൽ ഈ ജഡ്ജ്മെന്റ് 16-8-2004 ൽ ഈ ജഡ്ജ്മെന്റ് സ്റ്റേ ചെയ്തു. ഇതാണ് സുപ്രീം കോടതിയുടെ 16-8-2004 ലെ ജഡ്ജമെന്റ്. നമ്മുടെ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ശ്രീ. രാജൻ ജോസഫ് കൊടുത്ത നിയമോപദേശം എന്താണ്? അവസാന ഭാഗം ഞാൻ വായിക്കാം. അതായത് 15-10-2004 ൽ കൊടുത്ത നിയമോപദേശം. The State Government and police can very well and always initiate proceedings against the persons who are conducting lotteries in violation of the conditions prescribed in the Act only when specific instances of violation of the provisions are noted. It is necessary that the police shall act in accordance

LIBRARY ARCHIVES Kerala Legislative Assembly

with Law. സുപ്രീം കോടതിയുടെ സിങ്കിൾ ബഞ്ച് പറയുന്ന, പോലീസ് ആക്ഷൻ ആകാമെന്ന് പറയുന്ന ജഡ്ജ്മെന്റ് സ്റ്റേ ചെയ്തുകഴിഞ്ഞു. നമ്മുടെ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ കൊടുത്ത നിയമോപദേശത്തിൽ പോലീസിന് വീണ്ടും ആക്ട് ചെയ്യാം എന്നു പറഞ്ഞു. ഇതല്ലേ സുപ്രീം കോടതിയെ ചൊടിപ്പിച്ചത്? സുപ്രീം കോടതിയിൽ ഇത് ചൂണ്ടിക്കാണിച്ചപ്പോൾ സുപ്രീം കോടതി ചൂടായി. അവർ പറഞ്ഞു ഞങ്ങൾ സ്റ്റേ ചെയ്ത ഒരു കാര്യത്തിൽ നിങ്ങൾക്ക് എങ്ങനെ ആക്ട് ചെയ്യാൻ പറ്റും? അങ്ങനെയാണല്ലോ അവസാനം കൈയ്യും കെട്ടി നമ്മുടെ ചീഫ് സെക്രട്ടറി അവിടെ പോയി നിന്നത്. നമ്മുടെ സർക്കാരിനുവേണ്ടി മാപ്പപേക്ഷിച്ചു പോന്നു. സുപ്രീം കോടതിയുടെ വിധിക്കെതിരെ സ്റ്റേറ്റിന് ആക്ട് ചെയ്യാവുന്ന നിയമോപദേശം കൊടുത്ത അഡ്വക്കേറ്റ് ഈ രാജ്യത്തിന് ഭൂഷണമാണോയെന്ന് ആലോചിക്കണം. ഒന്നല്ല 10-09-04-ന് കൊടുത്ത വിചിത്രമായ ഓർഡർ എന്റെ കൈയിൽ ഇരിപ്പുണ്ട്. ഇവിടെ സുപ്രീം കോടതിക്ക് നമ്മൾ രണ്ടാമത് കണ്ടംപ്റ്റ് ചെയ്യുന്ന അവസരത്തിൽ നമ്മുടെ വക്കീൽ അതിനകത്ത് പറഞ്ഞു അഡീഷണൽ അഡ്വക്കേറ്റ് ജനറലിന് ചെയ്യാൻ നിയമോപദേശം ഉണ്ടായിരുന്നോ എന്ന് കോടതി ചോദിച്ചു. Who is he? അങ്ങനെ കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷൻ ഉണ്ടോ? അഡ്വക്കേറ്റ് ജനറലിന് ഉപദേശം സ്വീകരിക്കാം. നമ്മുടവിടെ നിന്ന് എ.ജി.-ക്ക് എഴുതിക്കൊടുത്ത് എ.ജി. വേണമെങ്കിൽ അഡീഷണൽ എ. ജി.-യുടെ ഒപ്പീനിയൻ വാങ്ങിച്ച് കൊടുക്കട്ടെ. പക്ഷെ അവിടെ കോടതിയിൽ അഡീഷണൽ എ. ജി.-യുടെ നിയമോപദേശം ഉണ്ടെന്നാണ് പറഞ്ഞത്. സുപ്രീം കോടതിയിൽ ഭരണഘടനാപരമായിട്ട് ഒരു പോസ്റ്റ് മാത്രമേയുള്ളൂ. അഡ്വക്കേറ്റ് ജനറൽ. അഡ്വക്കേറ്റ് ജനറലിന് നിയമോപദേശം എന്തെങ്കിലും ഉണ്ടെങ്കിൽ പറ ഞങ്ങൾ നോക്കട്ടെ എന്ന്. ഇത് അവിടെ എടുക്കാൻ പോലും തയ്യാറായില്ല. ഇതൊക്കെ ഈ സർക്കാരിനെ ചീത്തയാക്കാൻവേണ്ടി ഇവർ ചെയ്യുന്നതല്ലേ? നമ്മൾ എല്ലാവരും, പ്രതിപക്ഷത്തിരിക്കുന്നവരും, ഭരണ

7.00 P.M.] പക്ഷത്തിരിക്കുന്നവരും ലോട്ടറി പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെടുന്നു. ഓൺലൈൻ ലോട്ടറി നിരോധിക്കണമെന്ന് ആവശ്യപ്പെടുന്നു. ഇതൊരു കോമൺ ഇന്റൻഷനായി നമ്മുടെ മനസ്സിൽ നിൽക്കുമ്പോൾ നമ്മളെ ആക്ട് ചെയ്യാൻ വിടാതെ നമ്മുടെ കൈയും കാലും ബന്ധിച്ച ഈ ഉദ്യോഗസ്ഥരെ എന്തു ചെയ്യണം.? അവർ കാണിച്ച വൃത്തികെട്ട, തരംതാണ ഏർപ്പാടുകളാണ് ഈ സംസ്ഥാനത്തെ ഈ ഗതികേടിലേക്ക് കൊണ്ടെത്തിച്ചത്. ഞാൻ ഒന്നു രണ്ട് കാര്യങ്ങൾ ചൂണ്ടിക്കാണിക്കട്ടെ, ഇപ്പോൾ സുപ്രീം കോടതിയിലെ സ്ഥിതി എന്താണ്? സുപ്രീം കോടതിയിലെ സ്ഥിതി നമ്മുടെ 2003-ലെ റൂളിന്റെ 24 (3), 24(10), The Kerala State Lotteries and Online Lotteries Regulation Act, 2003 അത് സുപ്രീം കോടതി ഡിസൈഡ് ചെയ്തിട്ടില്ല. നമ്മൾ റൂൾ കംപ്ളീറ്റായി withdraw ചെയ്തു. ഇപ്പോൾ റൂൾ ഇല്ല. 1998-ലെ ആക്ട് പ്രകാരമുള്ള റൂൾ ഇപ്പോൾ കേരളത്തിലില്ല. ഈ റൂളിന്റെ ക്ളോസ് 24(3),

2/676/2012—49a.

LIBRARY ARCHIVES Kerala Legislative Assembly

24(10) ചലഞ്ച് ചെയ്തുകൊണ്ടുള്ള ഉത്തരവാണ് സുപ്രീം കോടതി തരേണ്ടത്. അതിന് ഇപ്പോൾ സുപ്രീം കോടതിയിൽ കേസ് ഉണ്ടോ? നമ്മൾ റൂൾ വിത്ത്ഡ്രോ ചെയ്തു. അവിടെയിപ്പോൾ കേസ് ഇല്ല. സംസ്ഥാന സർക്കാർ മാപ്പും പറഞ്ഞു കഴിഞ്ഞു. കൊല്ലനും അറിഞ്ഞില്ല, കൊല്ലത്തിയും അറിഞ്ഞില്ല. തിരൈത്തെയ് എന്നൊരു കൊച്ചരിവാൾ. സ്റ്റേറ്റിനെ എവിടെകൊണ്ട് എത്തിച്ചു ഇവർ? ഇനി കൊണ്ടുവരാൻ പോകുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ നമ്മൾ വേറെ റൂൾ ഉണ്ടാക്കണം. ഈ സ്ഥിതിയിലേക്ക് നമ്മുടെ സ്റ്റേറ്റിനെ കൊണ്ടെത്തിച്ച ഇവരുടെ നിയമോപദേശം എവിടെ നിൽക്കുന്നു? ഇത് അങ്ങ് മന്ത്രിയായി വന്നശേഷം, അതിനു മുമ്പ് മന്ത്രിയായിരുന്ന ആൾ പുറകിൽ ഇരിപ്പുണ്ട്. 11-10-2004-ൽ ആണ് അങ്ങ് മന്ത്രിയായ ശേഷം വരുന്ന ജഡ്ജ്മെന്റ്. അതിനു മുമ്പു വന്ന ജഡ്ജ്മെന്റ് എല്ലാം ശ്രീ. എ. കെ. ആന്റണി ഗവൺമെന്റിന്റെ കാലത്തു വന്ന ജഡ്ജ്മെന്റുകളാണ്. ഈ ജഡ്ജ്മെന്റുകളിൽ പലതും നമുക്ക് ഗുണകരമായിട്ടുള്ളതല്ലായിരുന്നു. നമ്മൾ കേസ് നടത്തി ഗുണകരമായ ജഡ്ജ്മെന്റ് വന്നു. ഇതിൽ 6-11-2003, 8-11-2003 അന്നത്തെ ധനകാര്യവകുപ്പുമന്ത്രിയുടെ നിർദ്ദേശ പ്രകാരം അന്യ സ്റ്റേറ്റുകളുടെ ലോട്ടറി ഇവിടെ വിൽക്കരുത് എന്നു പറഞ്ഞ് സെൻട്രൽ ആക്ടിന്റെ സെക്ഷൻ 6 ഇൻവോക്ക് ചെയ്തുകൊണ്ട് നമ്മൾ ചില നടപടികൾ സ്വീകരിച്ചു. അതിനെ ചോദ്യം ചെയ്തുകൊണ്ട് സിംഗിൾ ബെഞ്ചിൽ ആദ്യം കേസ് പോയി. 17-11-2003-ൽ സിംഗിൾ ബെഞ്ച് നമുക്ക് അനുകൂലമായി വിധി പറഞ്ഞു. അതു കഴിഞ്ഞ് ഡിവിഷൻ ബെഞ്ചിൽ ഒരു ഇന്ററിം സ്റ്റേ വന്നു and temporarily suspended the operations of Sub rule 3 (10) of Rule 24 of the Kerala State Lotteries, On-line Lotteries Regulation Act, the Honourable Court had made it clear that interim order will not prevent the State to pursue action under any other law. It was also instructed the State to approach the Central Government to impose restrictions on the outside State lotteries, if necessary. അങ്ങ് ഇടയ്ക്ക് ചോദിച്ചല്ലോ നമുക്ക് ഇതിൽ എന്തുചെയ്യാൻ കഴിയുമെന്ന്? ഇത് 2003-ൽ ശ്രീ. ശങ്കരനാരായണൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ വന്ന കോടതിയുടെ Interim Order ആണ്. അങ്ങ് ഒന്നുചോദിക്കണം. അതിന് അന്ന് ചില ഇൻസ്ട്രക്ഷൻസ് പോയി. ലോട്ടറി ഡയറക്ടർ ചില കത്തുകൾ എഴുതി. പക്ഷേ നമ്മുടെ ടാക്സസ് ഡിപ്പാർട്ടുമെന്റ് അത് എടുത്തുവച്ച് പല ആഴ്ച മൂടങ്ങി. ഒരു നടപടിയും സ്വീകരിച്ചില്ല. 2003-ൽ വന്ന വിധിയുടെ ഇന്ററിം ഓർഡർ അനുസരിച്ച് നടപടി എടുത്തിരുന്നെങ്കിൽ ഇന്ന് ഈ സ്ഥിതിയിലേയ്ക്ക് വരില്ലല്ലോ. സാജൻ കൊടുത്ത റിപ്പോർട്ട് അവിടെ കിടക്കുന്നു. ഇതൊന്ന് പഴ്സ്യൂ ചെയ്യാൻ പാടില്ലേ? ഇവർ എത്ര പ്രാവശ്യം ഡൽഹിക്ക് പോകുന്നുണ്ട്. ആവശ്യത്തിനും ആവശ്യം ഇല്ലാത്തതിനും ഡൽഹിക്ക് പോകുന്നുണ്ടല്ലോ നമ്മുടെ പല ഉദ്യോഗസ്ഥരും. ഞാൻ ഉദ്യോഗസ്ഥരെ അടച്ച് ആക്ഷേപിക്കുന്നില്ല. എനിക്ക് ഉദ്യോഗസ്ഥരോട് പകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഐ. എ. എസ്.-കാരും എല്ലാ ഉദ്യോഗസ്ഥരും വളരെ സത്യസന്ധമായി മാന്യമായി ജോലി ചെയ്യുന്നവരാണ് ബഹുഭൂരിപക്ഷവും. ഞാൻ സമ്മതിക്കുന്നു. പക്ഷേ ചിലർ ഇതിനകത്ത് സർക്കാരിന് പാര പണിയുകയാണ്. അതിന്റെ ഗ്ളെയറിംഗ് എക്സാംബിളാണ് ഈ പറഞ്ഞത്. ഇതിന് നടപടി ഉണ്ടാകേണ്ടേ? After the Interim judgement of the Honourable High Court dated 19-12-2000, Secretary to Government, Taxes Department, had given directions to all the District Collectors to initiate action against illegal lotteries under section 7 (3) of Lotteries Regulation Act. But not even a single case had been registered. അങ്ങ് ഒന്ന് അന്വേഷിക്കണം ഞാൻ പറഞ്ഞത് ശരിയാണോ എന്ന്. ചെയ്തിട്ടില്ല. അന്ന് ഇവർ മര്യാദയ്ക്ക് ആ ഇന്റെറിം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറെ നടപടികൾ സ്വീകരിച്ചിരുന്നു എങ്കിൽ ഈ സ്ഥിതിയിലേക്ക് എത്തില്ലായിരുന്നു. അതു കഴിഞ്ഞാണ് നമ്മൾ നമ്മുടെ ഡീറ്റെയിൽഡായ മെമ്മോറാണ്ടം കൊടുക്കുന്നത്. പിന്നെ ഡിവിഷൻ ബഞ്ചിന് വീണ്ടും കേസ് പോയപ്പോൾ സ്റ്റേറ്റ് ലോട്ടറീസ് ഡയറക്ടർ എടുത്ത എല്ലാ നടപടികളും അവർ ശരിവച്ചു. ബാക്കിയുള്ള ജഡ്ജ്മെന്റിനെക്കുറിച്ച് ഞാൻ പറയുന്നില്ല. എനിക്ക് അങ്ങയുടെ ശ്രദ്ധയിൽ പെടുത്താനുള്ള മറ്റൊരു കാര്യം ഞാനിവിടെ 1999-ലെ സുപ്രീം കോടതി വിധിയെക്കുറിച്ച് പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ലോട്ടറി ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തിൽ നമുക്ക് കുറച്ചുകൂടി എഫക്ടീവായ സംവിധാനം ഉണ്ടാക്കിയാൽ അവരെക്കൊണ്ട് ഇക്കാര്യങ്ങൾ ചെയ്യിക്കാൻ പറ്റും. അതൊന്ന് കാര്യഗൗരവത്തോടുകൂടി പരിശോധിക്കണം. ഒരു ഉദാഹരണം പറയാം 2001-ലാണ് കേരളത്തിൽ ആദ്യമായി ഭാഗ്യക്കുറികൾക്ക് ലൈസൻസ് ഫീസ് ഏർപ്പെടുത്തിയത്. വിൽപ്പന നികുതി വകുപ്പ് 2001-ൽ ഒരു കോടി രൂപയും 2002-ൽ ഒന്നരക്കോടി രൂപയുമാണ് നികുതി ഇനത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും പിരിച്ചെടുത്തത്. 2003-ൽ ഭാഗ്യക്കുറി വകുപ്പ് അന്യ സംസ്ഥാന ഭാഗ്യക്കുറികളുടെ പരിശോധന നടത്തിയ സാഹചര്യത്തിലാണ് 5,000 കോടി എന്നോ 2,000 കോടി എന്നോ ഉള്ള കണ്ടെത്തലുകൾ പറഞ്ഞത്. ഞാൻ അതിന്റെ കണക്കുകളിലേക്ക് പോകുന്നില്ല. എന്തെങ്കിലുമാകട്ടെ അവർ കുറെ കണ്ടുപിടിച്ചു. ആ കാര്യം ടാക്സസ് ഡിപ്പാർട്ടുമെന്റിനെ അറിയിച്ചിട്ടുണ്ട്. സെയിൽസ് ടാക്സ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. അറിയിച്ചില്ലെങ്കിൽ അവർ പറയട്ടെ, അല്ലെങ്കിൽ നാളെ സബ്ജക്ട് കമ്മിറ്റി കൂടുമ്പോൾ അതിന്റെ രേഖകൾ കൊണ്ടുവരട്ടെ, അറിയിച്ചിട്ടില്ലെന്ന്. അറിയിച്ചിരുന്നു. പക്ഷേ ആക്ഷൻ എടുത്തില്ല. പ്ളേവിൻ കമ്പനിക്ക് തിട്ടപ്പെടുത്തിയ കുടിശിക എനിക്കു കിട്ടിയ കണക്കു വച്ചാണ് ഞാൻ പറയുന്നത്. 895 കോടി രൂപയാണ്. ഈ തുകയ്ക്കുള്ള ഡിമാന്റ് നോട്ടീസ് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റ് കൊടുത്തു കഴിഞ്ഞപ്പോൾ അവർ ഹൈക്കോടതിയിൽ പോയി കേസ് കൊടുത്തു. അപ്പോൾ നമ്മുടെ രാജൻ ജോസഫ് തന്നെ അവിടെ ഹാജരായി. ഈ ഡിമാന്റ് നോട്ടീസ് വെറുമൊരു റീ-അസ്സസ്മെന്റ് നോട്ടീസ് മാത്രമായി

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിക്കണമെന്ന ഹർജിക്കാരുടെ ആവശ്യം രാജൻ ജോസഫ് എതിർത്തില്ല., നമ്മുടെ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റ് 895 കോടി രൂപയ്ക്കുള്ള ഡിമാന്റ് നോട്ടീസ് കൊടുത്തിട്ട് ഇങ്ങനെയൊരു ആർഗ്യുമെന്റ് ഓൺലൈൻ ലോട്ടറിക്കാരായ പ്ളേവിൻകാർ അവിടെ പറഞ്ഞപ്പോൾ അതിനെ ഒപ്പോസ് ചെയ്യേണ്ട കേരള ഹൈക്കോടതിയിലെ നമ്മുടെ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ രാജൻ ജോസഫ് അതിനെ ഒപ്പോസ് ചെയ്തില്ല. അതുകൊണ്ട് അവരുടെ റിക്വസ്റ്റ് ഗ്രാന്റ് ചെയ്തു. സർക്കാരിലേക്ക് വരേണ്ട 895 കോടി രൂപ വന്നില്ല. നഷ്ടം അവർക്കല്ല. പക്ഷേ ലാഭം ചിലർക്ക് കിട്ടിയിട്ടുണ്ട്. ആ ലാഭം ഇല്ലെങ്കിൽ ഇത്തരം പൊട്ട ഉപദേശങ്ങൾ കൊടുക്കുമോ? ഞാൻ നിയമനിർമ്മാണത്തിന്റെ കാര്യമാണ് പറഞ്ഞത്. വേറെ ഒന്നും പറയുന്നില്ല. 21-12-2004-ൽ ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ ഓൺ ലൈൻ കമ്പനികൾ ഓരോ outlet-നും നികുതിയടയ്ക്കണമെന്ന് വ്യക്തമാക്കിയിരുന്നു. ഈ സാഹചര്യത്തിൽ 2004 മാർച്ചുവരെ ലൈസൻസ് ഫീ അടയ്ക്കാമെന്നു സമ്മതിച്ചിരുന്ന പ്ലേവിൻ കമ്പനി കോടതി ഉത്തരവിനെത്തുടർന്ന് കുടിശ്ശിക 895 കോടി രൂപ എത്രയും പെട്ടെന്ന് അടക്കേണ്ടതായിരുന്നു. എന്നാൽ അവർ ഒരു പൈസപോലും അടയ്ക്കാൻ മുന്നോട്ടുവന്നില്ല. അപ്പോഴേക്കും ബാക്കി നമ്മുടെ ഓർഡറും വന്നു. അവർക്കതു സൗകര്യമായി. അവർ പോയില്ലേ. ഇനി അവരെ എവിടെപ്പോയി കണ്ടെത്തും. അതുപോലെതന്നെ ധനകാര്യവകുപ്പുമന്ത്രി പത്രസമ്മേളനത്തിൽ പറഞ്ഞു അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള അനധികൃത ഭാഗ്യക്കുറികളിൽ നിന്ന് ഒരു പൈസ പോലും നികുതി സ്വീകരിക്കില്ലെന്ന്. അങ്ങ് പറഞ്ഞത് സദുദ്ദേശപരമായിട്ടാണ്. അങ്ങയുടെ പത്രസമ്മേളനം ഞാൻ ടെലിവിഷനിൽ കണ്ടു. സ്വാഭാവികമായും അങ്ങ് ശക്തിയോടുകൂടിത്തന്നെ പറഞ്ഞു. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ റൂൾ വയലേറ്റ് ചെയ്താൽ നടപടിയെടുക്കുമെന്നും ഗവൺമെന്റ് പ്രഖ്യാപിച്ചു. ഞാൻ നിയമസഭയിൽ ഒരു ചോദ്യം ചോദിച്ചു. അങ്ങതിന് മറുപടിയും തന്നു. സാധാരണ മന്ത്രിമാർ മറുപടി പറയുന്നത് സ്വന്തമായിട്ട് എഴുതിയല്ലല്ലോ. ഈ മറുപടി എഴുതി തരുന്നത് ഉദ്യോഗസ്ഥന്മാരാണ്. അതിൽ നമുക്ക് വേണമെങ്കിൽ പോളിസിപരമായ കാര്യങ്ങളിൽ ചില ഭേദഗതികൾ വരുത്താം. ഡേറ്റാസ് നമ്മൾ മാറ്റില്ല. എന്റെ ചോദ്യവും, അങ്ങയുടെ മറുപടിയും ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പനനികുതിയായ ഫിനാൻസ് ആക്ട് 5 b(a) പ്രകാരം വീക്കിലി ഭാഗ്യക്കുറിക്ക് 2004 വരെ ലൈസൻസ് ഫീയായി എത്ര തുകയാണ് നൽകേണ്ടിയിരുന്നതെന്ന് വ്യക്തമാക്കാമോ? വിൽപന നികുതി നിയമം വകുപ്പ് 5 ബി (എ) പ്രകാരം വീക്കിലി ഭാഗ്യക്കുറിക്ക് ഓരോ നറുക്കെടുപ്പിനും 20,000 രൂപ വീതമാണ് 31-3-2004 വരെ നൽകേണ്ടിയിരുന്നത്. പ്രസ്തുത തുക വർദ്ധിപ്പിച്ചിട്ടുണ്ടോ? ഉണ്ട്. 2004-ലെ ഫിനാൻസ് ആക്ട് പ്രകാരം 25,000 ആയി വർദ്ധിപ്പിച്ചു. ഇതെല്ലാം ശരിയാണ്. നികുതിസംബന്ധമായ തർക്കമുണ്ടായ സന്ദർഭത്തിൽ ടാക്സസ് കമ്മീഷണറെ adjudication-ന് ആരെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ? എന്റെ ചോദ്യമാണ്. മറുപടി, 6-2-2004-ന് W.P. 4143/04 എന്ന

LIBRARY ARCHIVES Kerala Legislative Assembly

ഹർജിയിന്മേലുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിയനുസരിച്ച് വിൽപ്പന നികുതി നിയമം വകുപ്പ് 59(എ) പ്രകാരം വിശദീകരണം നൽകുന്നതിനായി ലോട്ടറി വ്യാപാരികൾ വാണിജ്യ നികുതി കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കുകയും 29-3-2004-ൽ സി(3)-8612/04/സി.ടി. എന്ന ഉത്തരവുപ്രകാരം കമ്മീഷന് വിശദീകരണം നൽകുകയുമുണ്ടായി. എന്റെ ചോദ്യം കമ്മീഷണറെ adjudication-ന് ആരെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നാണ്. ചുമതലപ്പെടുത്തിയത് കേരള ഹൈക്കോടതിയാണ്. അതു പറഞ്ഞില്ല. അത് Taxes Commissioner സൗകര്യംപോലെ മറച്ചു. Licence fee വാങ്ങേണ്ടാ എന്നും Turn over tax പിരിച്ചാൽ മതിയെന്നും കമ്മീഷണർ ഉത്തരവിട്ടിട്ടുണ്ടോ? ഇല്ല. Turn over tax ഈടാക്കുമ്പോൾ അവലംബിക്കേണ്ട നടപടിക്രമങ്ങൾ എന്തായിരിക്കണമെന്ന് കമ്മീഷണർ നിഷ്കർഷിച്ചിട്ടുണ്ടോ? എങ്കിൽ വിശദാംശങ്ങൾ വിശദീകരിക്കാമോ എന്നുള്ളതിന് അവിടെയൊന്നുമില്ല. ഇതിനകത്തെ adjudication-ന്...., ഞാൻ പറയുമ്പോൾ അങ്ങ് ഗൗരവം ആയിട്ട് എടുക്കുമെന്ന് അറിയാം. അങ്ങ് ഫയലൊന്ന് പരിശോധിക്കണം. Adjudication വന്നതിനുശേഷം അവിടെ രണ്ട് issue വന്നല്ലോ. ഒന്ന് ലൈസൻസ് ഫീ ഈടാക്കിയാൽ മതി. അപ്പോൾ ലൈസൻസ് ഫീ സംബന്ധിച്ചും ടാക്സസിനെ സംബന്ധിച്ചും തർക്കം വന്നപ്പോഴാണ് ഈ adjudication-ന് കോടതി വിടുന്നത്. അപ്പോൾ ടാക്സസ് കമ്മീഷണർ എന്ത് പറഞ്ഞു ലോട്ടറിയുടെ വിറ്റുവരവിന്റെ, Turn over tax-ന്റെ വിറ്റുവരവിൽനിന്നും ലോട്ടറിയുടെ സമ്മാനതുക കഴിച്ചിട്ട് ബാക്കി വരുന്നതിന് turn over tax കണക്കാക്കാമെന്ന്. ഈ ജന്മത്തിൽ ദേവേന്ദ്രൻ വിചാരിച്ചാലും നടക്കുന്ന കാര്യമാണോ? ഈ സംസ്ഥാനത്ത് എത്ര ലോട്ടറി ടിക്കറ്റ് വിറ്റു എന്ന് ആർക്കാ കണക്കുള്ളത്? എത്ര സമ്മാനം കിട്ടിയെന്ന് ആര് പറയുന്നതാണ് കണക്ക്? ആ ലൈസൻസ് ഫീ ചോദിക്കുന്നതിനുപകരം. എന്തിനാണ് ഇങ്ങനെ ഉത്തരവ് കൊടുത്തത്? വിധി ലോട്ടറി മാഫിയയെ സഹായിക്കാൻ വേണ്ടി കൊടുത്തതാണ്. ഇതു മന്ത്രി അറിഞ്ഞു കൊടുത്ത ഉത്തരവൊന്നുമല്ല. ഉദ്യോഗസ്ഥൻമാരുടെ ലെവലിൽ കൊടുത്തതാണിത്. ഇതിനെക്കുറിച്ച് അന്വേഷിക്കേണ്ടേ. ഇവിടെ ഞാനൊരു ഭാഗം പറഞ്ഞില്ലേ. അങ്ങയുടെ ഉത്തരവ് അങ്ങ് പറഞ്ഞതിനെക്കുറിച്ച് ഇങ്ങനെ എന്തെങ്കിലും ഉണ്ടായാൽ നടപടി സ്വീകരിക്കുമോയെന്ന്, സ്വീകരിക്കുമെന്ന് അങ്ങ് പറഞ്ഞു. എന്റെ ഒരു ചോദ്യം പാലക്കാട് രണ്ടാം നമ്പർ സർക്കിളിന്റെ ഉദ്യോഗസ്ഥന്മാർ ഇങ്ങനെയെന്തെങ്കിലും നികുതി ഈടാക്കിയോ. 23-12-2004 എഴുതിക്കൊടുത്തത്, ഞാനത് എഴുതിയത് തെറ്റാണ്. 2-2-2004 എന്നാണ്. അത് സാങ്കേതികത്വം വച്ച്, പാലക്കാട് രണ്ടാം നമ്പർ സർക്കിളിലെ ഉദ്യോഗസ്ഥൻ 23-12-2004 അവസാനത്തിന് നികുതി ഈടാക്കിയതായി കാണുന്നില്ല. വളരെ കറക്ടാണ്. സാങ്കേതികമായിട്ടുള്ളത് ഞാനത് അങ്ങയുടെ കയ്യിൽ തരാം. B.S. Enterprises എന്നു പറയുന്ന ഒരു സ്ഥാപനം അവിടെ ടാക്സ് അടയ്ക്കാൻ വേണ്ടി ഒരു കള്ള സ്റ്റേറ്റുമെന്റ് കൊണ്ടുകൊടുത്തു. അത് നമ്മുടെ സ്റ്റേറ്റിനെ പറ്റിക്കാൻ വേണ്ടിയിട്ട്. അതിനകത്ത് Additional Sales Tax Officer-1, Circle-2 പാലക്കാട് അദ്ദേഹം ഒപ്പിട്ടു കൊടുത്തിരിക്കുകയാണ്. അതിന്റെ ഫോട്ടോകോപ്പിയാണ്. ഇത് അങ്ങയെ പറ്റിക്കലല്ലേ. സ്വാഭാവികമായിട്ടും ഈ ചോദ്യം ചോദിച്ചപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ ഫയൽ എവിടെനിന്നെങ്കിലും പൊങ്ങിക്കാണുമല്ലോ. അപ്പോൾ സാങ്കേതികത്വം പറഞ്ഞ് അങ്ങയെ കബളിപ്പിക്കുകയല്ലേ ചെയ്തത്, ഈ സംസ്ഥാന ഗവൺമെന്റിനെ കബളിപ്പിക്കയല്ലേ ചെയ്തത്. ആ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമെന്ന് അങ്ങ് പരസ്യമായി പത്രസമ്മേളനത്തിൽ വാക്കുപറഞ്ഞിട്ട് ആ ഉദ്യോഗസ്ഥനെ രക്ഷിക്കാൻ ഇപ്പോൾ ഗ്യാലറിയിലിരുന്ന് എന്റെ പ്രസംഗം കേൾക്കുന്ന ഉദ്യോഗസ്ഥന്മാർ ശ്രമിച്ചു. ഇത് ശരിയാണോ. നിയമസഭയിൽ ചോദ്യം ചോദിച്ചാൽ മര്യാദയ്ക്ക് മറുപടി തരേണ്ടേ? മന്ത്രിമാരെ കബളിപ്പിക്കുന്ന ഏർപ്പാട് ഉദ്യോഗസ്ഥന്മാർക്ക് എടുക്കാൻ കൊള്ളാമോ? അങ്ങ് ഞാൻ പറഞ്ഞപ്പോഴാണ് സത്യം അറിഞ്ഞത്. ഇന്നാണെന്റെ കയ്യിൽ സാധനം കിട്ടിയത്. ഞാനതു തരാം. ശരിയാണോയെന്ന് പരിശോധിക്കണം. ഈ നിലയിൽ നമ്മുടെ സംസ്ഥാനത്തെ ഒരു വഴിക്ക് കൊണ്ടെത്തിക്കുന്ന ഏർപ്പാട് ഒരിക്കലും ഭൂഷണമല്ല. അതുകൊണ്ടാണ് ഈ സംഭവ ഗതികളെയെല്ലാം അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ചില നടപടികൾ അങ്ങ് സ്വീകരിക്കണം എന്ന് ഞാനാവശ്യപ്പെടുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇതിനകത്ത് 2003-ലെ കേരള ഭാഗ്യക്കുറി നിയന്ത്രണ നിയമം ഹൈക്കോടതി ഡിവിഷൻ ബഞ്ച് 28-4-2003-ന് പൂർണ്ണമായും ശരിവച്ചതാണ്. ഈ നിയമത്തിലെ 24(3), 24(10) ഇതു മാത്രമാണ് സുപ്രീം കോടതി താൽക്കാലികമായി സ്റ്റേ ചെയ്തത്. അതിന്മേലുള്ള നമ്മുടെ വാദങ്ങളെല്ലാം പൊളപ്പോയി നിൽക്കുന്നു. ഈ അവസ്ഥയിൽ എത്തിനിൽക്കുന്നു. നമുക്കിനി കേസ് സുപ്രീം കോടതിയിൽ ഇല്ല. നമ്മുടെ സ്റ്റേറ്റ് വക്കീലന്മാർക്ക് കൊടുത്ത കാശെല്ലാം പോയി. ഈ നിലയിലേക്ക് നമ്മുടെ സ്റ്റേറ്റിനെ കൊണ്ടെത്തിച്ചത്, ഇതൊക്കെ വലിയ മാഫിയയുടെ പ്രവർത്തനഫലമായാണ്. ഇത് ഉദ്യോഗസ്ഥന്മാർക്കറിയാം. അങ്ങ് മന്ത്രിയായിട്ട് 6 മാസമല്ലേ ആയുള്ളൂ. ഇതിനുമുമ്പിരുന്ന ശ്രീ. ശങ്കരനാരായണനും വളരെ സത്യസന്ധമായിട്ടാണ് കാര്യങ്ങൾ ഡീൽ ചെയ്തിട്ടുള്ളത്. 25-2-2004-ൽ അരുണാചൽ പ്രദേശിലെ Resident Commissioner ആ ഗവൺമെന്റിനുവേണ്ടി നമ്മുടെ ചീഫ് സെക്രട്ടറിക്ക് കൊടുത്ത ഒരു കത്താണ്. ആ കത്തിനകത്ത് വീക്കിലി ലോട്ടറിയെക്കുറിച്ച് പറയുന്നു. അതിനകത്ത് അദ്ദേഹം കൊടുത്ത annexure അങ്ങയുടെ ഫയലിൽ കണ്ടില്ലെങ്കിൽ തരാം. ഇതനുസരിച്ച് ഒരു ആഴ്ചയിൽ 7 draw വരെ നടന്നിരിക്കുന്നു. Weekly draw ഒന്നു മാത്രമെ പാടുള്ളൂ. അവർ സ്വമേധയാ admit ചെയ്തിരിക്കുകയാണ് 7 എണ്ണം നടത്തിയെന്ന്. ഇതിലെ കാശ് അങ്ങ് മേടിച്ചോ? അവർ ഒപ്പിട്ടു കൊടുത്ത് നമ്മുടെ Chief Secretary-ക്ക്, Government-ന് കിട്ടിയത് അവർ admit ചെയ്തതാണ്. ഈ നിലയിലേക്ക് നമ്മുടെ സ്റ്റേറ്റിനെ കൊണ്ടെത്തിക്കുന്ന അവസ്ഥയ്ക്ക് മാറ്റം ഉണ്ടായല്ലേ പറ്റൂ. അതുകൊണ്ടാണ് നമ്മൾ ഇപ്പോൾ ഈ നിയമം കൊണ്ടുവരാൻ തയ്യാറായത്. കേന്ദ്ര ഭാഗ്യക്കുറി നിയമത്തിലെ സെക്ഷൻ 6-ലെ അധികാരങ്ങൾ നിയമലംഘനം നടന്ന വിഭാഗത്തിലൂടെ ഇപ്പോൾ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം സംസ്ഥാന സർക്കാരിനുകൂടി ഉപയോഗിക്കത്തക്ക തരത്തിൽ ഭേദഗതി വേണമെന്ന് നമ്മൾ ആവശ്യപ്പെടണം. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മറ്റ് ഉത്തരവിലേക്കൊന്നും

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നില്ല. എന്റെ കയ്യിൽ മുഴുവൻ judgement-ഉം—ആദ്യം മുതൽ അവസാനം വരെയുള്ളത്—ഉണ്ട്. ഈ ജഡ്ജ്മെന്റിന്റെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് കിട്ടേണ്ട കോടിക്കണക്കിന് രൂപ നമ്മുടെ സംസ്ഥാനത്തെ ഒന്ന് രണ്ട് ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ വളരെ ബോധപൂർവ്വമായ സമീപനംമൂലം നഷ്ടപ്പെട്ടിരിക്കുന്നു. അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം. ഗവൺമെന്റിന്റെ സദുദ്ദേശം ഇവിടെ പേപ്പർ ലോട്ടറി നിരോധിക്കണം. മൂന്നര ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ഉപജീവനമാർഗ്ഗമായ സ്റ്റേറ്റ് ലോട്ടറികൾ പുനരാരംഭിക്കണം. ഓൺലൈൻ ലോട്ടറി നടത്താൻ പാടില്ല. അതിനുവേണ്ടി ഈ നിയമസഭയുടെ കൂട്ടായ യജ്ഞം ഫലപ്രദമാകണമെങ്കിൽ സത്യസന്ധരായ ഉദ്യോഗസ്ഥർ അങ്ങയെയും നമ്മളെയും സഹായിക്കാൻ വേണം. അതുകൂടി അങ്ങയുടെ മനസ്സിലുണ്ടാകണം, എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. ബാബു: സർ, നമ്മുടെ സംസ്ഥാനത്ത് രാഷ്ട്രീയ സാമൂഹ്യ പ്രശ്നങ്ങൾ ധാരാളമുണ്ടാക്കിയ, ഈ ലോട്ടറി നിരോധനം നടത്താനിടയായ സാഹചര്യത്തിൽ ഇവിടെ എനിക്കുമുമ്പ് ഈ ചർച്ചയിൽ പങ്കെടുത്തവർ സൂചിപ്പിക്കുകയുണ്ടായി. 2003-ലെ കേരള ഭാഗ്യക്കുറി നിയന്ത്രണ നിയമം കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് ശരിവച്ചുവെങ്കിലും അതിലെ 24(3), 24(10) എന്നീ വകുപ്പുകൾ സുപ്രീംകോടതി താൽക്കാലികമായി സ്റ്റേ ചെയ്ത സാഹചര്യത്തിൽ കേരളത്തിൽ മുഴുവൻ ലോട്ടറികളും പിൻവലിച്ചതുകൊണ്ടുണ്ടായ ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്നതിന് ഈ നിയമനിർമ്മാണം അനിവാര്യമായിത്തീർന്നിരിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തിലെ സാധാരണ ജനങ്ങൾ കുറച്ചു കാലമായി ഏറ്റവും കൂടുതൽ തടിച്ചുകൂടുന്നത് മൂന്നു കേന്ദ്രങ്ങളിലാണ്. ഒന്ന് രാവിലെ മുതൽ ക്രിക്കറ്റ് കളി കാണാനാണ്. ക്രിക്കറ്റ് കളി ആരംഭിച്ചാൽ രാവിലെ മുതൽ ആളുകൾ പിന്നെ ടി.വി.-യുടെ മുമ്പിൽ നിന്നും മാറില്ല. മറ്റൊന്ന് നമ്മുടെ കെ.എസ്.ബി.സി.-യുടെ ഔട്ട്ലറ്റുകളുടെ മുമ്പിലാണ്. രാവിലെ മുതൽ ആളുകൾ ക്യൂവിലായിരിക്കും. ഇപ്പോൾ ഏറ്റവും കൂടുതൽ ആളുകൾ തടിച്ചുകൂടുന്നത് അവിടെയാണ്. മൂന്നാമത് ഓൺലൈൻ ലോട്ടറി നറുക്കെടുപ്പിന്റെ സ്ഥലത്താണ്. എല്ലാ ടൗണുകളിലും ഓൺലൈൻ ലോട്ടറി നറുക്കെടുപ്പുകേന്ദ്രങ്ങൾ ഉണ്ട്. ബസ്സിലൂടെ യാത്ര ചെയ്യുമ്പോൾപോലും തിരക്കുകാണുമ്പോൾ നമുക്ക് മനസ്സിലാകും, ഒന്നുകിൽ ഓൺലൈൻ ലോട്ടറി ആയിരിക്കും, അതല്ലെങ്കിൽ ക്രിക്കറ്റ് ടെസ്റ്റ് നടക്കുന്നതിന്റെ മുമ്പിലായിരിക്കും. നമ്മുടെ നാട്ടിലെ ജനങ്ങളെ വളരെക്കൂടുതൽ ചൂഷണം ചെയ്യുന്ന രീതിയിലേക്ക് ഈ ഓൺലൈൻ ലോട്ടറി സംവിധാനം വളരുകയുണ്ടായി. അതുപോലെതന്നെ അന്യ സംസ്ഥാന ലോട്ടറികൾ കേരള സംസ്ഥാനത്ത് യാതൊരു കണക്കുമില്ലാത്ത വിധത്തിൽ ഇവിടെ നടക്കുകയാണ്. ഇവിടെ ഉപയോഗിച്ച 200 കോടി രൂപയുടെ അനധികൃത പേപ്പർ ലോട്ടറി പിടിച്ചു.

2/676/2012—50.

LIBRARY ARCHIVES Kerala Legislative Assembly

200 കോടി രൂപയുടേതെന്നു പറയുന്നത് കൃത്യമാണോയെന്ന് എനിക്കറിയില്ല. ഇതിന് അവകാശികളില്ല. അപ്പോൾ എത്രത്തോളം ഭീകരമായ വിധത്തിലാണ് ഈ അന്യ സംസ്ഥാന പേപ്പർ ലോട്ടറിയും അതുപോലെതന്നെ ഓൺലൈൻ ലോട്ടറിയും കേരളത്തിലെ ജനങ്ങളെ കൊള്ളയടിച്ചിരിക്കുന്നത് എന്നുള്ളത് അതിന്റെ സൂചനയാണ്. അതിന് അവകാശികളില്ല. സ്പിരിറ്റ് വണ്ടികൾ അതിർത്തിയിലെവിടെയെങ്കിലുംവച്ച് പിടിക്കുമ്പോൾ വണ്ടി ഉപേക്ഷിച്ച് ഡ്രൈവർ ഓടിപ്പോകുന്ന സംഭവമുണ്ട്. അതുപോലെയാണ് ലോട്ടറിയുടെ കാര്യവും. അവകാശികളില്ലാത്ത പേപ്പർ ലോട്ടറിയാണ്. അപ്പോൾ ഇവിടെ നടക്കുന്ന ചൂഷണത്തെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമാണ്. 1998-ൽ സെൻട്രൽ ആക്ട് വന്ന സമയത്ത് അന്ന് ഈ ചൂതാട്ടത്തിന്റെ പരിധിയിൽ പേപ്പർ ലോട്ടറി മാത്രമേയുണ്ടായിരുന്നുള്ളു. കമ്പ്യൂട്ടർതന്നെ ഈ അടുത്ത കാലത്താണ് വന്നത്. 1960-ലെ കേരള ചൂതാട്ട നിയമം ഉണ്ടാക്കുന്ന ഘട്ടത്തിലോ 1998-ൽ സെൻട്രൽ ആക്ട് ഉണ്ടാക്കുന്ന ഘട്ടത്തിലോ ഓൺലൈൻ ലോട്ടറി എന്നുള്ളത് ആരുടേയും ശ്രദ്ധയിൽ വന്നിട്ടുള്ള കാര്യമല്ല. ഓൺലൈൻ ലോട്ടറി പിന്നീടുവന്ന കാര്യമാണ്. അതുകൊണ്ട് സ്വാഭാവികമായും ഈ പേപ്പർ ലോട്ടറി മാത്രമുണ്ടായിരുന്ന നിയമത്തിൽ മാറ്റങ്ങൾ ആവശ്യമാണ്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ B.R. Enterprises Vs. State of Uttar Pradesh എന്ന കേസിൽ സുപ്രീം കോടതി പ്രഖ്യാപിച്ച വിധിപ്രകാരം ഒരു സംസ്ഥാനം ലോട്ടറി നടത്താതിരിക്കുകയും സ്വയം ലോട്ടറി വിമുക്തമായി പ്രഖ്യാപിക്കുകയും ചെയ്താൽ മാത്രമേ അന്യസംസ്ഥാന ലോട്ടറികളെ നിരോധിക്കാൻ കഴിയുകയുള്ളു. ഈ സാഹചര്യത്തിലാണ് കേരള സർക്കാർ സ്വയം സംസ്ഥാന ഭാഗ്യക്കുറി നിർത്തലാക്കാൻ തീരുമാനിച്ചത്. അന്യസംസ്ഥാന ലോട്ടറികളും ഇതോടൊപ്പം നിരോധിക്കുകയും ചെയ്തു. സുപ്രീം കോടതിവിധി വന്ന പശ്ചാത്തലത്തിൽ കേരള ഗവൺമെന്റിന്റെ മുമ്പിൽ ആകെ രണ്ടു മാർഗ്ഗമാണുണ്ടായിരുന്നത്. ഒന്ന്, സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഓൺലൈൻ ലോട്ടറിക്കും അന്യസംസ്ഥാന ലോട്ടറികൾക്കും ഈ സംസ്ഥാനം തുറന്നിട്ടുകൊടുക്കുകയാണ്. അതല്ലെങ്കിൽ discrimination ഒഴിവാക്കിക്കൊണ്ട് അന്നത്തെ നിയമ പശ്ചാത്തലത്തിൽ കേരള ലോട്ടറി നടത്താനുള്ള അവകാശം ഉപേക്ഷിക്കുകയാണ്. അതാണ് ഗവൺമെന്റ് ചെയ്തത്. അതിന് ഇവിടെ പ്രതിപക്ഷത്തുള്ള ആളുകൾ വളരെയധികം ആക്ഷേപങ്ങളും ആരോപണങ്ങളും ഉന്നയിച്ചു. സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറി നിരോധിക്കണമെന്നുള്ള കാര്യത്തിൽ എല്ലാവർക്കും യോജിപ്പാണ്. അതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികളെക്കുറിച്ചും കാര്യക്ഷമതയെക്കുറിച്ചും മാത്രമാണ് തർക്കം. ഓൺലൈൻ ലോട്ടറി നിരോധിക്കാൻ നിയമവും ഇല്ല. അങ്ങനെയുള്ള സാഹചര്യത്തിൽ സംസ്ഥാന ലോട്ടറി നിരോധിക്കുക മാത്രമായിരുന്നു സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുമായിരുന്നത്. ഇവിടെ അതിനെത്തുടർന്ന് മൂന്നുലക്ഷത്തോളം വരുന്ന ലോട്ടറി വില്പനക്കാരുടെ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടിക്കൊണ്ട് സംസ്ഥാന ഗവൺമെന്റ് ഈ സംസ്ഥാനത്തെ വികലാംഗർക്കെതിരാണ്, ഈ സംസ്ഥാനത്തെ പാവപ്പെട്ട ലോട്ടറി

LIBRARY ARCHIVES Kerala Legislative Assembly

കച്ചവടക്കാർക്കെതിരായി ഒരു നിയമം കൊണ്ടുവന്ന് അവരെ വഴിയാധാരമാക്കിയിരിക്കുന്നു എന്നുള്ള രീതിയിൽ വലിയ പ്രക്ഷോഭണങ്ങളും വലിയ പ്രചരണങ്ങളുമുണ്ടായി. ഇന്നിപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്ത ആളുകൾക്കുള്ള മറുപടിയായിട്ടാണ് വളരെ പെട്ടെന്നുതന്നെ ഈ ലോട്ടറി ഭേദഗതി നിയമം Kerala Gaming (Amendment) Bill, 2005-ഉം കേരള ലോട്ടറികളിന്മേലുള്ള നികുതി ബില്ലും കൊണ്ടുവന്നിട്ടുള്ളത്. ഈ സന്ദർഭത്തിൽ ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ലോട്ടറി ഭേദഗതി നിയമത്തിൽ 6-ാം വകുപ്പിൽ എ, ബി. എന്നീ ഓരോ ബമ്പർ നറുക്കെടുപ്പിനും 10 ലക്ഷം രൂപ അടച്ചാൽ നടത്താം. മറ്റേതെങ്കിലും നറുക്കെടുപ്പ് സംബന്ധിച്ച് 2,50,000 അടച്ചാൽ നടത്താം. ഇങ്ങനെ ചെയ്യുമ്പോൾ 2.5 ലക്ഷം രൂപ ഈ നറുക്കെടുപ്പിന്റെ നികുതി അടയ്ക്കുന്ന ആർക്കും ഏതു സ്ഥാപനത്തിലും ഏതു ലോട്ടറിയും നടത്താമെന്നുള്ള വ്യാഖ്യാനമുണ്ടാവുകയാണ്. അതുകൊണ്ട് ഈ ബില്ലിലെ വ്യവസ്ഥ കുറേക്കൂടി ഗൗരവമായി പരിശോധിക്കണം. 2.5 ലക്ഷം രൂപ അടച്ചാൽ ആർക്കും ലോട്ടറി നടത്താമെന്നുള്ള ഒരു വ്യവസ്ഥയുണ്ടാകുന്നത് അല്ലെങ്കിൽ അതിനൊരു അവ്യക്തതയുണ്ടാകുന്നത് ഈ നിയമത്തിന്റെ സദുദ്ദേശ്യലക്ഷ്യങ്ങളെ ചോദ്യം ചെയ്യുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെ 1998-ൽ കേന്ദ്രസർക്കാർ പാസ്സാക്കിയ Lotteries Regulation Act-ന്റെ നിയമസാധുത സുപ്രീംകോടതി പരിശോധിച്ച് ശരിവച്ചു. കേന്ദ്രനിയമം വന്നപ്പോൾ ഓൺലൈൻ ലോട്ടറി ആരംഭിച്ചിട്ടുണ്ടായിരുന്നില്ല. അതുകൊണ്ട് ഈ ആക്ടിൽ അത് പരാമർശിച്ചിട്ടില്ല. ഈ നിയമം അവലംബിച്ചുകൊണ്ടുള്ള നിയമനിർമ്മാണം മാത്രമേ സാധ്യമാകുകയുള്ളൂ. ഓൺലൈൻ ലോട്ടറിയെ സംബന്ധിച്ച് ഞാൻ തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ അന്ന് ആർക്കും കാണാൻ സാധിച്ചിരുന്നില്ല. ഇടക്കാലത്താണ് ഈ ഓൺലൈൻ ലോട്ടറി സമ്പ്രദായം ഉണ്ടായത് അതുകൊണ്ട് ഈ ബിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ സാധ്യതയുണ്ടെന്നുള്ള ഒരു ആശങ്ക ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി നാളെ സബ്ജക്ട് കമ്മിറ്റിയിൽ ഇത് ചർച്ചയ്ക്ക് വരുമ്പോൾ ഈ പ്രശ്നം, ഇവിടെ പ്രകടിപ്പിച്ച ആശങ്ക ചോദ്യം ചെയ്യാൻ സാധ്യതയുണ്ട്. ഇത് കേന്ദ്രസർക്കാർ പാസ്സാക്കിയ 1998-ലെ Lotteries Regulation Act-ന്റെ നിയമസാധുത സുപ്രീംകോടതി ശരിവച്ചതാണ്. അതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ലോട്ടറി അന്ന് ആരംഭിച്ചിട്ടില്ല. അതുകൊണ്ട് ഓൺലൈൻ ലോട്ടറിയെക്കുറിച്ച് പരാമർശമുണ്ടായിരുന്നില്ല. കേന്ദ്ര നിയമം അവലംബിച്ചിട്ടുള്ള നിയമനിർമ്മാണം മാത്രമേ സംസ്ഥാനങ്ങൾ തയ്യാറാക്കാവൂ, അതിനാൽ ഈ ബിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ സാധ്യതയുണ്ടെന്നാണ് ഇവിടെയുണ്ടായ പരാമർശം. ഞാൻ അതിനോട് യോജിക്കുകയല്ല, എന്നാലും ഇത്രയും കോടതി വിധികളും കേസ്സുകളുമുണ്ടായ സാഹചര്യത്തിൽ വളരെ സദുദ്ദേശത്തോടുകൂടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത് എന്നതുകൊണ്ട് സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ ഗവൺമെന്റ് ഇത് ഗൗരവമായി പരിശോധിക്കണം. ഈ നിയമത്തിൽ എന്തെങ്കിലും പഴുതുകൾ ഉണ്ടാകാൻ സാധ്യതയുണ്ടോ?

2/676/2012—50a.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരള ചൂതാട്ട (ഭേദഗതി) ബില്ലിൽ 'Central Computer Server' എന്നാൽ ഓൺലൈൻ ലോട്ടറി ഇടപാടുകൾ എന്നുള്ള ഒരു വ്യാഖ്യാനം ഉണ്ട്. ഈ നിയമം കൊണ്ടുവരാനുണ്ടായ ലക്ഷ്യത്തെ നമ്മുടെ പൊതു താല്പര്യങ്ങൾ, ബാധിക്കുമെങ്കിൽ നാളെത്തന്നെ ഭേദഗതി കൊണ്ടുവരാൻ ശ്രമിക്കണം. ഇവിടെ ശ്രീ. ടി. എം. ജേക്കബ് ഒരു കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. 16-12-2004-ലും 21-12-2000-ലും വില്പന നികുതിയടച്ച ഭാഗ്യക്കുറികളുടെ വില്പന തടസ്സപ്പെടുത്തരുതെന്നു കേരളാ ഹൈക്കോടതി വ്യക്തമാക്കിയപ്പോൾ, അന്യ സംസ്ഥാന ഭാഗ്യക്കുറികൾ നടത്തുന്ന ലോട്ടറി മാഫിയ, വില്പന നികുതി വകുപ്പുദ്യോഗസ്ഥരെ കൂട്ടുപിടിച്ചു എന്ന് അദ്ദേഹം ആക്ഷേപിക്കുക യുണ്ടായി. കൂട്ടുപിടിച്ചോ ഇല്ലയോ എന്നുള്ള കാര്യത്തിലേക്കല്ല ഞാൻ വരുന്നത്. അതിന്റെ ഗൗരവം പരിശോധിക്കണം. ഭാഗ്യക്കുറികൾക്ക് നികുതിയടച്ച് വില്പന ആരംഭിക്കാനുള്ള സംവിധാനം കേരളത്തിൽ ഉണ്ടായിരുന്നു. ഇതാണ് ഇപ്പോൾ ഉണ്ടായ പ്രതിസന്ധിയുടെ തുടക്കത്തിന് ഒരു കാരണം. 7-10-2005-ൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അനധികൃത ഭാഗ്യക്കുറികളിൽനിന്നും നികുതി സ്വീകരിച്ച ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കുമെന്നും, വില്പനനികുതി തിരികെ നൽകി സർട്ടിഫിക്കറ്റുകൾ റദ്ദു ചെയ്യുമെന്നും പറഞ്ഞു. അപ്പോൾ തീർച്ചയായിട്ടും ഇതിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റേയും ഇന്റൻഷൻ വളരെ ക്ളിയറാണ്. ഗവൺമെന്റിന് ഒരു ലോട്ടറി മാഫിയയുമായി സഹകരിക്കാൻ ഉദ്ദേശ്യമില്ല. സഹകരിക്കാൻ ഉദ്ദേശ്യമുണ്ടായിരുന്നുവെങ്കിൽ ഇങ്ങനെയൊരു പ്രസ്താവന ഗവൺമെന്റ് നടത്തില്ലായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അങ്ങനെയൊരു പ്രസ്താവന നടത്തിയതുതന്നെ ഗവൺമെന്റിന്റെ ഇന്റൻഷൻ സൂചിപ്പിക്കുന്നതാണ്. ഗവൺമെന്റിന്റെ ഇന്റൻഷൻ എന്താണ്? ഗവൺമെന്റിന് അന്യസംസ്ഥാന ലോട്ടറികളേയും ഈ ചൂതാട്ടത്തേയും നിരോധിക്കണമെന്ന ആത്മാർത്ഥമായ താല്പര്യം മാത്രമാണുള്ളത്. എന്നാൽ സമ്പൂർണ്ണ ഭാഗ്യക്കുറി നിരോധനം ഏർപ്പെടുത്തിയപ്പോൾ, നികുതിയടച്ച ഭാഗ്യക്കുറികൾക്ക് വില്പന നികുതി നൽകണമെന്നുകാണിച്ച് അന്യ സംസ്ഥാന ഭാഗ്യക്കുറി നടത്തുവാൻ അവർ കോടതിയെ സമീപിച്ചു. അപ്പോൾ വില്പനനികുതി ഇവിടെ സ്വീകരിച്ചു. കേരളത്തിൽ സമ്പൂർണ്ണ നിരോധനം ഏർപ്പെടുത്തിയപ്പോഴും, ഗവൺമെന്റ് അങ്ങനെ ആലോചിച്ചപ്പോഴും, വില്പനനികുതി സ്വീകരിച്ച ഒരു പ്രശ്നം ഉണ്ട്. അപ്പോൾ എന്തുകൊണ്ട് ഗവൺമെന്റിന്റെ ഇന്റൻഷനു എതിരായി, ഗവൺമെന്റ് നയങ്ങൾക്കെതിരായി ഉദ്യോഗസ്ഥന്മാർ നികുതിയടച്ച് ലോട്ട് വാങ്ങി ലോട്ടറി നടത്താൻ ഒരു സൗകര്യം ചെയ്തുകൊടുത്തു എന്നുള്ള ഒരു പ്രശ്നം ഉയർന്നുവരുന്നുണ്ട്. അപ്പോൾ ഗവൺമെന്റിന്റെ ഇന്റൻഷൻ നൂറു ശതമാനവും ആത്മാർത്ഥതയുള്ളതാണ്. പക്ഷേ ശ്രീ. ടി. എം. ജേക്കബ് ഇവിടെ ചൂണ്ടിക്കാണിച്ചപ്പോൾ, ഗവൺമെന്റിന്റെ ഇന്റൻഷൻ നൂറു ശതമാനം ശരിയാണെങ്കിലും ഉദ്യോഗസ്ഥന്മാരുടെ ഇന്റൻഷൻ സംശയാസ്പദമാണെന്നു പറഞ്ഞു. ഞാൻ നമ്മുടെ ഉദ്യോഗസ്ഥന്മാരെ ആക്ഷേപിക്കുകയല്ല. ഈ ഉദ്യോഗസ്ഥന്മാർ ആരെങ്കിലും ഗവൺമെന്റിന്റെ ഇന്റൻഷന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എതിരായി, ഗവൺമെന്റിന്റെ താല്പര്യത്തിന് എതിരായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു പരിശോധിക്കണം. ഉണ്ടെങ്കിൽ സമഗ്രമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഈ കാര്യത്തിൽ ഗവൺമെന്റിന്റെ ഇന്റൻഷൻ ആരും ചോദ്യം ചെയ്യുന്നില്ല. പക്ഷേ ഉദ്യോഗസ്ഥരുടെ ഇക്കാര്യത്തിലുള്ള നടപടിയെ സംശയത്തോടുകൂടി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. അതിനകത്ത് ആരൊക്കെ പങ്കാളികളായി എന്നുള്ളതൊക്കെ ഗവൺമെന്റ് അന്വേഷിക്കേണ്ട വിഷയമാണ്. മറ്റൊരു കാര്യം ഇപ്പോൾ പുതിയ നിയമം കൊണ്ടുവന്നു. ഭാഗ്യക്കുറി നിയന്ത്രണ നിയമത്തിലെ 4-ാം വകുപ്പ് ലംഘിച്ച ലോട്ടറികൾക്ക് എതിരെ നടപടി എടുക്കില്ല എന്ന് നമ്മൾ സുപ്രീംകോടതിയിൽ സത്യവാങ്മൂലം കൊടുത്തു. കേന്ദ്ര ഭാഗ്യക്കുറി നിയമത്തിലെ 4-ാം വകുപ്പ് ലംഘിക്കുന്ന ഭാഗ്യക്കുറികൾക്ക് എതിരെ നടപടിയെടുക്കാൻ ഇപ്പോൾ നമ്മൾ പുതിയ നിയമം കൊണ്ടുവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനാവശ്യമായ നടപടികൾ നടത്തിക്കൊണ്ടു പോകാൻ സംസ്ഥാനത്തെ ലോട്ടറി വകുപ്പിനെ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുമോ എന്നു പരിശോധിക്കണം. നമ്മുടെ എൻഫോഴ്സ്മെന്റിനെ സംബന്ധിച്ചിടത്തോളം വ്യക്തമായി ഈ നിയമത്തിൽ പറഞ്ഞിട്ടില്ല. കേന്ദ്രനിയമം ലംഘിച്ച് ഇവിടെ ലോട്ടറി നടത്തുന്ന അല്ലെങ്കിൽ നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ചുകൊണ്ട് ലോട്ടറി നടത്താൻ ശ്രമിക്കുന്ന അന്യ സംസ്ഥാന ലോട്ടറികൾക്ക് എതിരായി, ഓൺലൈൻ ലോട്ടറികൾ നിരോധിക്കുമ്പോൾ അന്യസംസ്ഥാന ലോട്ടറികളാണല്ലോ ഇവിടെ വരുന്നത്. 10 ലക്ഷം രൂപയടച്ച് അന്യ സംസ്ഥാനങ്ങൾക്കും ലോട്ടറി നടത്താൻ സൗകര്യമുണ്ട്. അപ്പോൾ ഇതിന്റെ എൻഫോഴ്സ്മെന്റ് ശക്തമാക്കേണ്ടതുണ്ട്. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും താലൂക്ക് തലത്തിലും എൻഫോഴ്സ്മെന്റ് നടത്താൻ ശക്തമായ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനം വേണം. നമ്മുടെ സംസ്ഥാന ലോട്ടറി വകുപ്പുകൾക്ക് ചില ആശങ്കകൾ ഉണ്ട്. കാരണം അവരെ ഇതിൽ നിന്നെല്ലാം ഒഴിവാക്കി, സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെന്റിന് ഇതിന്റെ പൂർണ്ണ ചുമതല ഏല്പിക്കുന്നു എന്നുള്ള ആശങ്കകൾ ഉണ്ട്. ഉദ്യോഗസ്ഥന്മാരുടെ ആശങ്കയിലേക്കു ഞാൻ കടക്കുന്നില്ല. ഞാൻ അതിനകത്ത് കക്ഷി ചേരുകയില്ല. നമ്മുടെ ലോട്ടറി ഡിപ്പാർട്ടുമെന്റിനെ ഇതിന്റെ എൻഫോഴ്സ്മെന്റ് ഫലപ്രദമായി നടത്തുന്നതിന് ഉപയോഗപ്പെടുത്താൻ കഴിയുമോ? അതു ഗവൺമെന്റ് പരിശോധിക്കണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ അയ്യായിരം കോടി രൂപ കൊള്ളയടിച്ചു. അതിനു സംസ്ഥാന ഗവൺമെന്റ് കൂട്ടുനിന്നു എന്നാണ് ആക്ഷേപം ഉണ്ടായിരിക്കുന്നത്. ആക്ഷേപം ഉന്നയിച്ച ആളുകളുടെ ആത്മാർത്ഥതയെക്കുറിച്ചും അവരുടെ ബന്ധങ്ങൾ എവിടെവരെ നീളുന്നു എന്നതിനെ സംബന്ധിച്ചും ശ്രീ. എം. എം. ഹസ്സൻ സൂചിപ്പിക്കുകയുണ്ടായി. എനിക്ക് അത്ഭുതം തോന്നി. ഞാൻ പ്രതിപക്ഷനേതാവിന് എതിരായുള്ള ആരോപണം ആവർത്തിക്കുന്നില്ല. ആ തർക്കത്തിലേക്കു ഞാൻ പോകുകയല്ല. ഇവിടെ ശ്രീ. എം. എം. ഹസ്സൻ ഇതിനുമുമ്പും ഇക്കാര്യം ഉന്നയിച്ചു. ഇപ്പോഴും ഉന്നയിച്ചു. ഇവിടെ

പ്രതിപക്ഷ മെമ്പർമാർ എല്ലാവരുമുണ്ട്. ചെറിയ പ്രശ്നങ്ങളിൽപോലും പുലി ചാടുന്നതുപോലെ ചാടുന്ന മാർക്സിസ്റ്റു ബഞ്ചിലുള്ള ആളുകൾ, നമ്മുടെ ശ്രീ. പി. സി. ജോർജ്, എഴുന്നേറ്റു ബഹളമുണ്ടാക്കാൻവേണ്ടി ഡോ. തോമസ് ഐസക്കിനോട് കൈപൊക്കി കാണിക്കുന്നതു ഞാൻ കണ്ടു. എന്നിട്ടു പോലും അപ്പുറത്തുള്ള ആളുകൾ വളരെ ശാന്തരായിരുന്ന്, ശ്രീ. എം. എം. ഹസ്സൻ സൂചിപ്പിച്ചതുപോലെ, ഡോ. തോമസ് ഐസക് സമരകാര്യങ്ങളിൽ വളരെ താല്പര്യം കാണിക്കുന്ന ആളാണ്, എന്നിട്ടും ഡോ. തോമസ് ഐസക് മിണ്ടാതിരുന്നതേയുള്ളൂ. ഡോ. തോമസ് ഐസക്കിനെ പുകച്ചുചാടിക്കാൻ ശ്രമിച്ചവരല്ലേ? അതിനെതിരായിട്ടുള്ള മൗനമായ ഒരു പ്രതിഷേധമായിരിക്കാം ഈ കാണിച്ചതെന്നാണ് എനിക്കു തോന്നുന്നത്. ഞാൻ ആ വിഷയത്തിലേക്കു കടക്കുന്നില്ല. പ്രതിപക്ഷ നേതാവിനെതിരായി ഇത്രയും വലിയൊരു വിമർശനമുണ്ടായിട്ട്. . . .

ശ്രീ. ബി. വിജയകുമാർ: കഴിഞ്ഞ മാർക്സിസ്റ്റു പാർട്ടിയുടെ തെരഞ്ഞെടുപ്പിൽ വെട്ടിനിരത്തപ്പെട്ട ശ്രീ. സാജു പോളും ഇവിടെ എന്തിനും ബഹളം വയ്ക്കുന്ന ശ്രീ. ടി. കെ. ദേവകുമാറും. ആ സമയമായപ്പോൾ അസംബ്ളിയിൽ നിന്നും പുറത്തു പോയി എന്നത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. സാജു പോൾ: ഒരു തെരഞ്ഞെടുപ്പിലും എന്നെ വെട്ടിനിരത്തപ്പെട്ട സംഭവമുണ്ടായിട്ടില്ല. പിന്നെ മറ്റൊന്ന്, ഇങ്ങനെ ഒരു ആക്ഷേപം ഇവിടെ ഉന്നയിച്ചതിനെപ്പറ്റി ഞാൻ ഇന്നലെ പറഞ്ഞതാണ്. പക്ഷേ ഈ സഭയ്ക്ക് അകത്തും പുറത്തുമുള്ള ഭരണപക്ഷത്തെ, ഈ ഗവൺമെന്റിനെ പിന്താങ്ങുന്ന സാക്ഷാൽ ശ്രീ. വി. എം. സുധീരൻ ഉൾപ്പെടെയുള്ളവർ ഉന്നയിച്ച എത്രയോ ആരോപണങ്ങളുണ്ട്. ആ ആരോപണങ്ങളിൽ ഒന്നിനെങ്കിലും കൃത്യമായി മറുപടി പറഞ്ഞിട്ടാണ് ഈ രീതിയിലുള്ള കോലാഹലങ്ങൾ ഉണ്ടാക്കുന്നതെങ്കിൽ അംഗീകരിക്കാമായിരുന്നു.

ശ്രീ. കെ. ബാബു: ഞങ്ങളുടെ പാർട്ടിയിൽ ചില പ്രശ്നങ്ങളുണ്ട്. ഞാൻ അതിലേക്കു വരാം. അതു പരസ്യമായിട്ടുള്ള കാര്യമാണ്. പക്ഷേ ഇവിടെ ഈ വിഷയങ്ങളൊന്നും ചർച്ചയ്ക്കു വന്നിട്ടില്ല. ഇവിടെ ചർച്ചയ്ക്കുവന്ന വിഷയം എന്താണ്? ശ്രീ. എം. എം. ഹസ്സൻ പരാമർശിച്ചതെന്താണ്? പ്രതിപക്ഷ നേതാവിന്റെ അഭിപ്രായവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യമാണ്. അതിനെ നിങ്ങളുടെ ഭാഗത്തുനിന്നാരും ഫലപ്രദമായി ചെറുത്തില്ല. എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്, ശ്രീ. സാജു പോളിനും ശ്രീ. ടി. കെ. ദേവകുമാറിനും ഒരു സൈലൻസർ വച്ചിരുന്നെങ്കിൽ നന്നായിരുന്നു എന്ന്. ഇന്നു ബഹുമാനപ്പെട്ട എം. എം. ഹസ്സൻ ഇതു പരാമർശിച്ചപ്പോൾ അതിന്റെ ഒരു ആവശ്യവും തോന്നിയില്ല. ഒരാളും അനങ്ങിയിട്ടില്ല. നിങ്ങൾ ശ്രീ. സാജു പോളിനെ വെട്ടിനിരത്തിയില്ല എന്നുപറഞ്ഞു. ഇപ്പോൾ ശ്രീ. സാജു പോളിന്റെ ഘടകം ഏതാണ്? ശ്രീ. സാജു പോൾ മാർക്സിസ്റ്റു പാർട്ടിയുടെ ഏതു ഘടകത്തിലാണുള്ളത്? സത്യത്തിൽ അക്കാര്യം നമുക്കെല്ലാവർക്കുമറിയാം, എറണാകുളം ജില്ലയിൽ നിന്നും വരുന്ന ശ്രീ. സാജു പോളിനും എനിക്കുമറിയാം. ഇപ്പോൾ പ്രശ്നം കളമശ്ശേരിയിലെ

LIBRARY ARCHIVES Kerala Legislative Assembly

ഡി.വൈ.എഫ്.ഐ.-യുടെ സമ്മേളനം, അതിൽ ജില്ലാ കമ്മിറ്റി നിയോഗിച്ച ആളുകളെ സംസ്ഥാന കമ്മിറ്റി ഇടപെട്ട് മാറ്റി. ഉൽഘാടകനെ മാറ്റി. അത്രയുംവരെ എറണാകുളത്തെ കാര്യങ്ങൾ പോയിരിക്കുകയാണ്.

ശ്രീ. സാജു പോൾ : 1990-ൽ സി.പി.എം-ൽ അംഗമായ ഒരാളാണ് ഞാൻ. 1997-മുതൽ പാർട്ടിയുടെ പെരുമ്പാവൂർ ഏരിയാ കമ്മിറ്റി മെമ്പറാണ്. ബഹുമാന്യനായ കെ. രാധാകൃഷ്ണൻ മന്ത്രിയാകുമ്പോൾ പാർട്ടിയുടെ ഏരിയാകമ്മിറ്റി മെമ്പർ മാത്രമായിരുന്നു. ആ നിലയ്ക്ക് പാർട്ടിയിൽ സ്ഥാനമാനങ്ങൾ കൊടുക്കുന്ന ഒരു പാർട്ടിയല്ല സി.പി.എം. മറ്റൊന്ന് ബഹുമാനപ്പെട്ട കെ. ബാബു ഇപ്പോൾ സൈലൻസർ അദ്ദേഹത്തിന്റെ കൈയിലുണ്ടെങ്കിൽ അത് അടിയന്തിരമായി ശ്രീ. ടി. എം. ജേക്കബ്ബിനും ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയ്ക്കും ശ്രീ. കെ. കരുണാകരനും ശ്രീ. കെ. മുരളീധരനും ശ്രീ. എം. പി. ഗംഗാധരനും ശ്രീ. വി. എം. സുധീരനും വച്ചുകൊടുക്കണം.

ശ്രീ. ടി. കെ. ദേവകുമാർ : ഇവിടെ ബഹുമാനപ്പെട്ട എം. എം. ഹസ്സൻ സംസാരിച്ചപ്പോൾ എല്ലാത്തിനും ബഹളമുണ്ടാക്കുന്ന ശ്രീ. ടി. കെ. ദേവകുമാർ ബഹളമുണ്ടാക്കിയില്ലെന്ന് പരാമർശിച്ചതുകൊണ്ടുമാത്രം ഞാൻ എഴുന്നേറ്റതാണ്. ഇവിടെ ഉന്നയിച്ച ആരോപണത്തെക്കുറിച്ച് ഞാൻ സഭയ്ക്ക് പുറത്തുപറയുമെന്ന് ഉറപ്പുകൊടുത്തിരുന്നു. ഇൻഡ്യാവിഷന്റെ ചാനലിൽപോയി പറഞ്ഞു. അത് കണ്ടവർക്ക് അറിയാം. വീട്ടിൽ ചെല്ലുമ്പോൾ അതിനെക്കുറിച്ച് അന്വേഷിക്കണം. പിന്നെ ശ്രീ. എം. എം. ഹസ്സൻ പറഞ്ഞ കാര്യത്തിലെ ഒരു വാചകം ചെരുപ്പ് വയ്ക്കേണ്ടിടത്ത് ചെരുപ്പും കിരീടം വയ്ക്കേണ്ടിടത്ത് കിരീടവും വയ്ക്കാൻ തയ്യാറാകണമെന്ന് പറഞ്ഞു അത് ബില്ലിന്റെ ചർച്ചയിലല്ല പറയേണ്ടത്. ആരോപണം എഴുതിക്കൊടുത്ത് ഉന്നയിക്കാൻ തയ്യാറാകണം സഭയ്ക്ക് പുറത്തുപറയണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തെ വെല്ലുവിളിച്ചു. അത് സ്വീകരിക്കാനാണ് തയ്യാറാകേണ്ടത്. അതല്ലാതെ ബില്ലിന്റെ ചർച്ചയിൽ അവതരിപ്പിക്കാനുള്ളതല്ല.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട എം. എം. ഹസ്സൻ ആരോപണം എഴുതി ഉന്നയിച്ചിട്ടില്ല. പരാമർശിച്ചിട്ടേയുള്ളൂ. ശ്രീ. എം. എം. ഹസ്സൻ പുറത്തുപോയി പറഞ്ഞാൽ കേസ്സെടുക്കുമെന്ന് പറഞ്ഞു. ബില്ലിൽപ്പെട്ട കാര്യമല്ലെങ്കിലും പറയുകയാണ്. ഞങ്ങളുടെ പാർട്ടിയിലെ ചില കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. സൈലൻസർ ചില ആളുകൾക്ക് വയ്ക്കണമെന്ന് പറഞ്ഞു. അത്യാവശ്യത്തിന് ചിലരൊക്കെ വച്ചിട്ടുണ്ടെന്ന് നിങ്ങൾക്ക് മനസ്സിലായല്ലോ. ഇപ്പോഴും അത് മനസ്സിലായില്ലെന്നു പറഞ്ഞാൽ നിങ്ങൾ എവിടെ ജീവിക്കുന്നുയെന്ന് എനിക്കറിഞ്ഞുകൂടാ. ഞങ്ങളുടെ പാർട്ടിയിൽ ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. അതിനെ കർശനമായി പാർട്ടി അനുവദിക്കുന്ന നടപടികളിലൂടെ നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇത്രയും രാഷ്ട്രീയം പറഞ്ഞ സ്ഥിതിക്ക് ഒരു കാര്യം പറയാനുണ്ട്. ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞപ്പോൾ ബഹളം കാരണം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. നിങ്ങളുടെ പാർട്ടിയിൽ പ്രശ്നങ്ങളൊന്നും ഇല്ലല്ലോ. ഞാൻ ഇപ്പോൾ പറഞ്ഞു കളമശ്ശേരി ഡി.വൈ.എഫ്.ഐ-യുടെ

LIBRARY ARCHIVES Kerala Legislative Assembly

മേഖലാ സമ്മേളനത്തിൽ ജില്ലാ കമ്മിറ്റി നിശ്ചയിച്ച ഉദ്ഘാടകരെ നിങ്ങളുടെ സംസ്ഥാന കമ്മിറ്റി ഇടപെട്ട് മാറ്റി. കാരണം അത് അച്ചുതാനന്ദന്റെ വിഭാഗത്തിൽപ്പെട്ട ആളാണ്. ....(ബഹളം).....ഇത്രയും ബഹളം വയ്ക്കുന്ന ആൾക്കാർ ഒരു മുൻമന്ത്രിയും കോൺഗ്രസ് നേതാവുമായ ശ്രീ. എം. എം. ഹസ്സൻ പ്രതിപക്ഷ നേതാവിനെതിരായി പറഞ്ഞപ്പോൾ നിങ്ങൾ അനങ്ങിയില്ലെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ പ്രതിപക്ഷനേതാവിന്റെ ആത്മാർത്ഥതയെ ഒരിക്കലും ചോദ്യം ചെയ്തിട്ടില്ല. പക്ഷെ ഞങ്ങൾ അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ അംഗീകരിച്ചാലും നിങ്ങളും ശ്രീ. പിണറായി വിജയനും അംഗീകരിക്കില്ലെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. ഞങ്ങളുടെ പാർട്ടിയിൽ പ്രശ്നങ്ങളുണ്ട്. ഒരു കാര്യംകൂടി പറയട്ടെ. ഇവിടെ മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനം കഴിഞ്ഞു. ആ സംസ്ഥാന സമ്മേളനം കഴിഞ്ഞതിനുശേഷം ശ്രീ. പിണറായി വിജയൻ മാധ്യമപ്രവർത്തകരോട് പറഞ്ഞു ഇപ്പോൾ കണ്ടല്ലോ. ഞങ്ങളുടെ പാർട്ടിയിൽ ഒരു പ്രശ്നവുമില്ല. ഇതെല്ലാം മാധ്യമസൃഷ്ടിയായിരുന്നുയെന്ന്. എന്നാൽ നിങ്ങളുടെ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്ത് ഡൽഹിയിൽ ചെന്നതിനുശേഷം നിങ്ങളുടെ അഖിലേന്ത്യാ നേതാവ് സഖാവ് സുർജിത് നടത്തിയ പത്രസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞത് പാർട്ടി പിളർക്കാൻ ശ്രമമുണ്ടായി, പാർട്ടി പിളർക്കാൻ ശ്രമമുണ്ടായി എന്നാണ്.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ മെമ്പർ സംസാരിക്കുമ്പോൾ ശ്രീ. സാജു പോളും ശ്രീ. ടി. കെ. ദേവകുമാറുമൊക്കെ ഇടപെടുകയാണല്ലോ. സി.പി.എം-ന്റെ സൈദ്ധാന്തിക നേതാവായ പി. ഗോവിന്ദൻപിള്ളയും ബർളിൻ കുഞ്ഞനന്തൻ നായരുമൊക്കെ പാർട്ടി വിട്ടുപോയതിനെത്തുടർന്ന് ഇപ്പോഴത്തെ സൈദ്ധാന്തികൻമാർ പെരുമ്പാവൂർ സാജു പോളും ഹരിപ്പാട് ദേവകുമാറുമാണെന്നകാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. കെ. ബാബു : ശ്രീ. പി. ടി. തോമസ് പറഞ്ഞത് മാർക്സിസ്റ്റ് പാർട്ടിയുടെ ദയനീയമായ സ്ഥിതിയെക്കുറിച്ചാണ്. ഞാൻ രാഷ്ട്രീയം പറയുന്നില്ല. പക്ഷെ പാർട്ടി പിളർക്കാൻ ശ്രമമുണ്ടായെന്ന് പറഞ്ഞു. ആരാണ് പാർട്ടി പിളർക്കാൻ ശ്രമിച്ചത്. ഞങ്ങളാണോയെന്ന് പറയണം. സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ കേരളത്തിനെ സംബന്ധിച്ചിടത്തോളം എടുക്കാൻ കഴിയുമായിരുന്ന നടപടി ഇതുമാത്രമാണ്. അന്യസംസ്ഥാനങ്ങളുടെ പേരിൽ നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന ഈ ഭാഗ്യക്കുറി വ്യാപാരത്തിൽ സർക്കാർതന്നെ കണക്കാക്കിയിട്ടുള്ളത് 10,000 കോടി രൂപയാണ്. അതിന് ഭീമമായ ലൈസൻസ് ഫീസ് ഏർപ്പെടുത്തിക്കൊണ്ട് അതിനെ നിയന്ത്രിക്കണം. അതുപോലെ ഓൺലൈൻ ലോട്ടറി ചൂതാട്ട നിയമ ഭേദഗതി നിയമത്തിലൂടെ ഫലപ്രദമായി തടയാനും സാധിക്കണം. അതിന് പോരായ്മകളുണ്ടെങ്കിൽ പഴുതുകളുണ്ടെങ്കിൽ ആ പഴുതുകളടച്ച് കുറ്റമറ്റ ഒരു നിയമമാക്കി കേരള സംസ്ഥാനത്തെ ജനങ്ങളെ കൊള്ളയടിക്കുന്നതിൽ നിന്നും കേരളാ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള നിയമത്തിലൂടെ കേരളത്തെ മോചിപ്പിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഇവിടെ ഈ നിയമം അവതരിപ്പിച്ചതിന്റെ സാങ്കേതികത്വത്തെക്കുറിച്ച് അവതരണഘട്ടത്തിൽതന്നെ എന്റെ സംശയം ഉന്നയിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറും റൂളിംഗ് നൽകുകയുണ്ടായി. അപ്പോൾ അതിന്റെ അർത്ഥത്തിൽ എനിക്ക് തോന്നിയത് ഇതൊരു വ്യർത്ഥവ്യായാമമാണെന്നാണ്. ഒരു നിയമം കൊണ്ടുവന്നു. പക്ഷെ നിയമം നടപ്പാക്കാൻ കഴിഞ്ഞില്ല. കേരള സംസ്ഥാനത്തിൽ നിലനിൽക്കുന്ന ഒരു സാഹചര്യമെന്നു പറഞ്ഞാൽ കേരള ലോട്ടറി നിരോധനവുമായി ബന്ധപ്പെട്ട് ഏതാണ്ട് മൂന്നര ലക്ഷത്തോളം വരുന്ന ആളുകളുടെ കഞ്ഞികുടി മുട്ടിയിരിക്കുകയാണ് അവരുടെ പേരുപറഞ്ഞ് ഈ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന അന്യസംസ്ഥാന ലോട്ടറി, ഓൺലൈൻ ലോട്ടറിയുൾപ്പെടെയുള്ള ചൂതാട്ട ലോട്ടറികളും പുനഃസ്ഥാപിക്കാനുള്ള ഒരു ശ്രമമാണ് ഇവിടെ നടത്തുന്നത്.

ഇവിടെ 13-1-2005-ലാണ് ഈ ഓൺലൈൻ ലോട്ടറി നിരോധിച്ചത്. ഓൺലൈൻ ലോട്ടറി നിരോധിക്കാൻ ഇടയായ സാഹചര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഗവൺമെന്റ് ഓൺലൈൻ ലോട്ടറിക്കാരെ സഹായിക്കാൻ ശ്രമിക്കുകയും അതിന്റെ ഭാഗമായി കോടിക്കണക്കിന് രൂപയുടെ തിരിമറിയെ സംബന്ധിച്ച് പുറത്ത് പറയുകയും ചെയ്യുമ്പോൾ മുഖം രക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ ലോട്ടറി നിരോധനം വന്നത്. ലോട്ടറി എന്ന് പറയുമ്പോൾ അത് കേന്ദ്ര സബ്ജക്റ്റാണ്. ഇവിടെ ഈ നിയമം പാസ്സാക്കി എടുത്താൽതന്നെ അംഗീകാരം കിട്ടുന്ന കാര്യങ്ങളെ സംബന്ധിച്ച് തർക്കമുണ്ട്. ഇവിടെ പറഞ്ഞത് അന്യ സംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കാൻ Tax hike ചെയ്യുക എന്നാണ്. Tax hike ചെയ്തുകഴിഞ്ഞാൽ പിന്നെ അന്യ സംസ്ഥാന ലോട്ടറികൾ ഇവിടെ കടന്നുവന്ന് ഇവിടത്തെ സമ്പത്ത് കൊണ്ടുപോകുകയില്ല എന്നാണ് പുതുതായി കണ്ടെത്തിയിരിക്കുന്നത്. അതിൽ ടാക്സ് വർദ്ധിപ്പിക്കുകയും ടാക്സ് പിരിക്കുന്നതിന് സെയിൽസ്ടാക്സ് വിഭാഗത്തിനെ ചുമതലപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഇതിൽ ഉദ്ദേശിക്കുന്നത്. ഇതിൽ പറഞ്ഞത്, ടാക്സ് ചുമത്തുന്നതിന് ഓരോ ബംബർ നറുക്കെടുപ്പിനും 10 ലക്ഷം രൂപയും മറ്റ് ഏതെങ്കിലും നറുക്കെടുപ്പിന് രണ്ടരലക്ഷം രൂപയും അങ്ങനെയാണ് ഇതിൽ വ്യവസ്ഥ ചെയ്യുന്നത്. യഥാർത്ഥത്തിൽ സെക്ഷൻ (4)-നെ ലംഘിക്കാത്ത രൂപത്തിലുള്ള ഒരു നടപടിയാണ് ഇവിടെ വരുന്നത്. വ്യാജ ലോട്ടറികളെ നിയന്ത്രിക്കാൻ സെക്ഷൻ 4 ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടി എടുക്കാൻ നിയമം ഇതിലുണ്ട്. അതൊന്നും ചെയ്യാതെ കൂടുതൽ കൂടുതൽ ടാക്സ് വർദ്ധിപ്പിച്ച് അതിനെ നിയന്ത്രിക്കാൻ കഴിയും എന്ന ഒരു ധാരണയിലേക്കാണ് എത്തിയിരിക്കുന്നത്. ഇപ്പോൾ ഒരു നറുക്കെടുപ്പിന് 20,000 രൂപയാണ് നികുതിയായിട്ട് നിശ്ചയിച്ചിരിക്കുന്നത്. ഇപ്പോൾ സെയിൽസ്ടാക്സ് ആണ് ഇതിൽ ചുമത്തപ്പെട്ടിരിക്കുന്നത്. 2001-ലാണ് ടാക്സ് ലോട്ടറിക്ക് ഏർപ്പാടായി വരുന്നത്. ഇങ്ങനെ സെയിൽസ്ടാക്സിനെ ചുമതലപ്പെടുത്തിയപ്പോൾ സെയിൽസ്ടാക്സ് പിരിച്ചെടുത്ത സംഖ്യ എത്രയാണ്? 2001-ൽ ആകെ പിരിച്ചത് 1 കോടി രൂപ, 2002-ൽ ഒന്നര കോടി രൂപ പിരിച്ചു. 2003-ൽ

2/676/2012—51.

LIBRARY ARCHIVES Kerala Legislative Assembly

ലോട്ടറി വകുപ്പ് അന്യസംസ്ഥാന ലോട്ടറികളെ സംബന്ധിച്ച് പരിശോധന നടത്തി. ആ ലോട്ടറി വകുപ്പ് കണ്ടെത്തിയത് 5,750 കോടി രൂപയുടെ വെട്ടിപ്പാണ്. 5,750 കോടി രൂപയുടെ വെട്ടിപ്പ് ലോട്ടറി വകുപ്പ് കണ്ടെത്തി അത് സെയിൽസ് ടാക്സ് വിഭാഗത്തെ അറിയിച്ചു. അവർ ഈ ലോട്ടറി നികുതി വെട്ടിച്ച കമ്പനിക്കാർക്ക് ഡിമാന്റ് നോട്ടീസ് നൽകി. യഥാർത്ഥത്തിൽ ഈ ലോട്ടറി കമ്പനിക്കോ വിതരണക്കാർക്കോ എതിരെ ഒരു നടപടിയും എടുത്തില്ല. സെക്ഷൻ 4 അനുസരിച്ച് അവർക്കെതിരെ നടപടിയെടുക്കാനുള്ള എല്ലാ സാദ്ധ്യതയും ഉണ്ട്. പക്ഷേ സെയിൽസ് ടാക്സ് സെക്ഷൻ 4-ന് വിധേയമായി യാതൊരു നടപടിയും എടുക്കാൻ മുന്നോട്ടു വന്നില്ല. അവിടെ ആലോചിക്കുമ്പോഴാണ് ബഹുമാന്യനായ ശ്രീ. എം. എം. ഹസ്സൻ നേരത്തെ ഇവിടെ സൂചിപ്പിച്ച ചില കാര്യങ്ങളിലേക്ക് വരുന്നത്. ഞങ്ങൾ ഇവിടെ പറയുന്ന ഒരു കാര്യമുണ്ട്. ശത്രു ആക്രമിക്കാൻ വരുന്നു എന്ന് മനസ്സിലാക്കിയാൽ മുഖം നോക്കി അടിക്കണം അപ്പോൾ ശത്രു ആക്രമിക്കില്ല എന്ന്. അത് അങ്ങേക്കും അറിയാം. അങ്ങനെയൊരു പഴമൊഴി നമ്മുടെ നാട്ടിൽ പറയും. അതേരൂപത്തിൽ ബഹുമാനപ്പെട്ട മുൻ മന്ത്രി ശ്രീ. എം. എം. ഹസ്സന് ആരെയൊക്കെയോ സംരക്ഷിക്കണം. ഞാനാണ് ഇങ്ങനെ സംരക്ഷിച്ചത് എന്ന് ബോദ്ധ്യപ്പെടുത്തുകയും വേണം. അതിനുവേണ്ടി കണ്ടെത്തിയ മാർഗ്ഗമാണ് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ മരുമകൾക്ക് പ്ലേവിൻ ലോട്ടറിയുടെ ഏജന്റുമായിട്ട് ബന്ധമുണ്ട്, അതിൽ ഷെയർ ഉണ്ടായിരുന്നു എന്നൊക്കെ പറഞ്ഞ് ഇവിടെ ഒരു പുകമറ സൃഷ്ടിക്കാൻവേണ്ടി പരിശ്രമിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്നെ രാവിലെ അതിലെ കാര്യങ്ങളെ സംബന്ധിച്ച് personal explanation എന്ന രൂപത്തിൽ അവതരിപ്പിച്ചു. എന്നിട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു ധൈര്യം ഉണ്ടെങ്കിൽ ഇനി പുറത്തു പറയുക അപ്പോൾ ഞാൻ കാര്യങ്ങൾ നോക്കിക്കൊള്ളാമെന്ന്. മാത്രമല്ല, ഇത്തരത്തിൽ ഒരു വാർത്ത വന്ന ഇൻഡ്യൻ എക്സ്പ്രസ്സിനെതിരെ അദ്ദേഹം കേസും കൊടുത്തു. സഭയുടെ ചില അധികാര സ്വാതന്ത്ര്യങ്ങൾവച്ച് സഭയ്ക്കകത്ത് പറയാം. പക്ഷേ രണ്ട് ദിവസങ്ങൾക്ക് മുൻപ് പറയുകയും വീണ്ടും ഇത് ആവർത്തിക്കുകയും ചെയ്യുന്നത് ഈ ലോട്ടറിയുടെ നിയമം വരുമ്പോൾ അതിൽ ചില ആളുകളെ സംരക്ഷിക്കാൻ ബഹുമാനപ്പെട്ട ശ്രീ. എം. എം. ഹസ്സൻ ബാദ്ധ്യസ്ഥനാണ് എന്ന് മനസ്സിലാക്കി തന്നെയാണ്. അതാണ് ഈ നിയമവുമായിട്ട് വരുന്നത്. 5,780 കോടി രൂപയുടെ സെയിൽസ്ടാക്സ് തട്ടിപ്പിൽ 3,300 കോടി രൂപ 'ബബ്ല ഏജൻസി' എന്ന് പറയുന്ന വ്യാജ ലോട്ടറി ഏജൻസിയാണ് അടയ്ക്കാനുള്ളത്. ബബ്ല ഏജൻസി, അതിന്റെ ആറ് ജില്ലകളിലെ വിതരണക്കാരൻ ബിജു പുരുഷോത്തമൻ എന്ന് പറയുന്ന ഒരു ഏജൻസിയാണ്. ആരാണ് ഈ ബിജു പുരുഷോത്തമൻ എന്നും ബി. പി. ഏജൻസി എന്ന് പേരിടാൻകാരണം എന്താണെന്നും ആരെ സംരക്ഷിക്കാനാണ് ഈ നിയമം കൊണ്ടുവരുന്നതെന്നും എല്ലാവർക്കും അറിയാവുന്ന സംഗതിയാണ്. അത് പുറത്തുപറയാതിരിക്കാൻവേണ്ടിയാണ് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

എം. എം. ഹസ്സൻ ഇങ്ങനെ ഒരു പരാമർശവുമായിട്ട് മുന്നോട്ടു വന്നത്. ഈ 3,300 കോടി രൂപ ടാക്സ് പിരിച്ചെടുക്കാൻ കഴിയില്ല. ബഞ്ച എജൻസിയിൽനിന്നും 3,300 കോടി രൂപയുടെ ടാക്സ് പിരിച്ചെടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചാൽ, അതിന് ആവശ്യമായ നടപടികളുമായി മുന്നോട്ടുപോയാൽ ഈ ബി. പി. ഏജൻസി 3,300 കോടി രൂപയിൽനിന്നും അതിന്റെ ഷെയർ കൊടുത്തേ തീരൂ. അപ്പോൾ അത് ആര് കൊടുക്കേണ്ടിവരും. ഈ ബിജു പുരുഷോത്തമൻ കൊടുക്കേണ്ടിവരും. ബിജു പുരുഷോത്തമനെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി എന്തു ചെയ്തു? ഇങ്ങനെ ഒരു നിയമം നടപ്പിലാക്കാതിരിക്കുക. അപ്പോൾ അതിന് പിന്നീട് കണ്ട മാർഗ്ഗം ഈ ബിജു പുരുഷോത്തമൻ എന്ന് പറയുന്ന ബി. പി. ഏജൻസി എന്ന പേര് മാറ്റി ബി. എസ്. ഏജൻസിയാക്കുകയാണ്. ബഞ്ച ഏജൻസിയുടെ ആഫീസ് എന്ന് പറയുന്നത് പാലക്കാട്, കുന്നത്തൂർ ആണ് അതിന്റെ അഡ്രസ് ഡോർ നം. 15/650, കുന്നത്തൂർമേട്, കോയമ്പത്തൂർ മെയിൻറോഡ്, പാലക്കാട്. സെയിൽസ്ടാക്സ് പിടിച്ചെടുക്കും എന്ന ഒരു ഘട്ടം വരും എന്ന് മനസ്സിലാക്കിയപ്പോൾ അതിന്റെ പേര് ബി. എസ്. ഏജൻസി എന്നാക്കി തൊട്ടടുത്ത റൂമിലേക്ക് മാറ്റി. അതിന്റെ അഡ്രസ് ഡോർ നം. 15/651, കുന്നത്തൂർമേട്, കോയമ്പത്തൂർ മെയിൻറോഡ്, പാലക്കാട് ഇങ്ങനെയാണ്. ഇത് സെക്ഷൻ 4 അനുസരിച്ച് ക്രിമിനൽ കേസ് നടത്തിയോ? നടത്തിയില്ല. അപ്പോൾ ഇതിനെതിരായിട്ട് സുപ്രീം കോടതിയിൽ പോയി. സുപ്രീം കോടതിയിൽ പോയിട്ട് അവിടെ സത്യവാങ്മൂലം കൊടുത്താണ് രക്ഷപ്പെടുന്നത്. അതിന് പറയുന്നത് 'They have undertaken not to register any F.I.Rs in future for violation of the Lotteries (Regulation) Act, 1998 and also not to take any further steps in the F.I.Rs already registered against the Petitioners. Whatever action has been taken by way of sealing the premises or seizing of the equipments while acting on the F.I.Rs already registered, shall be undone' എന്നാണ്. ഭാവിയിൽ ക്രിമിനൽ കുറ്റം ചുമത്തില്ല. എടുത്ത കേസ്സുകൾ ഒഴിവാക്കുക. അങ്ങനെയാണ് പറയുന്നത്. അതേ രൂപത്തിൽ തന്നെയാണ് പ്ലേവിൻ കമ്പനി 895 കോടി രൂപയുടെ തട്ടിപ്പ് നടത്തിയത്. ഇതേ രൂപത്തിൽ സെയിൽസ്ടാക്സ് ഡിമാന്റ് നോട്ടീസ് കൊടുത്തു.

ഡിമാന്റ്സ് നോട്ടീസ് കൊടുത്തപ്പോൾ ഇവർ കോടതിയിൽ പോയി, കോടതി ഇത് അംഗീകരിക്കണമെങ്കിൽ കേസ് പരിഗണനയ്ക്ക് എടുക്കണമെങ്കിൽ സർക്കാരിലേക്ക് അടയ്ക്കാനുള്ള സംഖ്യയുടെ 30 ശതമാനമോ, 50

8.00 P.M.] ശതമാനമോ അടയ്ക്കണം. എന്നാൽ മാത്രമേ ഇത് അംഗീകരിക്കൂ. ഇവിടെ പ്ലേവിൻ കമ്പനി ഡിമാന്റ്സ് നോട്ടീസ് റീ-അസ്സസ്മെന്റ് നോട്ടീസായി പരിഗണിക്കണമെന്നാണ് പറഞ്ഞത്. സർക്കാരിന്റെ ഒരു അഭിഭാഷകൻ ഉണ്ട്, സർക്കാർ അഭിഭാഷകൻ ഇതിനെക്കുറിച്ച് ഒരക്ഷരം മിണ്ടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജൻ ജോസഫാണ് അന്ന് പങ്കെടുത്തത് അദ്ദേഹം ഒരക്ഷരം മിണ്ടാതെ വന്നപ്പോൾ ഹൈക്കോടതി പറഞ്ഞു. 50 ശതമാനം ഗവൺമെന്റ് ഖജനാവിലേക്ക് അടച്ചേ നിങ്ങളുടെ കേസ് പരിഗണിക്കൂ എന്ന്. എന്നുപറഞ്ഞാൽ 450 കോടി ഉറുപ്പിക പിറ്റേദിവസം കേരളത്തിന്റെ ഖജനാവിലേക്ക് വരും. ഗവൺമെന്റോ സെയിൽസ് ടാക്സ് വകുപ്പോ അത് പറഞ്ഞില്ല. എന്തുകൊണ്ടാണ് രാജൻ ജോസഫ് അത് പറയാതിരുന്നത് എന്നതിനെ സംബന്ധിച്ച് ഇന്നുവരെ ചോദിച്ചിട്ടില്ല. ആരെ സംരക്ഷിക്കാൻ വേണ്ടിയാണ്. തുടർന്ന് തുക വസൂലാക്കാൻ സെയിൽസ് ടാക്സ് കമ്മീഷണർ ശ്രീ. സോമസുന്ദരത്തെ അദ്ദേഹം adjudicate ചെയ്തു. 18 വർഷം മുമ്പ് ബഹുമാനപ്പെട്ട സുപ്രീംകോടതി പ്രസ്താവിച്ചിട്ടുള്ള ഒരു വിധിയുണ്ടെന്നു പറഞ്ഞ് ഇല്ലാത്തൊരു വിധി വളച്ചുകെട്ടി സമ്മാന തുക ഇതിൽ നിന്ന് ഒഴിവാക്കാവുന്നതാണ് എന്ന് പറഞ്ഞുണ്ടാക്കി. കോടിക്കണക്കിന് രൂപയാണ് ഗവൺമെന്റിന് ലോട്ടറിയുടെ ഭാഗമായിട്ട് നഷ്ടപ്പെടുന്നത്. ഇങ്ങനെ സെയിൽസ് ടാക്സ് കമ്മീഷണറും വ്യാജ ലോട്ടറിക്കാരും ചേർന്ന് സർക്കാരിന് കിട്ടേണ്ട കോടിക്കണക്കിന് രൂപ നഷ്ടപ്പെടുത്തി. ഇപ്പോൾ ഓരോ നറുക്കെടുപ്പിന്റെയും തുക 20,000 രൂപയാണ്. ആ 20,000 രൂപ പിരിച്ചെടുക്കാൻ കഴിയാത്തവർ എങ്ങനെയാണ് രണ്ടര ലക്ഷവും പത്തര ലക്ഷവും രൂപയാക്കി ഇത് വർദ്ധിപ്പിച്ചു കഴിഞ്ഞാൽ പിരിച്ചെടുക്കുക. അതിന് ലോട്ടറി വകുപ്പിന് സാധിക്കില്ല. എങ്ങനെ കഴിയുമെന്ന് മനസ്സിലാകുന്നില്ല. ഇപ്പോൾ ഇങ്ങനെ കോടിക്കണക്കിന് രൂപ സർക്കാരിന് കിട്ടാനുള്ളത് പിരിച്ചെടുക്കാൻ കഴിയാതിരിക്കെ മറ്റൊരു കാര്യം ചെയ്തു. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചില ലോട്ടറികൾ അവർക്ക് മുൻകൂർ അഡ്വാൻസ് വാങ്ങാൻ നേരത്തെ ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി, മുൻകൂർ അഡ്വാൻസ് വാങ്ങാൻ ചില ഏർപ്പാടുകൾ ഉണ്ടാക്കിക്കൊടുത്തു. ഗവൺമെന്റിനു കിട്ടേണ്ട പൈസ അടയ്ക്കാൻവേണ്ടി കമ്പനികൾ നിൽക്കുകയാണ്. യഥാർത്ഥത്തിൽ ആ പൈസ വാങ്ങിയതിനുശേഷമേ അടുത്ത നടപടികളിലേക്ക് പോകാൻ സാധിക്കൂ. പക്ഷെ ഈ പൈസ അടയ്ക്കാതെതന്നെ അവർക്ക് സ്വൈരവിഹാരം നടത്താൻ, ഇഷ്ടംപോലെ ലോട്ടറികൾ വില്ക്കാനുള്ള പെർമിഷൻ ഈ അഡ്വാൻസ് വാങ്ങിക്കൊണ്ട് കൊടുക്കുകയാണ്. അതിൽ കാസർഗോഡ് ഒരു ക്ലാസിക് ഏജൻസിയുണ്ട്. അവർ 3 കോടി രൂപ അടയ്ക്കണം ഒരു ദിവസം അവരുടെ 48 നറുക്കെടുപ്പാണ് അവിടെ നടക്കുന്നത്. അവർ ഏതാണ്ട് ശരാശരി കണക്കാക്കിക്കഴിഞ്ഞാൽ 3 കോടി രൂപയാണ് അടയ്ക്കേണ്ടത്. അവരുടെ കൈയിൽ നിന്ന് 50,000 രൂപ വാങ്ങും, എന്നിട്ട് ലോട്ടറി നടത്താനുള്ള പെർമിഷൻ കൊടുക്കുകയാണ്. അതേ രൂപത്തിൽ തന്നെ മറ്റൊരു ക്ലാസിക് ഏജൻസിയുണ്ട്, അവർ ദിവസം 55 നറുക്കെടുപ്പുകളാണ് നടത്തുന്നത്. അതിൽ 4 കോടി രൂപയാണ് അടയ്ക്കേണ്ടത്, പക്ഷെ 75,000 രൂപ അടപ്പിച്ചു. എന്നിട്ടാണ് ലോട്ടറി നടത്താനുള്ള പെർമിഷൻ കൊടുക്കുന്നത്. ഒരു പല്ലൻ ഏജൻസിയുണ്ട് ഹോസ്ദുർഗ്ഗ്, അവർക്ക് ദിവസം 48 നറുക്കെടുപ്പുണ്ട്, അവരുടെ ഒരു പ്രത്യേകത മറ്റു സംഘങ്ങളിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യസ്തമാണ്. ഏത് ലോട്ടറി ടിക്കറ്റും വിൽക്കാം ഇതുസംബന്ധിച്ച് യാതൊരു പരിശോധനയുമില്ല, സമ്മാനം കൊടുക്കുന്നതിനെ സംബന്ധിച്ച് അന്വേഷണമില്ല. അങ്ങനെയൊരു ഏജൻസിയാണ്. അവർ അടയ്ക്കാനുള്ളത് 3 കോടി 60 ലക്ഷം രൂപയാണ്, 25,000 രൂപയാണ് അവർ അടച്ചത്. ഇതിനെ സംബന്ധിച്ച് ഇങ്ങനെ പൈസ അടച്ചപ്പോൾ ഇവർ കോടതിയെ സമീപിച്ചു. കോടതിയെ സമീപിച്ച് ഞങ്ങളുടെ കൈയിൽ നിന്ന് സർക്കാർ അഡ്വാൻസ് റിട്ടേൺസ് വാങ്ങിയിട്ടുണ്ട്, അതുകൊണ്ട് ഞങ്ങൾക്ക് ലോട്ടറി വിൽക്കാനുള്ള അനുവാദം വേണമെന്നു പറഞ്ഞു. അതിനെത്തുടർന്ന് അവർക്ക് കോടതി അനുവാദം കൊടുക്കുകയാണ് ചെയ്തത്. അതിന് കോടതി പറയുന്നത് അഡ്വാൻസ് വാങ്ങിക്കഴിഞ്ഞാൽ പിന്നീട് വിൽപ്പന നടത്താനുള്ള അനുവാദമാണ്. അതുകൊണ്ട് അവർക്ക് വിൽക്കാം എന്നാണ് പറയുന്നത്. ഇവിടെ ലോട്ടറി രംഗത്ത് ധാരാളം കേസുകൾ ഇന്ന് നിലനിൽക്കുന്നു. ഈ കേസുകളിൽ ഇപ്പോൾ പലതും തോൽക്കുകയാണ്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് എല്ലാ രംഗത്തും തോൽക്കുന്നു. മേഘാലയ ഗവൺമെന്റിന്റെ ലോട്ടറി കേസുമായി ബന്ധപ്പെട്ട് നമ്മൾ പരാജയപ്പെട്ട കാര്യവും അതിൽ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി പോയി മാപ്പപേക്ഷ കൊടുത്തതും അങ്ങനെ സംസ്ഥാന ഗവൺമെന്റിനെ രക്ഷപ്പെടുത്തിയതുമായ കഥ അങ്ങേക്കു തന്നെ അറിയാം. ഇവിടെ ആ കേസുമായി ബന്ധപ്പെട്ട് 11-10-ൽ ഹൈക്കോടതി സ്റ്റേ കൊണ്ടുവന്നു, കേരളത്തിന്റെ സീനിയർ അഭിഭാഷകൻ പി. പി. റാവുവാണ് ആ കേസിന് ഹാജരാകേണ്ട സീനിയർ അഭിഭാഷകൻ. പി. പി. റാവു അന്ന് കേസിന് ഹാജരായില്ല. എന്തുകൊണ്ട് ഹാജരായില്ല എന്നുള്ളതിനെ സംബന്ധിച്ച് ഇവരുടെ ബന്ധവും കാര്യങ്ങളുമൊക്കെ വളരെ വിപുലവും വിശാലവുമാണ്. സ്വാധീനിച്ചു എന്നൊന്നും ഞാൻ പറയുന്നില്ല. എന്തുകൊണ്ടോ പി.പി. റാവു ഹാജരായില്ല. അതു മാത്രമല്ല മേഘാലയ ലോട്ടറി ഒറ്റ നമ്പർ ലോട്ടറിയാണെന്നും കേരള ഹൈക്കോടതിയിൽ ഇതുമായി ബന്ധപ്പെട്ട് ഒരു കേസ് നിലവിലുണ്ടെന്നും അന്ന് അതുമായി ബന്ധപ്പെട്ട് അവിടെ ഹാജരായ അഭിഭാഷകൻ കോടതിയെ ധരിപ്പിച്ചില്ല. അന്നത്തെ ഡയറക്ടർ ഈ അഭിഭാഷകൻ സുപ്രീംകോടതിയിൽ ഇത് പറഞ്ഞില്ല എന്നു മനസ്സിലാക്കിയപ്പോൾ ഈ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ധനകാര്യവകുപ്പുമന്ത്രിക്കും കമ്മീഷണർക്കും ഒരു ഹർജി കൊടുത്തെങ്കിലും ഒരു നടപടിയും അതിൻമേൽ ഉണ്ടായില്ല. അന്യ സംസ്ഥാന ലോട്ടറിക്കാരെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റ് നിന്നുകൊടുക്കുന്നു എന്ന് ആരെങ്കിലും പറഞ്ഞാൽ നമുക്ക് മറുത്തുപറയാൻ കഴിയാതെ വരുന്ന ഒരു അവസ്ഥയാണുണ്ടാകുന്നത്. കേരളത്തിലെ ഒരു അഡീഷണൽ അഡ്വക്കേറ്റ് ജനറൽ പറഞ്ഞ കാര്യത്തെ സംബന്ധിച്ച് ബഹുമാന്യനായ ടി. എം. ജേക്കബ് സൂചിപ്പിക്കുകയുണ്ടായി. ഈ സംസ്ഥാന ഗവൺമെന്റിനെ കൊണ്ടുപോയി കുടുക്കിയ കാര്യം അദ്ദേഹം പറഞ്ഞു. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ആ കാര്യത്തിലേക്ക് പോകുന്നില്ല. 10,000 കോടി രൂപയുടെ കള്ള ലോട്ടറി ടിക്കറ്റ് ഈ സംസ്ഥാനത്ത് വിൽക്കുന്നു എന്നാണ് കണക്ക്. ഇങ്ങനെ ഈ നാടിന്റെ സമ്പത്ത് കൊള്ളയടിക്കപ്പെടുകയും, സമാന്തരമായ സമ്പദ്ഘടന സൃഷ്ടിക്കാൻ വേണ്ടി പരിശ്രമിക്കുകയും ചെയ്യുന്ന ആളുകളെ നിലയ്ക്ക് നിർത്താൻ നമുക്ക് കഴിയണം, സംസ്ഥാനത്തെ സംരക്ഷിക്കാൻ കഴിയണം. സംസ്ഥാനത്തിനകത്ത് ലോട്ടറിവില്പന ഒരു ജീവിതമാർഗ്ഗമായി കാണുന്ന ഒരുപാട് ആളുകൾ ഉണ്ട്. അവരെയും സംരക്ഷിക്കാൻ നമുക്ക് കഴിയണം. അതിന് കഴിയണമെങ്കിൽ ഇതിനെ തികച്ചും കുറ്റമറ്റ ഒരു നിയമമാക്കി മാറ്റാൻ കഴിയണം. അങ്ങനെ കുറ്റമറ്റ നിയമമാക്കി മാറ്റണമെങ്കിൽ ഇന്നുള്ള പല കാര്യങ്ങളിലും മാറ്റം വരുത്തി ഇതിലുള്ള പോരായ്മകൾ കൂടി പരിഹരിച്ച് ഒരു മാതൃകാ നിയമമാക്കിമാറ്റാൻ ഗവൺമെന്റ് തയ്യാറാകണം എന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, 1960-ൽ കേരള നിയമസഭ പാസാക്കിയെടുത്ത ചൂതാട്ട നിയമത്തിന് ഇങ്ങനെ കുറേ ഭേദഗതികളുമായി മംഗളത്തുവരാൻ ഈ സർക്കാരിന് ധാർമികമായി യാതൊരു അവകാശവുമില്ലെന്നാണ് എന്റെ അഭിപ്രായം. കേരളത്തിലെ ലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തെ വളരെ ദുരിതപൂർണമായിട്ട് ബാധിക്കുന്ന ഒരു സാഹചര്യത്തിലേക്ക് ഈ പ്രശ്നങ്ങളെ മുഴുവൻ വഷളാക്കിയതിന്റെ ഉത്തരവാദിത്വം കേരളത്തിലെ യു. ഡി. എഫ്. ഗവൺമെന്റിനാണ്. ഇപ്പോൾ ഇങ്ങനെ ഒരു ചൂതാട്ടവുമായി ബന്ധപ്പെട്ട ഒരു ബിൽ അവതരിപ്പിക്കുന്നതിനേക്കാൾ നല്ലത് കേരളത്തിലെ മൂന്നേകാൽ കോടിയോളം വരുന്ന ജനങ്ങളുടെ ജീവിതംകൊണ്ട് കേരളത്തിലെ യു. ഡി. എഫ്. നടത്തുന്ന ഒരു ചൂതാട്ടമുണ്ട്, ആ ചൂതാട്ടത്തെ സംബന്ധിച്ച് എന്തെങ്കിലും ഒരു തീർപ്പ് ഉണ്ടാക്കാൻ നിങ്ങൾ ഒരു ശ്രമം നടത്തണം. ഈ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്തുകൊണ്ട് യു.ഡി.എഫിന്റെ ചില നേതാക്കൻമാർ ചില പ്രസംഗങ്ങൾ നടത്തി. സാധാരണ നമ്മൾ മൈതാനങ്ങളിൽ കേൾക്കുന്ന തരംതാണ പ്രസംഗത്തിന്റെ ലൈനിൽ നിന്നുകൊണ്ട് വ്യക്തിപരമായി ആളെ തേജോവധം ചെയ്യുന്ന അത്തരം പ്രസംഗങ്ങൾക്ക് പിന്നിലുള്ള ലക്ഷ്യം തീർച്ചയായിട്ടും അറിയണം. ഇവിടെ ചില ആളുകളുടെ പേരെടുത്തുപറഞ്ഞ് ഞങ്ങൾക്ക് അങ്ങോട്ടു സംസാരിക്കേണ്ടി വന്നത് ശ്രീ. ഹസ്സനെപോലുള്ള ചില ആളുകളുടെ പ്രസംഗത്തിന്റെ ഭാഗമാണെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയെങ്കിലും തിരിച്ചറിയണം. കാരണമെന്താണെന്നുവച്ചാൽ ശ്രീ. ഹസ്സൻ അധികാരം നഷ്ടപ്പെട്ട ആളാണ്. പുതിയതായി അധികാരം കിട്ടിയ ആളോട് ഒരു ഗർവുണ്ടാകുക സ്വാഭാവികമാണ്. അതുകൊണ്ട് ശ്രീ. വക്കത്തിന് എതിരായിട്ട് ഈ ബില്ലിന്റെ ചർച്ചയിൽ അദ്ദേഹത്തിന്റെ മകന്റെ പേര് വലിച്ചിഴച്ച് അദ്ദേഹത്തെ വഷളാക്കേണ്ടത് ശ്രീ. ഹസ്സന്റെ ആവശ്യമാണ്. ആ ആവശ്യം ശ്രീ. ഹസ്സൻ ഭംഗിയായി നിർവ്വഹിച്ചു എന്നുമാത്രമേ അതിനെസംബന്ധിച്ച് ഞങ്ങൾ കരുതുന്നുള്ളൂ. അത് ശ്രീ. ഹസ്സൻ ഭംഗിയായി നിർവഹിച്ചു, ശ്രീ. വക്കത്തിന്റെ പേര്, അദ്ദേഹത്തിന്റെ മകന്റെ പേര്, ഇതുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട് വലിച്ചിഴച്ച് അദ്ദേഹത്തെ ഒരു വേഷം കെട്ടിക്കുന്നതിൽ ശ്രീ. ഹസ്സൻ ഭംഗിയായി വിജയിച്ചു. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇത് മകന്റെ വ്യവസായ സാമ്രാജ്യം സംരക്ഷിക്കാൻ അച്ഛൻ ഉണ്ടാക്കുന്ന നിയമമാണെന്ന് ഇങ്ങനെ ആരെങ്കിലും പറഞ്ഞാൽ അതിനെ കുറ്റപ്പെടുത്താൻ കഴിയുമോ. ആ ഒരു അവസ്ഥയിലേക്ക് ഈ ബില്ലിന്റെ ചർച്ചയുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തെ കൊണ്ടുപറയിക്കുന്നതിൽ ഹസ്സൻ നടത്തിയിട്ടുള്ള രാഷ്ട്രീയക്കെണിയുണ്ടല്ലോ അതൊരു കുറുക്കന്റെ കൗശലമാണ്. ഹസ്സനെപ്പോലുള്ള ആളുകൾക്ക് മാത്രമേ അത് നടത്താൻ കഴിയൂ. ഞാൻ അതിൽ കൂടുതൽ ഒന്നും പറയുന്നില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ധനകാര്യവകുപ്പുമന്ത്രിതന്നെ പറഞ്ഞു, കോടതിയുടെ തെറ്റായ ചില വിധികളുടെ അടിസ്ഥാനത്തിലാണ് ഇത്തരം ചില കടുത്ത തീരുമാനങ്ങൾ എടുക്കുന്നതിനു വേണ്ടിയിട്ട് സർക്കാരിനെ നിർബന്ധിക്കപ്പെട്ടതെന്ന് എങ്ങനെയാണ് തെറ്റായ ഈ വിധിയിലേക്ക് നാം എത്തിച്ചേർന്നത്. അല്ലെങ്കിൽ കോടതികൾ എത്തിച്ചേർന്നത്. അതിൽ നമ്മുടെ പിടിപ്പുകേട് എന്താണെന്ന് പരിശോധിക്കാൻ വേണ്ടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി തയ്യാറാകണം. ഇവിടെ ശ്രീ. ടി. എം. ജേക്കബ് ഒരു വെടിക്കെട്ട് പ്രസംഗം നടത്തി. അദ്ദേഹം കേരളത്തിലെ യു.ഡി.എഫിന്റെ ഭാഗമായിട്ട് നിൽക്കുന്ന ആളാണ്. കേരളത്തിന്റെ തനതു ലോട്ടറിയായിട്ടുള്ള പേപ്പർ ലോട്ടറിയുൾപ്പെടെ ലക്ഷക്കണക്കിനാളുകളുടെ ജീവിതത്തെ വലിയ രീതിയിൽ സ്വാധീനിക്കുന്ന കേരളത്തിന്റെ ലോട്ടറി മേഖലയിൽ ഇത്തരം ഭീകരമായ പ്രശ്നങ്ങൾ ഉണ്ടായതിന്റെ പിന്നിൽ ഈ ഗവൺമെന്റിന്റെ അനവധാനതയും അതുപോലെതന്നെ ലോട്ടറി മാഫിയയ്ക്ക് വഴങ്ങിയിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ സമീപനങ്ങളും എത്രമാത്രം വലിയ പങ്ക് വഹിച്ചുവെന്നുള്ള കാര്യം ശ്രീ. ടി. എം. ജേക്കബ്ബിന്റെ പ്രസംഗത്തിൽ അദ്ദേഹം ഭംഗിയായി വിശദീകരിച്ചു. ഈ സഭ കാതോർത്തുകേട്ട പ്രസംഗമാണ്. തീർച്ചയായും അതിനകത്ത് അദ്ദേഹം ഉന്നയിച്ച നിരവധി വിമർശനങ്ങൾ ഈ ബിൽ കുറ്റമറ്റതാക്കുന്നതിന് ഉപകരിക്കും ഈ ബിൽ കേരളത്തിന്റെ ലോട്ടറി മേഖലയെ സംബന്ധിച്ചിടത്തോളം ദീർഘകാലാടിസ്ഥാനത്തിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന്, ഏറ്റവുമധികം സഹായമാകുന്ന നിലയിൽ രാജ്യത്തിനാകെ മാതൃകയാകുന്ന കേന്ദ്രഭാഗ്യക്കുറി നിയമത്തെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് നമുക്ക് നിയമ നിർമ്മാണം നടത്താൻ കഴിയണം. സത്യസന്ധമായും സുതാര്യമായിട്ടുമാണ് കേരള ഭാഗ്യക്കുറി നമ്മൾ നടത്തുന്നത്. ആർക്കും അതിനെ സംബന്ധിച്ച് കുറ്റം പറയാൻ സാധിക്കില്ല. ആ ലോട്ടറിയെ പൂർണ്ണമായി നശിപ്പിക്കുകയും കുളത്തിലിറക്കുകയും ചെയ്തതിന്റെ ഉത്തരവാദിത്വം ഈ ഗവൺമെന്റിനാണ്. ഈ അറുപിന്തിരിപ്പൻ നടപടിയിൽക്കൂടി പട്ടിണിയിലേക്ക് വലിച്ചെറിയപ്പെട്ട അശരണരും ആലംബഹീനരും അംഗവൈകല്യമുള്ളവരുമായ പാവപ്പെട്ട മനുഷ്യരുടെ നേരെ അധികാരത്തിന്റെ അഹന്ത നിറഞ്ഞ വാൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രയോഗിക്കുകയാണ് നിങ്ങൾ ചെയ്തത്. അതുകൊണ്ടാണ് ഇങ്ങനെയൊരവസ്ഥ നമ്മുടെ നാട്ടിലുണ്ടായത്. ഇവിടെ 1960-ൽ നമ്മുടെ നിയമം വന്നതിനുശേഷം കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തിനിടയ്ക്കാണ് ഇത്രയും അപകടകരമായ നിലയിലേക്ക് ചൂതാട്ടത്തിന്റെ റോളിലേക്ക് ലോട്ടറി മേഖലയെ വികസിപ്പിച്ചുകൊണ്ടുവരുന്നതിന് വലിയൊരു പങ്കുവഹിച്ചിട്ടുള്ളത് ആധുനിക ശാസ്ത്ര സാങ്കേതിക സംവിധാനമാണ്. തീർച്ചയായും ഈ ബില്ലിന്റെ ആദ്യത്തെ ഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട നിർവചനങ്ങളുടെ പല മേഖലകളിലും വളരെ ശ്രദ്ധേയമായ ഇടപെടലുകളും നിർദ്ദേശങ്ങളും പുതിയ കൂട്ടിച്ചേർക്കലുകളും ധനകാര്യവകുപ്പുമന്ത്രി നടത്തിയിട്ടുണ്ട് എന്നു ഞാൻ കാണുന്നു. നമ്മൾ പരിഹരിക്കേണ്ട കുറേയേറെ പ്രശ്നങ്ങളുണ്ട്. കേന്ദ്രനിയമത്തിന്റെ പഴുതുപയോഗിച്ചുകൊണ്ട് നമുക്ക് ഇത് തടയാൻ കഴിയുമായിരുന്നില്ലേ, കേന്ദ്ര നിയമത്തിന്റെ 4-ഉം 5-ഉം വകുപ്പുകൾ ലംഘിക്കുന്ന വർക്കെതിരായിട്ട് സ്വന്തം സംസ്ഥാനത്തെ ലോട്ടറികൾ നിരോധിക്കാതെ, തന്നെ നമ്മുടെ ലോട്ടറികൾ സംരക്ഷിച്ചുകൊണ്ടുതന്നെ നടപടി സ്വീകരിക്കാമായിരുന്നു. അത് ചെയ്തില്ല. കേന്ദ്ര നിയമത്തിന്റെ 5-ാം വകുപ്പ് അനുസരിച്ച് അനധികൃത ലോട്ടറികൾക്കെതിരായി നടപടിയെടുക്കാൻ ആവശ്യമായ അധികാരം നമ്മുടെ മുൻപാകെയുണ്ട്. നമ്മളിതുപയോഗിച്ചില്ല. നമ്മുടെ ശ്രദ്ധക്കുറവുകൂടി അതിന്റെ ഭാഗമായിട്ടുണ്ട്. അപ്പോൾ നമ്മൾ ഈ പോരായ്മ കാണാതിരിക്കുന്ന സ്ഥിതിയുണ്ടായിക്കൂടാ. മഹാഭാരതത്തിൽ വലിയ ഒരു ചൂതാട്ടമില്ലേ, ധർമപുത്രരെ ചൂതാട്ടത്തിന് വിളിച്ച് ശകുനിയെക്കൊണ്ട് കളിപ്പിച്ച് ദുര്യോധനന്റെ നിർബന്ധത്തിന് വഴങ്ങി ധൃതരാഷ്ട്രരാൽ നടത്തപ്പെട്ട ചൂത്. ആ ചൂതിന്റെ അവസാനം കൗരവരുടെ പൂർണ്ണമായ നാശത്തിലേക്കാണെത്തിയത്. ഈ നിയമനിർമ്മാണത്തിനുശേഷം കേരളത്തിലെ ഓൺലൈൻ ലോട്ടറി മാഫിയയ്ക്ക് ഈ നിയമത്തെ നിഷ്പ്രഭമാക്കാൻ കഴിഞ്ഞാൽ കേരളത്തിന്റെ നാശത്തിന് വഴിയൊരുക്കുന്ന ചൂതാട്ട ബിൽ ആയിട്ട് ഇത് മാറില്ല എന്നുള്ളതിന് വല്ല ഉറപ്പുമുണ്ടോ? വളരെ ഗൗരവമായി പരിശോധിക്കേണ്ട ഒരു പ്രശ്നമാണ്. അപകടകരമായ ഒരു അവസ്ഥയിലേക്ക് കാര്യങ്ങൾ പോകുകയാണ്. കേരളത്തിലെ സാധാരണ മനുഷ്യരെ പണയവസ്തുവാക്കി നടത്തുന്ന ചൂതാട്ടമവസാനിപ്പിക്കാൻ ആവശ്യമായ ഒരു ശക്തമായ നടപടിവേണം ഒരു പഴുതുമില്ലാത്ത നിലയിൽ ഈ നിയമം നിർമ്മിക്കാൻ ആവശ്യമായ സംവിധാനം വേണം.

ശ്രീ. എ. കെ. ബാലൻ: മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം ഈ നിയമം കുറ്റമറ്റതാക്കണമെന്നുള്ളതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുറേ നിയമങ്ങൾ ഇവിടെ ഉണ്ടാക്കിയിട്ടുണ്ട്. ഒന്നും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല വാല്യൂ ആഡഡ് ടാക്സ് നടപ്പിലാക്കിയിട്ടില്ല, രജിസ്ട്രേഷൻ ഭേദഗതി ബിൽ നടപ്പിലാക്കിയിട്ടില്ല. ചുമട്ടു തൊഴിലാളി ഭേദഗതി ബിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല 'വാറ്റ്' നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെ നടപ്പിലാക്കാൻ വേണ്ടിയിട്ട ഈ നിയമം ഇവിടെ കൊണ്ടുവരുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പറെ ഞാൻ ഓർമ്മപ്പെടുത്തണമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ:</u> ഇതൊന്നും നടപ്പിലാക്കാനുള്ള ഒരു ഗട്ട്സ് യു. ഡി. എഫ്-ന് ഇല്ലായെന്നുള്ള കാര്യം എല്ലാവർക്കുമറിയാം. അവർക്ക് ഗ്രൂപ്പുതിരിച്ച് റാലി നടത്താനും ഗ്രൂപ്പ് വഴക്കുണ്ടാക്കാനും പരസ്പരം വിഴുപ്പലക്കാനുമല്ലാതെ ഭരിക്കാൻ എവിടെയാണ് നേരം? അതുകൊണ്ട് നിയമമുണ്ടാക്കുകയെന്നുള്ളതല്ലാതെ അത് ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്ന നിലയിൽ നടപ്പിലാക്കാനാവശ്യമായ ഒരു നടപടിയും ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയുകയില്ല എന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് വസ്തുതയാണ്. 1998-ലെ ഭാഗ്യക്കുറി B. R. Enterprise Vs. State of U. P. നിയന്ത്രണ നിയമം സുപ്രീം കോടതി ശരിവച്ചതാണ്. കേസിൽ സംശയരഹിതമായ നിലയിലുള്ള സുപ്രീം കോടതി വിധിയുണ്ട്. ഈ നിയമത്തിന്റെ വ്യവസ്ഥകൾ അനുസരിക്കാതെ ഒരു സംസ്ഥാനത്തിനകത്ത് ഒരു കമ്പനിക്കോ ഒരു ഗവൺമെന്റിനോ ഭാഗ്യക്കുറി നടത്താൻ കഴിയുകയില്ല. ഈ വ്യവസ്ഥകൾ ലംഘിക്കുന്നത് ക്രിമിനൽ കുറ്റമാണ്. പരാതി കൂടാതെ ജാമ്യം ലഭിക്കാത്ത വകുപ്പുകൾ ഉൾപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്യുന്നതിന് ഇപ്പോൾത്തന്നെ നിയമമുണ്ട്. അതെല്ലാം വീണ്ടും ഈ വകുപ്പിനകത്ത് അങ്ങ് പറയുന്നുണ്ട്. അപ്പോൾ നമുക്ക് കേന്ദ്ര നിയമത്തിന്റെ തണലിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾപോലും ചെയ്യുന്നതിനുവേണ്ടി കൂട്ടാക്കാത്തതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ ഈ പ്രതിസന്ധി ഉണ്ടായത്. അപ്പോൾ ആ പ്രതിസന്ധി ഉണ്ടാക്കിയതിന്റെ ഉത്തരവാദിത്വം ആർക്കാണ് എന്നുള്ള പരിശോധനകൂടി നാം ഇവിടെ നടത്തേണ്ടതല്ലേ? അത് ഈ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിനാണോ? അതുപോലെതന്നെ ഈ ഗവൺമെന്റിനെ പ്രതികൂട്ടിലാക്കുന്നതിനുവേണ്ടി ഓൺലൈൻ ലോട്ടറി മാഫിയയ്ക്ക് പൂർണ്ണമായി വഴങ്ങി അവരെ കൂട്ടുപിടിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ സമീപനത്തിന്റെ ഭാഗമായിട്ടാണോ ഈ പ്രതിസന്ധി രൂപപ്പെട്ടിട്ടുള്ളത്. അതു സംബന്ധിച്ച് ഒരു അന്വേഷണം ഗൗരവപൂർവം നടത്തേണ്ടതാണ്. 2004 ആഗസ്റ്റ് 16-ാം തീയതി ഹൈക്കോടതിയിറക്കിയ ഒരു ഉത്തരവിൽ വളരെ വ്യക്തമായിത്തന്നെ ഈ കാര്യം സൂചിപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമത്തിലെ 4-ാം വകുപ്പ് ലംഘിക്കുന്ന അത്തരക്കാർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാൻ പോലീസിന് അധികാരവും ഉത്തവാദിത്വവുമുണ്ട്. എന്നിട്ടും ഓൺലൈൻ ലോട്ടറിമാഫിയ ഇത്രവലിയ തട്ടിപ്പ് എങ്ങനെ നടത്തി. നമ്മുടെ പിടിപ്പുകേടുകൊണ്ടാണ് ഇത്തരമൊരവസ്ഥയുണ്ടായത്. നേരത്തെ സൂചിപ്പിച്ചതുപോലെ ഓൺലൈൻ ലോട്ടറി മാഫിയക്ക് വേണ്ടിയിട്ട് കോടതിയിൽ ഹാജരാവുന്നത് ഈ രാജ്യത്തെ ഏറ്റവും പ്രഗൽഭരായിട്ടുള്ള വക്കീലൻമാരാണ്. നമ്മുടെ ഗവൺമെന്റിനുവേണ്ടി ഹാജരായ പ്രഗൽഭരായിട്ടുള്ള അഞ്ചാറു വക്കീലന്മാരുടെ പേരുകൾ ശ്രീ. ടി. എം. ജേക്കബ് പറഞ്ഞു. നമുക്ക് വേണ്ടി കേസ്സിൽ ഇടപെടുന്നതും പ്രഗൽഭരായിട്ടുള്ള വക്കീലൻമാരാണ്. ഇതിനെ സംബന്ധിച്ച് ധനകാര്യവകുപ്പുമന്ത്രിയും ചില പേരുകൾ സൂചിപ്പിച്ചുകൊണ്ട് അവരുടെ പ്രാഗത്ഭ്യത്തിന് അടിവരയിട്ടു. ഇവരിൽ പലരും ഈ കേസ് വിചാരണക്ക് വരുന്ന ദിവസം

LIBRARY ARCHIVES Kerala Legislative Assembly

കോടതിയിൽ ഹാജരായില്ല. ഗവൺമെന്റിന്റെ ഭാഗം ന്യായീകരിച്ചുകൊണ്ട് ഗവൺമെന്റിന്റെ നിലപാടുകൾ സംരക്ഷിക്കാനാവശ്യമായ സഹായം ഗവൺമെന്റിന് ചെയ്യാൻ മുന്നോട്ടുവന്നില്ല? ശ്രീ. പി. പി. റാവു എന്നുപറയുന്ന വക്കീൽ അന്ന് കോടതിയിലേ പോയില്ല. അദ്ദേഹം ഹാജരായില്ല. അദ്ദേഹം ഹാജരാകാത്തതുകൊണ്ടാണ് തീർച്ചയായിട്ടും ഈ അവസ്ഥയുണ്ടായത്. ഹാജരായില്ല എന്നു മാത്രമല്ല, അദ്ദേഹം തെറ്റിദ്ധരിപ്പിക്കുന്ന നിലയിൽ കേരളത്തിലെ ഗവൺമെന്റിനെ കൊണ്ട് ചില നടപടികൾ എടുപ്പിച്ചു. ആ നടപടികളാണ് കേന്ദ്ര നിയമത്തിലെ 4-ാം വകുപ്പ് പ്രകാരം എടുത്തിട്ടുള്ള കേസിലെ നടപടികളുമായിട്ട് മുന്നോട്ടുപോകാമെന്ന അങ്ങേയറ്റം തെറ്റായിട്ടുള്ള നിയമോപദേശം കേരളത്തിലെ ഗവൺമെന്റിന് അദ്ദേഹം കൊടുക്കുകയും അതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ഉദ്യോഗസ്ഥൻമാർ ഓൺലൈൻ ലോട്ടറി മാഫിയക്കെതിരായി നടപടിയുമായി മുന്നോട്ടുപോയപ്പോഴല്ലേ സുപ്രീം കോടതി ചൂടായത്. ആരായാലും ചൂടാവുകയില്ലേ. സുപ്രീം കോടതിയുടെ വിധി ലംഘിച്ചുകൊണ്ട് കേരളത്തിലെ ഗവൺമെന്റ് തെറ്റായ ചില നിലപാടുകൾ കൈക്കൊള്ളുന്നു എന്ന് ബോദ്ധ്യപ്പെട്ടപ്പോഴാണ് സുപ്രീം കോടതി ചൂടായത്. അങ്ങനെയൊരു പരിതാപകരമായ അവസ്ഥയിലേക്ക് ഈ ഗവൺമെന്റിനെ കൊണ്ടെത്തിച്ചതിന്റെ ഉത്തരവാദിത്വം ഈ വക്കീലന്മാർക്കല്ലേ? ഇത്തരം ഉദ്യോഗസ്ഥൻമാർ ബോധപൂർവ്വമായി നമ്മുടെ ഗവൺമെന്റിനെ പ്രതികൂട്ടിലാക്കുന്ന നിലയിൽ ഒരു സമീപനം സ്വീകരിക്കുമ്പോൾ ആ സമീപനം കാലേക്കൂട്ടി കണ്ടറിഞ്ഞ് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഇടപെടേണ്ടുന്ന ഗവൺമെന്റും അതുപോലെ ഉദ്യോഗസ്ഥവൃന്ദവും ആ നിലയിൽ ഗൗരവപൂർവ്വം ഇത്തരം കാര്യങ്ങളെ കാണാൻ വേണ്ടി കൂട്ടാക്കിയില്ല എന്നുള്ളതാണ് വസ്തുത. ഇവിടെ ഗവൺമെന്റിന്റെ കേസ്സ് നടത്തിപ്പിലെ ആത്മാർത്ഥതയെയും പരിശുദ്ധിയെയുമാണ് ഈ നാട്ടിലെ ജനങ്ങൾ സംശയിക്കുന്നത്. ശ്രീരാമൻ സീതയോട് അഗ്നിപ്രവേശനത്തിന് ആവശ്യപ്പെട്ടത് ശ്രീരാമന് സീതയെ സംശയമുള്ളതുകൊണ്ടല്ല. സീതയുടെ പരിശുദ്ധിയിൽ ശ്രീരാമന് സംശയം ഉണ്ടായിരുന്നില്ല. സീതയുടെ പരിശുദ്ധിയിൽ ശ്രീരാമന് സംശയമില്ലാതിരുന്നിട്ടും ഒരു സാധാരണ അലക്കുകാരി സ്ത്രീ രാമന്റെ ഭാര്യ രാവണനുമൊത്ത് ഒന്നിച്ചു താമസിച്ചതിനെത്തുടർന്ന് അശുദ്ധയായിരിക്കുന്നു എന്ന സംശയം സ്ത്രീ പ്രകടിപ്പിച്ചപ്പോൾ ജനങ്ങളുടെ സംശയനിവാരണത്തിനുവേണ്ടിയാണ് താൻ പരിശുദ്ധയെന്ന് കരുതപ്പെടുന്ന ഭാര്യയോട് അഗ്നിപ്രവേശനത്തിന് ആവശ്യപ്പെട്ടത്. ഈ കേരളത്തിലെ മൂന്നേകാൽ കോടി ജനങ്ങൾക്കു മുമ്പാകെ പ്രതിക്കൂട്ടിലായിരിക്കുന്ന ഗവൺമെന്റിന്റെ പരിശുദ്ധി തെളിയിക്കുന്നതിനുവേണ്ടിയുള്ള അഗ്നിപരീക്ഷയ്ക്ക് ഈ ഗവൺമെന്റ് തയ്യാറുണ്ടോ? ഉണ്ടെങ്കിൽ തീർച്ചയായും ഈ നിയമം കുറ്റമറ്റതാകും. വസ്തുതകൾ ഈ നാട്ടിലെ ജനങ്ങളോട് നിങ്ങൾ തുറന്നു പറയണം. ഞങ്ങൾക്ക് സംഭവിച്ചിട്ടുള്ള കുറവുകൾ എന്താണെന്ന് ജനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

മുമ്പാകെ പറയുന്നതിന് തയ്യാറാകണം. 5750 കോടി രൂപയാണ് സംസ്ഥാന ഖജനാവി ലേക്ക് വരേണ്ടിയിരുന്നത്. 5750 കോടി രൂപ സംസ്ഥാനത്തെ നികുതി വകുപ്പ് അസസ് നടത്തി കണ്ടെത്തിയതാണ്. 875 കോടി രൂപ പ്ലേവിൻ കമ്പനി കൊടുക്കേണ്ട താണ്. ശ്രീ. എം. എം. ഹസ്സൻ സംസാരിക്കുന്ന അവസരത്തിൽ 1250 കോടി രൂപ പോയ വഴികൾ വിശദീകരിച്ചു. ബാക്കിയുണ്ടല്ലോ നാലായിരം കോടി രൂപ. അഞ്ചു മാസം മുമ്പുവരെ ശ്രീ. എം. എം. ഹസ്സൻ ഈ സംസ്ഥാനത്തെ മന്ത്രിയായിരുന്നു. അഞ്ചു പൈസ സ്വന്തമായി ചെലവഴിക്കാനില്ലാത്ത മന്ത്രിയായിരുന്നു എന്നുള്ളത് വാസ്തവം. അദ്ദേഹത്തിന്റെ വകുപ്പിന് ബജറ്റിൽ അഞ്ചുലക്ഷം രൂപപോലും ഉണ്ടായി രുന്നില്ല. പത്രസമ്മേളനം മാത്രമായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതല. ആരാച്ചാരുടെ പണി മാത്രമായിരുന്നു അദ്ദേഹം നിയമസഭയിൽ ചെയ്തു കൊണ്ടിരുന്നത്. ശ്രീ. എം. എം. ഹസ്സൻ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാ വിനെതിരായിട്ട് ഒരു വലിയ പുകമറ സൃഷ്ടിക്കാൻ ശ്രമിച്ചു. ബഹുമാനപ്പെട്ട ഹസ്സൻ, ഞാൻ അങ്ങയോട് പറയുന്നത്, നിങ്ങൾ ഈ നാട്ടിലെ ജപ്പാൻ ബ്ലാക്ക് മുഴുവനും കൊണ്ടുവന്നടിച്ചാലും കളങ്കപ്പെടുത്താൻ കഴിയുന്ന ഒരു വ്യക്തിത്വമല്ല ശ്രീ. വി. എസ്. അച്ചുതാനന്ദന്റേത് എന്ന് നിങ്ങൾ മനസ്സിലാക്കണം. അങ്ങിനെ ഉടഞ്ഞുപോകുന്നതല്ല ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ വ്യക്തിത്വം. ബഹുമാനപ്പെട്ട എം. എം. ഹസ്സനെതിരെ ഞാൻ ആരോപണം ഒന്നും ഉന്നയിക്കുന്നില്ല. ബാക്കിയുള്ള ഈ നാലായിരം കോടി രൂപയിൽ ഒട്ടും മോശമല്ലാത്ത വിഹിതം ശ്രീ. എം. എം. ഹസ്സന്റെ കൈയിൽ വന്നുവെന്ന് ഞാൻ പറഞ്ഞാൽ അദ്ദേഹത്തിന് നിഷേധിക്കാൻ വല്ല സ്കോപ്പുമുണ്ടോ? 'വായിൽ തോന്നിയത് കോതയ്ക്ക് പാട്ടെന്ന്' നിലയിൽ നിയമ സഭയുടെ പരിരക്ഷ വച്ചുകൊണ്ട് ആർക്കുമെതിരേ എന്തും പറയാമെന്നുള്ള അവസ്ഥ യിലേക്ക് ശ്രീ. എം. എം. ഹസ്സനെപ്പോലെയുള്ള ഒരു സീനിയർ നേതാവ് പോകുന്നത് ശരിയല്ല എന്നുള്ള എന്റെ അഭിപ്രായം ഞാൻ പ്രകടിപ്പിക്കുകയാണ്.

ഈ ബില്ലിന്റെ നാലാം വകുപ്പിൽ ഇതുമായി ബന്ധപ്പെട്ട ശിക്ഷയെക്കുറിച്ച് പറയുകയാണ്. കോടിക്കണക്കിനു രൂപയുടെ തട്ടിപ്പാണ് നടക്കുന്നത്. അയ്യായിരം രൂപയും ആറായിരം രൂപയുമൊന്നും ഒരു കാരണവശാലും പിഴ കൊടുത്താൽ പോര. പതിനായിരക്കണക്കിന് രൂപ പിഴ നിശ്ചയിക്കണം.

<u>ശ്രീ. ടി. കെ. ദേവകുമാർ:</u> ഈ ബില്ല് സഭയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പൈലറ്റ് ചെയ്തതുതന്നെ സമവായത്തിന്റെ അടിസ്ഥാനത്തിൽ സർവ്വ കക്ഷിയോഗം വിളിച്ചിട്ടാണ്, കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും താൽപ്പര്യം സംരക്ഷിക്കുകയാണെന്നർത്ഥം. ഭരണ പ്രതിപക്ഷ കക്ഷികൾ ഒരേ മനസ്സോടുകൂടി കുറ്റമറ്റതാക്കുകയും ഈ ബില്ല് നിയമമാക്കുകയും ആ നിയമം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം വാങ്ങിച്ചുകൊണ്ട് നടപ്പിലാക്കി, അത് കേരളത്തിലെ ജനമനസ്സാക്ഷി

2/676/2012—52a.

LIBRARY ARCHIVES Kerala Legislative Assembly

മാനിക്കുന്ന രൂപത്തിൽ കൊണ്ടുപോകണമെന്ന സദുദ്ദേശത്തോടുകൂടി വേണമെന്നാണ് ഇവിടെ ഒരു സർവ്വകക്ഷി യോഗത്തിന്റെ മിനിട്ട്സ് വായിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞത്. അത്തരത്തിലൊരു യോജിപ്പുണ്ടാകരുതെന്ന് ശ്രീ. എം. എം. ഹസ്സൻ നിർബ്ബന്ധപൂർവ്വം ആഗ്രഹിക്കുന്നു എന്നതല്ലേ ഈ ബില്ലിന്റെ ചർച്ചയിൽ ഇത്തരം ഒരു വിഷയം എടുത്തിട്ടുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ വ്യക്തിപരമായി ആക്ഷേപിക്കാനുള്ള എല്ലാ പരിശ്രമങ്ങളും എന്നതല്ലേ ഇതിന്റെ പിന്നിലുള്ള ലക്ഷ്യം. യഥാർത്ഥത്തിൽ ഓൺലൈൻ ലോട്ടറിക്കാർക്കുവേണ്ടി ഭരണ പ്രതിപക്ഷ ഭിന്നിപ്പുണ്ടാക്കി ഈ ബില്ല് പാസ്സാക്കി നിയമമാക്കാതിരിക്കാൻ തന്നാൽ കഴിയുന്നത് ചെയ്യാനുള്ള പരിശ്രമമല്ലേ ശ്രീ. എം.എം. ഹസ്സൻ നടത്തിയത്?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ഈ ബില്ല് അലമ്പാക്കാൻ ശ്രീ. എം. എം. ഹസ്സൻ നേരത്തെ ഒരുങ്ങിപ്പുറപ്പെട്ടതാണ്. ഇതിന്റെ ഭാഗമാണ് അദ്ദേഹം ഈവിടെ നടത്തിയ എല്ലാ പ്രകടനങ്ങളും. ആക്ടിലെ നാലാം വകുപ്പിലെ രണ്ടാം ഉപവകുപ്പി നുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്. അതായത് ഓൺലൈൻ ലോട്ടറി വഴിയുള്ള ചൂതുകളിയും ബന്ധപ്പെട്ട ഏതെങ്കിലും കുറ്റം ചെയ്യുന്ന ഏതൊരാൾക്കും ആ കുറ്റസ്ഥാപനത്തിനുമേൽ ആറ് മാസം വരെയാകാവുന്ന തടവോ അയ്യായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ നൽകേണ്ടതാണ്. കോടിക്കണക്കിന് രൂപയുടെ തട്ടിപ്പാണ് ഇതുമായി ബന്ധപ്പെട്ട് നടക്കുന്നത്. ഓൺലൈൻ ലോട്ടറിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സംഭവത്തിന് കൂട്ടുനിൽക്കുന്നവരായാലും അല്ലാത്തവരായാലും ഇതിന്റെ നൂലാമാലകളിൽനിന്നും രക്ഷപ്പെടാൻ പാടില്ല. അതുകൊണ്ട് കൂടുതൽ ശിക്ഷ കൊടുക്കാൻ വേണ്ടിയുള്ള സംവിധാനമുണ്ടാകണം. ഒന്നാം ക്ലാസ്സ് ജുഡിഷ്യൽ മജിസ്ട്രേട്ടു മുമ്പാകെ ജാമ്യമില്ലാത്ത വകുപ്പ് ഉൾപ്പെടുത്തി കേസും അടിയന്തിരമായി വിചാരണയും ചെയ്ത് പ്രതികളെ ശിക്ഷിക്കാനാവശ്യമായ സംവിധാനമുണ്ടാക്കി സദുദ്ദേശപരമായ ഒരു വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ, തീർച്ചയായും അതിനെ കുറേക്കൂടി ശക്തമായി കാണേണ്ടതാണ്. ഒന്നാം ക്ലാസ് മജിസ്ട്രേട്ടു കോടതിയുടെ അവസ്ഥ എടുത്ത് നോക്ക്. കേസുകൾ കുമിഞ്ഞുകൂടി കിടക്കുന്ന കോടതികളാണ്. കോടതികൾ അടിയന്തിരമായി തീർപ്പു കൽപ്പിക്കേണ്ടുന്ന ഇത്തരം കേസുകൾക്ക് പരിഗണന കിട്ടാൻ പോകുന്നില്ല. അതുകൊണ്ട് ഓൺലൈൻ ലോട്ടറിയുമായി ബന്ധപ്പെട്ടത് ഇതിന്റെ പഴുതുപയോഗിച്ചുകൊണ്ട്, എന്തെങ്കിലും മാൽപ്രാക്ടീസ് നടത്തുന്ന ആളുകളെ കണ്ടെത്തി യഥാവിധി ശിക്ഷ നൽകുന്നതിനുവേണ്ട പ്രത്യേക സംവിധാനം ഈ നിയമത്തിന്റെ ഭാഗമായി എന്തുകൊണ്ട് ആലോചിച്ചുകൂടാ. അങ്ങനെ ആലോചിച്ച് ഈ നിയമം കുറ്റമറ്റതാക്കി നടത്താൻ ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി മുൻകൈ എടുക്കണം. അതിന് തീർച്ചയായും മുന്നോട്ടു വരണമെന്ന് ഒന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ സ്പീക്കർ]

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ ശ്രീ. എം. എം. ഹസ്സനിൽനിന്നും ആരംഭിക്കുകയാണ്. ഓൺലൈൻ ലോട്ടറി വഴി ശ്രീ. വക്കം പുരുഷോത്തമന്റെ മകൻ ലക്ഷങ്ങൾ സമ്പാദിച്ചു. ശ്രീ. എം. എം. ഹസ്സന്റെ ഡെപ്യൂട്ടി ലീഡറാണ് ശ്രീ. എം. പി. ഗംഗാധരൻ. ശ്രീ. എം. എം. ഹസ്സന്റെ വഴിയിലൂടെ സഞ്ചരിച്ച് ശ്രീ. വക്കം പുരുഷോത്തമനിലേക്ക് എത്തുകയാണ്. അങ്ങ് നമ്മുടെ ഈ ബില്ലിന്റെ ചർച്ചയെ ഒരു ആരോപണവേദിയായി ഉന്നയിച്ചത് നന്നായി എന്നാണ് എനിക്ക് പറയാനുള്ളത്. അതിൽ പറയുന്ന ശ്രീ. എം. പി. ഗംഗാധരൻ കോൺഗ്രസിന്റെ ആരാധ്യനായ ഡെപ്യൂട്ടി ലീഡറാണ്. എ. ഐ. സി. സി. മെമ്പർ. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമന്റെ മകൻ ഓൺലൈൻ ലോട്ടറി കച്ചവടത്തിലൂടെ 36 ലക്ഷം രൂപ അനധികൃതമായി സമ്പാദിച്ചു എന്ന് കോൺഗ്രസ്സ് നിയമസഭാകക്ഷി ഉപനേതാവ് ശ്രീ. എം. പി. ഗംഗാധരൻ എം. എൽ. എ. ആരോപിച്ചു. ഇതുവരെ അങ്ങോ അങ്ങയുടെ ബിനാമി ശ്രീ. എം. എം. ഹസ്സനോ നിഷേധിച്ചോ? ഇല്ല. ഇതിനുള്ള മൂലകാരണമെന്താണ്? നേരത്തെ ഇവിടെ വായിച്ചതുതന്നെയാണ്. ശ്രീ. വക്കം പുരുഷോത്തമന്റെ മകനാണ് ഇവിടത്തെ ലോട്ടറി രാജാവ്. മാർട്ടിനല്ല. ബിജു പുരുഷോത്തമൻ. മാർട്ടിൻ അദ്ദേഹത്തിന്റെ ഇടയിൽ ആരാണെന്നുള്ളത് നമ്മൾ പരിശോധിക്കേണ്ടതില്ല. നേരത്തെ നടന്നതെന്താണ്? ബി. പി. അസോസിയേറ്റ്സ്. സെപ്തംബർ നാലു വരെ അദ്ദേഹമായിരുന്നു. അങ്ങ് പത്രസമ്മേളനം നടത്തി പറഞ്ഞ കാര്യങ്ങളും പത്രത്തിൽ വന്നിട്ടുണ്ട്. ഈ നിയമം നമുക്ക് കൂട്ടായി പാസ്സാക്കണമെന്ന സദുദ്ദേശ്യത്തോടുകൂടിയാണ് ഞാൻ പറഞ്ഞത്. കേന്ദ്രനിയമത്തിൽ രണ്ട് ടാക്സുകൾ ഏർപ്പെടുത്തുകവഴി പൊതുവിൽ സാമാന്യനീതിക്ക് എതിരാണെന്നുള്ളതുകൊണ്ട് ഈ നിയമം കോടതിയിൽ ചോദ്യം ചെയ്യപ്പെടും. ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയിട്ടുണ്ട്. അന്തിമമായി കോടതിയാണ് തീരുമാനിക്കുന്നത്. അത്തരം ഒരു നിയമനിർമ്മാണത്തിന് ശ്രീ. വക്കം പുരുഷോത്തമൻ മുൻകൈ എടുത്തു എന്ന് പറഞ്ഞാൽ ബി. പി. അസോസിയേറ്റ്സിന്റെ എം. ഡി. അത് പിന്നീട് മാറി ബി. എസ്. എന്റർപ്രൈസസ്. ഇതിന്റെ ഓഫീസും ബി. പി. അസോസിയേറ്റ്സിന്റെ ഓഫീസും "ബഞ്ചാ" ഏജൻസിയുടെ ഓഫീസും എല്ലാം ഒരേ സ്ഥലം. ഫോൺ നമ്പരടക്കം ഇവിടെയുണ്ട്. ഇപ്പോഴത്തെ ബിനാമി ആരെന്നറിയേണ്ടേ? ബിനാമിയാണെന്ന് പുറത്തറിയപ്പെടുന്ന പേര് തന്നെയാണോ ബിനാമിയെന്നത് ഞങ്ങൾക്ക് അറിയേണ്ടേ? എന്റെ സംശയം ഹസ്സൻ ആയിപ്പോയോ ബിനാമി എന്നാണ്. അല്ലെങ്കിൽ ഇത്രമാത്രം വാദം നിരത്തിവയ്ക്കുമോ? അതിനുള്ള സാദ്ധ്യത ഞാൻ കാണുന്നില്ല. 2003 ഡിസംബർ മാസം 4-ാം തീയതിയിലെ കോർട്ട് ഓർഡറിന്റെ അടിസ്ഥാനത്തിൽ "ബഞ്ചാ" ഏജൻസി ഉൾപ്പെടെ അവർ കേരളത്തിലെ ഖജനാവിലേക്ക് നൽകേണ്ട നികുതി കുടിശ്ശികയുടെ കണക്ക് തയ്യാറാക്കിയിട്ടുണ്ട്. "ബഞ്ചാ"

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസിയുടേത് മാത്രം ഞാൻ പറയാം. The approximate quantum of sales tax licence fees payable by M/s. Benja Agency, their retailers for the sale of online lottery tickets in Kerala so far is worked out below. എന്നിട്ട് കണക്ക് കൂട്ടി പറയുകയാണ്. .....3 colours 7 schemes from 28-07-2003 to 08-11-2003. അത് കണക്ക് കൂട്ടിയിട്ട് പറയുന്നത് 865 കോടി 83 ലക്ഷം രൂപ, Win lotto 1-8-2003 to 8-11-2003 അത് 17 കോടി 67 ലക്ഷം രൂപ, Mega 3 colour from 09-12-2002 to 27-07-2003 അത് 1360 കോടി 59 ലക്ഷം രൂപ, Mega 3 ten schemes from 28-03-2003 to 08-11-2003 അത് 1236 കോടി 90 ലക്ഷം രൂപ. എല്ലാം ചേർന്നാൽ 3480 കോടി 99 ലക്ഷം രൂപയാണ്, the approximate quantum of sales tax payable by M/s Benja Agency. ഇത് ഈടാക്കാൻ അങ്ങേക്കു കഴിയുമോ? ഓൺലൈൻ ലോട്ടറി മാഫിയാ കിങ്ങിനെ നിയന്ത്രിക്കാൻ അങ്ങേയ്ക്ക് കഴിയുമോ? അങ്ങേയ്ക്ക് കഴിയില്ല എന്ന് ശ്രീ. എം. എം. ഹസ്സൻതന്നെ ഇവിടെ വ്യക്തമായി പറഞ്ഞല്ലോ? ഇതാണിവിടത്തെ അടിസ്ഥാന പ്രശ്നം. ഇത്തരക്കാരെ സഹായിക്കാൻ ദുർബലമായ നിയമം കൊണ്ടുവന്നാൽ സാധിക്കും. അതുകൊണ്ടാണ് ഞങ്ങൾ എതിർക്കുന്നത്. വേറെ നിയമം വേണം. നമ്മുടെ സംസ്ഥാനത്തെ സർക്കാർ ലോട്ടറി നമുക്ക് കൊണ്ടുവരണം. സ്റ്റേറ്റ് ലോട്ടറി ഇവിടെ കൊണ്ടുവരാൻ കഴിയണം. മൂന്നരലക്ഷത്തോളം വരുന്ന പാവപ്പെട്ടവരെ രക്ഷിക്കാൻ കഴിയണം. അക്കാര്യത്തിൽ ഒരു തർക്കവുമില്ല. ബിജു പുരുഷോത്തമന്റെ കീഴിൽ 72 ആളുകളുണ്ട്. ലിസ്റ്റ് ഞാൻ നോക്കി. എല്ലാം അങ്ങയുടെ ബന്ധുമിത്രാദികൾ തന്നെയാണ്. ബിജു പുരുഷോത്തമൻ ഒരു പക്ഷേ അങ്ങ് മന്ത്രിയായതോടുകൂടി സ്ഥാനം രാജിവച്ചിട്ടുണ്ടാകും. 72 ആളുകളും അവിടെയുണ്ട്. നേരത്തെ ശ്രീ. വി. കെ. ചന്ദ്രൻ ഇവിടെ പറഞ്ഞിട്ടുള്ള ഓഫീസുമായി ബന്ധപ്പെട്ട ബി. എസ്. എന്റർപ്രൈസസിന്റെ കീഴിൽ ഈ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എന്ന് മാത്രമല്ല അങ്ങ് ലോട്ടറി നിരോധിച്ചത് എപ്പോഴാണ് ജനുവരി മാസം ഇരുപത്തിയഞ്ചാം തീയതി. ജനുവരി 25-ന് നിരോധന ഉത്തരവ് വന്നതിനുശേഷം ഇവിടെ ലോട്ടറി നടന്നില്ലേ? അങ്ങേക്ക് നെഞ്ചത്ത് കൈവച്ച് പറയാൻ പറ്റുമോ? ഇത് ടിക്കറ്റ് ഡ്രോ ചെയ്ത ഡേറ്റ്. അങ്ങയുടെ മകന്റെ നേതൃത്വത്തിൽ നടന്നതാണ് ഈ നിയമ വിരുദ്ധ നടപടി. ഇത് ഞാൻ അങ്ങേയ്ക്കു തരാം. നിയമവിരുദ്ധമായ നടപടികൾ പത്രത്തിൽ വന്നു. അങ്ങ് നിഷേധിച്ചൊന്നും കണ്ടില്ല. നിരോധനത്തിനു ശേഷം തിരുവനന്തപുരത്ത് വിറ്റഴിച്ച അന്യ സംസ്ഥാന ലോട്ടറികൾ. ഞായറാഴ്ചയായിരുന്നു ഇതിന്റെ നറുക്കെടുപ്പ്. നമ്പരടക്കം വിവരിച്ചുകൊണ്ടുള്ള ഓരോന്നിന്റേയും ഫോട്ടോകൾ. തെക്കൻ ജില്ലകളുടെ മുഴുവൻ ഉത്തരവാദിത്വവും അങ്ങയുടെ മകനായിരുന്നല്ലോ? അങ്ങയുടെ മകന്റെ നേതൃത്വത്തിലല്ലേ ഇതെല്ലാം ചെയ്തത്. അങ്ങ് പാസ്സാക്കുന്ന നിയമം അങ്ങയുടെ മകൻ നടത്തുമോ? അങ്ങയുടെ മകനായിരിക്കും ഈ നിയമത്തെ ചോദ്യം ചെയ്തുകൊണ്ട് ആദ്യം പോകുന്ന ആൾ. ബിനാമി വേറെ

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടാകും. അങ്ങേയ്ക്ക് അറിയാം. അതിന്റെ പഴുത് സൃഷ്ടിച്ചുകൊണ്ടാണ് ഈ നിയമം കൊണ്ടുവന്നത്. അതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. ഭാഗ്യക്കുറി നിയമം വേണ്ടെന്നല്ല. സ്റ്റേറ്റ് ലോട്ടറി നമുക്ക് വേണം. സ്റ്റേറ്റ് ലോട്ടറി പുനഃസ്ഥാപിക്കാൻ കഴിയുന്ന ഏത് കാര്യത്തോടും ഞങ്ങൾ യോജിക്കും. എന്താണ് പ്രതിപക്ഷം പറഞ്ഞത്? എല്ലാ നിയമവശവും പരിശോധിച്ച് കേരള ചൂതാട്ട നിയമത്തിൽ ഭേദഗതി വരുത്തി ഓൺലൈൻ ലോട്ടറി നിരോധിക്കാനും സംസ്ഥാന ലോട്ടറി പുനഃസ്ഥാപിക്കാനും കഴിയുമെങ്കിൽ അത്തരം നടപടികൾ സ്വീകരിക്കണം. എല്ലാ നിയമവശവും പരിശോധിച്ചുകൊണ്ട്, അത് അടിവരയിട്ട് പറയുകയാണ്. അങ്ങ് ആരിൽനിന്നാണ് ഈ നിയമവശം പരിശോധിച്ചത്? നമ്മുടെ ലാ ഡിപ്പാർട്ടുമെന്റിൽനിന്നാണോ? അല്ലെങ്കിൽ അഡ്വക്കേറ്റ് ജനറലിൽ നിന്നാണോ? അല്ലെങ്കിൽ അഡീഷണൽ അഡ്വക്കേറ്റ് ജനറലിൽ നിന്നാണോ? അത്തരത്തിൽ നിയമം വേണം. നിയമവശം പരിശോധിച്ച് എത്തരം ഒരു നിയമം നടത്തിയാലാണ് നമ്മുടെ സംസ്ഥാന ഭാഗ്യക്കുറി തിരിച്ചുകൊണ്ടുവരാൻ കഴിയുമെന്ന ഉപദേശം കിട്ടിയത് എന്ന്? ഈ നിയമസഭയ്ക്ക് അറിയാൻ അവകാശമുണ്ട്. ജനങ്ങളെ കബളിപ്പിക്കുന്ന വ്യാജ ഓൺലൈൻ ലോട്ടറി നിരോധിക്കേണ്ടതാണ്. ആർക്കും അതിൽ തർക്കമില്ല. ഇല്ലാത്ത സമ്മാനങ്ങളും വ്യാജ ടിക്കറ്റ് നമ്പറുകളിൽ ആളുകളെ കബളിപ്പിക്കുന്ന ഈ ലോട്ടറികൾ എന്തു വില കൊടുത്തും തടയേണ്ടതുണ്ട്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത് അത് ഫലപ്രദമായി തടയാൻ കഴിയും വിധത്തിലല്ല. അങ്ങാടിയിൽ തോറ്റതിന് അമ്മയോട് മേക്കിട്ട് കയറിയിട്ട് വല്ല കാര്യവുമുണ്ടോ? അതാണ് ഇപ്പോൾ സർക്കാർ ചെയ്യുന്നത്. കേരള ജനറൽ സെയിൽസ് ടാക്സ് ആക്ട്, അതിന്റെ സെക്ഷൻ 5, ലോട്ടറികൾക്ക് ടാക്സ് ചുമത്താൻ വേണ്ടിയുള്ള വ്യവസ്ഥ ഇപ്പോഴുണ്ട്. ടാക്സേഷൻ അത് നിയമത്തിൽ 8 ശതമാനമാണ്. ദിവസങ്ങൾക്കുമുമ്പാണ് ഫിനാൻസ് ബില്ല് കൊണ്ടുവന്നത്. ഒരുപാട് ഭേദഗതികൾ അന്ന് കൊണ്ടുവന്നിട്ടുണ്ട്. കേരള ജനറൽ സെയിൽസ് ടാക്സ് ആക്ടിൽ ഭേദഗതി വരുത്തി ലോട്ടറിയെ അതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. നമ്മൾ ടാക്സ് ഓൺ ലോട്ടറി എന്നു പറയുന്ന പുതിയ ബില്ലാണ് കൊണ്ടുവരുന്നതെങ്കിൽ ആരും ഇതിനെ എതിർക്കാൻ സാദ്ധ്യതയില്ല. കോടതിയിൽ പോയാലും ആർക്കും രക്ഷ കിട്ടില്ല. രണ്ട് ടാക്സുകൾ വന്നിരിക്കുന്നു. ഇതു തന്നെയാണ് കർണ്ണാടകയിലും മഹാരാഷ്ട്രയിലുമുണ്ടായത്. അവിടെ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടതിനെത്തുടർന്ന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നികുതിതന്നെ അവർക്ക് കുറയ്ക്കേണ്ടിവന്നു. യഥാർത്ഥത്തിൽ കോടതിയിൽ പോയാൽ രണ്ട് ടാക്സേഷനെന്നു പറയുന്നത്, നമ്മുടെ ഈ നിയമത്തിൽ ഒരു പഴുതായി കണ്ടുകൊണ്ട് ലോട്ടറി മാഫിയയ്ക്ക് അനുകൂലമായ നില വരും. അതുകൊണ്ട് ആരുടെ നിയമോപദേശമാണെന്ന് എനിക്കറിയില്ല. ഈ നിയമോപദേശംവച്ച് നിയമസഭ അംഗീകരിക്കാൻ പാടില്ല എന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. കടലാസ് ലോട്ടറികളുടെ നികുതിയിനത്തിൽ നിശ്ചയിച്ച തുക പിരിച്ചെടുത്ത സമയത്ത് കർണ്ണാടക, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ കോടതി ഇടപെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെയുള്ള രണ്ട് ടാക്സേഷൻ വന്നതിനെത്തുടർന്ന് ഒരു നിയമം തന്നെ സ്ട്രക് ഡൗൺ ചെയ്തു. വിൽപ്പന നികുതി വകുപ്പിന്റെ നിയന്ത്രണത്തിൽ വിറ്റുവരവ് നികുതികൂടി വരുമ്പോൾ യഥാർത്ഥത്തിൽ ഇവിടെ ഏതിനാണ് പ്രാമുഖ്യം ഉണ്ടാകുക? വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഓരോ നറുക്കെടുപ്പിനും രജിസ്ട്രേഷൻ ഫീസ് എന്ന രീതിയിൽ തുക പിരിച്ചെടുക്കാൻ ഭാഗ്യക്കുറി വകുപ്പിനെ ചുമതലപ്പെടുത്തുന്ന വിധത്തിലാകണം. അതുകൊണ്ട് ഈ നിയമമാണ് നമ്മൾ അംഗീകരിച്ചതെങ്കിൽ സെയിൽസ് ടാക്സ് ആക്ടിൽ ഭേദഗതി വരുത്തണം. അത് വരാതെയുള്ള നിയമ നിർമ്മാണം നമുക്ക് സഹായകരമല്ല. അത് അന്യ സംസ്ഥാന ഓൺലൈൻ ലോട്ടറി കൾ ഉൾപ്പെടെയുള്ള ലോട്ടറി മാഫിയയെ സഹായിക്കുന്നതാണ്. ഇവിടെ നികുതി യുടെ പേരിലാണെങ്കിലും ഓരോ ദിവസവും നിരവധി നറുക്കെടുപ്പ് നടത്താൻ സംസ്ഥാനത്തെ ജനങ്ങളെ ചൂഷണം ചെയ്യാൻ ലോട്ടറി മാഫിയയ്ക്ക് അവസരം ഒരുക്കുന്നത് തടയുകതന്നെ വേണം. ഓൺലൈൻ ലോട്ടറി നിർത്താൻ സർക്കാർ തയ്യാറാക്കിയ കേരള ഗെയിമിംഗ് ബില്ലിൽ ലോട്ടറി മാഫിയയ്ക്ക് അനുകൂലമായിട്ടുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതാണ്. എന്താണ് ഗെയിമിംഗ് എന്ന് പറയുമ്പോൾ അർത്ഥമാക്കുന്നത്? ഞാൻ ഡിക്ഷ്ണറി നോക്കി. Gaming means sport of any kind, athletic.. contest for recreation, competitive amusement according to a system of rules, The state of a game, manner of playing a game.

ഗെയിമിംഗ് അതാണ് ഞാൻ നേരത്തെ പറഞ്ഞത്. ഗാംബ്ലിംഗ് എന്നെങ്കിലും ആക്കാമായിരുന്നില്ലേ? ഓൺലൈൻ ലോട്ടറി എന്നതിനുപകരം ഓൺലൈൻ ഗാംബ്ലിംഗ് എന്ന വാക്കെങ്കിലുമായി നമ്മൾ മാറ്റുന്നില്ലെങ്കിൽ, അങ്ങനെയെങ്കിലും ഒരു ഭേദഗതി വരുത്തുന്നില്ലെങ്കിൽ, യഥാർത്ഥത്തിൽ ഇത് കോടതിയിൽ ചോദ്യം ചെയ്യപ്പെടും. നമ്മുടെ നിയമംതന്നെ അസാധുവാകും. അതുകൊണ്ട് ഞാൻ അങ്ങ യോട് അഭ്യർത്ഥിക്കുകയാണ്, ഓൺലൈൻ ഗാംബ്ലിംഗ് എന്നെങ്കിലും ഇത് ഭേദഗതി ചെയ്യത്തക്കവിധത്തിൽ ഈ നിയമത്തിൽ മാറ്റം വരുത്തണം. 2005 ജനുവരി 13-നാണ് നമ്മുടെ സംസ്ഥാനത്ത് ഓൺലൈൻ ഫ്രീസോൺ ആയി പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ ഒരു ഉത്തരവ് ഇറക്കിയത്. അത് ഇപ്പോഴും നിലനിൽക്കുകയാണ്. ആ ഉത്തരവ് കേന്ദ്ര നിയമത്തിലെ അഞ്ചാം വകുപ്പു പ്രകാരമാണ്. 1998-ൽ ഇതുസംബ ന്ധിച്ച് ഒരു ക്ലാരിഫിക്കേഷൻ വന്നു. 1999-ലെ ക്ലാരിഫിക്കേഷൻ കേന്ദ്ര ലോട്ടറി നിയമത്തിന്റെ വ്യവസ്ഥകൾക്ക് എതിരായി ഒരു ലോട്ടറി മൊത്ത വിതരണ സ്ഥാപന മായ ബി. എസ്. എന്റർപ്രൈസിനുവേണ്ടി ജോൺകെന്നഡി എന്നയാൾ നൽകിയ കേസിൽ സർക്കാർ നടത്തുന്ന ലോട്ടറികൾ ഗാംബ്ളിംഗിൽ പെടുത്തില്ലെന്നു സുപ്രീം കോടതിയുടെ സുപ്രധാനമായ വിധി വന്നിട്ടുണ്ട്. അങ്ങനെ വരുമ്പോൾ നമുക്ക് ഇതിനെ വേർതിരിക്കാൻ കഴിയും. 1998-ലെ നിയമത്തെ 1999-ൽ വന്ന ക്ലാരിഫിക്കേഷ നിലൂടെ സുപ്രീംകോടതി സാധൂകരിക്കുകയും സംസ്ഥാന സർക്കാർ നടത്തുന്ന ലോട്ടറിയെ ഗാംബ്ലിംഗിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് മാറ്റുകയും ചെയ്തു എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ നമുക്ക് ഇവിടെ ഓൺലൈൻ ലോട്ടറി എന്നതിനുപകരം ഓൺ ലൈൻ ഗാംബ്ലിംഗ് തന്നെ ഡിഫൈൻ ചെയ്യാവുന്നതാണ്. അങ്ങനെ വേർതിരിച്ചാൽ ഈ നിയമത്തിന് ഒരു പരിരക്ഷ കിട്ടും. ആ പരിരക്ഷയുടെ അടിസ്ഥാനത്തിലാണ് കർണ്ണാടക സംസ്ഥാനത്തിൽ ഇപ്പോൾ നമ്മുടെ ഈ ഓൺലൈൻ ലോട്ടറി നിരോധിച്ചിട്ടുള്ളത്. ആ പരിരക്ഷ നമ്മുടെ ബില്ലിലും വേണം. അത് കർണ്ണാടക ഹൈക്കോടതി ശരിവ ച്ചിട്ടുണ്ട്. ലോട്ടറി എന്നു പറയുമ്പോൾ യഥാർത്ഥത്തിൽ നമ്മൾ ഉദ്ദേശിക്കുന്ന ഡെഫനിഷനല്ല വരികയെന്നു കാണണമെന്നാണ് എനിക്ക് ഇതു സംബന്ധിച്ച് പറയാനുള്ളത്. മറ്റൊന്നു ജനുവരി 13-ന് ആ നിർദ്ദേശം നിലനിൽക്കെയാണ് സർക്കാർ ഭാഗ്യക്കുറിയുടെ നിരോധന ഉത്തരവ് കൊണ്ടുവന്നത്. അത് സംസ്ഥാനത്താകെയുള്ളത് നിരോധിച്ചുകൊണ്ട്. യഥാർത്ഥത്തിൽ ഇപ്പോൾ ചെയ്യേണ്ടത് സ്റ്റേറ്റിലെ ഭാഗ്യക്കുറിയാകെ നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് പിൻവലിക്കാനാണ് സർക്കാർ സന്നദ്ധമാകേണ്ടത്. അങ്ങനെ വന്നാൽ തന്നെ നമ്മുടെ സംസ്ഥാന സർക്കാർ ലോട്ടറി സംരക്ഷിക്കാൻ കഴിയും. ഈ ബില്ലിൽ ഏജന്റുമാർ ഡിഫൈൻ ചെയ്തിട്ടുണ്ട്. അതുപോലെതന്നെ പ്രമോട്ടർമാരുണ്ട്. ഇത് രണ്ടും തമ്മിലുള്ള വ്യത്യാസം എന്താണ്? ഏജന്റിന് നൽകിയിട്ടുള്ള ഡഫനിഷൻ 2(എ)-യിൽ പറയുന്നു-'ഏജന്റ്' എന്നാൽ സംസ്ഥാന സർക്കാരിന്റെയോ ഏതെങ്കിലും ആക്ടിൻകീഴിൽ നിയമപരമായി വ്യക്തിത്വത്തോടുകൂടിയതോ സംസ്ഥാനത്ത് ലോട്ടറി ടിക്കറ്റുകൾ വിൽക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരുമായോ കേന്ദ്ര സർക്കാരുമായോ ഏതെങ്കിലും കേന്ദ്ര ഭരണപ്രദേശവുമായോ ഏജൻസി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമായ ഒരു വ്യക്തി എന്നാണ് ഡിഫൈൻ ചെയ്തിട്ടുള്ളത്. പ്രമോട്ടർ എന്നു പറഞ്ഞാൽ സംസ്ഥാനത്തിനകത്ത് ലോട്ടറി ടിക്കറ്റുകൾ സർക്കാർ നേരിട്ട് വില്പന നടത്താത്തിടത്ത് ആ സർക്കാർ സംസ്ഥാനത്തിനകത്തോ സംസ്ഥാനത്തിനുവേണ്ടിയോ ലോട്ടറി ടിക്കറ്റുകൾ വിൽക്കുന്നതിനുവേണ്ടി നിയമിച്ച ഏതെങ്കിലും ഒരാൾ. ഇത് ആശയകുഴപ്പമുണ്ടാക്കുന്നതാണ്. പ്രമോട്ടർ നമുക്ക് വേണ്ട. നമുക്ക് ഒരു കാര്യം ചെയ്യാം. അതിന് പകരം ലോട്ടറി ഡിപ്പാർട്ടുമെൻറ് ആക്കാം. അങ്ങ് ലോട്ടറി ഡിപ്പാർട്ടുമെന്റിനെ ഉപേക്ഷിക്കുകയാണ്. ഇവിടെ സംസ്ഥാന സർക്കാർ ലോട്ടറി മാത്രമെയുള്ളു. അതു ഭംഗിയായി അങ്ങയുടെ കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ചെയ്യുന്നു. അതിന് ഒരു എൻഫോഴ്സ്മെന്റ് അധികാരം കൊടുക്കണം. ടാക്സ് പിരിക്കാൻവേണ്ടിയിട്ട് തീർച്ചയായും നികുതി വകുപ്പിനെ ചുമതലപ്പെടുത്തുന്നതിനെ ചോദ്യം ചെയ്യുന്നതല്ല. അതിനുപകരം കൃത്യമായ വിധത്തിൽ ഒരു എൻഫോഴ്സ്മെന്റ് അധികാരം ലോട്ടറി വകുപ്പിന് കൊടുത്ത് അത് നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞാൽ അങ്ങ് ചിലപ്പോൾ കരുതിയിട്ടുണ്ടാകും ആ സുരേഷ്കുമാർ എല്ലാകാലത്തും അവിടെ ഉണ്ടാകുമെന്നല്ലേ. ഇപ്പോൾ ഇല്ലല്ലോ ? അങ്ങേയ്ക്ക് ആഗ്രഹമുള്ള ആരെയും ഇപ്പോൾ അതിന്റെ തലപ്പത്ത് ഇരുത്താമല്ലോ, അതുകൊണ്ടാണ് ഈ കേരളത്തിൽ ലോട്ടറി ആരംഭിച്ചതുമുതൽ സ്തുത്യർഹമായ രീതിയിൽ ഒരു വകുപ്പ് സംസ്ഥാന സർക്കാരിന്റെ താൽപ്പര്യം പരിരക്ഷിച്ചുകൊണ്ട് അഞ്ഞൂറോളം ജീവനക്കാർ അവിടെ ജോലി ചെയ്യുന്നു. ആ വകുപ്പിനെ ഈ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിയമം പൂർണ്ണ അർത്ഥത്തിൽ പരിശോധിച്ചാൽ ഉപേക്ഷിക്കും വിധത്തിലാണ് അത്തരം ഒരു നിയമ നടപടികളിലേക്ക് പോകരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതിൽ രണ്ടുമൂന്നു കാര്യങ്ങൾ പ്രധാനപ്പെട്ടത് മാത്രം ഞാൻ പറയാം. ഒന്നു നമ്മൾ ഓൺലൈൻ ലോട്ടറി ഇവിടെ അതിന്റെ ആളുകൾ കൊടുക്കാനുള്ള 5750 കോടി രൂപയുടെ നികുതി കുടിശിക, അത് പിരിച്ചെടുക്കാൻ അങ്ങ് നടപടി സ്വീകരിക്കണം. അങ്ങയുടെ ഡിപ്പാർട്ടുമെന്റ് കണക്കാക്കിയിട്ടുള്ളതാണ് ഈ നികുതി കുടിശിക എന്നു പറയുന്നത്. എങ്ങനെയാണ് കണക്കാക്കിയത്. ഇപ്പോൾ ശക്തി ഏജൻസി, അവർ തന്നെ നൽകിയ സ്റ്റേറ്റുമെന്റാണ് ഇത്. ആ സ്റ്റേറ്റുമെന്റിൽ താഴെ കട്ടപ്പനയാണ് ശക്തി ഏജൻസീസ്. അവർ കുമിളിയിലാണ്. കട്ടപ്പന ഇൻകം ടാക്സ് സെയിൽസ് ടാക്സ് ഓഫീസർ, അവർ കണക്കാക്കിയ തുക എത്രയാണോ അതിന്റെ താഴെ കൗണ്ടർസൈൻ ചെയ്തിട്ടാണ് ഇവർ കൊടുക്കേണ്ടുന്ന നികുതി കണക്കാക്കിയത്. മറ്റാരുമല്ല. ആ നികുതിയെങ്കിലും പിരിക്കണ്ടേ. കട്ടപ്പന പോട്ടെ. ബി. എസ്. എന്റർപ്രൈസസിലേയ്ക്ക് വീണ്ടും വരാം. അങ്ങേയ്ക്ക് ഇഷ്ടമുണ്ടാവുമല്ലോ. ബി. എസ്. എന്റർപ്രൈസസ് അവർ ഒരു കത്ത് നൽകി. അതിൽ പറയുകയാണ്. അവർ തന്നെയാണ് സ്റ്റേറ്റുമെന്റെല്ലാം, അവർ ഡ്രോ ചെയ്യുന്ന ലോട്ടറി, ഡേറ്റ് അതെല്ലാം ഇതിന കത്ത് പറയുന്നുണ്ട്. എല്ലാം കഴിഞ്ഞിട്ട് അവർ പറയുന്നു. Excess advance amount paid ₹ 28,50,080. Sales tax on the above goods for the period 3-1-05 to 31-3-05 adjusted against the advance tax paid. ഒരു ഡ്രോ അതിന് 20,000 രൂപ കണക്കിൽ ടാക്സ് പിരിക്കുന്നതാണെങ്കിൽ പിന്നെ എന്തിനാണ് ഈ അഡ്ജസ്റ്റുമെന്റ്. എങ്ങനെയാണ് അഡ്വാൻസ് ടാക്സ് വരുന്നത്? ബി. എസ്. എന്റർപ്രൈസസ് കൊടുത്തതാണ്. മറ്റ് ആരുമല്ല. സാക്ഷാൽ വക്കം പുരുഷോത്തമന്റെ മകന്റെ കീഴിലുള്ള സ്ഥാപനം കൊടുത്തതാണ്. അവർ കാൽക്കുലേറ്റ് ചെയ്ത സ്റ്റേറ്റുമെന്റാണ്. അതിൽ കൊടുത്തിട്ടുള്ളത് To Sales Tax Officer, 2nd Circle, Palakkad എന്നിട്ട് പറയുകയാണ് We have already paid advance sales tax of ₹ 28,50,080 for the period 03-01-2005 to 31-03-2005 and we have obtained the authorisation for numbering details up to 30-01-2005. നിങ്ങൾ പറഞ്ഞല്ലോ ഇതിന് ശേഷം ഒന്നും ലോട്ടറി നടന്നിട്ടില്ല. ഇതിനുശേഷം ലോട്ടറി നടന്നതിന്റെ രേഖയാണ് ഇത്. അപ്പോൾ ഇതുപോലെ തന്നെയാണ് എല്ലാം. ഇതിനനുസരിച്ച് സർട്ടിഫിക്കറ്റ് കൊടുക്കുക. ഒരു സർട്ടിഫിക്കറ്റ് കൊടുത്ത സ്ഥാപനത്തിന്റെ പേര് ഞാൻ പറയാം. ഷിനോജ് പല്ലൻ, അദ്ദേഹത്തിന് സർട്ടിഫിക്കറ്റ് കൊടുക്കുന്നത് അദ്ദേഹംതന്നെ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിനു കൊടുത്തിട്ടുള്ള റിക്വസ്റ്റിൻമേലെയാണ്. ആ സർട്ടിഫിക്കറ്റ് പ്രകാരം 25,000 രൂപയാണ് അവർ ടാക്സായിട്ട് അടയ്ക്കേണ്ടത്. അവർ കൊടുത്ത റിക്വസ്റ്റിൽ ചൂണ്ടിക്കാണിച്ച നറുക്കെടുപ്പുകളുടെ എണ്ണം കണക്കിലെടുത്താൽ എത്ര കൊടുക്കണം? 48 ഡ്രോ വരെ ഒരു ദിവസം ഉണ്ട്. അത് കണക്ക് കൂട്ടിയാൽ 3,60,00,000 രൂപ കൊടുക്കണം.

3,60,00,000 രൂപ കൊടുക്കേണ്ടിടത്താണ് 25,000 രൂപ ടാക്സ് ഈടാക്കുന്നത്. എത്രയാണ് ഇതിന്റെ വെട്ടിപ്പ്. കാസർഗോഡ് ഒരു ക്ലാസിക് ഏജൻസി അവർ ഇതേമാതിരി സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിൽ നിന്നു സർട്ടിഫിക്കറ്റ് സമ്പാദിച്ചു. 25 ദിവസം അടയ്ക്കേണ്ടുന്ന തുക അത് മൂന്നുകോടി രൂപ വരും. പക്ഷേ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാർ എത്രയാണ് കാൽക്കുലേറ്റ് ചെയ്തത്? 50,000 രൂപ. ഇത്തരത്തിൽ വിവിധ സ്ഥാപനങ്ങൾ കൊടുത്ത അവരുടെ തന്നെ ഡോക്കുമെന്റുകൾ കണക്കാക്കി സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാർ കാൽക്കുലേറ്റ് ചെയ്തിട്ടുള്ള തുകയും യഥാർത്ഥത്തിൽ അവരിൽ നിന്നു ഈടാക്കേണ്ട തുകയും തമ്മിലുള്ള അന്തരം കോടികളുടേതാണ്. അതുകൊണ്ട് ഇത് ലോട്ടറി മാഫിയയെന്നു പറഞ്ഞാൽ ഈ ലോകത്തെ മുഴുവൻ വിഴുങ്ങാനുള്ള സാമ്പത്തിക ശേഷിയുള്ള ഒരു വിഭാഗമാണ്. അവർക്ക് വേണ്ടി ആരെല്ലാമാണ് ഹാജരാകുന്നത്. സുപ്രീം കോടതിയിൽ പോയ സോളി സൊറാബ്ജി ഹൈക്കോടതിയിൽ നേരത്തെ കേസ് വന്നല്ലോ അങ്ങ് ഈ വകുപ്പിന്റെ ചുമതല ഏറ്റെടുക്കുന്നതിനുമുമ്പ് ഇവിടെ ഹൈക്കോടതിയിൽ വാദിച്ചത് മറ്റ് ആരും ആയിരുന്നില്ല ഇപ്പോഴത്തെ കേന്ദ്ര ധനകാര്യവകുപ്പുമന്ത്രി ശ്രീ. ചിദംബരം തന്നെ ഇവിടെ വന്നു വാദിച്ചു.

മി. സ്പീക്കർ: ഫീസ് കൊടുത്താൽ വക്കീലന്മാർ വാദിക്കും.

ശ്രീ. എം. വി. ജയരാജൻ: സർ, ആരെയും കിട്ടും അവരുടെ മുമ്പിലാണ് നമ്മുടെ രാജൻ ജോസഫ് കൊടുത്തിട്ടുള്ള കൗണ്ടർ അഫിഡവിറ്റ് കൊടുത്തിട്ടു പോകുന്നത്. എന്നിട്ട് പി. പി. റാവു ഹാജരായോ? എവിടെ ഹാജരാവാൻ? പി. പി. റാവുവിന് പൈസ കൊടുത്തോ? പി. പി. റാവു അന്ന് ഹാജരാകണമെങ്കിൽ കേസ് നേരത്തെ പഠിക്കണ്ടേ? കേസ് പഠിപ്പിച്ചില്ല. അപ്പോൾ അറ്റോർണി ജനറലിനെപ്പോലുള്ള പദവിയിലിരുന്ന അറ്റോർണി ജനറൽ ഉൾപ്പെടെയുള്ളവർ അവിടെ ഹാജരായി വാദിക്കുമ്പോഴാണ് മറുപക്ഷത്തിനുവേണ്ടി, നമ്മുടെ സർക്കാരിനുവേണ്ടി രാജൻ ജോസഫിന്റെ കൗണ്ടർ സ്റ്റേറ്റുമെന്റ് കൊടുത്ത് അവരെ സഹായിക്കും വിധത്തിലുള്ള കേസ് നടത്തിപ്പ് അതുതന്നെയാണ് പരാജയം. ഹൈക്കോടതിയിൽ എന്താണ് ഉണ്ടായത്? ഹൈക്കോടതിയിൽ നന്നായി കേസ് നടത്താൻ സന്നദ്ധനായ ഒരു ചെറുപ്പക്കാരൻ, ആ ചെറുപ്പക്കാരനെ കേസിൽ നിന്നു ഒഴിവാക്കി അഡ്വക്കേറ്റ് ജനറലിന്റെ ആഫീസ്, അദ്ദേഹം ഔദ്യോഗികമായി ഉപയോഗിക്കുന്ന ആഫീസിനു പുറമെ വെളിയിൽ അദ്ദേഹത്തിന് ഒരു ആഫീസുണ്ട്. രത്നസിംഗ് അസോസിയേറ്റ്, അതിലുള്ള 24 പേരും ചേർന്നിട്ടാണ് ഈ ഓൺലൈൻ ലോട്ടറി മാഫിയായെ സംരക്ഷിച്ചത്. അതുകൊണ്ട് നമ്മുടെ അഫിഡവിറ്റ്പോലും തിരുത്തുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ അവിടെ സംരക്ഷിക്കപ്പെടുന്നില്ല. അതുകൊണ്ടാണ് നമ്മൾ കേസിൽ പരാജയപ്പെട്ടത്. അല്ലാതെ നിയമം നമുക്ക് എതിരല്ല. കേന്ദ്ര നിയമം ഇപ്പോഴും ശക്തമായ നടപടി സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകുന്നു. അതിൽ സെക്ഷൻ നാലും സെക്ഷൻ അഞ്ചും സെക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

പന്ത്രണ്ടും അനുസരിച്ച് നമുക്ക് നടപടി സ്വീകരിക്കാൻ കഴിയും. അതാണ് കർണാടകയിൽ ചെയ്തത്. അതുപോലുള്ള നടപടികളാണ് വേണ്ടത്. അല്ലാതെ ലോട്ടറി മാഫിയയെ സഹായിക്കുംവിധത്തിലുള്ള നിയമനിർമ്മാണത്തിന് നാം കൂട്ടുനിന്നുകൂട. നമ്മൾ എല്ലാവരും കൂട്ടായി യോജിച്ച് നിയമത്തിന്റെ ഒരു പഴുതും ലോട്ടറി മാഫിയായ്ക്ക് ഈ ഓൺലൈൻ ലോട്ടറി തിരിച്ചുകൊണ്ടു വരാൻ കഴിയുന്ന സ്ഥിതി ഉണ്ടാക്കാത്ത വിധത്തിൽ നമുക്ക് ഇത് സമ്പൂർണ്ണ നിയമമാക്കി മാറ്റണം. അതിന് ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, ലോട്ടറിയെ സംബന്ധിച്ച 1998-ലെ കേന്ദ്ര നിയമം ബി. ആർ. എന്റർപ്രൈസസ് കേസിൽ വളരെ ഡീറ്റെയിൽഡായി പരിശോധിക്കുകയും ആ പരിശോധനയുടെ ഫലമായി അതിനകത്ത് സ്റ്റേറ്റിന്റെ അധികാരം ഒഴിച്ചുള്ള തെല്ലാം സുപ്രീംകോടതി ഗഹനമായ പരിശോധനയ്ക്കുശേഷം ശരിവയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ആ ബി. ആർ. എന്റർപ്രൈസസ് കേസിൽ 1998-ലെ കേന്ദ്ര നിയമത്തിലെ Section 5 Constitution of India Article 301, 19 sub section 1(g) Indian Penal Code Section 294A. Lottery contains an element of chance. It is gambling and not trade or commerce. State lottery is also gambling. Lotteries authorised by State are excluded from penal action under section 294A IPC. എന്നു പറഞ്ഞിട്ട് ലോട്ടറിയെ സംബന്ധിച്ചുള്ള നിർവചനം വളരെ വ്യക്തമായി തന്നെ പറഞ്ഞിട്ടുണ്ട്. ഇതിനകത്ത് ലോട്ടറിയുടെ നിർവചനത്തിൽ കേന്ദ്ര ആക്ടിൽ ലോട്ടറിയുടെ നിർവചനത്തിൽ any form of lottery എന്ന വാക്കുണ്ട്. Any form of lottery എന്നു പറയുമ്പോൾ ഓൺലൈൻ അടക്കമുള്ള ഏതു തരത്തിലുള്ള ലോട്ടറിയും അതുമായി ബന്ധപ്പെട്ടാകാം എന്നാണ് ചൂണ്ടിക്കാണിക്കുന്നത്. പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള ധാരാളം മെമ്പർമാർ ഇവിടെ പല കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. പലരും പറയാൻ മടിച്ച ഒരു സത്യമുണ്ട്. ആദ്യമായി കേരളത്തിന്റെ ചരിത്രത്തിൽ ഈ ലോട്ടറിക്ക് ടാക്സ് കൊണ്ടുവരാൻ ധീരമായ തീരുമാനം എടുത്തത് ഈ ഗവൺമെന്റാണ്. ആ ഒരു യാഥാർത്ഥ്യം കാണാതെ പോകരുത്. എത്രയോ നാളുകളായി കുഞ്ഞുസാഹിബിന്റെ കാലം മുതൽ നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ലോട്ടറിയും അതിനുശേഷം കേരളത്തിന് വെളിയിൽ നിന്നു വന്നിട്ടുള്ള ലോട്ടറിയുമൊക്കെ വന്നിട്ടും ലോട്ടറിക്ക് ഒരു നിയമനിർമ്മാണം കൊണ്ടുവന്നു ടാക്സ് പിരിക്കാൻ അതിശയോക്തികരമായ രീതിയിൽ കോടിക്കണക്കിന് രൂപ നഷ്ടപ്പെട്ടു എന്നു പറയുന്ന ആളുകൾ, നിയമം കൊണ്ടു വന്ന ഒരു ഗവൺമെന്റിനെ ഒരു വാക്കിലെങ്കിലും അനുമോദിക്കേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം. യഥാർത്ഥത്തിൽ 2003 ജൂലൈ മാസത്തിലാണ് കേന്ദ്ര നിയമത്തിന്റെ ചുവട് പിടിച്ചുകൊണ്ട് കേരള ഗവൺമെന്റ്, സർക്കാർ ലോട്ടറി ചട്ടങ്ങൾ ഉണ്ടാക്കിയത്. അത് കേന്ദ്ര ലോട്ടറി നിയമത്തിന്റെ 24(3), 24(10) ഈ രണ്ടു വകുപ്പുകളും, ഒന്ന് ഗവൺമെന്റിൽനിന്ന് മുൻകൂട്ടിയുള്ള അനുവാദം വാങ്ങാതെ അന്യസംസ്ഥാന ലോട്ടറികൾ വിൽക്കരുത് എന്നുള്ളതും 24(10) എന്നത്

LIBRARY ARCHIVES Kerala Legislative Assembly

താൽക്കാലികമായ അന്യ സംസ്ഥാന ലോട്ടറികൾ വിൽപ്പന സസ്പെൻഡ് ചെയ്യാനുള്ള അധികാരം ഈ രണ്ട് വകുപ്പുകളുടെയും ദുർബ്ബലത ഉപയോഗപ്പെടുത്തിയാണ് ഈ ലോട്ടറിക്കാർ ഇവിടെ കടന്നുകയറിയത്. ഇതുസംബന്ധിച്ചുള്ള നിരവധി കേസുകൾ ഉണ്ടായി. വളരെ വിശദമായി കാര്യങ്ങൾ ചർച്ച ചെയ്യപ്പെട്ടതുകൊണ്ട് ഞാൻ അങ്ങോട്ട് ഒന്നും കടന്നുപോകുന്നില്ല. ഇതിന് ലോട്ടറി റെഗുലേഷൻ ആക്ട് 98 എന്ന കേന്ദ്ര നിയമം ഉണ്ടായപ്പോൾ തന്നെ ലോട്ടറീസ് ഉടമകളും ലോട്ടറി നടത്തുന്ന ആളുകളും ഒക്കെ തന്നെ അത് കേന്ദ്ര നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്തുകൊണ്ട് രംഗത്തു വരികയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീം കോടതി സമൂഹത്തിലെ തിന്മയെ നിരോധിക്കാനുള്ള ഗൗരവം മനസിലാക്കിക്കൊണ്ട് 7-4-1999-ൽ അതാണ് ബി. ആർ. എന്റർപ്രൈസസ് കേസിൽ വളരെ വ്യക്തമായി തന്നെ ഈ കാര്യങ്ങൾ ഒന്നുകൂടി ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. പ്രസ്തുത വിധിന്യായ ത്തിലെ 63-ാം ഖണ്ഡികയിൽ ഏതെങ്കിലും ഒരു സ്റ്റേറ്റ് ലോട്ടറി നിയമം ലംഘിച്ചാൽ അവരെ കർശനമായി ശിക്ഷിക്കാം എന്നു പറയുന്നുണ്ട്. ആ വിധിന്യായത്തിൽ 84-ാം ഖണ്ഡികയിൽ ഈ നിയമം ഇന്ത്യൻ പാർലമെന്റ് ഉണ്ടാക്കിയിരിക്കുന്നത് തട്ടിപ്പുകൾ തടയുന്നതിനും സുതാര്യമാക്കുന്നതിനും കർശനമായ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുമാണെന്നാണ്. 89-ാം ഖണ്ഡികയിൽ പറയുന്ന വിധിന്യായം അവസാനിക്കുന്ന ഭാഗത്തായി നാലാം വകുപ്പ് വളരെ നല്ല ഒരു നിയമനിർമ്മാണമാ ണെന്നു പറഞ്ഞുകൊണ്ടാണ് അവസാനിക്കുന്നത്. സുപ്രീംകോടതി 1999-ൽ ഇത് മുഴുവൻ ശരിവച്ചതാണ്. എട്ടാം വകുപ്പിൽ പറയുന്ന ഈ ആക്ട് ലംഘിച്ചാൽ അത് അറസ്റ്റ് വിത്തൗട്ട് വാറണ്ട് അനുസരിച്ച് കേസ് എടുക്കാം എന്നു വ്യക്തമാക്കി യിട്ടുണ്ട്. എന്നാൽ ഈ കാര്യങ്ങളൊക്കെ ഇങ്ങനെ നിൽക്കുകയാണെങ്കിലും ഒട്ടു മിക്ക എഫ്. ഐ. ആർ.-കളും 24 സബ് സെക്ഷൻ (3)-ൽ ഗവൺമെന്റ് അംഗീകാരം ഇല്ലാത്ത ലോട്ടറി പ്രകാരമാണ് കോടിക്കണക്കിന് രൂപയുടെ വ്യാജ ലോട്ടറി പിടിച്ചപ്പോൾ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. മറ്റ് അറസ്റ്റ് വിത്തൗട്ട് വാറണ്ട് എന്നുള്ള വകുപ്പ് ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല. അതുപോലെ നാലാം വകുപ്പും ഏഴാം വകുപ്പും കൂട്ടിച്ചേർത്ത് അഡീഷണൽ റിപ്പോർട്ട് കൊടുക്കേണ്ട തായിരുന്നു. അങ്ങനെ വന്നിരുന്നെങ്കിലും നമുക്ക് കുറച്ചുകൂടി മെച്ചപ്പെട്ട സമീപനം ഉണ്ടാക്കാൻ കഴിയുമായിരുന്നു. കേരള ഗവൺമെന്റ് നിലപാട് സംശയ ങ്ങൾക്ക് അതീതമായി തന്നെ തെളിയിക്കുന്ന ഒരു കത്താണ് 23-8-2004-ലെ കത്ത്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ എന്തെല്ലാം ആക്ഷേപം ഉന്നയിച്ചാലും കേരള ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയുടെ ആണിക്കല്ല് എന്നു പറയുന്നത് ഈ കത്താണ്. ഈ കത്ത് കേന്ദ്ര ഹോം സെക്രട്ടറിക്ക് അയയ്ക്കുകയും പിന്നീട് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയായി വന്നപ്പോൾ അദ്ദേഹം നേരിട്ട് തന്നെ ഡൽഹിയിൽ പോയി ഇത് ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അപ്പോൾ ഗവൺമെന്റിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നത് യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെയാണ് എന്നാണ് എന്റെ അഭിപ്രായം. 23-8-2004-ലെ കത്തിൽ എല്ലാം

LIBRARY ARCHIVES Kerala Legislative Assembly

അടങ്ങിയിട്ടുണ്ട്. പക്ഷേ പല ബഹുമാനപ്പെട്ട അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ ഇതിനകത്ത് കുറെ പോരായ്മകൾ വന്നിട്ടുണ്ടെന്നുള്ളത് സത്യമാണ്. ആ പോരായ്മ ഏതെങ്കിലും മന്ത്രിയുടേയോ ഗവൺമെന്റിന്റെയോ ഭാഗത്ത് നിന്നല്ല. ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്ന് കേസ് നടത്തുന്നതിൽ വന്നിട്ടുള്ള വീഴ്ച അത് ഭാവിയിൽ ഉണ്ടാകാതിരിക്കാനുള്ള ഫലപ്രദമായ നടപടി ഉണ്ടാകണം എന്നു തന്നെയാണ് എനിക്കും പറയാനുള്ളത്. ഇവിടെ പരാമർശിക്കുകയുണ്ടായി എനിക്ക് വളരെയേറെ അടുപ്പവും സ്നേഹവുമുള്ള എന്നെ ഒരു ഇളയ സഹോദരനായി കണക്കാക്കാൻ കഴിയുമായിരുന്ന അജിത് പ്രകാശാണ് കേരള ഹൈക്കോടതിയിൽ ഇത് സംബന്ധിച്ച ലോട്ടറിയുടെ കേസ് നടത്തിയിരുന്നത്. അജിത് പ്രകാശ് എന്നോടൊപ്പം ജൂനിയറായി മഹാരാജാസ് കോളേജിൽ പഠിച്ച കെ. എസ്. യു.-ന്റെ നേതാവായിരുന്നു. നിർഭാഗ്യവശാൽ ഒട്ടേറെ തെറ്റിദ്ധാരണകളും ഒട്ടേറെ കള്ള പ്രചരണങ്ങളും നടത്തി അജിത് പ്രകാശിനെ പുകച്ച് പുറത്ത് ചാടിക്കാനുള്ള ശ്രമം നടന്നുയെന്നുള്ളത് ഇനിയാണെങ്കിലും ഗവൺമെന്റ് തിരുത്തേണ്ടതാണെന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. വളരെ മെച്ചപ്പെട്ട രീതിയിൽ കേസ് നടത്തിയ നല്ലൊരു ഉദ്യോഗസ്ഥനായിരുന്നു, നല്ലൊരു വക്കീലായിരുന്നു അജിത് പ്രകാശ് എന്നുള്ളത് പറയാതെ പോയാൽ അദ്ദേഹത്തിന്റെ പ്രൊഫഷനോട്, അദ്ദേഹത്തിന്റെ ആത്മാർത്ഥതയ്ക്ക് നൽകാതിരിക്കുന്ന വിലയാകും എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പിന്നീട് പെട്ടെന്നു ഇത്, ക്യാബിനറ്റ് പോലും അജിത് പ്രകാശിനെ നീക്കുന്ന ഒരു ഔട്ട് ഓഫ് അജണ്ടയായി വന്നുയെന്നൊക്കെയാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. അത് സംഭവിക്കാൻ പാടില്ലാത്ത ഒരു തെറ്റാണ്. തീർച്ചയായും ആത്മാർത്ഥമായി ആ കേസ് നടത്തിയ ഉദ്യോഗസ്ഥന്റെ വക്കീലിന്റെ ഭാഗത്ത് അദ്ദേഹത്തിന്റെ ആത്മാർത്ഥത ഇനിയാണെങ്കിലും ഈ ഗവൺമെന്റ് തുടർന്നു അംഗീകരിക്കണമെന്ന അഭിപ്രായം ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട പി. ടി. തോമസ് പറഞ്ഞത് നൂറ് ശതമാനവും ശരിയാണ്. ഓൺലൈൻ ലോട്ടറി മാഫിയാ സംഘത്തിന് എതിരായി ബഹുമാനപ്പെട്ട ഹൈക്കോടതി അതിശക്തമായ നിലപാട്
9.00 P.M.] എടുത്തതാണ്. ശ്രീ. അജിത് പ്രകാശിനെ അഡ്വക്കേറ്റ് ജനറലിനും അദ്ദേഹത്തിന്റെ കൂടെയുള്ളവർക്കും ഇഷ്ടപ്പെട്ടില്ല. ആ ഒറ്റ കാരണത്താലാണ് അദ്ദേഹത്തിന് ആ സ്ഥാനം നഷ്ടപ്പെട്ടത് എന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. പി. ടി. തോമസ്: നിങ്ങൾ ഉദ്ദേശിക്കുന്ന ആങ്കിളിലല്ല ഞാൻ ഇതിനെ കാണുന്നത്. അങ്ങയുടെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഞാൻ ഇതിൽ ആത്മാർത്ഥമായി ലോട്ടറിക്ക് വേണ്ടി കേസ് നടത്തിയ വക്കീലിനുണ്ടായ സ്ഥാനഭ്രംശം, അത് ഗവൺമെന്റിന് പറ്റിയ തെറ്റാണെങ്കിൽ അത് തിരുത്തണമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

നല്ല ഉദ്ദേശത്തോടുകൂടിയാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇവിടെ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള മറ്റൊരു കാര്യം 16-8-2004-ൽ ജസ്റ്റിസ് ബാലകൃഷ്ണൻ നായരുടെ സുപ്രധാനമായ വിധിയിൽ നാലാം വകുപ്പിലെ നിബന്ധനകൾ ലംഘിച്ചാൽ കേസെടുക്കേണ്ട ചുമതല പോലീസിനുണ്ടെന്ന് പറയുകയുണ്ടായി. അതോടൊപ്പംതന്നെ കേസ് രജിസ്റ്റർ ചെയ്യുന്നില്ലെങ്കിൽ ടെർമിനൽ തുറന്ന് കൊടുക്കണമെന്ന് പറഞ്ഞിരുന്നു. ടെർമിനലുകൾ തുറന്നു കൊടുക്കുന്നതുമായി ബന്ധപ്പെട്ടാണ് പിന്നെ പ്രശ്നങ്ങൾ പലതുമുണ്ടായത്. കട്ടപ്പനയിലും അതുപോലെ ചില കേന്ദ്രങ്ങളിലും ടാക്സ് പിരിച്ചതുമായ കാര്യങ്ങൾ ഉണ്ടായതും. എന്നാൽ ഹൈക്കോടതി ഡിവിഷൻ ബഞ്ചിലും കേസ് സമർപ്പിക്കുന്നുണ്ട്. അവർക്ക് ആ കേസിലും കാലഘട്ടത്തിലും ഓൺലൈൻ ലോട്ടറി വിജയിക്കാൻ കഴിഞ്ഞാൽ, സാന്റിയാഗോ മാർട്ടിൻ എന്നു പറയുന്ന, കേരളത്തെ വിഴുങ്ങാൻ കഴിയുന്ന ആളുകളാണ്. ബഹുമാനപ്പെട്ട മന്ത്രിയുടേയും ബഹുമാനപ്പെട്ട സഭയുടേയും മുൻപിൽ എനിക്ക് അവതരിപ്പിക്കാനുള്ളത് ഇതിനകത്ത് വലിയ ഗൂഢാലോചന അഖിലേന്ത്യാതലത്തിൽ നടന്നിട്ടുണ്ട്. എന്താണെന്ന് ചോദിച്ചാൽ നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റ് എന്നും മേഘാലയാ, നാഗാലാന്റെന്നും പറഞ്ഞിട്ടുള്ള ലോട്ടറികളുണ്ട്. പക്ഷെ ഈ ലോട്ടറികൾ പാലക്കാട് വച്ച് ഏറെ പിടിച്ചു. പിടിച്ചപ്പോൾ ഒരിക്കൽപ്പോലും ലോട്ടറിയുടെ അവകാശം ഉന്നയിച്ചുകൊണ്ട് ഒരു ഗവൺമെന്റും മുന്നോട്ട് വന്നിട്ടില്ല എന്നുള്ളത് വളരെ ഗൗരവം അർഹിക്കുന്ന ഒന്നാണ്. ഇത് സംബന്ധിച്ച് മറ്റൊരു സത്യവാങ്മൂലം നൽകാൻ അതാത് സ്റ്റേറ്റ് ചീഫ് സെക്രട്ടറിമാരോട് ആവശ്യപ്പെട്ടു. അപ്പോൾ ഒരു ചീഫ് സെക്രട്ടറിയും കടന്നുവന്നില്ല. ലോട്ടറിയുമായി ബന്ധപ്പെട്ട കാര്യത്തിൽ ഏറ്റവും സുപ്രധാനമായ രണ്ട് കാര്യങ്ങളാണ് കേരള ഗവൺമെന്റ് ഇവിടെ കാണിക്കുന്നത്. ഇപ്പോൾ പുറത്തുനിന്നുള്ള ഏജൻസിയൊന്നും വന്ന് പിടിച്ചതല്ല. കേരള ഗവൺമെന്റ് പിടിച്ച ലോട്ടറിയുടെ ഉടമസ്ഥാവകാശം അംഗീകരിച്ചു സ്ഥാപിച്ചെടുക്കാൻ ആരും വന്നിട്ടില്ല. ചീഫ് സെക്രട്ടറിമാരുടെ സത്യവാങ്മൂലം കൊടുക്കണമെന്ന് പറഞ്ഞു. അങ്ങോട്ടും ആരും വന്നില്ല. അതൊക്കെ ചൂണ്ടിക്കാണിക്കുന്നത് അതിന്റെയകത്ത് നടക്കുന്ന മറിമായങ്ങളുടെ ഒരു വലിയ സൂചനയാണ്. അതുപോലെതന്നെ 13-1-2005-ൽ ഓൺലൈൻ ലോട്ടറി നിരോധിച്ചു. ഇവിടെ പ്രതിപക്ഷങ്ങളുടെ രോദനം ആത്മാർത്ഥതയുള്ളതാണെന്ന് ഞാൻ വിചാരിക്കുന്നില്ല. ഓൺലൈൻ ലോട്ടറി നിരോധിക്കാനുള്ള തീരുമാനമെടുത്തപ്പോൾ അതിനെ പിന്തുണക്കാൻ വന്നില്ല. പിന്നീട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഒരു സംഭവമുണ്ടായി. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് നടത്തിയിട്ട് വീഴ്ചയുണ്ടെങ്കിൽ തീർച്ചയായും പരിശോധിക്കണം. ഈ സഭയിൽ മുമ്പ് ഞാൻ ചൂണ്ടിക്കാണിച്ച ഒരു കാര്യം വീണ്ടും ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ചീഫ് സെക്രട്ടറി അകത്ത് പോകേണ്ടിവരും എന്നുള്ള അർത്ഥത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരാമർശം ഉണ്ടായി എന്ന് കേട്ട മാത്രയിൽ ഇതിനായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ കേസുകളും പിൻവലിക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അത് തീർച്ചയായും ഭരണഘടനാനുസൃതമായി 1998-ൽ ഈ ലോട്ടറി നിയമം 1999-ലെ ബി. ആർ എന്റർപ്രൈസസിന്റെ കേസ് പരിശോധിച്ച് പരിപൂർണ്ണമായി സുപ്രീം കോടതി ശരിവച്ചു. ആ നിയമത്തെ അംഗീകരിക്കാൻ ഇന്ന് കേരള ഗവൺമെന്റിനുവേണ്ടി ആരെങ്കിലും പറഞ്ഞുവെങ്കിൽ അവർ മാപ്പ് അർഹിക്കുന്ന കുറ്റമല്ല ചെയ്തതെന്ന് ഉത്തരവാദിത്വ പൂർവ്വം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത്തരം കാര്യങ്ങൾ ഗൗരവതരമായി നാം കാണേണ്ടതുണ്ട്. കേരള ഗവൺമെന്റിനെ സംബന്ധിച്ച് ഇവിടെ താൽക്കാലികമായി ഞാൻ ഡൽഹിയിൽ പോയി, കേരള ഹൗസിൽ പോയി. ഡൽഹിയിൽ നടക്കുന്ന സുപ്രീം കോടതിയുടെ 800 ഓളം കേസുകളുണ്ടെന്ന് ഞാൻ മനസ്സിലാക്കി. ആ കേസുകളുടെ സ്റ്റേറ്റ്മെന്റും Counter Affidavit-ഉം Written statement-ഉം കണ്ടപ്പോൾ കാലാകാലങ്ങളിൽ കൂടുന്നതിൽ, അവിടെ വർഷങ്ങളായി, ഈ ഗവൺമെന്റിന്റെ കാലത്ത് മാത്രമല്ല വർഷങ്ങളായി വീഴ്ചകൾ വരുന്നു എന്ന യാഥാർത്ഥ്യം എനിക്ക് മനസ്സിലായി. അഖിലലോക പ്രശസ്തരായ അഭിഭാഷകർ വേണമെന്ന് ഞാൻ പറയുന്നില്ല. ആത്മാർത്ഥമായ സംസ്ഥാന ഗവൺമെന്റിനെ വെള്ളത്തിലാക്കാത്ത അഭിഭാഷകരുടെ ഒരു നിര സുപ്രീം കോടതിയിൽ കേസ് നടത്താൻ വേണം. ഹൈക്കോടതിയിൽ കേസ് നടത്തുന്നതിന് വളരെ ഏറെ നല്ല അഭിഭാഷകരുണ്ട്. ചുരുക്കം ചില ആളുകൾ അങ്ങനെയില്ലാത്ത ആളുകളും ഉണ്ട്. അതും കണ്ടെത്തി അക്കാര്യത്തിൽ ഗൗരവതരമായ നടപടി സ്വീകരിക്കണം. ചീഫ് സെക്രട്ടറി ഒരു ദിവസം കേരള ഗവൺമെന്റിനുവേണ്ടി ഒരു നല്ലകാര്യം പറഞ്ഞതിന്റെ പേരിൽ അകത്തേക്ക് പോകേണ്ടിവന്നാൽ, പോയാൽപ്പോലും അവർക്ക് കേന്ദ്രം പാസ്സാക്കിയ ഭരണഘടന അംഗീകരിച്ച നിയമത്തെ നമ്മൾ നടപ്പാക്കില്ലെന്ന് പറഞ്ഞ ചീഫ് സെക്രട്ടറിക്ക് വേണ്ടി ഏത് ഉദ്യോഗസ്ഥനാണോ അങ്ങനെ കുറിപ്പ് കൊടുത്തതെങ്കിലും ഞാൻ എന്റെ എല്ലാ സ്നേഹബഹുമാനങ്ങളോടുംകൂടി പറയുന്നു അത് വളരെയേറെ തെറ്റാണ്. ആ തെറ്റ് തിരുത്തണം. അത്തരം തെറ്റ് ആവർത്തിക്കാൻ പാടില്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിന് ഗവൺമെന്റ് യാതൊരു പിടിവാശിയോ അല്ലെങ്കിൽ അഭിമാനബോധമോ കാണിക്കേണ്ടതില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് അതിന്റെ ലയബിലിറ്റി ഏറ്റെടുക്കേണ്ടതില്ല. ഇപ്പോഴത്തെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോ മുൻ ധനകാര്യവകുപ്പുമന്ത്രിയോ അവരാരും ചെയ്യാത്ത തെറ്റിന്റെ പേരിലുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് ക്രൂശിക്കപ്പെടേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. അപ്പോഴും സംസ്ഥാന ഗവൺമെന്റ് ലോട്ടറി നിരോധിച്ചില്ലായിരുന്നെങ്കിൽ പിറ്റേ ദിവസം അവരൊക്കെ പറയാൻ പോകുന്നത് ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ അടക്കമുള്ള ഗവൺമെന്റ് കോടികളുടെ തട്ടിപ്പ് നടത്തിയെന്ന് പറയും ഇതേ നാവ് കൊണ്ട് പ്രതിപക്ഷങ്ങൾ പറയാൻ മടിക്കില്ല എന്നുള്ള കാര്യത്തിൽ സംശയമില്ല. പക്ഷേ ഏറ്റവും കുറഞ്ഞ, lesser evil എന്നു പറയുന്ന വാക്കാണ്, അതനുസരിച്ചാണ് ലോട്ടറി നിരോധിച്ചത്. പാവപ്പെട്ട ആളുകളെ ബാധിക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

അറിഞ്ഞുകൊണ്ടുതന്നെ അതിനേക്കാൾ ഏറ്റവും കുറവുള്ള തെറ്റ് എന്ന നിലയിലാണ് നിരോധിച്ചത്. അതിൽ ഗവൺമെന്റ് ശക്തമായ നിലപാടെടുത്തു. ലോട്ടറി ജീവനക്കാരെ പുനരധിവസിപ്പിക്കാൻവേണ്ടി ശക്തമായ നിയമനിർമ്മാണം കൊണ്ടുവന്നു. ബഡ്ജറ്റിൽ പണം മാറ്റിവച്ചു. പ്രതിപക്ഷത്തെ വിശ്വാസത്തിൽ എടുത്തു. പ്രതിപക്ഷങ്ങളും കൂടി ഒരു വട്ടമേശയ്ക്ക് ചുറ്റുമിരുന്ന് നിർദ്ദേശിച്ച നിയമനിർമ്മാണങ്ങളാണ്. ഏത് നിയമനിർമ്മാണത്തിന്റേയും തുടക്കത്തിൽ പോരായ്മകളുണ്ടാകും. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാർക്കറിയാം. ഏത് നിയമനിർമ്മാണങ്ങളുടേയും തുടക്കത്തിൽ പോരായ്മകൾ ഉണ്ടാകും. അത് ചർച്ച ചെയ്യാനും പരിഹരിക്കാനും വേണ്ടിയാണ് നിയമസഭാംഗങ്ങൾ, നീതിന്യായ വ്യവസ്ഥകൾ. അതുകൊണ്ട് പ്രിയപ്പെട്ട പ്രതിപക്ഷത്തിരിക്കുന്ന സഹപ്രവർത്തകരോട് അഭ്യർത്ഥിക്കാനുള്ളത് ഏത് കാര്യത്തിലും ഗവൺമെന്റിനെ കുറ്റപ്പെടുത്തുക എന്നുള്ള നിലപാട് മാത്രമല്ല സ്വീകരിക്കേണ്ടത് എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ രണ്ട് കാര്യങ്ങളും കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. ഒന്ന്-2003-ലാണ് മൂന്ന് ലക്ഷം രൂപയുടെ വ്യാജ ടിക്കറ്റ് പാലക്കാട് ആദ്യമായി പിടിച്ചത്. അന്നുമുതൽ ഇന്നുവരെയുള്ള വ്യാജ ലോട്ടറികൾ, അത് ഭരണപക്ഷത്തിന്റെ വീഴ്ചയായി പ്രതിപക്ഷം ചൂണ്ടിക്കാണിക്കാനൊക്കെ വന്നപ്പോഴും പ്രതിപക്ഷ നേതാവിന്റെ ചില ബന്ധങ്ങളെക്കുറിച്ച് ബഹുമാന്യനായ എം. എം. ഹസ്സൻ ഇവിടെ പറയുകയുണ്ടായി. അപ്പോൾ പ്രതിപക്ഷാംഗങ്ങൾ നിശബ്ദരായിരുന്നതിൽ ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല. കാരണം പഴുതുകൾ അടച്ചുകൊണ്ടാണ് എം. എം. ഹസ്സൻ ഇവിടെ അവതരിപ്പിച്ചത്. ഞാൻ ആ രേഖ വായിച്ച് നോക്കിയപ്പോൾ അതിന്റെ Memorandum of Understanding-ൽ പറഞ്ഞിരിക്കുന്ന വാക്ക് പ്രധാനപ്പെട്ടതായതുകൊണ്ട്മാത്രം പറയുകയാണ്. അതിൽ പറഞ്ഞിരിക്കുന്നത് "To do the business of innovative marketing like online trading and multi level marketing of all mercantile products. To do business as agent of franchise for lotteries conducted by recognised organisations". അത് വളരെ പ്ലാൻഡായിട്ടുള്ള സംഘടനയാണ്. ആരും അറിയാതെ കടന്നുവന്ന് അതിനകത്ത് അകപ്പെട്ട സംഘടനയല്ല. ഉയർന്ന ലൈസൻസ് ഫീസ് ഏർപ്പെടുത്തുമ്പോൾ ലോട്ടറിയെ സംബന്ധിച്ച് സെയിൽസ്ടാക്സ് ആക്ട് ഭേദഗതി ചെയ്യേണ്ടിവരുമെന്നുള്ള പ്രധാനപ്പെട്ട കാര്യമുണ്ട്. എന്റെ അഭിപ്രായത്തിൽ അക്കാര്യത്തിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കട്ടെയെന്ന് പറഞ്ഞുകൊണ്ട് തന്നെ പറയുന്നു ലോട്ടറികളെ ശക്തിപ്പെടുത്തി നിലനിർത്താൻ കഴിഞ്ഞാൽ കായലിൽ കായം കലക്കിയതുപോലെ പോകുന്ന സെയിൽസ് ടാക്സിനെ ഇത് ഏൽപ്പിച്ചുകൊടുത്താൽ ഉണ്ടാകുന്ന കാര്യങ്ങളുടെ സാദ്ധ്യതയെ സംബന്ധിച്ച് ഗൗരവതരമായി പുനർചിന്തനം ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ സുപ്രീം കോടതിയുടെ സ്റ്റേ ഉത്തരവ് 2004

LIBRARY ARCHIVES Kerala Legislative Assembly

മേയ് മാസത്തിലാണ് ഉണ്ടായത്. സ്റ്റേ ഉത്തരവ് പിൻവലിക്കാനുള്ള നടപടികൾ ഉണ്ടായിട്ടില്ല. സ്റ്റേ ഉത്തരവ് പിൻവലിക്കാനുള്ള നടപടികൾ സ്വീകരിക്കണം. Gaming (Amendment) Bill, 2005-ഉം അതുപോലെ ലോട്ടറികളിൻമേലുള്ള നികുതി ബില്ലും കേരളത്തിന് വെളിയിൽനിന്ന് വരുന്ന ലോട്ടറികളുടെ മേൽ അമിതമായ നികുതി ചുമത്തിക്കൊണ്ട് നിയന്ത്രണം ഏർപ്പെടുത്താനുള്ള ശ്രമങ്ങളും വേണം. പരിമിതിക്കുള്ളിൽനിന്ന് സൃഷ്ടിപരമായി ലോട്ടറി നിരോധിച്ചുകൊണ്ട് മറ്റൊരു ദുരന്തത്തെ ഒഴിവാക്കാൻ ശ്രമിച്ചതും ചട്ടങ്ങൾ ഉണ്ടാക്കിക്കൊണ്ട് ആദ്യമായി ടാക്സ് പിരിക്കാൻ ധീരമായി മുന്നോട്ട് വന്നതും കേരളത്തിലെ ജനങ്ങളെ, പ്രതിപക്ഷത്തെ ഉൾപ്പെടെ വിശ്വാസത്തിലെടുത്തുകൊണ്ട് ലോട്ടറിയുടെ കാര്യത്തിൽ സുതാര്യമായ നിലപാട് എടുത്ത ഗവൺമെന്റിനെ പ്രതിപക്ഷം ചോദ്യം ചെയ്യുന്നത് ആത്മാർത്ഥതയോടെയല്ല എന്നുമാത്രം പറഞ്ഞുകൊണ്ട് അതിന് ആവശ്യമായ ചർച്ചകളും ഭേദഗതികളും ക്ലോസ് ബൈ ക്ലോസ് ചർച്ച വരുമ്പോൾ ഉന്നയിക്കാമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. കെ. കെ. ബാവ: വമ്പിച്ച സാമൂഹിക വ്യവസ്ഥിതിക്കെതിരായിട്ടുള്ള ശക്തമായ നടപടിയാണ് ഓൺലൈൻ ലോട്ടറി സംസ്ഥാനത്തുനിന്ന് പിഴുത് എറിയുവാനുള്ള ഗവൺമെന്റിന്റെ ശ്രമം. തലമുറയായി കേരളത്തിലെ ജനങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയേയും ഗവൺമെന്റിനേയും നന്ദിയോടെ സ്മരിക്കും. ഇതുപോലുള്ള സംരംഭങ്ങൾ നമ്മുടെ സംസ്ഥാനത്ത് കടന്ന് വരാതിരിക്കാൻ അങ്ങേയറ്റത്തെ ജാഗ്രത പുലർത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും, ഗവൺമെന്റിനോടും ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ ലോട്ടറിക്ക് നികുതി ചുമത്താനുള്ള നിയമം നേരത്തെ ഉണ്ടായിരുന്നുവെങ്കിലും ഈ ഗവൺമെന്റ്

9.00 P.M.] അധികാരത്തിൽ വരുന്നതുവരെ ആരും ലോട്ടറിക്ക് നികുതി ചുമത്തിയിട്ടില്ല. ശ്രീ. എ. കെ. ആന്റണി അധികാരത്തിൽ വന്നതിനുശേഷമാണ് ലോട്ടറിക്ക് ആദ്യമായി നികുതി ചുമത്തിയത്. അന്യസംസ്ഥാന ലോട്ടറിയെക്കുറിച്ച് പറയുമ്പോൾ വേദനയോടുകൂടി ഒരു കാര്യം പറയാതിരിക്കാൻ നിർവ്വാഹമില്ല. ചില നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റിന്റെ പേരിലാണ് ഇവിടെ ലോട്ടറികൾ ഇറങ്ങുന്നത്. യഥാർത്ഥത്തിൽ ആ സ്റ്റേറ്റുകൾക്ക് ഇതിൽ ഒരു പങ്കുമില്ല. അവർ ഇത്ര ഫിക്സഡ് എമൗണ്ടിൽ ഫിക്സ് ചെയ്ത് ആരെയെങ്കിലും ഏൽപ്പിക്കുന്നു. അവരാണ് ഈ ഫ്രാഡ് മുഴുവൻ ഇവിടെ ചെയ്യുന്നത്. അത് നിയന്ത്രിക്കാൻ നമുക്ക് കഴിയാതെ വന്നു. ഒരു രീതിയിലും നിയന്ത്രിക്കാൻ കഴിയാതെ വന്നു. പക്ഷെ അതിന് ഈ ഗവൺമെന്റ് വന്നശേഷം നികുതി ചുമത്തി. കുറേ നികുതി പിരിക്കാൻ കഴിഞ്ഞു. മൂന്ന് കോടി രൂപ ഒരു വർഷം കിട്ടി. 2003-04-ലാണ് ഏറ്റവും കൂടുതൽ നികുതി കിട്ടിയത്. ഏതാണ്ട് പത്ത് കോടി രൂപയിൽ താഴെ പിരിക്കാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ ഒരു കൺട്രോളും ഇല്ലാതെ വന്നപ്പോൾ ഗവൺമെന്റ് ചില നടപടികളെടുത്തു. 2003-ലാണ് ഇവരെ നിയന്ത്രിക്കുന്നതിനു വേണ്ടി ലോട്ടറി റെഗുലേഷൻസ് ആക്ട് കൊണ്ടുവന്നത്. 2003-ൽ ആന്റണി ഗവൺമെന്റ് വന്നതിനുശേഷം കർശനമായി നിയന്ത്രിക്കുന്നതിനും പരമാവധി ടാക്സ് ഈടാക്കുന്നതിനും കഴിഞ്ഞു. ഞാൻ വന്നിട്ട് ഏതാണ്ട് ആറ് മാസമായി. ആദ്യം ഇത് തുടങ്ങിയപ്പോൾ മറ്റ് ലോട്ടറി പോലെയാണെന്നാണ് കരുതിയത്. പിന്നീടാണ് ഇത് രാജ്യത്തെ പാവപ്പെട്ട ജനങ്ങളെ ചൂഷണം ചെയ്യുന്ന, പലരേയും ആത്മഹത്യയിലേക്ക് തള്ളിവിടുന്ന ഒന്നാണെന്ന് മനസ്സിലായത്. അപ്പോഴാണ് ഇത് നിയന്ത്രിക്കാനുള്ള നീക്കം തുടങ്ങിയത്. ഒരു സിസ്റ്റത്തിന്റെ പ്രവർത്തനം അനുസരിച്ച് കൺട്രോൾ ചെയ്യുന്നത് പൂർണ്ണമായി ഇതിന്റെ നികുതി ഈടാക്കാൻ സാധ്യതയുള്ള ഒരു ഏർപ്പാടാണ്. ഗവൺമെന്റ് പല രീതിയിലുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും പരിപൂർണ്ണമായി അതിനെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. 2003 മുതൽ കേസുകളും തുടങ്ങി. കേസുകളിൽ പലതും നമുക്ക് അനുകൂലമായി. ചിലതെല്ലാം പ്രതികൂലമായി വന്നു. സുപ്രീം കോടതിയിൽ പോയിട്ട്പോലും നമുക്ക് പ്രതികൂലമായ ചില ജഡ്ജ്മെന്റുകൾ വന്നു. ഇവിടെ വളരെ ദീർഘമായ ചരിത്രങ്ങളൊക്കെ ചില വമ്പൻമാർ പറഞ്ഞതാണ്. കുറേയൊക്കെ ശരിയാണ്. ചിലതിലെല്ലാം അതിശയോക്തിയുണ്ട്. പക്ഷെ ഒരുകാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ഞാൻ മന്ത്രിയായി വന്നതിനുശേഷം ആദ്യം മുതൽ ഇത് നടത്തുകയില്ല, നിയമപ്രകാരം അല്ലാതെ അത് നടത്തുകയില്ല, എന്ന കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ആർക്കെങ്കിലും ചലഞ്ച് ചെയ്യാൻ കഴിയുമോ? ഞാൻ ധനകാര്യവകുപ്പുമന്ത്രി ആയതിനുശേഷവും അതിനുമുൻപും അവരെ സഹായിക്കുന്നതിന് ഏതെങ്കിലും പ്രവർത്തി സ്വീകരിച്ചതായിട്ട് പറയാമോ?

<u>ശ്രീ. എം. വി. ജയരാജൻ:</u> അങ്ങ് മസ്ക്കറ്റ് ഹോട്ടലിൽവച്ച് ഓൺലൈൻ ലോട്ടറി ഉദ്ഘാടനം ചെയ്തതാണ്. ആ ഉദ്ഘാടനത്തിന്റെ ഫോട്ടോ വച്ചാണ് അവർ പരസ്യം കൊടുത്തത്. അതൊന്ന് അന്വേഷിക്കാൻ പറ്റുമോ?

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> ഞാൻ ധനകാര്യവകുപ്പുമന്ത്രിയാകുന്നതിന് എത്രയോ മുൻപാണ് ഇത് തുടങ്ങുന്നത്. അന്ന് അറിഞ്ഞുകൂടായിരുന്നു ഇത് രാജ്യത്തിന് ഏറ്റവും വലിയ ശാപമാണെന്ന്. ആദ്യമായി തുടങ്ങുന്നതിന് ഓൺലൈൻ ലോട്ടറി ഞാൻ പോയി ഉദ്ഘാടനം ചെയ്തു. ശരിയാണ്. എന്റെ മക്കൾക്ക് അതിൽ ഏജൻസിയുണ്ടായിരുന്നു. പക്ഷെ നിങ്ങൾ പറയുന്ന രീതിയിലല്ല. ഞാൻ ആദ്യമേ സമ്മതിച്ചതാണ്. അവർക്ക് ഏജൻസിയുണ്ടായിരുന്നു. ഓൺലൈൻ ലോട്ടറി ഒരു ഫ്രാഡ് ഏർപ്പാടാണെന്ന് മനസ്സിലാക്കിയപ്പോൾ അവർ രാജിവച്ചു. ശ്രീ. എം. വി. ജയരാജൻ പറഞ്ഞത് ബി. എസ്. എന്റർപ്രൈസസായി തുടരുന്നു എന്നാണ്. അത് അറിയാൻ വയ്യാത്തതുകൊണ്ടാണ്. ബി. എസ്. എന്റർപ്രൈസസ് എന്നുപറയുന്നതാണ് അതിന്റെ ഹെഡ്ഡാഫീസ്. അവരുടെ കീഴിലുള്ള തെക്കേ പ്രദേശത്തുള്ള ഒരു ഏജൻസി മാത്രമാണ് അവർക്ക് ഉണ്ടായിരുന്നത്. അല്ലാതെ ബി. എസ്. എന്റർപ്രൈസസ്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴുമുണ്ട്. അവരത് വേണ്ടെന്ന് വച്ചു. എനിക്കറിയാം നിങ്ങൾ ചുമ്മാ പറയുന്നതാണെന്ന്. അല്ലെങ്കിൽ നിങ്ങൾ എന്നെ വെറുതേ വിടുമായിരുന്നോ? നിങ്ങൾ ഇല്ലാത്തതു പറയാൻതന്നെ മിടുക്കൻമാരാണ്. പക്ഷെ നിങ്ങൾ ആലോചിക്കണം ഞാൻ വന്നതിനുശേഷം ഇത് നിർത്തലാക്കാൻ നിരന്തരമായി നടപടി സ്വീകരിച്ചു. ഒരാളെ പോലും നടത്താൻ സമ്മതിക്കുകയില്ലെന്ന് നിർബന്ധ ബുദ്ധിയോടുകൂടി പറഞ്ഞു. ഇതാണ് മുൻപ് പറഞ്ഞിട്ടുള്ളതുപോലെ കളക്ടേഴ്സ് കോൺഫറൻസിൽ incamera, കളക്ടർമാരുടേയും, എസ്. പി.-മാരുടേയും യോഗത്തിൽ പ്പോലും ഞാൻ പറഞ്ഞു ഒരു കാരണവശാലും എന്ത് ചട്ടമുണ്ടെങ്കിലും ഇത് നടത്താൻ അനുവദിക്കുകയില്ലെന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. പക്ഷെ ഓൺലൈൻ ലോട്ടറി നിരോധിച്ചുവെങ്കിൽപ്പോലും സുപ്രീം കോടതിയുടെ അവസാനം വന്ന ഓർഡർ പ്രകാരം ഇമ്മീഡിയറ്റായി എന്തെങ്കിലും ചെയ്തില്ലെങ്കിൽ ഇവിടെ ഫ്ളഡ്സ് ചെയ്യും എന്ന് വന്നു.

<u>ഡോ. തോമസ് ഐസക്:</u> ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രധാന പ്രശ്നം അങ്ങ് ധനകാര്യമന്ത്രിയായ ശേഷം സുപ്രീം കോടതിയിൽ ഈ സെക്ഷൻ 4 വച്ച് സംസ്ഥാനത്തിന് അധികാരമുണ്ട്. എന്തുകൊണ്ട് വാദിച്ചില്ല?

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> എന്നു തന്നെയാണ് വാദിച്ചത്. വക്കീലൻമാരുടെ കാര്യം പറഞ്ഞു. ആദ്യം ശ്രീ. പി. പി. റാവുവിനെ വച്ചിരുന്നു. ഞാൻ നേരത്തെ ഹൗസിൽ പറഞ്ഞു എന്നാണ് എന്റെ ഓർമ്മ, ഭീമമായ തുക അദ്ദേഹം ഫീസ് ചോദിച്ചിട്ടുപോലും ഞാൻ ഉത്തരവ് കൊടുത്തിട്ടാണ് പി. പി. റാവുതന്നെ അവിടെ വാദിക്കണമെന്ന് പറഞ്ഞത്. പക്ഷേ കേസ് വിളിച്ചപ്പോൾ പി. പി. റാവു പോകാതിരുന്നതല്ല, അദ്ദേഹം അടുത്ത കോടതിയിൽ വാദിച്ചു കൊണ്ടിരിക്കുകയായിരുന്നു. പി. പി. റാവു വരുന്നതുവരെ വെയിറ്റ് ചെയ്യണമെന്ന് പറഞ്ഞിട്ട് കോടതി വെയിറ്റ് ചെയ്യാൻ തയ്യാറായില്ല. നിങ്ങൾ അതാണ് മനസ്സി ലാക്കേണ്ടത്. പി. പി. റാവുവിനേപ്പോലെ പ്രഗത്ഭനായ ഒരു സീനിയർ അഡ്വക്കേറ്റ് അടുത്ത കോടതിയിൽ വാദിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹം വരുന്നതുവരെ വെയിറ്റ് ചെയ്യണമെന്ന് പറഞ്ഞിട്ട് വെയിറ്റ് ചെയ്യാൻ തയ്യാറായില്ല. അത് എന്തുകൊണ്ടാണെന്ന് ഞാൻ പറയുന്നില്ല. അവസാനത്തെ ദിവസം പറഞ്ഞു.....

<u>ശ്രീ. ടി. എം. ജേക്കബ്:</u> അങ്ങ് പറഞ്ഞത് ശരിയാണ്. സുപ്രീം കോടതിയിലെ സ്ഥിതി എന്നു പറയുന്നത്.... വേറെ കോർട്ടിൽ സീനിയർ ലോയർ നിൽക്കുമ്പോൾ ഇങ്ങേ കോടതിയിൽ വേറൊരു കേസ് എടുത്താൽ പലപ്പോഴും കാത്ത് നിൽക്കാറില്ല. പക്ഷേ നമ്മുടെ വക്കീൽ ചെയ്യേണ്ടിയിരുന്നത് ഇദ്ദേഹത്തെ പിടിച്ച് അവിടെത്തന്നെ ഇരുത്തണമായിരുന്നു. സ്റ്റേറ്റിന്റെ പ്രധാനപ്പെട്ട സംഗതിയാണ്. അതിൽ അവർ ചില അഡ്ജസ്റ്റ്മെന്റ് ചെയ്തു കൊടുത്തു. അതാണ് മനസ്സിലാക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: അവരെല്ലാം വലിയ സീനിയർ വക്കീലൻമാരല്ലേ. രണ്ടാമത്തെ അഫിഡവിറ്റിന്റെ കാര്യം പറഞ്ഞു. ഇവിടെ ചില അംഗങ്ങളും ശ്രീ. പി. ടി. തോമസ് ഉൾപ്പെടെ അപ്പുറത്തും ഇപ്പുറത്തുമുള്ള അംഗങ്ങളും പറഞ്ഞു. ഞാൻ അതിനോട് പൂർണ്ണമായും യോജിക്കുകയാണ്. അവരെ ആരും അധികാരപ്പെടുത്തിയിട്ടില്ല. അത് എഗ്രീ ചെയ്യാൻ ഗവൺമെന്റിൽനിന്ന് ഒരു അധികാരവും അവർക്ക് കൊടുത്തിട്ടില്ല. പക്ഷേ അവർ സാധാരണക്കാരല്ലായിരുന്നു. പി. പി. റാവുവും നാഗേശ്വര റാവുവും അടങ്ങുന്ന നാല് സീനിയർ ലോയേഴ്സ്, ഡൽഹിയിൽ കിട്ടാവുന്ന, സുപ്രീം കോടതിയിലെ നാല് ലോയേഴ്സിനെയാണ് അവിടെക്കൊണ്ട് ഇരുത്തിയിരുന്നത്. അവരാണ് ഇത് ചെയ്തത്. ഏറ്റവും പ്രഗത്ഭരായ നാലുപേരെ. കോടതിയുടെ നടപടി ക്രമവും ശരിയായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ചീഫ് സെക്രട്ടറി എതിര് പറയുകയാണ്. Either you apologise or I will send him to jail. എന്താ ഇത്? അപ്പോൾ അവർക്ക് കീഴടങ്ങേണ്ടി വന്നു. അല്ലെങ്കിൽ ചീഫ് സെക്രട്ടറിയെ ജയിലിൽ അയയ്ക്കുമെന്നാണ് പറഞ്ഞത്. അങ്ങനെ കീഴടങ്ങേണ്ടിവന്ന സാഹചര്യത്തിലാണ് അവർ ഇത് ചെയ്തത് എങ്കിലും നമ്മൾ അത് ചോദിക്കണമായിരുന്നു. ഒരു പക്ഷേ എന്നോട് ചോദിച്ചിരുന്നെങ്കിൽ അനുവദിക്കില്ലായിരുന്നു. അങ്ങനെ സറണ്ടർ ചെയ്യാൻ അനുവദിക്കില്ലായിരുന്നു. Consequences എന്തായിരുന്നാലും ഞാൻ ഒന്ന് ആലോചിക്കുമായിരുന്നു. പക്ഷേ എന്റെ സ്വഭാവം അനുസരിച്ച് ചീഫ് സെക്രട്ടറി ജയിലിൽപ്പോയാലും ഞാൻ അനുവദിക്കില്ലായിരുന്നു. കോടതി ചെയ്തത്, ഇത് ഇവരെക്കൊണ്ട് സമ്മതിപ്പിച്ചശേഷം കോടതി പറഞ്ഞതാണെന്ന് എഴുതാതെ വക്കീലൻമാർ ഇത് വിത്ഡ്രാ ചെയ്തുകൊള്ളാം എന്ന് സമ്മതിച്ചിരിക്കുന്നതുകൊണ്ട് നടന്ന സംഭവം ഇതാണ്. ഇതൊന്നും അത്ര നല്ല നടപടിക്രമമാണെന്ന് എനിക്ക് തോന്നുന്നില്ല. കോടതിയെ വിമർശിക്കുകയല്ല. പക്ഷേ ഇത് നല്ലതല്ല. അങ്ങനെയാണ് സംഭവിച്ചത്. ഈ ഓർഡർ വന്നപ്പോൾ നമ്മൾ പിടിച്ചതെല്ലാം വിട്ടുകൊടുക്കണം, അവരുടെ പേരിൽ കേസെടുക്കാൻ പാടില്ല. അവർക്ക് ഇവിടെ എന്തും ചെയ്യാം. ഗവൺമെന്റ് നോക്കുകുത്തിപോലെ നിൽക്കണം. അതുകൊണ്ട് ഒറ്റ മാർഗ്ഗമേ ഉണ്ടായിരുന്നുള്ളൂ....

ശ്രീ. ടി. എം. ജേക്കബ്: അങ്ങ് പറഞ്ഞതെല്ലാം വളരെ വാസ്തവമാണ്. ഇക്കൂട്ടത്തിൽ അവർക്ക് ചെയ്യാമായിരുന്ന ഒരു സംഗതിയുണ്ട്. സിംഗിൾ ബഞ്ചിന്റെ വിധി സുപ്രീം കോടതി സ്റ്റേ ചെയ്തശേഷം ഏഴ് കേസ്, 35 ലക്ഷത്തിന്റെ ഉണ്ടായിട്ടുള്ളൂ. ഞങ്ങൾ ഇനി വേറൊന്നും ചെയ്യില്ല എന്നു പറഞ്ഞാൽ അതിനു മുമ്പ് എടുത്ത മുഴുവൻ കേസുകളും ഞങ്ങൾ undone എന്നു പറഞ്ഞ് എന്തിനാണ് സമ്മതിക്കാൻ പോയത്. അത് വലിയ പാതകമല്ലേ നമ്മളോട് ചെയ്തത്.

ശ്രീ. വക്കം പുരുഷോത്തമൻ: ഞാൻ പറഞ്ഞു, നമ്മുടെ ആരുടെയും അനുവാദത്തോടെ ചെയ്തതല്ല. പക്ഷേ ഇത്രയും വലിയ സീനിയർ ലോയേഴ്സിനെ പണിഷ് ചെയ്യാൻ നമുക്ക് യാതൊരു വകുപ്പുമില്ല. ഞാൻ മനഃപൂർവ്വം പറഞ്ഞതാണ് കാശ് എത്രയായാലും വേണ്ടില്ല, നമുക്ക് അവിടെ പരാജയപ്പെടാൻ ഒക്കില്ല

ഇപ്പോൾത്തന്നെ ആരോപണങ്ങളുണ്ട് എന്നു പറഞ്ഞിട്ടാണ് ഏറ്റവും നല്ല നാല് അഡ്വക്കേറ്റ്സിനെ എൻഗേജ് ചെയ്തത്. ക്രിട്ടിസിസം വരരുത് എന്ന ഉദ്ദേശത്തോടെയാണ് ഇതൊക്കെ ചെയ്തത്. പിറ്റേന്ന് ലോട്ടറി ബാൻ ചെയ്തില്ലായിരുന്നെങ്കിൽ നമ്മെ വെറുതെ വിടുമായിരുന്നോ? ഇപ്പോൾത്തന്നെ ചില ഉദ്ദേശത്തോടെയാണെന്ന് പറയാൻ മടിക്കാത്ത നിങ്ങൾ വെറുതെ വിടുമായിരുന്നോ? അപ്പോൾ ഏക മാർഗ്ഗം ഇതു മാത്രമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടാണ് ഇത് ചെയ്തത്. പക്ഷേ ക്യാബിനറ്റിൽ എടുത്ത തീരുമാനം അന്നു തന്നെ മുഖ്യമന്ത്രി പത്രക്കാരോട് പറഞ്ഞു. കേരളാ ലോട്ടറിയിൽ പണിയെടുക്കുന്ന ആളുകളുടെ കാര്യത്തെക്കുറിച്ച് നമ്മൾ ആലോചിക്കുമെന്ന് അന്നുതന്നെ പറഞ്ഞു. ഇപ്പോൾ നമ്മൾ എടുക്കുന്ന ഈ നിയമം ഇത് 100% ഫുൾപ്രൂഫ് ആണെന്ന് ഞാൻ പറയുന്നില്ല.

ശ്രീ. എം. വി. ജയരാജൻ: അങ്ങ് ഈ തൊട്ടടുത്ത ദിവസം തന്നെ ലോട്ടറി ആകെ നിരോധിക്കൽ അല്ലാതെ വേറെ വഴിയില്ല എന്നു പറഞ്ഞു. ഇത്രയും ഔദാര്യതയോടെ കാര്യങ്ങൾ ചെയ്യുന്നവർക്ക് ഇപ്പോൾ കൊണ്ടുവന്ന Kerala Gaming (Amendment) Bill ഒരു ഓർഡിനൻസായി കൊണ്ടുവരാൻ എന്തുകൊണ്ട് തോന്നിയില്ല? കാരണം ഓൺലൈൻ ലോട്ടറി നിരോധിക്കാൻ നമുക്ക് കഴിയും.

ശ്രീ. വക്കം പുരുഷോത്തമൻ: ഓർഡിനൻസായി കൊണ്ടുവരാത്തത് ഇതിൽ ജയരാജൻ പറഞ്ഞതുൾപ്പെടെയുള്ള പല ലീഗൽ പോയിന്റ്സും ഉണ്ട്. അതുകൊണ്ട് ഇത് പല ഫോറത്തിലും ഡിസ്കസ് ചെയ്തു. പ്രതിപക്ഷ നേതാക്കൻമാരേയും ഉദ്യോഗസ്ഥരേയും ലോ ഡിപ്പാർട്ടുമെന്റിന്റെ ആൾക്കാരേയും വിളിച്ചിരുത്തി ചർച്ച ചെയ്തത് അതുകൊണ്ടാണ്. എന്താണ് നമുക്ക് ചെയ്യാൻ കഴിയുക എന്ന് നിങ്ങളേയും നിയമ വിദഗ്ദ്ധരേയും എല്ലാം വിളിച്ചിരുത്തി ചർച്ച ചെയ്ത് എടുത്ത തീരുമാനമാണ് ഇത്. നമ്മൾ എല്ലാംകൂടി ചേർന്ന ഒരു ജോയിന്റ് ഡിസ്കഷനായിരുന്നു. നമുക്ക് ചെയ്യാൻ കഴിഞ്ഞത് ഇതാണ്. അന്ന് എടുത്ത തീരുമാനം നിലവിലുള്ള സംവിധാനത്തിലും നിയമത്തിന്റെ ചട്ടക്കൂട്ടിലും നിന്നുകൊണ്ട് നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും നല്ല മാർഗ്ഗം ഇതാണ് എന്ന് എല്ലാവരും ചേർന്ന് എടുത്ത തീരുമാനമാണ്. ഇത് 100% ഫുൾപ്രൂഫ് ആണെന്ന് ഞാൻ പറയുന്നില്ല. ഓൺലൈൻ ലോട്ടറി ഇൻഡ്യയിൽത്തന്നെ നിരോധിക്കണം. ശ്രീ. ജേക്കബ് ഇപ്പോൾ സാജൻ പീറ്റർ അയച്ച ലെറ്ററിനേക്കുറിച്ച് പറഞ്ഞു. അതിനുശേഷവും അയച്ചു. ഞാൻ വന്ന ശേഷവും അയച്ചു. ഇത് നിരോധിക്കണം. ചീഫ് മിനിസ്റ്റർ എഴുതി. നിരോധിക്കണം. അതല്ലെങ്കിൽ നമുക്ക് നിരോധിക്കാനുള്ള അവകാശം തരണം. നമ്മൾ എഴുതി. അവിടെ നിന്ന് മറുപടി കിട്ടിയില്ല. എം. പി.-മാരോട് പറഞ്ഞു. ഞാൻ ഇപ്പോഴും പറയുന്നു, എം. പി. മാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. ഓൺലൈൻ ലോട്ടറി ഈ രാജ്യത്തിന് ശാപമാണ്. വളരെയധികം ആളുകളെ ആത്മഹത്യയിൽ കൊണ്ടെത്തിക്കുന്ന ഒരു സിസ്റ്റമാണ് ഓൺലൈൻ ലോട്ടറി. നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമം പാസാക്കി എന്നു കരുതി അടങ്ങിയിരിക്കാൻ പാടില്ല. നമ്മുടെ ജോയിന്റായ ശ്രമം വേണം. കേന്ദ്ര ഗവൺമെന്റിനോട് ജോയിന്റായി നമ്മൾ ആവശ്യപ്പെടണം. അവിടെ സമ്മർദ്ദം ചെലുത്താൻ നമ്മുടെ എം.പി.-മാരോട് പറയണം. അതുകൊണ്ടാണ്, in the existing circumstances, ഏറ്റവും അഭികാമ്യമായ ഈ നിയമം ഇപ്പോൾ ഇവിടെ അവതരിപ്പിച്ചത്. ഇത് നമ്മൾ നടപ്പിലാക്കണം. ഇവിടെ പറഞ്ഞതിന് ഓരോന്നിനും മറുപടി പറയാൻ ആഗ്രഹിക്കുന്നില്ല. സബ്ജക്ട് കമ്മിറ്റി ...... എന്താണ് വക്കം പുരുഷോത്തമന്റെ മകന്റെ കാര്യമാണോ? ഞാൻ പറയാം അവൻ ഉണ്ടായിരുന്നു. ഏജന്റ് ആയിരുന്നു. പക്ഷെ നേരത്തെ രാജിവച്ചു.

<u>ശ്രീ. വി. കെ. ചന്ദ്രൻ:</u> ബഹുമാനപ്പെട്ട മന്ത്രി, അങ്ങനെ അങ്ങ് പറഞ്ഞതുകൊണ്ട് കാര്യമില്ല. ഞങ്ങൾ അംഗങ്ങൾക്ക് ചില ക്ളാരിറ്റി കിട്ടാൻ വേണ്ടിയാണ് ചോദിക്കുന്നത്. ബിജു പുരുഷോത്തമന്റെ കാര്യം നമുക്ക് വേറെ എടുക്കാം. അത് നിൽക്കട്ടെ. ഇപ്പോൾ അതല്ലല്ലോ പരിശോധിക്കുന്നത്. മന്ത്രി മറുപടി പറയുമ്പോൾ അതിലെ സംശയങ്ങളാണ് ചോദിക്കുന്നത്. അങ്ങ് നേരത്തെ സുപ്രീം കോടതിയുടെ കാര്യം പറഞ്ഞു. അതിൽ 16-8-2004-ലെ ഹൈക്കോടതി വിധിയാണ് സുപ്രീം കോടതി സ്റ്റേ ചെയ്തത്. 11-10-2004- ലാണ് സുപ്രീംകോടതി സ്റ്റേ ചെയ്തത്. ഈ സ്റ്റേ നിലനിൽക്കുമ്പോൾ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ സെക്ഷൻ 4 അനുസരിച്ചുള്ള നടപടി മൂവ് ചെയ്യാൻ വേണ്ടി വീണ്ടും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാനം കോർട്ട് അലക്ഷ്യത്തിലേക്ക് വരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ചീഫ് സെക്രട്ടറിയെ ജയിലിൽ അയയ്ക്കുമെന്ന് നേരത്തെ പറഞ്ഞത് എന്ന് ഇവിടെ സൂചിപ്പിച്ചത്. അങ്ങനെ പറഞ്ഞിട്ടുള്ള അഡീഷണൽ അഡ്വക്കേറ്റ് ജനറലിനെ സംബന്ധിച്ചിടത്തോളം എന്തുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറയാൻ ഇടയായത് എന്ന് അന്വേഷിച്ചിട്ടുണ്ടോ?

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> അദ്ദേഹം പറഞ്ഞത് section-4-ന്റെ ബലത്തിലാണ്. അദ്ദേഹം പറഞ്ഞത് ഒരു കാരണവശാലും അത് അനുവദിക്കരുതെന്ന എന്റെ ആഗ്രഹത്തിനനുകൂലമായതുകൊണ്ടാണ് ഞാൻ അക്സപ്റ്റ് ചെയ്തത്. ഒരു കാരണവശാലും അനുവദിക്കരുതെന്നായിരുന്നു എന്റെ ആഗ്രഹം. അതിനനുകൂലമായ ഒരു ലീഗൽ അഡ്വൈസ് ആണ് അദ്ദേഹം എനിക്ക് തന്നത്. അതുകൊണ്ട് ഞാനതു അക്സപ്റ്റ് ചെയ്തു. ഇവിടെ ശ്രീ. ടി. എം. ജേക്കബ് ഉദ്യോഗസ്ഥന്മാരെപ്പറ്റി പറഞ്ഞു. ഉദ്യോഗസ്ഥന്മാരെല്ലാപേരും പെർഫെക്ടാണന്ന് ഞാൻ പറയുന്നില്ല. ഉദ്യോഗസ്ഥന്മാർ പല രീതിയിലുള്ളവരുണ്ട്. എനിക്കു തന്ന പേപ്പറിന്റെ കോപ്പി നിങ്ങൾക്കും കൊണ്ടുതരുന്നവരുണ്ട്. നിങ്ങൾ വായിച്ച ഒരു കോപ്പി എന്റെ കയ്യിലുണ്ട്. ശ്രീ. ജയരാജനും കൊടുക്കുന്നവരുണ്ട്. അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരുമുണ്ട്. പക്ഷെ കമ്മീഷണർ വളരെ integrity ഉള്ള ഒരാളാണ്. എന്റെ ഈ 6 മാസത്തെ അനുഭവത്തിൽ വളരെ integrity ഉള്ള ആളാണ്. അദ്ദേഹം ഈ രീതിയിൽ ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ശ്രീ. ടി. എം. ജേക്കബ് ഇവിടെ പറഞ്ഞതുകൊണ്ട് ഞാനിവിടെ പറയാൻ ബാധ്യസ്ഥനായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ, കൂടെതന്നെ പറഞ്ഞതല്ലോ. ഞാൻ ഉദ്യോഗസ്ഥന്മാർക്കെതിരായിട്ട് അങ്ങനെയൊന്നും പറയാറില്ല. പക്ഷെ മി. സോമസുന്ദരം കൊടുത്ത adjudication-നെ സംബന്ധിച്ച് വന്ന issue-ൽ എടുത്ത നിലപാട് ശരിയല്ല. നമ്മുടെ സ്റ്റേറ്റിനെ ഒരുപാട് നഷ്ടപ്പെടുത്തിയിട്ടുണ്ട്. അതങ്ങയെ ബോധ്യപ്പെടുത്താൻ ഞാൻ തയ്യാറാണ്.

ശ്രീ. വക്കം പുരുഷോത്തമൻ: പരിശോധിക്കാം. ഒരു ഉദ്യോഗസ്ഥനെ പറ്റി പറഞ്ഞതിൽ പരിശോധിക്കില്ല എന്നുള്ള ഒരു നിലപാടില്ല. You have taken some pain. You have presented your case very well. അതൊന്നും ഞാനിവിടെ പറയുന്നില്ല. ഉദ്യോഗസ്ഥന്മാർ തന്ന കടലാസ് നിങ്ങൾ നല്ല പോലെ present ചെയ്തു. ശ്രീ. ബാബു പറഞ്ഞ ഒരു കാര്യം, വേറെ ചിലർ ചോദിച്ചു ലോട്ടറി ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചു കൂടെയെന്ന്. ലോട്ടറി ഡിപ്പാർട്ടുമെന്റിന്റെ സെറ്റപ്പും ടാക്സസ് ഡിപ്പാർട്ടുമെന്റിന്റെ സെറ്റപ്പും രണ്ടും രണ്ടാണ്. ടാക്സസ് ഡിപ്പാർട്ടുമെന്റിൽ ഉള്ള ടാക്സ് കളക്ട് ചെയ്യാനും മറ്റുമുള്ള expertise ലോട്ടറി ഡിപ്പാർട്ടുമെന്റിനില്ല. ലോട്ടറി ഡിപ്പാർട്ടുമെന്റിന് ലിമിറ്റഡ് സ്റ്റാഫാണുള്ളത്. 57 ഓഫീസർമാരും, കുറച്ചു താഴെക്കിടയിലുള്ള ജീവനക്കാരുമാണുള്ളത്. അവർക്കിങ്ങനെയുള്ള സെറ്റപ്പില്ല. ഇത് പിരിക്കാൻ വേണ്ടി കുറെ ഉദ്യോഗസ്ഥന്മാരെ കൊടുക്കാനുള്ള സാമ്പത്തികവുമില്ല. നമുക്ക് യാതൊരു അഡീഷണൽ സ്റ്റാഫുമില്ലാതെ ഇത് ടാക്സസ് ഡിപ്പാർട്ടുമെന്റിന് തന്നെ ചെയ്യാൻ കഴിയുന്ന ഒരു കാര്യമാണ്. പിന്നെ ശ്രീ. പി. ടി. തോമസ് അഡ്വക്കേറ്റ് അജിത് പ്രകാശിന്റെ കാര്യമിവിടെ പറഞ്ഞു. എനിക്കതിനെപ്പറ്റി അറിയാൻ പാടില്ല. അത് മുമ്പുള്ള കാര്യമാണ്.

ശ്രീ. സി. കെ. നാണു: സർ, അങ്ങ് സംസാരിച്ച അവസരത്തിൽ ഒരു പ്രധാന കാര്യം പറഞ്ഞു. അത് ഈ ഓൺ ലൈൻലോട്ടറി നടന്ന അവസരത്തിൽ ഈ സംസ്ഥാന ഗവണ്മെന്റിന് ലഭിക്കേണ്ട നികുതിയിനത്തിലും, വരുമാനയിനത്തിലും ഇന്നയിന്ന ഉദ്യോഗസ്ഥന്മാരുടെ തകരാറുകൊണ്ട് ലഭിച്ചില്ലായെന്ന് ശ്രീ. ടി. എം. ജേക്കബ് അടക്കം സംസാരിച്ച പല ആളുകളും പറഞ്ഞു. കോടിക്കണക്കിന് രൂപ സ്റ്റേറ്റിന് ലഭിക്കേണ്ടത് കിട്ടാത്തതിന് കാരണക്കാരായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തു നടപടികൾ സ്വീകരിക്കുന്നു, അല്ല അവർ കുറ്റക്കാരല്ലായെന്നാണോ ബഹുമാനപ്പെട്ട മന്ത്രി കരുതുന്നത്.

ശ്രീ. വക്കം പുരുഷോത്തമൻ: സർ, എല്ലാപേരും പറഞ്ഞതാണ്. 5000 കോടി രൂപയുടെ നഷ്ടം, 5,750 കോടി രൂപയുടെ നഷ്ടമെന്ന്. ലോട്ടറി ടാക്സ് എന്നുപറയുന്നത് 8% ആണ്. അത് either 8 അല്ലെങ്കിൽ 5 ബി(എ) പറയുന്ന രീതിയിൽ ഒരോന്നുമുള്ളത്. ഇത് ഏതാണെന്നുള്ളത് അവരുടെ ചോയിസാണ്. രണ്ടിലേതുവേണമോ ചെയ്യാം. 8% ടാക്സാണെന്നു വയ്ക്കുക, എങ്കിൽ 5,750 കോടി

LIBRARY ARCHIVES Kerala Legislative Assembly

എന്നതുപോട്ടെ, 5000 കോടി രൂപ ടാക്സ് കൊടുക്കണം. എന്നുണ്ടെങ്കിൽ 62,500 രൂപയുടെ turn over വരണം. 62,500 turn over വന്നാൽ മാത്രമെ . 62,500 കോടി രൂപയുടെ ടിക്കറ്റ്സ് വാങ്ങിച്ചാൽ മാത്രമെ നമുക്ക് 5000 കോടി രൂപയുടെ ടാക്സ് കിട്ടുകയുള്ളു. നമ്മുടെ ഒരു വർഷത്തെ domestic product എത്രയെന്നറിയാമോ. കൃഷിക്കാരുടെയും ഇവിടത്തെ industrialist-ന്റെയും തൊഴിലാളികളുടെയും, എം. എൽ. എ. മാരുടെയും, സർക്കാർ ഉദ്യോഗസ്ഥന്മാരുടെയും എല്ലാപേരുടെയും കൂടെ ഒരു വർഷത്തെ വരുമാനം എത്രയാണെന്നറിയാമോ. 90000 കോടി രൂപമാത്രമാണ് 5000 കോടി രൂപ നമുക്ക് നികുതി കിട്ടണമെങ്കിൽ 62,500 കോടി രൂപയുടെ ടിക്കറ്റ് വിൽക്കണം. എന്നുവച്ചാൽ എം. എൽ. എ.-മാർക്ക് 15000 കിട്ടുന്നതിൽ 10,500 രൂപയുടെ ടിക്കറ്റെടുക്കണം. 20000 രൂപ കിട്ടുന്ന സർക്കാർ ഉദ്യോഗസ്ഥൻ 14000 രൂപയുടെ ടിക്കറ്റെടുക്കണം. ഫാക്ടറിയിൽ ജോലി ചെയ്യുന്ന തൊഴിലാളിക്ക് 5000 ആണ് കിട്ടുന്നതെങ്കിൽ അവനും എടുക്കണം മൂവായിരത്തിൽ ചില്വാനത്തിന്റെ ടിക്കറ്റ്. കൃഷിക്കാരൻ നെല്ല് വിറ്റ് കിട്ടുന്ന കാശിന്റെ 70% കൊടുക്കണം. അങ്ങനെ കേരളത്തിലെ മുഴുവൻ ആളുകളുടെയും 70% ആദായം കൊണ്ട് ലോട്ടറി വാങ്ങിച്ചാൽ മാത്രമെ നമുക്ക് 5000 കോടി രൂപയുടെ നികുതി കിട്ടുകയുള്ളു. എന്ത് absurd ആണ്. നിങ്ങൾ ഇതിനെക്കുറിച്ച് പഠിക്കാതെയാണോ പറയുന്നത്. നിങ്ങൾ ഇത് പറയുന്നത് കൊള്ളാമല്ലോ.

ഡോ. തോമസ് ഐസക്ക്: സർ, absurd അല്ല, കാരണം ഇത് കാൽക്കുലേറ്റ് ചെയ്ത രീതിയുണ്ട്. 8% turn over-ന് എടുക്കാം. അല്ലെങ്കിൽ per draw fees, അതിന്റെ അടിസ്ഥാനത്തിലാണ് 5000 എത്തിയിട്ടുള്ളത്. അത് കൊടുത്തിട്ട് ഓൺ ലൈൻ ലോട്ടറി നടത്താൻ കഴിയില്ല. നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ താൽപ്പര്യം ഓൺ ലൈൻ ലോട്ടറിയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയെന്നുള്ളതല്ല, ഓൺലൈൻ ലോട്ടറി ഒഴിവാക്കണമെന്നുള്ളതാണ്. ആ സംസ്ഥാന താൽപ്പര്യം മനസ്സിലാക്കിക്കൊണ്ടുള്ള adjudication ആണ്.

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഓൺ ലൈൻ ലോട്ടറി വേണ്ടായെന്നുള്ളതാണ്. ഞാനും എഗ്രീ ചെയ്യുന്നു. ഞാൻ പറഞ്ഞത് സ്റ്റേറ്റിന്റെ domestic product-ന്റെ കണക്കാണ് . കൃഷി, മൈനിംഗ് എല്ലാം കൂടി കൂട്ടിനോക്കിയാൽ കഴിഞ്ഞവർഷം 90000 കോടിയാണ്. അതിൽ 70% പേരും ലോട്ടറി ടിക്കറ്റ് വാങ്ങിച്ചാൽ മാത്രമെ 5000 കോടി ആകൂ. അപ്പോൾ കണക്ക് absurd അല്ലേ. അതിന്റെ ചെറിയ ശതമാനമെങ്കിലും വരുമോ. അപ്പോൾ അതിൽ നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുന്നത് കള്ളക്കണക്കാണ്.. ....ബഹളം............ മറ്റൊരു കാര്യം ഇവിടെ എല്ലാപേരും പറയുന്നു മൂന്നര ലക്ഷം തൊഴിലാളികൾക്ക് ഇവിടെ പണിയില്ലാതെയായി എന്ന്. കഴിഞ്ഞ വർഷം 2003-04-ൽ ആകെ പിരിഞ്ഞു കിട്ടിയത് 134 കോടിരൂപയാണ്. 134 കോടിരൂപ എന്നു പറയുമ്പോൾ ഒരു മാസം 11 കോടിയാകും. 1 മാസം 11 കോടിയാണെങ്കിൽ 1 ടിക്കറ്റിന് 10 രൂപ വച്ചു കൂട്ടാം.

LIBRARY ARCHIVES Kerala Legislative Assembly

നേരെമറിച്ച് 30 രൂപയുടെ 5 ബംബറും, 50 രൂപയുടെ ഓണം ബംബറുമുണ്ട്. അതെല്ലാം 10 രൂപ വച്ച് കൂട്ടിയാൽ മതി. ആകെ ടിക്കറ്റ് വിൽക്കാൻ കഴിയുന്നത് 1 കോടി 10 ലക്ഷം മാത്രമാണ്. അതുവരെയാണെങ്കിൽ മൂന്നര ലക്ഷം ആളുകൾ 1 കോടി 10 ലക്ഷം ടിക്കറ്റ് വാങ്ങിച്ചാൽ ഒരു മാസം ഒരു ആൾക്ക് കിട്ടുന്നത് 31 ടിക്കറ്റാണ്. ഒരു ദിവസം ഒരു ടിക്കറ്റ് ഒരാളിന് കിട്ടുന്നത് അതിന്റെ കമ്മീഷൻ ആകെ 25% ആണ്. 25%-ൽ മെയിൻ ഡീലറെടുത്തിട്ട് പിന്നെ ഇവർക്ക് കിട്ടുന്നത് ഒന്നര രൂപയാണ്. എന്നുവച്ചാൽ ഒരു ദിവസം ഒരു ടിക്കറ്റാണ്. അതല്ല 1 ലക്ഷം ആയാൽ പോലും 1 മാസം അവർക്ക് കിട്ടുന്നത് 110 ആണ്. എന്നുവച്ചാൽ ഒരു ദിവസം കിട്ടുന്നത് 3 ടിക്കറ്റാണ്. അതുകൊണ്ട് പത്ത് ഇരുപതിനായിരം ആളുകൾ ഉണ്ടെങ്കിൽ അവരെ സംരക്ഷിക്കണമെന്നു കരുതിയാണ് ഞാൻ 20000 ആളുകൾക്ക് അവർക്കോരോരുത്തർക്കും 10000 രൂപ ഗവൺമെന്റ് കൊടുക്കാം. 40 ലക്ഷത്തോളം നമ്മുടെ സാമ്പത്തിക സ്ഥാപനത്തിൽ നിന്ന് കൊടുക്കാം. ഇവരെയെല്ലാം പുനരധിവസിപ്പിക്കാം എന്നു നമ്മൾ പറഞ്ഞതിന്റെ കാരണം 20000 ആളുകൾക്ക് ബഡ്ജറ്റിൽ കൃത്യമായി തുക കൊള്ളിച്ചു. അതുകൊണ്ട് ഞാൻ അതൊരു വാദമായിട്ട് എടുക്കുന്നില്ല. നിയന്ത്രണമുണ്ടായതുകൊണ്ട് ഞാൻ പറഞ്ഞു എന്നതു മാത്രമാണ്.

ശ്രീ. എ. കെ. ബാലൻ: സർ, കേരള ഗവൺമെന്റ് നടത്തുന്ന ലോട്ടറിയുമായി ബന്ധപ്പെട്ട് എത്ര ലോട്ടറി ഏജന്റുമാരുണ്ട്, അവരുടെ കീഴിൽ എത്ര വില്പനക്കാരുണ്ട്, ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ എന്ന 16-8-2003-ലെ എന്റെ ചോദ്യത്തിന് അന്നത്തെ ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരം 32,296 ഏജന്റുമാരും രണ്ടരലക്ഷത്തിലേറെ വിൽപ്പനക്കാരുമുണ്ടെന്നാണ്. ജില്ല തിരിച്ചുള്ള കണക്കാണ് എനിക്കു തന്നത്. ഇത് തെറ്റാണോ?

ശ്രീ. വക്കം പുരുഷോത്തമൻ: അതെ, ഞാൻ മറുപടി പറയാം. ഇതിനു മറുപടി പറഞ്ഞിട്ട് ഞാൻ നിർത്തുന്നു. ഇതിൽ ചില്ലറ വില്പനക്കാർ എത്രയാണെന്നുള്ളതിന് ഒരു കണക്കുമില്ല. നേരെമറിച്ച് 34,957 പേർ ഇത്രയും കാലത്തിനിടയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അത് 32,000 എന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ 34,957 പേരുണ്ട്. അത് ഇപ്പോൾ ലൈവ് രജിസ്റ്ററിൽ ഇല്ല. ഇത് രജിസ്റ്റർ ചെയ്യുമ്പോൾ 400 രൂപകൊടുത്ത് രജിസ്റ്റർ ചെയ്യണം. പക്ഷേ അത് ലൈവാക്കണമെങ്കിൽ 100 രൂപകൊടുത്ത് അത് പുതുക്കണം. അങ്ങനെ 100 രൂപകൊടുത്ത് പുതുക്കിയത് ഇപ്പോൾ നിർത്തിയപ്പോൾ 1292 പേർ മാത്രമാണ് ലൈവ് രജിസ്റ്ററിലുള്ളത്. അതുകൊണ്ട് ഞാൻ പറഞ്ഞതിൽ ഒരു തെറ്റുമില്ല. ഇതെല്ലാം ഓഫീസിലുള്ളതല്ലേ, നിങ്ങൾക്കുതന്നെ കിട്ടുമല്ലോ. അത് ഞാനൊരു വാദമായി എടുക്കുന്നില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആ പാവപ്പെട്ട ആളുകൾക്ക് പണി കൊടുക്കണമെന്നുള്ള ഉദ്ദേശ്യത്തിലാണ്, അല്ലാതെ ഗവൺമെന്റിന് വലിയ ലാഭമുണ്ടായിട്ടല്ല. അതുകൊണ്ടാണ് നമ്മുടെ സംസ്ഥാന ലോട്ടറി തുടങ്ങണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചത്, അതുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നത്. അല്ലെങ്കിൽ ഓൺലൈൻ ലോട്ടറി എന്ന menace തന്നെ അവസാനിപ്പിക്കണമെന്നുണ്ടെങ്കിൽ ലോട്ടറി മുഴുവൻ ബാൻ ചെയ്യണമെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നവനാണ് ഞാൻ. പക്ഷേ അതേയവസരത്തിൽ ആ പാവപ്പെട്ട തൊഴിലാളികളെ ഉദ്ദേശിച്ചാണ് ഈ നിയമം കൊണ്ടുവരുന്നത്. ഈ നിയമം നിർമ്മിക്കാൻ നമുക്ക് ശ്രമിക്കാം, നമുക്ക് പ്രാർത്ഥിക്കാം. അതോടൊപ്പം തന്നെ മറ്റുചില നടപടികൾ കൂടി നമ്മൾ സ്വീകരിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുന്നു. ഡോ. കെ. സി. ജോസഫ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. കെ. സി. ജോസഫ്: സർ ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുന്നു.

2005-ലെ കേരള ചൂതാട്ട (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച് ....

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

2005-ലെ കേരള ലോട്ടറികളിൻമേലുള്ള നികുതി ബില്ലിൻമേൽ ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുന്നു.

2/676/2012—55a.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുന്നു.

2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച് ....

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഒരു ഐറ്റം കൂടിയുണ്ട്. വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കെ. സി. വേണുഗോപാൽ രാവിലെ സഭയിൽ പറഞ്ഞ നക്ഷത്രചിഹ്നമിട്ട 438-ാം നമ്പർ ഉത്തരത്തിൽ ഒരു കറക്ഷനുണ്ട്.

VIII തിരുത്ത്

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, 438-ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിലെ ഒരു ഉപചോദ്യത്തിന് സഭയിൽ മറുപടി പറഞ്ഞ അവസരത്തിൽ കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രം ഒരു സ്വകാര്യക്ഷേത്രമാണെന്ന് പറഞ്ഞു. ഇതിനൊരു ചെറിയ തിരുത്ത് ആവശ്യമുണ്ട്. പ്രസ്തുത ക്ഷേത്രം Hindu Religious and Charitable Societies Endowment Act-ന്റെ പരിധിയിൽ വരുന്ന ഒരു പൊതുക്ഷേത്രമാണ്. ഇതിന്റെ ഭരണം ഒരു സ്വകാര്യ ട്രസ്റ്റിയാണ് നടത്തിവരുന്നത്. ഇക്കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും ചേരുന്നതുമാണ്.

(2005 മാർച്ച് മാസം 16 ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാത്രി 9.45-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly